# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 13 | ലക്കം - 8 | കർക്കിടകം - 1196 | ആഗസ്റ്റ് 2021



മുക്തനായ് വരികെന്ന് മുഗ്ദ്ധഹാസവും കലർന്നുത്തമനായ പുമാനുമരുളിച്ചെയ്തുടനവനുടെ
മസ്തകമദ്ധ്യേ തൃക്കാൽവെച്ചു മൂവടിതികച്ചെത്രയും നന്നായ് വരികെന്നയച്ചരുളിനാൻ.

# ടോക്യോ ഒളിമ്പിക്സിൽ
# ജാവലിൻ ത്രോയിൽ
# ഇന്ത്യയ്ക്ക് സ്വർണ്ണം




**ചരിത്രം കുറിച്ച നീരജ് ചോപ്രയ്ക്ക്**

**എറണാകുളം കരയോഗത്തിന്റെ**

## അഭിനന്ദനങ്ങൾ

എഡിറ്റോറിയൽ

# ഓണമഹിമ

മാമലനാട്ടിലെ മാനുഷ്യരെല്ലാവരും ഒന്നു പോലെ ആഘോഷിക്കുന്ന മഹോത്സവമാണല്ലോ ഓണം. ജാതിഭേദവും മതഭേദവുമില്ലാതെ മാലോകരെല്ലാരും ഒന്നായി ആഘോഷിക്കുന്ന മഹോത്സവം. കള്ളവും ചതിയുമില്ലാത്ത, കള്ളത്തരങ്ങളും ചെറുനാഴിയുമില്ലാത്ത, എള്ളോളംപോലും പൊളിവചനം പറയാത്ത, നന്മ ചെയ്യുവാൻ മാത്രം മത്സരം ഉണ്ടായിരുന്ന, സ്നേഹാദരങ്ങളുടെ ഈരടികൾ മുഴങ്ങിയിരുന്ന ആഘോഷങ്ങളുടെ ആരവങ്ങളാൽ മുഖരിതമായിരുന്ന ആ മനോഹരകാലത്തിന്റെ ഓർമ്മപ്പെടുത്തലോ, വീണ്ടെടുക്കലോ, പുനരാവിഷ്ക്കരണമോ അല്ലെങ്കിൽ ഇതെല്ലാം കൂടിയോ ആണ് നമുക്കിന്ന് ഓണം. അതിനുമുപരി സ്വാഭികമാനികളായിരുന്ന, നിർല്ലിപ്തമനസ്വികളായിരുന്ന, ധർമ്മചാരികളായിരുന്ന നമ്മുടെ പൂർവ്വികരുടെ ജീവിതത്തെ ഓർത്തെടുക്കുവാനും അഭിമാനം കൊള്ളുവാനും നമുക്ക് ലഭിക്കുന്ന അസുലഭാവസരം കൂടിയാണ് ഓണം. നമ്മുടെ നാടിന്റെ ചരിത്രത്തിൽ അഗ്നിദീപ്തയോടെ ജ്വലിച്ചു നില്ക്കുന്ന ആ സുവർണ്ണ ഏടുകളെക്കുറിച്ചോർത്ത് ഹർഷപുളകിതരാകേണ്ടതിനുപകരം ഇന്ന് ചിലർ ആ മഹത്കാലത്തെപോലും വികൃതമായി ചിത്രീകരിക്കുവാനും വിവേകശൂന്യമായ വ്യാഖ്യാനങ്ങൾ നല്കി നിസ്തേജമാക്കാനും നടത്തുന്ന കുത്സിതശ്രമങ്ങളെ കണ്ടില്ലെന്ന് നടിച്ചു കൂടാ. നമ്മുടെ ദേശീയതയേയും ഈ നാടിന്റെ ജീവവായുവായ ഹൈന്ദവീകതയേയും പൗരാണികസംസ്കാരമഹിമയേയും നിന്ദ്യവും നിശ്ശേഷ്ടവുമായ രീതിയിൽ ഇകഴ്ത്തികാണിക്കുവാൻ അവാർഡ് ദാഹികളും അതിവിപ്ലവകാരികളുമായ ചില അത്യന്താധുനികർ സ്ഥാനമോഹമോ, ധനമോഹമോ, ഖ്യാതിയോ എന്തിനു വേണ്ടിയെന്നറിയില്ല, കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണിന്നു നാം കാണുന്നത്. ഓണവും അതുമായി ബന്ധപ്പെട്ട മഹാബലിയുടെയും വാമനന്റെയും സത്യാധിഷ്ഠിത സംഭവങ്ങളെ പോലും വെറും സാങ്കല്പിക കഥകളാക്കി ചിത്രീകരിക്കുവാനുള്ള ശ്രമങ്ങളാണ് ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ നിഷാദജന്മങ്ങളോട് പറയുവാനുള്ളത് ഭാരതീയ പുരാണേതിഹാസങ്ങളിൽ സുവർണ്ണ ശോഭയോടെ ചിരസ്മരണീയനായി നിറഞ്ഞ് നില്ക്കുന്ന പ്രഹ്ളാദന്റെ പൗത്രനാണ് മഹാബലി എന്നതു മാത്രം മതി ഇത് സാങ്കല്പിക കഥയല്ല, ചരിത്ര സത്യമാണ്. എന്ന് തെളിയിക്കുവാൻ. അപ്പോൾ ചോദിക്കാം ഇത് എന്നു നടന്ന സംഭവം ആണ് എന്ന്. ഹൈന്ദവ ജനതയും അവരുടെ സംസ്കാകരവും 'ഇന്നലെ പെയ്ത മഴക്ക് ഇന്നു കുരുത്ത് തകര' അല്ല. അത് ലോകാരംഭം മുതൽ, ഭൂമിയിൽ ജീവന്റെ തുടിപ്പ് ഉണ്ടായകാലം മുതലുള്ളതാണ്. ദശാവതാര കഥ മാത്രം മതി അത് തെളിയിക്കുവാൻ. അത് ഇന്നത്തെ ഭാരതത്തിൽ മാത്രം അല്ല ലോകത്തിന്റെ എതാണ്ട് ഏറിയ പങ്ക് സ്ഥലത്തും നിലനിന്നിരുന്നു എന്നതിന് ധാരാളം തെളിവുകളും ഉണ്ട്. ഇസ്ലാമിക മത രാഷ്ട്രമായ ഇൻഡോനേഷ്യയിൽ പോലും ഇന്ന്

# ഉള്ളടക്കം

വാല്യം 13 | ലക്കം 8 | ആഗസ്റ്റ് 2021


എഡിറ്റോറിയൽ 3
സെക്രട്ടറിയുടെ പംക്തി 5
അനുശോചനം 7
ബാലലോകം 8
രാഗപരിചയം 13
വാസ്തു 14
ക്ഷേത്രങ്ങളിലൂടെ 15
പുരാതന ഭാരതത്തിന്റെ
സാമ്പത്തിക നിലവാരം 19
ദ്വാരകാപുരി 21
പാതഞ്ജലയോഗദർശനം 23
ഭഗവത്ഗീത 24
ആശാനും കവിതയും 41
ഡെങ്കിപ്പനി 45
ആശയവിനിമയം 50
ശാന്തിചിന്ത 55
നമ്മുടെ ചില സർവ്വകലാശാലകൾ 56
കറുപ്പ് കറുപ്പ് മാത്രം 59
വിളിക്കുന്നൂ നിങ്ങളെ 62
മാസഫലം 63
മാട്രിമോണിയൽ 64


## പത്രാധിപസമിതി


**ആലപ്പാട്ട് മുരളീധരൻ** (മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ** (എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**

ഹൈന്ദവ ആചാരാധിഷ്ഠിതമായ ചടങ്ങുകൾ നടക്കുന്നു എന്നത് ഓർക്കുക. മഹാബലിയുടെ സമ്പത്ത് മുഴുവനും ദാനം വാങ്ങി അദ്ദേഹത്തെ മായാബന്ധവിമുക്തനാക്കി, ഭാവി ദേവേന്ദ്ര പദവി നൽകി സുതലത്തിലേക്ക് ആനയിച്ച കഥ സംഘകാല കൃതികളിൽ മുതൽ നമുക്ക് കാണാം. അതിനർത്ഥം ഈ സംഭവം നടക്കുന്നത് രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഉണ്ടായിരുന്ന, ലോകം കണ്ടിട്ടുള്ളതിൽ വച്ച് എറ്റവും മഹത്തായ സുവർണ്ണകാലമായ സംഘകാലത്തോ അതിനു മുമ്പോ ആണ് എന്നുള്ളത് വ്യക്തം. എഴുതപ്പെട്ട ചരിത്രമുള്ള ആ കാലം മുതൽ ഉള്ള ധാരാളം കൃതികളിൽ ഓണത്തെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. അല്ലെങ്കിൽ തന്നെ ഋഷിപ്രോക്തങ്ങളായ നമ്മുടെ പുണ്യപുരാണങ്ങളിൽ എറിയ പങ്കും വാമൊഴിയായി തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്ക് കൈമാറിവന്നതാണല്ലോ. അതൊന്നും വ്യക്തിനിർമ്മിത തത്വസംഹിതകളോ അധികാര ഗർവ്വിനാൽ അടിച്ചേൽപ്പിക്കപ്പെട്ട ജീവിതരീതികളോ നിയമങ്ങളോ അല്ല. ദേവഭൂമിയായ ഭാരതത്തിൽ ദൈവങ്ങളുടെയും ദേവതുല്യരായ ഋഷിശ്വരൻമാരുടെയും കാർമ്മികത്വത്തിൽ ഒരു പാട് സൽകർമ്മങ്ങളും ജനക്ഷേമയാഗാദികളും നടന്നിരുന്നു. കൈലാസ സാനുക്കളിൽ നിന്നും ഗംഗാ തടങ്ങളിലൂടെ, അയോദ്ധ്യ വഴി സരയുവിലൂടെ, സ്വർണ്ണമുഖി നദിക്കരയിലുടെ കാവേരിപ്രാന്തങ്ങളിലൂടെ പമ്പാസരസും കടന്ന് രാമേശ്വരം വഴി രാമസേതുവിലൂടെ ലങ്കാപുരി വരെയും പഴയ മിഥിലാപുരി മുതൽ ഗാന്ധാരം വരെയും ഒന്ന് കണ്ണോടിച്ചാൽ ദേവ, ഋഷി, മാനുഷ നിർമ്മിത സംസ്കാരസ്മാരകങ്ങളുടെ ഒരു നീണ്ട നിര തന്നെ നമുക്ക് കാണുവാൻ കഴിയും. അക്കൂട്ടത്തിൽ, എത്ര മായ്ക്കാനും മറയ്ക്കാനും ശ്രമിച്ചിട്ടും ഇന്നും സൂര്യശോഭയോടെ തെളിഞ്ഞ് നില്ക്കുന്ന ഒന്നാണ് തൃക്കാൽകൊണ്ട് പാദാനുഗ്രഹം നല്കി ദാനധർമ്മാദികളുടെ കുലപതിയും മഹാഭക്തനുമായിരുന്ന മഹാബലിയെ സുതലത്തിലേയ്ക്ക് യാത്ര അയച്ച ഇടമായ തൃക്കാൽക്കര എന്ന തൃക്കാക്കരയിൽ സ്ഥിതിചെയ്യുന്ന ക്ഷേത്രം. തൃക്കാക്കര അപ്പനെയാണല്ലോ ഓണത്തിന് പൂക്കളത്തിൽ വെച്ചും അല്ലാതെയും നാം ആരാധിക്കുന്നത്. അതിൽ നിന്ന് തന്നെ ഇത് ഭാരതത്തിലുടനീളം നടത്തുന്ന വാമനപൂജ അല്ലെങ്കിൽ വിഷ്ണുപൂജയുടെ ഭാഗമാണെന്ന് വ്യക്തം. ശതാബ്ദങ്ങളായി ഭാരതത്തിൽ നടന്നുകൊണ്ടിരുന്ന വൈദേശികാക്രമണകാരികളുടെ ഭരണകാലത്ത് നടന്ന സാംസ്കാരികഹത്യയുടെ ഭാഗമായി അവരുടെ കുഴലൂത്തുകാരും മതാന്ധതയുടെ പേക്കോലങ്ങളും ചേർന്ന് അസത്യജടിലമായ പാതാളക്കഥ കെട്ടിച്ചമച്ച്, അടിമത്വത്തിൽ ആണ്ടു കിടന്ന ഒരു ജനതയുടെ തലയിൽ അടിച്ചേൽപ്പിക്കുകയും അതിന് പ്രചാരം കൊടുക്കുകയുമാണുണ്ടായത്. ജനക്ഷേമകരമായ സത്ഭരണം കാഴ്ചവെച്ച മഹാബലി തമ്പുരാനെ പാതാളത്തിലേയ്ക്ക് ചവിട്ടി താഴ്ത്തി എന്ന ദുരാരോപണം സൃഷ്ടിച്ച് അതിന് പ്രചാരണം നല്കുകയാണ് സെമിറ്റിക്ക് മതപ്രചാരകർ ചെയ്തത്. അത് ഇന്നും പറഞ്ഞ് പരത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ സഹസ്രാബ്ദങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ട ശ്രീമഹാഭാഗവതത്തിൽ ഇതിന്റെ യാഥാർത്ഥ്യം വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

**ശ്രീമഹാഭാഗവതം**
**അഷ്ടമസ്കന്ധം - വാമനാവതാരം**

ആകയാലിവൻ മഹാമായയെജ്ജയിച്ചവ-
നേകദാ നിജധനമൊക്കവേ നശിച്ചപ്പോൾ
മാനസേ ചെറുതൊരു സംഭ്രമമുണ്ടായില
ദാനവനതിശുദ്ധമാനസനായാനിപ്പോൾ
കേവലമിനിമമലോകം പ്രാപിക്കുമിവൻ
സാവർണ്ണി മനുവിങ്കലിന്ദ്രനാകയും ചെയ്യും
അത്രകാലവും സുതലത്തിങ്കലിരിക്കപോ-
യത്യന്തം മമ പദഭക്തി പൂണ്ടനുദിനം
മുക്തനായ് വരികെന്ന് മുഗ്ദ്ധഹാസവും കലർന്നു-
ത്തമനായ പുമാനുമരുളിച്ചെയ്തുടനവനുടെ
മസ്തകമദ്ധ്യേ തൃക്കാൽവെച്ചു മൂവടിതിക
ച്ചെത്രയും നന്നായ് വരികെന്നയച്ചരുളിനാൻ.

ദേവകൾക്കുപോലും അപ്രാപ്യമായ ഉന്നതപദവിലേയ്ക്ക് ബലിയെ ഉയർത്തുമെന്നും സാവർണ്ണിമനുവിങ്കൽ അദ്ദേഹത്തെ ഇന്ദ്രനായി വാഴിക്കുമെന്നും അതുവരേയ്ക്കും സുതലത്തിൽ പോയി സുഖമായി തന്നെ ഭജിച്ചുകൊണ്ട് വാഴുക എന്ന് അനുഗ്രഹിച്ചയക്കുകയാണുണ്ടായത്. ഈ സദ്കർമ്മത്തെയാണ് ചവിട്ടിതാഴ്ത്തി എന്ന ദുരാരോപണം കൊണ്ട് മറയ്ക്കാൻ ശ്രമം നടത്തുന്നത്.

ഇതുപോലെ തന്നെ ഓണക്കലത്ത് പത്രങ്ങളിലും മാസികളിലും ചില കടകളുടെ മുമ്പിലും ഒക്കെ പരസ്യരൂപേണ പ്രചരിപ്പിക്കുന്ന കുടവയറനായ, വികൃതരൂപിയായ, കൊമ്പൻ മീശക്കാരനായ ഒരു മാവേലി രൂപം കാണാം. മഹാബലി പരമഭക്തനും സാത്വികനും ഒപ്പം അദ്വിതീയ കായികശേഷിയുള്ള മനസിജരൂപിയുമായിരുന്നു. അത്ര ആകർഷണമായ രൂപഭംഗിയുള്ള മഹാബലിയെയാണ് ഇങ്ങനെ വികൃതരൂപിയായി ചിത്രീകരിക്കുന്നത്. ഇതിനേയും നമ്മുടെ സംസ്കാരത്തിനു നേരെയുള്ള കടന്നുകയറ്റമായല്ലാതെ മറ്റെന്തായാണ് വിലയിരുത്തപ്പെടേണ്ടത്. ഇതു മാത്രമല്ല നമ്മുടെ ക്ഷേത്രങ്ങൾക്കും ക്ഷേത്ര സംസ്ക്കാരത്തിനുമെതിരെ ഒളിഞ്ഞും തെളിഞ്ഞും പല കോണുകളിൽ നിന്നും ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. എന്തിന് ഹൈന്ദവീയമായ ആചാരാനുഷ്ഠാനങ്ങൾക്കും സംസ്കാരിക സ്മാരകങ്ങൾക്കുമെതിരെ ആർക്കും വിരൽ ചൂണ്ടാമെന്ന അവസ്ഥയിലാണിപ്പോൾ. ഒന്ന് ചിന്തിക്കുക, ഭാഷാ പിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ ഒരു പ്രതിമ അദ്ദേഹത്തിന്റെ സ്മരണാർത്ഥം സ്ഥാപിക്കുവാൻ പോലും ഇത്ര കാലമായിട്ടും സാധിച്ചിട്ടില്ല. മതാന്ധതയ്ക്ക് കൂട്ടു നില്ക്കുന്ന ഇവിടത്തെ രാഷ്ട്രീയ നേതൃത്വത്തിന്റെ പ്രീണനനയം എവിടെ വരെ എത്തിയിരിക്കുന്നു എന്ന് ചിന്തിക്കുക. ഇത്തരുണത്തിലാണ് ധർമ്മ സംരക്ഷണം നമ്മുടെ കടമയെന്ന് കണ്ട് ഉണർന്ന് പ്രവർത്തിക്കേണ്ടത്.

സമത്വസുന്ദരമായ ഓണത്തെ സ്നേഹത്തിന്റെ വാടാമലരുകളാൽ തീർക്കുന്ന പ്രതീക്ഷയുടെ പൂക്കളമിട്ട് പരമ്പരാഗതമായ രീതിയിൽ ആഘോഷിക്കുവാൻ എല്ലാവർക്കും അവസരമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അപ്പോഴേയ്ക്കും ഇന്ന് നാം നേരിടുന്ന ഭീതിദമായ മഹാമാരിയിൽ നിന്നും നാടിനേയും നാട്ടാരെയും രക്ഷിക്കേണമേയെന്ന് ജഗദീശ്വരനോട് നമുക്ക് പ്രാർത്ഥിക്കാം. സന്തോഷത്തോടെ നമുക്ക് ഓണത്തെ വരവേല്ക്കാമെന്ന പ്രതീക്ഷയോടെ എല്ലാവർക്കും കരയോഗസൗഹൃദത്തിന്റെ ഓണാശംസകൾ.

*************



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

പ്രിയ കരയോഗാംഗങ്ങളെ,

എല്ലാവർക്കും എറണാകുളം കരയോഗത്തിന്റെ ഓണാശംസകൾ,

കഴിഞ്ഞ വർഷത്തെപോലെ ഈ വർഷവും കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ നിയന്ത്രണവിധേയമായിട്ടേ ഓണം ആഘോഷിക്കുവാൻ കഴിയുന്നുള്ളൂ എന്നത് നമ്മെ ആകെ ദു:ഖിപ്പിക്കുന്നു. ഓണത്തെ സംബന്ധിച്ച് വിവിധ തരത്തിലുള്ള ഐതിഹ്യങ്ങളും സങ്കല്പങ്ങളും കഥകളും പ്രചാരത്തിലുണ്ട്. ഇതിൽ ഏതു കഥയെ അടിസ്ഥാനമാക്കി ആഘോഷിച്ചാലും നമ്മുടെ മനസ്സിലുള്ള ഓണസങ്കല്പം എന്നു പറയുന്നത്

'മാവേലി നാടു വാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം'

സുന്ദരമായ ഒരു കാലത്ത് ഒരു നല്ല ഭരണാധികാരിയും പ്രജകളും ഉണ്ടായിരുന്നുവെന്നത് ഇന്നത്തെ കാലത്ത് നമുക്ക് സ്വപ്നസമാനമായ ഒരു ചിന്തയായിട്ടേ കാണുവാൻ കഴിയുകയുള്ളൂ. എങ്കിലും നമ്മുടെ ഭാരതീയ സംസ്കാരത്തിന്റെയും ചിന്തകളുടെയും ഭാഗമായി പ്രജാവത്സലന്മാരും സത്യസന്ധരുമായ ഭരണകർത്താക്കൾ ഈ ഭാരതത്തിൽ നാടു വാണിരുന്നു എന്നതുകൊണ്ട് നമ്മുടെ സംസ്കാരത്തെയും സനാതനധർമ്മത്തെയും ലോകത്തിന്റെ മുമ്പിൽ വലിയൊരഭിമാനത്തോടുകൂടി ഇന്നും എടുത്തു കാട്ടുവാനും നമുക്ക് കഴിയുന്നു. ഭാരതീയ സംസ്കാരങ്ങളും ആചാരങ്ങളും പല യൂറോപ്യൻ രാജ്യങ്ങളും അനുകരിച്ച് അവരുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കി ഇതിഹാസ കഥാപാത്രങ്ങളും നമ്മുടെ ഈശ്വരസങ്കല്പത്തിലെ ദിവ്യതേജസികളുമായ ശ്രീരാമചന്ദ്രൻ, ശ്രീകൃഷ്ണ ഭഗവാൻ തുടങ്ങിയവരെ ഭക്തിയോടുകൂടി ആരാധിച്ചുവരുന്നുവെന്നതും ലോകം സമാധാനത്തിന്റെയും ശാന്തിയുടെയും മാർഗ്ഗത്തിലേയ്ക്കാണ് നീങ്ങുന്നത് എന്നതിന്റെ സൂചനയാണ്. നമ്മുടെ ആരാധനാമൂർത്തികളായ ദേവീദേവന്മാരും നിരവധി ഋഷിവര്യന്മാരും ഭാരത പുണ്യഭൂമിയിൽ വസിച്ചിരുന്നു. അവർ അവതരിച്ച് ജീവിത കർമ്മം പൂർത്തിയാക്കിയ ഈ പുണ്യഭൂമിയിൽ ഇന്ന് നമുക്ക് ജനിക്കാനും ജീവിക്കാനും കിട്ടിയ അവസരം എത്രത്തോളം നാം പ്രയോജനപ്പെടുത്തുന്നു എന്നതും നമ്മുടെ സംസ്കാരത്തെയും ധർമ്മത്തെയും പരിപോഷിപ്പിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും, പ്രചരിപ്പിക്കുവാനും നമ്മളിൽ എത്ര പേർക്ക് കഴിയുന്നുണ്ട് എന്നതും ഈ കാലഘട്ടത്തിൽ ചിന്തിക്കേണ്ടത് വളരെ വളരെ പ്രാധാന്യമുള്ളതാണ്.

എറണാകുളം കരയോഗം ഈ വർഷവും ഓണവിപണനമേളയിൽ വിവിധ തരം ഉപ്പേരികൾ/കൊണ്ടാട്ടങ്ങൾ/പാലട/ പരിപ്പ് തുടങ്ങിയ പ്രഥമനുകളും തിരുവോണ ദിവസം സദ്യകിറ്റും മുൻവർഷങ്ങളിലെപ്പോലെ മുൻകൂർ ബുക്കു ചെയ്തും നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരിക്കൽ കൂടി എല്ലാ അംഗങ്ങൾക്കും നന്മ നിറഞ്ഞ സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സമാധാനത്തിന്റേതുമായ നാളുകൾ മലയാളത്തിന്റെ ഈ പുതുവർഷത്തിൽ ആശംസിക്കുന്നു.

എറണാകുളം കരയോഗം 2021–22 ലെ ഭരണസമിതി അതിന്റെ പ്രവർത്തനങ്ങൾ മെല്ലെ ആരംഭിക്കുകയാണ്. ഇന്നത്തെ ഈ പശ്ചാത്തലത്തിൽ കൂട്ടായ്മകളോ യോഗങ്ങളോ കൂടുവാനോ എറണാകുളം കരയോഗം നടത്തി വരുന്ന കലാപരിപാടികളോ, ആദ്ധ്യാത്മിക പഠനശിബിരങ്ങളോ ഈ വർഷം നടത്തുവാൻ സാധിക്കും എന്നുള്ളതിന് പ്രതീക്ഷ തീരെ കുറ

വാണ്. എന്നിരുന്നാലും കരയോഗത്തിന്റെ പ്രവർത്തന ങ്ങൾക്കായി 30 ഓളം ഉപസമിതികൾ രൂപീകരിച്ച് ഈ മോശം കാലഘട്ടത്തിലും വരും വർഷങ്ങളിലേക്കും കരയോഗത്തിന്റെ പ്രവർത്തനങ്ങൾ സേവനമേഖലകൾ ദൈനംദിന പ്രവർത്തനങ്ങൾ എന്നിവ സുഗമമായും ദീർഘദൃഷ്ടിയോടും കൊണ്ടു പോകുവാൻ വേണ്ടി മേല്പറഞ്ഞ ഉപസമിതികളുടെ ഉപദേശങ്ങളും നിർ ദ്ദേശങ്ങളും സ്വീകരിച്ച് ഭരണസമിതിക്ക് എറണാകുള കരയോഗത്തിന്റെ ഭരണം മുന്നോട്ടു കൊണ്ടു പോ കുകയെന്നതാണ് പ്രഥമ ലക്ഷ്യം. എറണാകുളം കര യോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും മറ്റും അംഗങ്ങളെ അറിയിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വാട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിച്ചിട്ടുണ്ട്.

https://chat.whatsapp.com/IEXy88 JjG8L6K6UGfh-VHe2 എന്ന ഈ ലിങ്കിലൂടെ ജോയിൻ ചെയ്യാവുന്നതാണ്. TRAI യുടെ നിബന്ധനകൾക്ക് വിധേയമായിട്ടാണ് അംഗങ്ങളെ വിവിധ ഗ്രൂപ്പുകളിൽ ചേർത്തിട്ടുള്ളത്. ആയതുകൊണ്ട് അതിലുണ്ടാകുന്ന ചില ചെറിയ ബുദ്ധി മുട്ടുകളോട് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം 96 ാമത് വാർഷിക പൊതുയോഗത്തിന്റെ തീരുമാനം അനുസരിച്ച് നിയ മാവലി 8(v), 13(iv) വകുപ്പുകൾ പ്രകാരം കോവിഡ് -19 ന്റെ സാഹചര്യത്തിൽ എറണാകുളം കരയോഗം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യു ന്നതിന് 2000/- രൂപയിൽ കുറയാത്ത ഒരു തുക ഓരോ കരയോഗാംഗവും Contigency Donation ആയി നല്കേണ്ടതാണെന്നും അതല്ലെങ്കിൽ 5000/- രൂപയോ അതിൽ കൂടുതലോ ആയ തുക Contigency Interest free advence ആയി നല്കിയാൽ മതിയാകുന്നതാണെന്നും ടി തുക 36 മാസങ്ങൾക്കു ശേഷം നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പലിശ രഹിതമായി അടച്ച അം ഗങ്ങൾക്ക് തിരികെ നല്കുന്നതുമാണെന്ന് അറിയിപ്പും അതിനുള്ള അപേക്ഷാഫോറങ്ങളും ഈ ലക്കത്തിൽ 33, 34, 35, 36 എന്നീ പേജുകളിലായി അംഗങ്ങളുടെ അറിവിലേക്കായി പ്രസീദ്ധികരിച്ചുട്ടുള്ളതുമാകുന്നു എന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. കൂടാതെ കരയോഗം നിയമാവലിക്കു വിധേയമായി അംഗങ്ങൾ ജീവകാരുണ്യ ഫണ്ടിലേക്ക് അടയ്ക്കേണ്ട തുകയോ മറ്റേതെങ്കിലും ഇനത്തിൽ അടയ്ക്കേണ്ടതായ തുക യോ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി അടച്ച് നിയമാവലി 13(iv) വകുപ്പു പ്രകാരം രസീത് കൈപ്പറ്റുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*********

**കഷ്ടം ! സ്ഥാനവലിപ്പമോ പ്രഭുതയോ**
**സജ്ജാതിയോ വംശമോ**
**ദുഷ്ടശ്രീ തനുധാടിയോ ചെറുതുമി-**
**ങ്ങോരില്ല ഘോരാനലൻ**
**സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെ-**
**പ്പക്കസ്തമിക്കുന്നിതി-**
**ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ ! ഇവിടമാ-**
**ണദ്ധ്യാത്മവിദ്യാലയം.**

*-കുമാരനാശാൻ, പ്രരോദനം. പദ്യം 35*

മനുഷ്യന്റെ വലിപ്പങ്ങളൊന്നും, മരണം വകവയ്ക്കുന്നില്ലെന്ന് കുമാരനാശാൻ പരിതാപ പൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. സ്ഥാനവലിപ്പമോ പ്രഭുത്വമോ വളരെ ഐശ്വര്യം നിറഞ്ഞ ശരീ രശോഭയോ ഒന്നും ചിതയിലെ ഘോരമായ അഗ്നി ഓർക്കുകയില്ല. മനുഷ്യന്റെ അഹങ്കാരമെല്ലാം ഇവിടെ വന്ന് അസ്തമിക്കുന്നു. സ്നേഹിതരെല്ലാം ഇവിടെവച്ചു പിരിയുന്നു - ഈ ചിത അഥവാ ശ്മശാനമാണ് യഥാർത്ഥ അദ്ധ്യാത്മ വിദ്യാലയം.



# കെ.പി. കൃഷ്ണമേനോന്

## എറണാകുളം കരയോഗത്തിന്റെ

# അനുശോചനം

എറണാകുളം കരയോഗം പ്രസിഡന്റായിരുന്ന ശ്രീ. കെ. പി. കെ മേനോന്റെ (തങ്കപ്പൻ ചേട്ടൻ) നിര്യാണത്തിൽ എറണാകുളം കരയോഗം അനുശോചിച്ചു. 06.08.21 ൽ കൂടിയ അനുശോചനയോഗത്തിൽ കൊച്ചിയിലെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രശസ്തരായവർ പങ്കെടുത്ത് സംസാരിച്ചു.

മിതഭാഷിയും സാമൂഹിക സ്നേഹിയും എറണാകുളത്തെ വ്യാപാര വ്യവസായ രംഗത്തെ അറിയപ്പെടുന്ന ഒരു നേതാവുമായിരുന്ന അദ്ദേഹം ജീവകാരുണ്യ പ്രവർത്തനങ്ങളിലും ആദ്ധ്യാത്മിക മേഖലകളിലും തന്റെ നേതൃത്വ പാടവം തെളിയിച്ചിട്ടുണ്ട്. ഒരു വ്യാപാരി എന്ന നിലയിൽ നിന്ന് ഒരു ഉപകാരി എന്ന നിലയിലേക്ക് അദ്ദേഹത്തിന്റെ മാറ്റവും പ്രവർത്തനവും വളരെയേറെ പ്രശംസിക്കപ്പെട്ടിട്ടുണ്ട്. തന്റെ സ്ഥാപനങ്ങളിൽ എത്തുന്നവരിൽ നിന്ന് പണം ഈടാക്കുക എന്ന ലക്ഷ്യം മാത്രമല്ല, മറിച്ച് തന്റെ സ്ഥാപനത്തിന്റെ നിലനില്പിനോടൊപ്പം തന്നെ തന്റെ സ്ഥാപനത്തിലെത്തുന്നവർക്ക് സഹായം നല്കുക എന്ന അദ്ദേഹത്തിന്റെ മനശാസ്ത്രം വ്യാപാരിസമൂഹം പാഠമാക്കേണ്ടതാണ്. 91-ാം വയസ്സിലും കർമ്മനിരതനായി പൂർണ്ണ ആരോഗ്യത്തോടെ ഒരു ദിവസത്തിൽ 10 ഉം 12 ഉം മണിക്കൂറുകൾ പൊതുരംഗത്ത് കർമ്മ നിരതനായി പ്രവർത്തിച്ചു എന്നു പറയുമ്പോൾ ഇന്നത്തെ 'മുതിർന്ന പൗരന്മാർ' എന്നു പറയുന്നവർക്ക് കണ്ടു പഠിക്കേണ്ടതും പ്രായോഗിക തലത്തിൽ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതുമായ പാഠമായിരുന്നു ശ്രീ. കെ.പി.കെ. മേനോന്റെ ജീവിതം.


2012 ൽ എറണാകുളം കരയോഗത്തിന്റെ പ്രസിഡന്റായതു മുതൽ അദ്ദേഹത്തിന്റെ സേവനം കരയോഗത്തിന്റെ പ്രവർത്തനങ്ങളായ ജീവകാരുണ്യ സാമൂഹിക ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുക മാത്രമല്ല അതോടൊപ്പം നിന്ന് ഒരു സേവകനെപ്പോലെ പ്രവർത്തിക്കുകയും ചെയ്തു എന്നുള്ളത് എടുത്തു പറയേണ്ടതാണ്. ടി.ഡി. എം ഹാളുമായി ബന്ധപ്പെട്ട് കഴിഞ്ഞ 9 കൊല്ലത്തെ എല്ലാ വികസന പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റേതായ ഒരു കയ്യൊപ്പ് ഉണ്ടായിരുന്നുവെന്നും അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചവർ എടുത്തു പറഞ്ഞു. ഈ കർമ്മയോഗിയുടെ ദേഹവിയോഗത്തിൽ എറണാകുളം കരയോഗത്തിന്റെ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുകയും പരേതന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് പ്രാർത്ഥിക്കുകയും ചെയ്തു.

കരയോഗത്തിന്റ ഉപാദ്ധ്യക്ഷൻ ആലപ്പാട്ട് മുരളീധരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കരയോഗം ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) വ്യാപാരി വ്യവസായി ഏകോപനസമതി ജില്ലാ പ്രസിഡന്റ് പി. സി. ജേക്കബ്, സീനിയർ അഡ്വ. എം. ആർ. രാജേന്ദ്രൻ നായർ. എറണാകുളം ശിവക്ഷേത്ര സമിതി പ്രസിഡന്റ് പി. രാജേന്ദ്രപ്രസാദ്, സി.ജി. രാജഗോപാൽ, ജയചന്ദ്രൻ സി.ഐ.സി.സി, കരയോഗം ട്രഷറർ കെ.ടി. മോഹനൻ, കരയോഗം വൈസ്പ്രസിഡന്റ് അഡ്വ. ടി. ശിവദാസൻ നായർ, കരയോഗം അസ്സിസ്റ്റന്റ് സെക്രട്ടറി. കെ. ജനാർദ്ദനൻ, അഡ്വ. വിശ്വനാഥൻ, ബീം പ്രസിഡന്റ് രാധാകൃഷ്ണൻ, തുടങ്ങി നിരവധി പേർ തങ്ങളുടെ അനുഭവങ്ങളും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ദിനങ്ങളും അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു.



# ബാല ലോകം

**പറവൂർ രാജഗോപാൽ (ഫോൺ: 9847291483)**



പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരെ,

വീണ്ടും ഒരു ചിങ്ങം കൂടി പിറന്നിരിക്കുന്നു ചിങ്ങമാസം വന്നു ചേർന്നാൽ........ എന്താ വിശേഷം?

ഓണമായി ........ പൊന്നോണമായി ! ചിങ്ങം പിറന്നാൽ എങ്ങും പൊന്നോണമാണ്. തിരുവോണമാണ്.

ഐശ്വര്യത്തിന്റെ ഉത്സവമാണ് ഓണം. ഒരുമയുടെ സന്ദേശമാണ് ഓണം നമുക്കു നൽകുന്നത്. കേരളത്തിന്റെ ദേശീയോത്സവത്തെ എതിരേൽക്കാൻ മലയാളനാട് ഒരുങ്ങിക്കഴിഞ്ഞു. എന്താ, കൊച്ചു കൂട്ടുകാർ തിരുവോണത്തിമിർപ്പിലല്ലേ?

മനസ്സുകളായമനസ്സുകളിലൊക്കെ ആഹ്ലാദമാണ്. ഓണം ആഘോഷത്തിന്റെ ആരവമാണ്. തുമ്പയും മുക്കുറ്റിയും കൺ തുറന്നു കഴിഞ്ഞു. ആമ്പലും അരളിയും മാടി വിളിക്കയാണ്.

ആവണിയുടെ ആരംഭം പ്രകൃതി വിളിച്ചറിയിക്കുന്നത് പൂക്കളിലൂടെയാണ്. മുക്കുറ്റിയുടെ തലപ്പത്ത് മഞ്ഞണിഞ്ഞു നിൽക്കുന്നു മഞ്ഞപ്പൂക്കൾ. സമാധാനത്തിന്റെ സന്ദേശവാഹകരെന്നോണം തുമ്പപ്പൂക്കൾ. ചുണ്ടു ചുവപ്പിച്ച് തലയെടുപ്പോടെ വിരിഞ്ഞുലഞ്ഞങ്ങനെ കൃഷ്ണകിരീടപ്പൂക്കൾ. ചുവന്ന് രൗദ്രഭാവം കൊണ്ട് ചെമ്പരത്തി. നീലയും വെള്ളയും ചേർന്ന് തൊടിയിലാകെ ശംഖുപുഷ്പങ്ങൾ. പിന്നെ മുല്ല, പിച്ചി, ജമന്തി, കോളാമ്പി, വാടാമല്ലി, തെച്ചി, കുറിഞ്ഞി, പൂവാംകുരുന്നില എന്നിങ്ങനെ എണ്ണിത്തീർക്കാനാകാത്തത്ര നാട്ടുവസന്തങ്ങൾ. തേൻ തേടിയെത്തുന്ന പല വർണ്ണപൂത്തുമ്പികൾ, തുമ്പികൾക്കു പിമ്പേ, മിണ്ടാതെ, കാൽപ്പെരുമാറ്റം കേൾപ്പിക്കാതെ നടന്നെത്തുന്ന ബാല്യ-കൗമാരങ്ങൾ. ഒപ്പം ഒട്ടേറെ വസന്തകോകിലങ്ങളും നാട്ടകം കാണാനിറങ്ങുന്നു.

കർക്കിടകത്തിന്റെ കരിമുകിൽ മാഞ്ഞ്, ചിങ്ങവെയിലൊളി പരക്കുമ്പോൾ, ഓണം പടികടന്നു വരുന്നു. പഞ്ഞക്കാലത്തിന്റെ വറുതിയിൽ നിന്ന് സുഭിക്ഷതയുടെ സമ്പൽസമൃദ്ധിയുടെ ഓണക്കാഴ്ചകൾ വിരുന്നു വരുന്നു. ഓണം മലയാളിക്ക് ആണ്ടുപിറപ്പിന്റെ ആഘോഷമാണ്.

കള്ളക്കർക്കിടകത്തിനു പിൻപേ
തുള്ളി തുള്ളി പൊന്നോണം
പൊന്നോണത്തിനു പാട്ടും കലിയും
കുന്നല നാടിനു സൗഭാഗ്യം

ഓണം എന്നും സമൃദ്ധിയുടെയും സമത്വത്തിന്റെയും ഓർമ്മയാണ്. നാടും നാട്ടുകാരും വീടും വീട്ടുകാരും ഒന്നിക്കുന്ന സംഗമവേള.

പൂക്കളും ഓണക്കളികളും ഊഞ്ഞാലാട്ടവും തൂശനിലയിലെ സദ്യവട്ടവും മലയാളിയുടെ ജീവിതചര്യയിൽ ഒഴിവാക്കാനാവത്തതാണ്.

പ്രഭാതം വിടരുന്നതിനു മുൻപേ കൂട്ടുകാരുമൊത്ത് പൂക്കുടയുമായി വയലോരത്തും തൊടികളിലും ചെന്നെത്തിയിരുന്ന ഒരു ബാല്യത്തിന്റെ ആവർത്തനമാണ് എന്നെപ്പോലെ പലർക്കും ഓണം. നടുമുറ്റത്ത് നാട്ടുപൂക്കളാൽ കളമൊരുക്കിയ നാളുകളെക്കുറിച്ചുള്ള ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകൾ ഓണം മനസ്സിലെത്തിക്കുന്നു. പരസ്പരം കൂട്ടുകാർ തമ്മിൽ ചേർന്ന്, മത്സരിച്ച് മരക്കൊമ്പിൽ കളിയൂഞ്ഞാൽ കെട്ടാൻ കയറിയതെല്ലാം, അന്ന് ഓണാവേശത്താലാണ്. ഓണക്കളി ആവേശം ഒരു വശത്ത്. ഓണസദ്യവട്ടം മറുവശത്ത്.

നാക്കിലയുടെ അറ്റത്ത് വിളമ്പുന്ന വിഭവങ്ങൾ, കണ്ണിനെന്തു രസക്കൂട്ടാണ്. സാമ്പാർ, കാളൻ, ഓലൻ, എരിശ്ശേരി, അവിയൽ, പുളിഇഞ്ചി, ഇഞ്ചിത്തൈര്, വറുത്ത ഉപ്പേരി, പഴം നുറുക്ക്, ശർക്കര വരട്ടി, പാലട പ്രഥമൻ, പരിപ്പു പ്രഥമൻ തുടങ്ങിയ വിഭവങ്ങളടങ്ങിയ ഓണസദ്യയെക്കുറിച്ചോർത്താലോ, നാവിൽ കപ്പലോടിക്കാം !

എല്ലാ ആഘോഷങ്ങളും പോലെ തിരുവോണവും ഇന്നലെയുടെ മധുരമായ ഓർമ്മകളടേയും നാളെയുടെ നിറവാർന്ന സ്വപ്നങ്ങളുടെയും സങ്കലനമാണ്. സൗഹൃദങ്ങൾ കൂട്ടിയിണക്കാനും ഒരുമിക്കാനുമുള്ള അവസരങ്ങളാണ് ഓരോ ആഘോഷങ്ങളും നമുക്ക് സമ്മാനിക്കുന്നത്.

കർക്കിടകത്തിന്റെ വരവറിയിച്ചുകൊണ്ട്, സംക്രമം, സംക്രാന്തി ആഘോഷങ്ങൾ ഓണത്തിനു മുന്നോടിയായിട്ട് പണ്ടൊക്കെ കേരളക്കരയാകെ പ്രചുരപ്രചാരമായിരുന്നു. വീടും പറമ്പുമൊക്കെ അടിച്ചു തളിച്ച് വൃത്തിയാക്കി ജ്യേഷ്ഠയെ പുറം തള്ളി ശീവോതി ശ്രീപാർവ്വതിയെ കുടിയിരുത്തുന്നു.

മൂശ്ശേട്ടേം മക്കളുംപോ...... ശ്രീപാർവതീം മക്കളും വാ...... എന്ന് പാടി സംക്രമസന്ധ്യകളെ പ്രസാദാത്മകമാക്കുന്നു. പിറ്റേന്ന് മുതൽ ശീവോതിക്കു വെക്കൽ ഉണ്ട്. അതോടെ ഭവനങ്ങൾ ഐശ്വര്യ ദേവതയുടെ വാസസ്ഥാനാക്കുന്നു. നിലവിളക്കിന്റെ ദീപനാളപ്രഭയിൽ അഷ്ടമംഗല്യമൊരുക്കി വാൽക്കണ്ണാടിയും പുരാണഗ്രന്ഥവും വെച്ച് ദശപുഷ്പാലങ്കാരങ്ങളോടെ സാക്ഷാൽ ശ്രീഭഗവതിയെ വരവേൽക്കുന്നു മലയാളികൾ.

തുടർന്ന് ആരോഗ്യസംരക്ഷണത്തിനുള്ള കാലമായി. പത്തിലക്കറികളും ഔഷധക്കഞ്ഞി സേവയും മുറപോലെ ആചാരങ്ങളും ചേരും. പിന്നെ ചിങ്ങക്കൊയ്ത്തിന്റെ ആഗമനം അറിയിച്ച് ഇല്ലം നിറയായി. നിറപുത്തിരിയായി. കർക്കിടകം രാമായണമാസക്കാലവും കൂടിയാണ്. പഞ്ഞമാസത്തെ പുണ്യമാസമാക്കാനായി സന്ധ്യകൾ രാമായണപാരായണത്താൽ മുഖരിതമാവുകയായി. വായനയെ സിദ്ധൗഷധമായി കാണുന്ന ലോകത്തിലെ ഏക സമൂഹം മലയാളികൾ മാത്രമാണെന്ന യാഥാർത്ഥ്യം രാമായണ പാരായണത്തിലൂടെ ഇതൾ വിരിയുന്നു.

ഓരോ ഓണക്കാലവും പൂർവകാലസ്മൃതികളുമായി കടന്നു പോകുന്നു. നാഗരികത ഗ്രാമീണയ്ക്ക് മേൽ കടന്നുകയറുമ്പോഴും ഓണമെത്തുന്നുവെന്നറിഞ്ഞ് പൂക്കൾ എങ്ങും വിടർന്നു നിർക്കുന്നു. പ്രകൃതിയും ഓണവും തമ്മിലുള്ള അഭേദ്യമായ ബന്ധമാണ് ചിങ്ങമാസം കുറിക്കുന്നത്.

എല്ലാവരേയും ഒരുപോലെ മോഹിപ്പിക്കുന്നു. ജന്മനാടും ഓണവും. മനസ്സിലേക്കോടിയെത്തുന്ന മധുരം നിറഞ്ഞ അനുഭവമാണ് ഓണം. മലയാളത്തിലെ ഏറ്റവും സുന്ദരമായ കാലമാണ് ഓണക്കാലം. തിരുവോണത്തിന് പ്രഭാതത്തിൽ വീട്ടു മുറ്റത്ത് അരിമാവുകൊണ്ട് കളം തീർത്ത് മണ്ണുകൊണ്ടുണ്ടാക്കിയ തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ച് മലയാളികൾ പൂജിക്കുന്നു.

ഓണക്കോടി ഓണനാളിലെ പ്രത്യേകതയാണ്. കോടിയുടുത്ത് ഓണസദ്യ കഴിച്ചാൽ പിന്നെ കളികളാണ്. കൈകൊട്ടിക്കളിയും ഓണക്കളികളുമായി സന്ധ്യവരെ എല്ലാവരും സന്തോഷിക്കുന്നു. അത്തം മുതൽ പത്തുദിവസം ആഘോഷതുടർച്ചയാണ്. കുമ്മാട്ടിക്കളിയും പുലിക്കളിയും കാളക്കളിയും വള്ളകളിയും ഓണത്തല്ലും കിളിത്തട്ടുകളിയും കിണ്ണംകളിയും അങ്ങനെയങ്ങനെ ആഘോഷങ്ങൾ ഓണവുമായി ബന്ധപ്പെട്ട് എണ്ണമില്ലാതെയാണ്.

ഓണാഘോഷവുമായി ബന്ധപ്പെട്ട തെയ്യക്കോലങ്ങളാണ് ഓണത്താറും ഓണപ്പൊട്ടനും. ഉത്തര കേരളത്തിലെ അനുഷ്ഠാന കലയാണ് തെയ്യം. മറ്റ് തെയ്യക്കോലങ്ങളിൽ നിന്ന് ഓണത്താറിന് വ്യത്യസങ്ങളുണ്ട്. ഈ തെയ്യക്കോലം വീടുകൾ തോറും സന്ദർശിക്കും. ഉത്രാടം, തിരുവോണം നാളുകളിലാണ് സന്ദർശനം.

ഓണത്താറിന്റെ കോലം കെട്ടുന്നത് ആരാണ്നോ? കൂട്ടുകാരെപ്പോലെ ചെറിയ ആൺകുട്ടികളാണ്. ചെറിയ തപ്പ്, ഓണവില്ല് എന്നീ വാദ്യ ഉപകരണങ്ങൾ ഓണത്താറിന്റെ കൈയിലുണ്ടാകും. ഓണവില്ലിലെ മണികൾ മുട്ടിക്കൊണ്ടാണ് ഓണത്താർ ആടുന്നത്. സ്വന്തം പ്രജകളുടെ ക്ഷേമം അന്വേഷിച്ചിറങ്ങിയ മഹാബലി തമ്പുരാനാണ് ഓണത്താർ എന്നാണ് വിശ്വാസം. പാലക്കാട് ജില്ലയിൽ പ്രചാരത്തിലുള്ള തെയ്യക്കോലമാണ് ഓണപ്പൊട്ടൻ. ഉത്രാടനാളിലും തിരുവോണനാളിലും ഓണപ്പൊട്ടൻ വീടുകളിലെത്തും. ഈ തെയ്യം സംസാരിക്കില്ല. അതുകൊണ്ടാണ് ഓണപ്പൊട്ടൻ എന്ന് പേര്.

കുമ്മാട്ടിക്കളിയും ഓണക്കലാരൂപമാണ്. കുട്ടികളും ചെറുപ്പക്കാരുമാണ് കുമ്മാട്ടിക്കളിയിൽ പങ്കെടുക്കുക. ആഴ്ചകൾക്കു മുൻപേ കുമ്മാട്ടിക്കളിക്കുള്ള ഒരുക്കങ്ങൾ തുടങ്ങും. കുമ്മാട്ടിക്കുള്ള പൊയ്മുഖങ്ങൾ ഉണ്ടാക്കലാണ് ആദ്യപടി. കുമ്മാട്ടികൾ ശരീരത്തിൽ ഒരുതരം പുല്ലുവെച്ചു കെട്ടാറില്ലേ? ആ പുല്ലിന് കുമ്മാട്ടി പുല്ലെന്നാണ് പേര് പറയുക. കുമ്മാട്ടിക്കളിയിൽ പല വേഷങ്ങളുണ്ട്. കൃഷ്ണൻ, ഹനുമാൻ തുടങ്ങിയവ ചിലതാണ്. വേഷം കെട്ടി പൊയ്മുഖം വെച്ചാൽ ആളെ ആരും തിരിച്ചറിയില്ല. പലതരം പാട്ടുകൾ പാടിയാണ് കുമ്മാട്ടി എത്തുക. മഹാബലിപ്പാട്ട്, ദാരികവധം പാട്ട്, രാമായണപ്പാട്ട് എന്നിങ്ങനെ പോകുന്നു പാട്ടുകൾ. തൃശൂർ ജില്ലയിലും പരിസരത്തുമാണ് കുമ്മാട്ടിക്കളി ഏറെ പ്രചാരത്തിലുള്ളത്. ഓണം കഴിഞ്ഞാലും തുടരാഘോഷങ്ങൾ പതിവാണ്. തിരുവോണം കഴിഞ്ഞ് മകം പതിനാറിന് ചിലയിടങ്ങളിൽ ഓണത്തപ്പനെ പൂജിക്കുന്ന ചടങ്ങുണ്ട്. കന്നിമാസത്തെ തിരുവോണമായാൽ കന്നുകാലികൾക്കും പൂജയുണ്ട്.

തൊഴുത്തൊക്കെ വൃത്തിയാക്കി കുരുത്തോല തൂക്കി, അരിക്കോലമണിഞ്ഞ് പ്ലാവില കാളകളെയുണ്ടാക്കി, ഈർക്കിലിയിൽ കോർത്ത് നുകത്തിന് കൂട്ടിയതുപോലെ കളത്തിൽ വെച്ച്, പാൽപായസനിവേദ്യവുമായി തൊഴുതു പൂജിക്കുന്നു.

ഉച്ചതിരിഞ്ഞാൽ പോത്തോട്ടമാണ്. പോത്തിനെ കുറിയണിയിച്ച് മാല ചാർത്തി അലങ്കരിച്ച് പക്കമേളങ്ങളോടെ പാട്ടുപാടി ശിവക്ഷേത്രത്തിലേക്ക് ഓടിക്കുന്നു. പിന്നാലെ നാട്ടുമ്പുറത്തുകാരും കൂട്ടയോട്ടമായെത്തും. ക്ഷേത്രം വലം വച്ചിറങ്ങുന്ന പോത്ത് മൈതാനത്തറയിലെ കാരണവരെ വന്ദിച്ച് അനുവാദം വാങ്ങി നാട്ടുകൂട്ടവുമായി ചേർന്ന് പാട്ടും കളികളുമായി സന്ധ്യവരെ മൈതാനത്ത് ആർത്തു രസിക്കുന്നു. അങ്ങനെ കർക്കിടകം മുതൽ കന്നി വരെയുള്ള ഓണാഘോഷങ്ങൾ പണ്ടിനും പണ്ട് പണ്ടു പണ്ട് നമ്മുടെ കേരളക്കരയിൽ നിലനിന്നിരുന്നു.

ഓണം, മുമ്പെല്ലാം തൃക്കാക്കര ക്ഷേത്രത്തിലെ ഉത്സവമായിരുന്നു. വാമനമൂർത്തിയാണ് ക്ഷേത്രത്തിലെ പ്രതിഷ്ഠ. കർക്കിടകത്തിലെ തിരുവോണം മുതൽ ചിങ്ങത്തിരുവോണം വരെയാണ് അന്നൊക്കെ അവിടെ ഉത്സവം. തിരുവോണനാളിൽ അവിടെ നടക്കുന്ന വിപുലമായ ഓണസദ്യക്ക് കേരളത്തിലെ നാടുവഴികൾ തങ്ങളുടെ പ്രതിനിധികളെ സദ്യയ്ക്ക് അയയ്ക്കുന്ന പതിവുണ്ടായിരുന്നു. പിൽക്കാലത്ത് അതൊക്കെ മാറി മറഞ്ഞു. എല്ലാവരും സ്വന്തം വീടുകളിൽ ഓണാഘോഷ ചടങ്ങുകളുമായി ഒതുങ്ങിക്കൂടി.

ഉത്രാടം വരെ പൂവിട്ട മുറ്റത്തെ കളത്തിൽ തിരുവോണ നാളിൽ തൃക്കാക്കരയപ്പനെ പ്രതിഷ്ഠിച്ച് പൂജ ചെയ്യലാണ് തിരുവോണത്തിന്റെ സുപ്രധാന ചടങ്ങ്. വർത്തമാനകാലത്ത് ഓണം യാന്ത്രികമായി മാറുന്ന കാഴ്ചയാണ് ചുറ്റും കമ്പോളത്തിൽ നിന്നു തലേന്നാൽ വിലയ്ക്കു വാങ്ങിയ പൂക്കൾ കൊണ്ട് കുട്ടികൾ പൂവിടുന്നു. ചേറിന്റെ മണമറിഞ്ഞിട്ടില്ലാത്ത, പത്തായം കാണാത്ത, ഉരലുമുലക്കയും എന്തെന്നറിയാത്ത പുതുതലമുറയ്ക്ക് മുന്നിൽ ചാനലുകൾ ഓണസദ്യ വിളമ്പുന്നു.

ഇന്ന് എല്ലാം വളരെ മാറിപ്പോയി. ആകാര സൗഷ്ടവത്തിൽ അഗ്രമനായിരുന്ന മഹാബലി തമ്പുരാന്റെ സ്ഥാനത്ത് പെരുവയറൻ മഹാബലി പിണ്ഡങ്ങൾ തെരുവുകളിൽ ആഭാസനൃത്തം വെയ്ക്കുന്നു. ഓണത്തിന് കാളനാകാമെങ്കിൽ കാളയിറച്ചി എന്തുകൊണ്ടായിക്കൂടാ എന്ന് കാതുകളിൽ വന്നലയ്ക്കുന്നു ജൽപ്പനങ്ങൾ.

നിലവിളക്കും നിറപറയും നാലുകെട്ടും കാവും തൊടിയും കുളവും, കാളനും, ഓലനും അവിയലുമെല്ലാം സവർണ്ണാധിപത്യമുദ്രകളായി, എഴുത്തച്ഛനും പൂന്താനവും ഭക്തകവികൾ മാത്രമായി. പ്രതികരിക്കാനും പ്രതിഷേധിക്കാനും നാം മറന്നു കഴിഞ്ഞിരിക്കുന്നു. വീറും വാക്കും നമുക്കു നഷ്ടമായിരിക്കുന്നു. ദുഖത്തോടെ നാം നമ്മോടുതന്നെ ചോദിച്ചു പോകുന്നു.



നിർഭയ മനസ്സെവിടെ? സമുന്നതമായ നമ്മുടെ ശിരസ്സെവിടെ? സത്യത്തിന്റെ അഗാധതയിൽ നിന്നു റവെടുക്കുന്ന വാക്കെവിടെ? മലയാളിയുടെ മണ്ണും മനസ്സുമാണ് ഇവിടെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തെന്ന വാസ്തവം പാടേ നാം ഓർക്കാതെ പോകുന്നു. പണ്ട് നല്ലോണമായിരുന്നു. എല്ലാം. ഇന്ന് വന്നോണമാണ്. എന്തും, ഓണം തന്നെ ഇന്നൊരു തമാശയാണ്. വസന്തകാലപുഷ്പങ്ങളെ കുടുകുടെ ചിരിപ്പിക്കുന്ന തമാശ.

ഓണത്തിന്റെ തനിമ പുതുതലമുറയ്ക്കു പകർന്നു കൊടുക്കാൻ കഴിയുമ്പോഴാണ് ഓണാഘോഷങ്ങൾ സാർത്ഥകമാകുന്നത്.

ഓളം തുള്ളി
താളം പെയ്യു-
മൊരോണക്കാലം
ഈണം മൂളും
ഇത്തിരി വട്ട-
പൂക്കള മുറ്റത്തെന്നു
വരുന്നോയെൻ
മാവേലി......?

പൂക്കൾ ഭൂമിയുടെ രോമാഞ്ചമാണ്.

പൂക്കളം ഓണത്തിന്റെ അലങ്കാരമാണ്. ഓണത്തപ്പനുള്ള പീഠവുമാണ്. ഇതെഴുതുമ്പോൾ, എന്നെ വായിക്കുന്ന പ്രിയ ബാലലോകം കൂട്ടുകാർ ഓണം ശരിയായ അർത്ഥത്തിൽ തിരിച്ചറിയുമെന്ന പ്രത്യാശയാണ്. നല്ലോണം വരട്ടെ! എല്ലാ ചങ്ങാതി മാർക്കും ഹൃദയം നിറഞ്ഞ തിരുവോണാശംസകൾ!

**********

# പറയാതെ പറയുന്നത്

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരിക്കൽ ഒരു ധനിക കുടുംബം വാരാണാസിയിലേക്ക് ഒരു യാത്ര പോയി. പുണ്യഭൂമിയായ കാശിയിൽ പദമൂന്നാൻ കഴിയുകതന്നെ പരമഭാഗ്യമല്ലേ. ജീവിതത്തിൽ ഒരിക്കലെങ്കിലും അവിടെ എത്താൻ കഴിയുന്നതും ഗംഗാസ്നാനം ചെയ്യാൻ കഴിയുന്നതും അത്യുത്തമം തന്നെയാവും എന്ന വിചാരത്തോടും വിശ്വാസത്തോടുമായിരുന്നു അവരുടെ യാത്ര.

കാശിയിലെത്തി, ഗംഗാതീരത്തൂടെ അവർ നടക്കുകയായിരുന്നു. അപ്പോഴാണ് കുറച്ചകലെ മാറി, ഒരിടത്ത് ഒരു ചെരുപ്പു കുത്തി പണിയിൽ ഏർപ്പെട്ടിരിക്കുന്നതു കണ്ടതും അവർ അങ്ങോട്ടു നടന്നു ചെന്നു. ഗൃഹനാഥൻ തന്റെ തുകൽ ചെരിപ്പ് തുടച്ചു വൃത്തിയാക്കി മിനുക്കിത്തരാൻ പറഞ്ഞ്, ചെരുപ്പു കുത്തിയെ ഏൽപ്പിച്ചു.

ചെരുപ്പു കുത്തി തുകൽ ചെരിപ്പു വാങ്ങി തുടച്ചു വൃത്തിയാക്കി തുടങ്ങി. അയാൾ പണി ചെയ്തുകൊണ്ടിരിക്കെ, ഗൃഹനാഥൻ ചോദിച്ചു.

എന്താ ഇയാളുടെ പേര്?

ഞാൻ റയിസാ. വർഷങ്ങളായി ഇവിടെ തുകൽ പണി ചെയ്തു കഴിയുന്നു - ചെരുപ്പുകുത്തി പറഞ്ഞു.

ഹോ, എത്ര ഭാഗ്യവാനാണു നിങ്ങൾ. ഞങ്ങൾ ദൂരെ ഒരു ദേശത്തു നിന്ന് കാശി തേടി വരുന്നു. നിങ്ങൾ ദീർഘകാലമായി ഇവിടെ വസിക്കുന്നു. എന്നും ഗംഗയിൽ കുളിക്കാൻ സാധിക്കുന്നു. പരമഭാഗ്യം തന്നെ.- ഗൃഹനാഥൻ പറഞ്ഞു.

റയിസ ചിരിച്ചു. ഗൃഹനാഥൻ തുടർന്നു.

ഈ പരിസരം തന്നെ എത്ര മനോഹരമാണ്. തണൽ വിരിയിട്ട വഴികൾ. തണുത്ത കാറ്റ്. എന്തൊരനുഭവമായിരിക്കും ഇവിടുത്തെ ജീവിതം, അല്ലേ?

ഇതുകേട്ട് റയിസ പറഞ്ഞു.

അങ്ങനെയൊന്നുമില്ല. പണ്ട് ഇവിടെ എത്തിപ്പെട്ടതാണ്. ഇവിടെ ഞാനെന്റെ ജോലി തുടങ്ങി. ഇന്നും തുടർന്നു വരുന്നു. പിന്നെ, അങ്ങു കരുതും പോലെ എന്നും ഗംഗയിൽ കുളിക്കാറൊന്നുമില്ല. കാശിനാഥനെ ചെന്ന് എന്നും വണങ്ങാനും പറ്റാറില്ല.

ചെരുപ്പു കുത്തി ജോലി തുടർന്നു.

ധനികന് അയാളോട് പുച്ഛം തോന്നി.

ഇവനെന്തൊരു മ്ലേഛൻ. ഗംഗയിൽ കുളിക്കില്ല പോലും. തീർത്ഥക്കരപാവി. ഇവനോടു സംസാരിച്ചു നിന്നാൽ ഇവന്റെ പാപങ്ങൾ നമ്മിലേക്കെത്തും.

കുറച്ചുനേരം ചെരുപ്പുകുത്തിയെ പുച്ഛ രസത്തിൽ നോക്കി നിന്നിട്ട് ഗൃഹസ്ഥൻ ചൊടിച്ചു.

മതി മതി തന്റെ മിനുക്കൽ. ഇങ്ങു തന്നേ എന്റെ തുകൽ ചെരുപ്പ്. എന്തു വേണം തനിക്ക് ഇതിന് കൂലിയായി. ..................?

ചെരിപ്പ് ഗൃഹസ്ഥനു നേരെ നീട്ടി റയിസ ചിരിച്ചു.

ഇഷ്ടം !

ധനികൻ ഒരഞ്ചുരൂപ എടുത്ത് താഴേക്കിട്ടു

കൊടുത്തു.

എടുത്തോ രൂപ അഞ്ചുണ്ട്.- അപ്പോഴും ധനികന്റെ മുഖത്ത് ചെരുപ്പുകുത്തിയോടുള്ള പുച്ഛരസമായിരുന്നു.

അപ്പോൾ റയിസ പറഞ്ഞു.

വേണ്ട അങ്ങുന്നേ. ഞാൻ ഒരു ജീവിത സിദ്ധാന്തം മുറുകെ പിടിക്കുന്നവനാണ്. അങ്ങ് ഈ അഞ്ചു രൂപയെടുത്ത് ഗംഗയിൽ സമർപ്പിച്ച്, റയിസ തന്നതാണെന്ന് പറഞ്ഞാൽ മതി.

ധനികൻ കുനിഞ്ഞ് ആ അഞ്ചു രൂപ എടുത്തു.

ശരി ശരി. നോക്കട്ടെ.

ഗംഗയിൽ കുളിച്ചുകൊണ്ടിരിക്കെ ഗൃഹസ്ഥൻ റയിസ പറഞ്ഞത് ഓർത്തു.

ഇതാ ഗംഗാദേവി റയിസ എന്ന ഒരു ചെരുപ്പുകുത്തി തന്നയച്ച രൂപ ! - എന്നു പറഞ്ഞ് അയാൾ ആ അഞ്ചു രൂപ നോട്ട് ഗംഗയിലേക്ക് വലിച്ചെറിഞ്ഞു.

ഉടൻ അയാൾ ഒരശരീരി കേട്ടു. -

റയിസ തന്ന രൂപ സ്വീകരിച്ചിരിക്കുന്നു.

ഗൃഹസ്ഥൻ അമ്പരപ്പോടെ ചുറ്റും നോക്കി. മിഴിരണ്ടും തിരുമ്മി തുറന്നു നോക്കി.

അപ്പോൾ രണ്ടു കൈകൾ ജലാശയത്തിൽ

നിന്ന് പൊങ്ങി വന്നു.

ഇത് റയിസയെ ഏൽപ്പിച്ചാലും - വീണ്ടും അശരീരി. നോക്കിയപ്പോൾ കല്ലു പതിച്ച ഒരു സ്വർണ കങ്കണം. ധനികൻ അതെടുത്ത് തുടച്ചു മിനുക്കി നോക്കി. തിളങ്ങി പ്രകാശിക്കുന്ന സ്വർണ്ണ കങ്കണം. മിനുക്കും തോറും തിളക്കമേറി വരും പോലെ.

ഇതിന്റെ മൂല്യം ഈ ചെരുപ്പുകുത്തിക്ക് എന്തറിയാം? ഇതിന്റെ ഗുണവും മേന്മയും അറിയണമെങ്കിൽ ഇത് എത്തിക്കേണ്ടിടത്ത് എത്തിക്കണം. - ധനികൻ ഓർത്തു.

അയാൾ കങ്കണവുമായി കാശിനഗരം വാണിരുന്ന മഹാരാജാവിനെ മുഖം കാണിച്ചു. കാഴ്ചയായി കങ്കണം മഹാരാജാവിനു നൽകി.

രാജാവ് കങ്കണം കൈയ്യിലെടുത്ത് അതിശയത്തോടെ നോക്കി കണ്ടുകൊണ്ട് പറഞ്ഞു.

വളരെ നന്നായിരിക്കുന്നു ഈ കങ്കണം. നമുക്ക് ഇത്, നന്നേ ബോധിച്ചിരിക്കുന്നു. കൊള്ളാം. നമുക്കിതിഷ്ടമായി.

രാജാവിൽ നിന്ന് പ്രശംസയും പാരിതോഷികങ്ങളും പ്രതീക്ഷിച്ച് ധനികനായ ഗൃഹസ്ഥൻ നിന്നു.

മഹാരാജാവ് പറഞ്ഞു.

ഈ കങ്കണം നമുക്ക് വളരെ ഇഷ്ടപ്പെട്ടുവെന്നത് നേര്. ഇതിനൊരു ജോഡി കാണും. അതു കൂടി നിങ്ങൾ നമുക്ക് തരണം. ആട്ടെ, നിങ്ങൾക്ക് എവിടെ നിന്നു കിട്ടി. ഇത്ര അപൂർവ്വമായ ഇങ്ങനെയൊരു കങ്കണം?

ധനികൻ ആകെ കുഴങ്ങി.

- പൊല്ലാപ്പായല്ലോ. ഇനി എന്തു ചെയ്യും ?

ഗൃഹസ്ഥൻ ചിന്തിച്ചു.

ചെല്ലൂ. വേഗം ചെന്നെടുത്തിട്ടു വരൂ ഇതിന്റെയാ ജോഡി - രാജാവ് തിരക്കു കൂട്ടി. ഗൃഹസ്ഥൻ പരിഭ്രമം കൊണ്ട് വിയർത്തു. അയാൾ എങ്ങോട്ടെന്നില്ലാതെ നെട്ടോട്ടമായി.

അവസാനം ചെരുപ്പുകുത്തിയുടെ മുന്നിൽ ശരണം പ്രാപിച്ചു. നടന്നതെല്ലാം അയാൾ റയിസയോടു പറഞ്ഞു. രക്ഷിക്കണമെന്നും പറഞ്ഞ് കരഞ്ഞു.

- റയിസ ഗംഗയോടു ചെന്ന് ഒരു കങ്കണം കൂടി ചോദിച്ചു മേടിച്ചു തരണം. ഇല്ലായെങ്കിൽ എന്റെ തല പോയതു തന്നെ.

റസിയ ആ സമയമെല്ലാം ഒന്നും പറയാതെ ജോലി ചെയ്തുകൊണ്ടിരുന്നു. ധനികൻ റസിയയെത്തന്നെ നോക്കി നിന്നു. പിന്നെ മെല്ലെ

വിളിച്ചു.

റയിസാ........ദയവുചെയ്ത് ഗംഗയോട്........ താങ്കൾ ചോദിച്ചാൽ ഗംഗ തരും, തീർച്ചയായും. റയിസാ.....

റയിസ മുഖമുയർത്തി ഗൃഹസ്ഥനെ നോക്കി. എന്നിട്ടു പറഞ്ഞു.

അതെ, ഗംഗ നാം മനസ്സുകൊണ്ടു വി

ളിച്ചാൽ വിളിച്ച സ്ഥലത്തു വരും. - എന്നു

പറഞ്ഞുകൊണ്ട് പോളീഷ് ചെയ്യാൻ വെച്ചിരുന്ന അഴുക്കു ജലത്തിൽ നിന്ന് മറ്റൊരു കങ്കണം കൈയ്യിട്ടെടുത്തു.

ധനികൻ സ്തംഭിച്ചു നിന്നു പോയി.

ദാ, കൊണ്ടു പെയ്ക്കൊള്ളൂ ഈ കങ്കണം.

അയാൾ അത് ധനികൻറെ നേരെ നീട്ടി.

ഗൃഹസ്ഥന് അതിശയം കൊണ്ട് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. നന്ദി വാക്കുകൾ ഒരു പാടു പറഞ്ഞുകൊണ്ട് ഗൃഹസ്ഥൻ കങ്കണവും വാങ്ങി മഹാരാജാവിന്റെ അടുത്തേക്ക് നടന്നു. സംഭവിച്ചതത്രയും തുറന്നു പറയാൻ !

ആരേയും കുറച്ചു കാണരുതെന്ന ഒരു

പാഠം റയിസയുടെ ഈ കഥ നമ്മോടു പറയാതെ പറയുന്നു.

**********

രാഗപരിചയം



# കാനഡ

**ഡോ. ജയലക്ഷ്മി നന്ദകുമാർ**

22-ാ മത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് കാനഡ. കർണ്ണാടക സംഗീതത്തിൽ അധിഷ്ഠിതമായ രാഗമാണിത്.

ആരോഹണം ഃ സ രി ഗ മ ധ നി സ

അവരോഹണം ഃ സ നി പ മ പ ഗാ മ രി സ

സ്വരസ്ഥാനങ്ങൾ ഃ ഷഡ്ജം, ചതു : ശ്രുതി രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം.

ആരോഹണത്തിൽ പഞ്ചമം ഒഴിവാക്കി ക്രമമായ സ്വരങ്ങളോടു കൂടിയും അവരോഹണത്തിൽ ധൈവതം ഇല്ലാതെ വക്രമായും വരുന്നു. മൂന്നു സ്ഥായികളിലും സഞ്ചാരമുള്ള ത്രിസ്ഥായി രാഗമാണിത്. ഏതു സമയത്ത് ആലപിച്ചാലും ശോഭിക്കുന്ന സർവ്വകാലിക രാഗം. കരുണഭാവം പ്രതിഫലിപ്പിക്കുന്ന രാഗം കൂടിയാണിത്. രാഗാലാപനം, മനോധർമ്മസ്വരം എന്നിവയ്ക്ക് സാദ്ധ്യത ഉള്ള രാഗമാണിത്. രാഗമാലിക, പല്ലവി എന്നിവ ആലപിക്കുവാൻ യോജിച്ച രാഗമാണ് കാനഡ.

ഹിന്ദുസ്ഥാനി രാഗമായ ദർബാരി കാനഡ സ്വരങ്ങളിൽ ഉള്ള വ്യതിയാനം കൊണ്ട് കാനഡയിൽ നിന്നും അല്പം വ്യത്യസ്തമാകുന്നു. ആന്ദോളിത ഗമകം (ഊഞ്ഞാലാടുന്നതു പോലുള്ള ഗമകം) ഗാന്ധാരത്തിൽ വരുന്നത് കാനഡ രാഗത്തിന്റെ സവിശേഷതയാണ് (മപഗാ). വളരെ ശ്രദ്ധയോടെ ഗമകങ്ങൾ ഉപയോഗിച്ച് ആലപിക്കേണ്ട രാഗമാണ് കാനഡ.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | നെര നമ്മിതി നൈയ്യ (വർണ്ണം) | അടതാളം | രാമനാട് ശ്രീനിവാസ അയ്യങ്കാർ |
| 2. | സുഖിയവ്വരോ | ആദി | ത്യാഗരാജസ്വാമി |
| 3. | മാമവ സദാ ജനനീ | രൂപകം | സ്വാതി തിരുനാൾ |
| 4. | അലൈപായുതേ | ആദി | ഊത്തുക്കാട് വെങ്കടസുബ്ബയ്യർ |
| 5. | പരാമുഖ | ആദി | ജി. എൻ. ബാലസുബ്രഹ്മണ്യം |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | കൂത്തമ്പലത്തിൽ വെച്ചോ | അപ്പു |
| 2. | നാദരൂപിണി ശങ്കരി | ഹിസ് ഹൈനസ് അബ്ദുള്ള |
| 3. | ആറാട്ടു കടവിങ്കൽ | വെങ്കലം |
| 4. | അല്ലിമലർകാവിൽ | മിഥുനം |
| 5. | പനിനീരുമായ് | വിഷ്ണു |
| 6. | മണിമുറ്റത്താവണി പന്തൽ | ഡ്രീംസ് |
| 7. | നീയൊരു പുഴയായ് | തിളക്കം |
| 8. | ത്രിപുരസുന്ദരി | ജഗദ് ഗുരു ആദിശങ്കരൻ |
| 9. | പൂമാലൈ വാങ്കി വന്തേൻ | സിന്ധുഭൈരവി |


*********

വാസ്തു

# വാസ്തു ശാസ്ത്രം



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)




കഴിഞ്ഞ 8 കൊല്ലമായി നന്നായിട്ട് വ്യവസായം ചെയ്തിരുന്ന ഒരു സ്ഥലത്ത് 2 കൊല്ലമായി പല തരത്തിലുള്ള പ്രശ്നങ്ങൾ കാണുന്നു. തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നതിനും, ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നതിനും പ്രയാസമായി വരുന്നു. പരിശോധനയിൽ പടിഞ്ഞാറു തെക്കാണ് ഗേറ്റ്. കൂടാതെ പടിഞ്ഞാറെ അതിര് തെക്കോട്ടു തള്ളി നിൽക്കുന്നു. തെക്കുവശത്ത് 50 അടി അകലത്തിൽ രണ്ടു കുഴൽകിണർ ഉണ്ട്. പറമ്പിന്റെ കിഴക്കു വശം വടക്കോട്ടു പോകുന്തോറും മുറിഞ്ഞു, മുറിഞ്ഞു പോകുന്നു.

ഫാക്ടറി കെട്ടിടം നിൽക്കുന്ന പറമ്പ് വടക്കും തെക്കും കുട്ടി മതിലുകൾ കെട്ടി എല്ലാ മൂലകളും ചതുരനാക്കാൻ സാധിക്കുന്നതാണ്. ചിത്രത്തിൽ കാണുന്നതുപോലെ AB, CD, DE അടയാളപ്പെടുത്തിയതുപോലെ കെട്ടിടത്തിനു സമാന്തരമായി 24cm ഉയരത്തിൽ മതിൽ കെട്ടണം. ഇപ്പോൾ ഫാക്ടറി നിൽക്കുന്ന സ്ഥലം പ്രത്യേക പറമ്പായി. മൊത്തം പറമ്പ് വടക്ക്, തെക്ക്, മധ്യം എന്നീ മൂന്നു പറമ്പുകളായി. ഇതോടെ borewell നിൽക്കുന്ന പറമ്പ് വേറെ പറമ്പായി. പറമ്പിന്റെ പടിഞ്ഞാറ് വടക്ക് വേറെ ഗേറ്റ് വെയ്ക്കണം. ചിത്രത്തിൽ ഗേറ്റ് നമ്പർ:2 AB എന്ന കുട്ടി മതിലിൽ വാഹനം കടന്നു പോകുന്ന തിനുവേണ്ടി സൗകര്യം പോലെ ഒരു വഴി ഇട്ടാൽ പുതിയ ഗേറ്റിൽ കൂടി ഫാക്ടറി നിൽക്കുന്ന സ്ഥലത്തേയ്ക്ക് വാഹന ഗതാഗതം സാധ്യമാകുന്നതാണ്. കെട്ടിടത്തിന്റെ പ്രധാന വാതിൽ തെക്കുപടിഞ്ഞാറു നിന്നും വടക്ക് കിഴക്കോട്ട് മാറ്റണം. ഓഫീസിനകത്തുള്ള എല്ലാവരുടെയും ഇരിപ്പിടങ്ങൾ റീ അറേഞ്ച് ചെയ്യാൻ വീണ്ടും പ്രത്യേകം പറയുകയാണ്. ഇതു പല പ്രാവശ്യം പറഞ്ഞിട്ടുള്ളതുമാണ്. യാതൊരു കാരണവശാലും ഗേറ്റ് തെക്കുപടിഞ്ഞാറെ മൂലയിൽ വരരുത്. പറമ്പിന്റെ മൂലകൾ മുറിഞ്ഞതാണെങ്കിൽ പ്രത്യേകിച്ച് വടക്ക് കിഴക്കെ ഭാഗം ശരിയാക്കിയിട്ടു വേണം കെട്ടിടം പണി ആരംഭിക്കുവാൻ. പറമ്പു ശരിയാക്കാതെ ഒരിക്കലും വീടായാലും, വ്യവസായ സ്ഥാപനമായാലും തുടങ്ങരുത്.

********

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

ക്ഷേത്രങ്ങളിലൂടെ - തുടർച്ച



# നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രം

**ഇന്ദിരാഭായി ഫോൺ : 8078552892**



ഭക്തനുവേണ്ടി ഭഗവാന് പൂജകളർപ്പിക്കുന്ന പൂജാരിക്ക് ഭക്തൻ ദക്ഷിണ നൽകി പ്രസാദം സ്വീകരിക്കുന്നു. ക്ഷേത്ര വിശ്വാസികളായ ഭക്തർ ക്ഷേത്രത്തിൽ വഴിപാടുകൾ നടത്താറുണ്ട്. ഭക്തന്റെ വഴിപാടുകളെ ഭഗവാനു സമർപ്പിച്ച ശേഷം പൂജാരി ഭഗവൽ പ്രസാദം ഭക്തനു നൽകുമ്പോൾ ഭക്തർ ദക്ഷിണ നൽകി പ്രസാദം സ്വീകരിക്കുന്ന പതിവുണ്ട്. ഈ ചിട്ടയെ തിരുത്തിക്കുറിച്ച ക്ഷേത്രമാണ് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രം. ആദ്യം ദക്ഷിണ പിന്നെ പൂജകൾ ഇതാണ് ഇവിടുത്തെ ചിട്ട. ഇത് ഈ ക്ഷേത്രത്തിലെ ഉണ്ണികൃഷ്ണന്റെ ഇംഗിതമായിരിക്കും എന്നു നമുക്കു വിശ്വസിക്കാം. ഭക്തൻ ഭഗവാനോട് സങ്കടങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളും പറഞ്ഞു പ്രർത്ഥിക്കുമ്പോൾ ഭഗവാൻ ഭക്തരോടും ചില കാര്യങ്ങൾ ആവശ്യപ്പെടാറുണ്ട്. തന്റെ ഭക്തരെ സംരക്ഷിച്ചുകൊണ്ട് ചില സ്ഥലങ്ങളിൽ സാന്നിദ്ധ്യമരുളുക എന്നത് ഭഗവാനും സന്തോഷമാണ്. അങ്ങനെ തന്റെ ഭക്തരുടേയും നാടിന്റെയും സംരക്ഷണത്തിൽ ശ്രദ്ധാലുവായി ദേശത്തിനും ദേശവാസികൾക്കും സർവൈശ്വര്യങ്ങളും നൽകിക്കൊണ്ട് സാക്ഷാൽ ശ്രീകൃഷ്ണ ഭഗവാൻ വിരാജിക്കുന്ന ഒരു പുണ്യക്ഷേത്രമാണ് നെയ്യാറ്റിൻകര ശ്രീകൃഷ്ണ സ്വാമിക്ഷേത്രം. എനിക്ക് ഇവിടെ ഒരു വാസസ്ഥാനം ഒരുക്കണം എന്ന് ഭക്തനോടാവശ്യപ്പെട്ട ഉണ്ണിക്കണ്ണനാണ് നെയ്യാറ്റിൻകരയിലെ ശ്രീകൃഷ്ണ ഭഗവാൻ. ബാലഭാവത്തിൽ ഭക്തനെ ആപത്തുകളിൽ നിന്നു രക്ഷിക്കുകയും പിന്നീട് അവിടെത്തന്നെ കുടികൊള്ളുവാൻ ആഗ്രഹിക്കുന്നു എന്ന് സ്വപ്നദർശനത്തിലൂടെ ഭക്തനെ അറിയിക്കുകയും ചെയ്ത ഉണ്ണിക്കണ്ണനാണ് നെയ്യാറ്റിൻകരയിൽ കുടികൊള്ളുന്ന നവനീത കൃഷ്ണൻ.

നദികളിലൂടെ ജലമൊഴുകുന്നു. എന്നാൽ ജലത്തോടൊപ്പം നെയ്യൊഴുകിയിരുന്ന ആറ് നെയ്യാറായും നെയ്യാറിന്റെ തീരപ്രദേശം നെയ്യാറ്റിൻകരയായും അറിയപ്പെട്ടു. നെയ്യാറിന്റെ കരയിൽ ഒരു ശ്രീകൃഷ്ണക്ഷേത്രവുമുണ്ട്. ഈ ക്ഷേത്രം തിരുവനന്തപുരത്തിന്റെ ഗുരുവായൂർ എന്നും അറിയപ്പെടുന്നു. ചരിത്രപരമായി വളരെയധികം പ്രാധാന്യമുള്ള ഒരു സ്ഥലമാണ് നെയ്യാറ്റിൻകര. നെയ്യാറ്റിൻകരയിലെ ശ്രീകൃഷ്ണക്ഷേത്രത്തിന്റെ വടക്കു കിഴക്കു ഭാഗത്തുകൂടി നെയ്യാറൊഴുകുന്നു. സപ്തർഷിമാരിലൊരാളായ അഗസ്ത്യമഹർഷി തെക്കൻ കേരളത്തിലെ അഗസ്ത്യാർകൂടമലനിരകളിൽ പർണ്ണശാലകൾ ചമച്ച് പാർത്തിരുന്നു.

ഹോമങ്ങളും യാഗങ്ങളും നടത്തിയിരുന്ന അദ്ദേഹം ധാരാളം നെയ്യ് സൂക്ഷിച്ചിരുന്നു. ഒരിക്കൽ വില്വമംഗലംസ്വാമിയാർ അഗസ്ത്യമഹർഷിയുടെ യാഗസ്ഥലത്തെത്തി. അഗസ്ത്യമഹർഷി നെയ്യ് ഉരുളകളായി ഹോമാഗ്നിയിൽ അർപ്പിക്കുമ്പോൾ നെയ്യുരുളകൾ ഇരുകയ്യുകളിലും സ്വീകരിക്കുന്ന ഉണ്ണികൃഷ്ണനെയാണ് സ്വാമിയാർ യാഗാഗ്നിയിൽ കണ്ടത്. അതേ

രൂപത്തിലാണ് നെയ്യാറ്റിൻകരയിലെ ശ്രീകൃഷ്ണക്ഷേത്ര വിഗ്രഹം കാണപ്പെടുന്നത്. അഗസ്ത്യമഹർഷിയുടെ യാഗ്നിയിൽ ഉരുകുന്ന നെയ്യ് ഗിരിമുകളിൽ നിന്നും ഒഴുകി അരുവിയായി താഴ്വാരത്തുള്ള നദിയിലൂടെ ഒഴുകിയിരുന്നു. അഗസ്ത്യമഹർഷിയുടെ പുണ്യാശ്രമത്തിൽ നിന്നും യാഗാഗ്നി ഉയർന്നപ്പോൾ വേദാചാര്യന്മാരും മഹർഷിമാരും വേദമന്ത്രങ്ങൾ ഉരുവിട്ട് പവിത്രമാക്കിയ ഗിരിമുകളിൽ നിന്നും ഉരുകിയ നെയ്യ് താഴേയ്ക്കൊഴുകി നദിയായി. അതിനാൽ തന്നെ നെയ്യാറായി ഒഴുകിയ നദിയിലെ ജലം തീർത്ഥമാണ്.

യജ്ഞതീർത്ഥമായി നെയ്യൊഴുകിയിരുന്ന നദി നെയ്യാറായി. ഇന്നും ഈ നദിയിലെ ജലമാണ് ക്ഷേത്രാവശ്യങ്ങൾക്കുപയോഗിക്കുന്നത്. ക്ഷേത്രത്തിൽ മണികിണറോ മറ്റു ജലസ്രോതസ്സോ ഇല്ല. നദിയിലൂടെ നെയ്യൊഴുകിയിരുന്നതിനാലാണ് നെയ്യാറ് എന്നറിയപ്പെട്ടത് എന്നാണ് സ്ഥലപുരാണത്തിലും പ്രതിപാദിച്ചിട്ടുള്ളത്. ഒരിക്കൽ നാട്ടിൽ വലിയ വരൾച്ചയുണ്ടായപ്പോൾ മനുഷ്യരും മറ്റു ജീവജാലങ്ങളുമെല്ലാം ദാഹജലം കിട്ടാതെ വലഞ്ഞു. അന്ന് ശ്രീകൃഷ്ണഭക്തയായ ഒരു സ്ത്രീ ഭഗവാനോട് നദീജലത്തിലെ നെയ്യ് മാറ്റി ശുദ്ധമായ ദാഹജലമാക്കിത്തരേണമേ എന്നു പ്രാർത്ഥിച്ചു. ഭഗവാൻ അവരുടെ പ്രാർത്ഥന കേൾക്കുകയും നദിയിലെ ജലം നെയ്യ് മാറ്റി ശുദ്ധജലമാക്കി തീർത്തു എന്നും ഒരു ഐതിഹ്യമുണ്ട്.

മാർത്താണ്ഡവർമ്മ മഹാരാജാവിനെ ശത്രുക്കളിൽ നിന്നും രക്ഷിച്ച ഉണ്ണിക്കണ്ണനാണ് നെയ്യാറ്റിൻകരയിൽ കുടിക്കൊള്ളുന്ന ശ്രീകൃഷ്ണസ്വാമി. തന്റെ ജീവൻ രക്ഷിച്ച ശ്രീകൃഷ്ണഭഗവാനെ ക്ഷേത്രം പണികഴിപ്പിച്ച് അദ്ദേഹം അവിടെ പ്രതിഷ്ഠിച്ചു. തിരുവനന്തപുരത്തിന്റെ ഗുരുവായൂരമ്പലം എന്നറിയപ്പെടുന്ന ഈ ക്ഷേത്രത്തിന്റെ പ്രധാന പ്രവേശന കവാടത്തിലെത്തുമ്പോൾ തന്നെ ഭഗവാൻ ശ്രീകൃഷ്ണന്റെ ഗീതോപദേശശില്പമാണ് കാണപ്പെടുന്നത്. പഴമയുടെ പ്രൗഢിയും ലാളിത്യവും കൊണ്ട് വശ്യമനോഹരമായ ഒരു ഉണ്ണികൃഷ്ണക്ഷേത്രമാണിത്. ആനക്കൊട്ടിലും സ്വർണ്ണക്കൊടിമരവും ബലിക്കല്ലും ബലിക്കൽപ്പുരയും വിളക്കുമാടവും എല്ലാമുള്ള ഒരു പുണ്യക്ഷേത്രം. ഇവിടെ പ്രധാന ശ്രീകോവിലിൽ ഭഗവാൻ ഇരുകൈകളിലും വെണ്ണയുമായി പുഞ്ചിരിയോടെ ഭക്തർക്കു ദർശനസായൂജ്യം നൽകി അനുഗ്രഹിക്കുന്നു. രാജാവിനാൽ നിർമ്മിക്കപ്പെട്ട ഈ ക്ഷേത്രം ഇന്നും രാജകീയ പ്രൗഢിയോടുകൂടി തന്നെ നിലനിൽക്കുന്നു.

പുഞ്ചിരിയോടെ എല്ലാ ശത്രുക്കളേയും അഭിമുഖീകരിച്ച ഒരേ ഒരു പുരാണകഥാപാത്രം ശ്രീകൃഷ്ണനാണ്. ജീവിതത്തിലെ ദുരിതവീഥികളിൽ ഏതു വേദനയുടെ തീരത്തും ആശ്വാസവൃക്ഷമായി നിലകൊള്ളുവാനും കുളിർക്കാറ്റേകുവാനും ശ്രീകൃഷ്ണനെന്ന തൂമന്ദഹാസം പൊഴിക്കുന്ന ഈ ഈശ്വരസങ്കല്പത്തിനേ കഴിയൂ. ആ മന്ദഹാസത്തിന്റെ അനുഭൂതി ഒരിക്കലെങ്കിലും ആസ്വദിക്കുവാൻ കഴിഞ്ഞാൽ പിന്നെ ആർക്കാണ് ആ രൂപം മറക്കാൻ കഴിയുക. വറ്റാത്ത ആനന്ദസമുദ്രമാണ് ശ്രീകൃഷ്ണൻ. ആ പുഞ്ചിരിയുടെ പ്രഭാവമാണ് എന്നും ഭക്തരെ ശ്രീകൃഷ്ണനിലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുന്നത്. ശ്രീകൃഷ്ണഭഗവാന്റെ മന്ദസ്മിതം അനേകമനേകം സന്തപ്തഹൃദയങ്ങൾക്ക് തെളിമയും കുളിർമയും ആശ്വാസവും നൽകുന്നു. പരമാത്മാവായ ശ്രീകൃഷ്ണൻ പരിപൂർണ്ണസച്ചിതാനന്ദമാണ്. ആ ആനന്ദസ്വരൂപനെ ഭക്തികൊണ്ടാനന്ദിപ്പിക്കാം. മനംവിങ്ങുന്ന ദുഖത്തിന്റെ കനം തീർക്കുവാൻ സദാ പുഞ്ചിരിക്കുന്ന ശ്രീകൃഷ്ണ ഭഗവാൻ തുണയാകും എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് നെയ്യാറ്റിൻകര ശ്രീകൃഷ്ണഭഗവാൻ. മാർത്താണ്ഡവർമ്മയ്ക്ക് തന്റെ ജീവൻ നഷ്ടമാകുമായിരുന്ന അവസ്ഥയിൽ ഗോപാലകരൂപത്തിൽ തുണയായെത്തിയ ശ്രീകൃഷ്ണഭഗവാനാണ് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ ഉണ്ണികൃഷ്ണൻ.

തിരുവിതാംകൂർ മഹാരാജാവായിരുന്ന മാർത്താണ്ഡവർമ്മയ്ക്ക് രാജ്യാധികാരം ലഭിക്കുന്നതിനു മുമ്പ് പലപ്പോഴും ശത്രുക്കളെ നേരിടേണ്ടി വന്നിട്ടുണ്ട്. അധികാരാവകാശ തർക്കങ്ങൾ രൂക്ഷമായപ്പോൾ മാർത്താണ്ഡവർമ്മയ്ക്ക് ശത്രുക്കളും അവരുടെ ഉപദ്രവങ്ങളും വർദ്ധിച്ചു വന്നു. ശത്രുക്കളുടെ ഉപദ്രവങ്ങളിൽ നിന്നും രക്ഷനേടാൻ വേണ്ടി അദ്ദേഹം പലപ്പോഴും വേഷം മാറി നടന്നിരുന്നു. മരണത്തെ മുഖാമുഖം കണ്ട അവസരങ്ങളുണ്ടായപ്പോൾ അദ്ദേഹം പ്രാണരക്ഷാർത്ഥം പലായനം ചെയ്തു. അപ്പോഴും ശത്രുക്കൾ അദ്ദേഹത്തെ പിൻതുടർന്നു കൊണ്ടിരുന്നു. തന്റെ പിന്നാലെ ശത്രുക്കളുണ്ടെന്നു മനസ്സിലാക്കി അദ്ദേഹം വേഷപ്രച്ഛന്നനായി നെയ്യാറിന്റെ അക്കരയിലെത്തി. അവിടെവച്ച് ചിത്തഭ്രമം ബാധിച്ചതെന്നു തോന്നുന്ന ഒരാൾ എന്തൊക്കെയോ പുലമ്പുകയും പാടുകയും ചെയ്തുകൊണ്ട് നടന്നു വരുന്നതു കണ്ടു. അയാൾ മാർത്താണ്ഡവർമ്മയുടെ അടുത്തെത്തിയപ്പോൾ എന്തോ പറയുകയും അടുത്തു കണ്ട പ്ലാവ് ചൂണ്ടിക്കാണിക്കുകയും ചെയ്ത് നടന്നു പോയി. അദ്ദേഹത്തിന് ഒന്നും മനസ്സിലായതുമില്ല. ശത്രുക്കൾ തന്റെ പിന്നാലെയുണ്ട് എന്ന് അദ്ദേഹം മനസ്സിലാക്കി എങ്കിലും രക്ഷപെടാനെന്തുചെയ്യണമെന്നറിയാതെ അദ്ദേഹം പകച്ചു നിന്നു. അപ്പോൾ തന്നെ എവിടെ നിന്നോ സുന്ദരനായ ഒരു ബാലൻ അദ്ദേഹത്തിനടുത്തെത്തുകയും ഭ്രാന്തൻ ചൂണ്ടി കാട്ടിയ പ്ലാവിന്റെ

തടിയിലെ പെട്ടന്ന് ആരുടേയും ശ്രദ്ധയിൽപ്പെടാത്ത ഒരു പോത് കാട്ടിക്കൊടുക്കുകയും ചെയ്തു. അദ്ദേഹം ആ പ്ലാവിന്റെ പൊത്തിൽ കടന്ന് ഒളിച്ചിരിക്കുകയും ശത്രുക്കളിൽ നിന്നും രക്ഷപ്പെടുകയും ചെയ്തു. അവർ പോയശേഷം മാർത്താണ്ഡവർമ ആ ബാലനെ അവിടെയെല്ലാം തിരഞ്ഞു എങ്കിലും അവിടെയെങ്ങും കാണാൻ കഴിഞ്ഞില്ല. അമ്മയുടെ മടിയിലെത്തിയ കുഞ്ഞിനെപ്പോലെ അദ്ദേഹത്തെ സംരക്ഷിച്ച ആ വൃക്ഷത്തിന് അദ്ദേഹം അമ്മയുടെ സ്ഥാനം നൽകി. ഈ പ്ലാവ് അമ്മച്ചിപ്ലാവ് എന്നറിയപ്പെടുകയും ചെയ്തു. അമ്മച്ചിപ്ലാവ് തിരുവിതാംകൂർ ചരിത്രത്തിലിടം നേടുകയും ചെയ്തു. ഇന്നും ഈ പ്ലാവിനെ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ഉപദേവതാ പ്രാധാന്യത്തോടെ സംരക്ഷിച്ചു പോരുന്നു.

നാളുകൾക്കുശേഷം മാർത്താണ്ഡവർമ്മക്കുണ്ടായിക്കൊണ്ടിരുന്ന സംഘർഷങ്ങളൊക്കെ ശാന്തമായി. അദ്ദേഹം തിരുവിതാംകൂറിന്റെ രാജാവായി ഭരണാധികാരം ഏറ്റെടുക്കുകയും ചെയ്തു. ഒരു ദിവസം രാജാവിന് ഒരു സ്വപ്നദർശനമുണ്ടായി. പ്രയാസങ്ങളെല്ലാം മാറുകയും അധികാരം ഏല്ക്കുകയും ചെയ്തു. ആപത്തിൽ സഹായിച്ച എന്നെ മറന്നുപോയോ. ഞാൻ ഇവിടെത്തന്നെ ഇരിക്കാനാഗ്രഹിക്കുന്നു. എനിക്ക് ഈ സ്ഥലത്ത് ഒരു ക്ഷേത്രം നിർമ്മിച്ചു തരണം. ശത്രുക്കളിൽ നിന്നു രക്ഷിക്കുവാൻ വേണ്ടി പ്ലാവിന്റെ പൊത്തു കാട്ടിക്കൊടുത്ത അതേ ബാലന്റെ രൂപം അദ്ദേഹം വാണ്ടും സ്വപ്നത്തിൽ കണ്ടു. ആ ബാലൻ അദ്ദേഹത്തോട് ഇങ്ങനെ വന്നു പറയുന്നതായാണ് അദ്ദേഹം സ്വപ്നത്തിൽ ദർശിച്ചത്. സാക്ഷാൽ ശ്രീ പത്മനാഭസ്വാമി തന്നെയായിരുന്നു ബാലന്റെ രൂപത്തിൽ വന്ന് തന്നെ ശത്രുക്കളിൽ നിന്നു രക്ഷിച്ചത് എന്നദ്ദേഹത്തിനു ബോധ്യമായി. മാർത്താണ്ഡവർമ്മ തന്നെ രക്ഷിച്ച ഭഗവാനു ക്ഷേത്രം നിർമ്മിക്കുവാൻ നിശ്ചയിച്ചു. അമ്മയെപ്പോലെ അദ്ദേഹത്തെ രക്ഷിച്ച അമ്മച്ചിപ്ലാവിന്റെ തൊട്ടടുത്ത് ക്ഷേത്രം പണിത് രക്ഷിക്കാനെത്തിയ ഭഗവാന്റെ ബാലരൂപത്തെത്തന്നെ അവിടെ പ്രതിഷ്ഠിക്കുവാൻ നിശ്ചയിച്ചു.

അങ്ങനെ നെയ്യാറിന്റെ കരയിൽ അമ്മച്ചി പ്ലാവിനടുത്തു തന്നെ ക്ഷേത്രം പണിയാൻ ആരംഭിച്ചു. ക്ഷേത്രനിർമ്മാണകാര്യങ്ങൾ ശ്രദ്ധിക്കുന്നതിനും തനിക്കു വിശ്രമിക്കുവാനുമായി മാർത്താണ്ഡവർമ്മ ക്ഷേത്രത്തിനടുത്തു തന്നെ ഒരു കൊട്ടാരം നിർമ്മിച്ചു. ക്ഷേത്രം പണി തീരുന്നതുവരെയും ഈ കൊട്ടാരത്തിൽ വസിച്ചുകൊണ്ടാണ് അദ്ദേഹം ക്ഷേത്രനിർമ്മാണ കാര്യങ്ങളെല്ലാം ശ്രദ്ധിച്ചിരുന്നത്. ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുന്നതിനായി കൃഷ്ണശിലാവിഗ്രഹവും പണികഴിപ്പിച്ചു. ക്ഷേത്രപ്രതിഷ്ഠക്കായി കൃഷ്ണശിലയിൽ തീർത്ത വിഗ്രഹം നെയ്യാറിലൂടെ ചങ്ങാടത്തിൽ കൊണ്ടും വരും വഴി ഒരു സ്ഥലത്തെത്തിയപ്പോൾ ചങ്ങാടം അവിടെ ഉറച്ചു. ചങ്ങാടം അനക്കാൻ പോലും സാധിച്ചില്ല. രാജാവ് ജ്യോത്സ്യന്മാരെക്കൊണ്ട് പ്രശ്നം വച്ചു നോക്കിച്ചു. ചങ്ങാടം ഉറച്ചതിന്റെ കാരണങ്ങൾ പലതാണ് എന്നു മനസ്സിലായി. ഒന്ന് ഇപ്പോൾ പണിതീർത്തിരിക്കുന്ന കൃഷ്ണശിലാവിഗ്രഹം കിഴക്കോട്ടു ദർശനമായുള്ളതാണ്. ഈ ക്ഷേത്രത്തിൽ ഭഗവാൻ പടിഞ്ഞാട്ടു ദർശനമായി ശ്രീ പത്മനാഭസ്വാമിയെ നോക്കി ഇരിക്കാനാണ് ഇഷ്ടപ്പെടുന്നത്. മറ്റൊരു കാരണം കൃഷ്ണശിലാ വിഗ്രഹം വേണ്ട, പഞ്ചലോഹവിഗ്രഹം തന്നെ വേണം. മറ്റൊരു കാരണം രാജാവ് അമ്മച്ചിപ്ലാവിനടുത്തുവെച്ചു കണ്ടതും പിന്നീട് സ്വപ്നത്തിൽ കണ്ടതുമായ ബാലന്റെ അതേ രൂപത്തിലുള്ള വിഗ്രഹം തന്നെ വേണം ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുവാൻ. ഈ നിബന്ധനകളെല്ലാം പാലിക്കാം എന്ന് രാജാവ് നിശ്ചയിച്ചശേഷമാണ് ചങ്ങാടം അവിടെനിന്നും ചലിപ്പിക്കുവാൻ സാധിച്ചത്. പിന്നീട് രാജാവ് താൻ സ്വപ്നത്തിൽ കണ്ടതും തന്നെ ശത്രുക്കളിൽ നിന്നും രക്ഷിച്ചതുമായ ബാലന്റെ രൂപം മനസ്സിൽകണ്ടുകൊണ്ട് വരച്ചു നൽകിയതനുസരിച്ച് പഞ്ചലോഹവിഗ്രഹം നിർമ്മിക്കുകയും അത് ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ഇരുകൈകളിലും വെണ്ണയുമായി നില്ക്കുന്ന കൊച്ചുബാലരൂപ വിഗ്രഹമാണിത്. ഈ വിഗ്രഹമാണ് നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ കാണുന്ന പഞ്ചലോഹശ്രീകൃഷ്ണ വിഗ്രഹം. ആദ്യം നിർമ്മിച്ചതും ഈ ക്ഷേത്രത്തിൽ പ്രതിഷ്ഠിക്കാൻ യോജിച്ചതല്ല എന്നു പ്രശ്നത്തിൽ കണ്ട കൃഷ്ണശിലാവിഗ്രഹം നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്സ്വാമിയുടെ ജ്യേഷ്ഠസഹോദരൻ എന്ന സ്ഥാനം കല്പിച്ച് കൃഷ്ണപുരം ഗ്രാമത്തിൽ വിധിപ്രകാരം പ്രതിഷ്ഠിക്കുകയും ചെയ്തു.

നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ഏതു ചടങ്ങുകൾ നടന്നാലും ചടങ്ങകൾക്കുമുമ്പ് പൂജാരിക്ക് ദക്ഷിണ നൽകുന്നു. അത് ഇവിടുത്തെ മാത്രം പ്രത്യേകതയാണ്. മറ്റു ക്ഷേത്രങ്ങളിൽ ചടങ്ങുകൾ പൂർത്തിയായ ശേഷമാണ് ദക്ഷിണ നൽകാറുള്ളത്. ക്ഷേത്രനിർമ്മാണം കഴിഞ്ഞ് ശിലാവിഗ്രഹം വേണ്ടെന്നുവച്ച് പഞ്ചലോഹ വിഗ്രഹം പ്രതിഷ്ഠിക്കുന്നതിനോടനുബന്ധിച്ച് ക്ഷേത്രത്തിൽ ഏഴു ദിവസം നീണ്ടു നില്ക്കുന്ന ചടങ്ങുകളുണ്ടായിരുന്നു. പ്രതിഷ്ഠാ ചടങ്ങുകൾ തുടങ്ങുന്നതിനുമുമ്പ് തന്ത്രി രാജാവിനോട് ഒരാവശ്യമുന്നയിച്ചു. വിഗ്രഹപ്രതിഷ്ഠയോടനുബന്ധിച്ചുള്ള പൂജകൾ തുടങ്ങുന്നതിനുമുമ്പു തന്നെ തനിക്കുള്ള ദക്ഷിണ നൽകണം എന്ന്. മറ്റൊരു

കാര്യം പ്രതിഷ്ഠാകലശപൂജാദികൾ കഴിയുമ്പോൾ തനിക്ക് എന്തെങ്കിലും അസ്വസ്ഥകളോ മോഹാലസ്യമോ ഉണ്ടായാൽ ഉടൻ തന്നെ ക്ഷേത്രത്തിനു വെളിയിലെത്തിക്കണം എന്നും നിർദ്ദേശിച്ചു.

രാജാവ് അദ്ദേഹത്തിന്റെ ആവശ്യങ്ങൾ അംഗീകരിച്ചു. പ്രതിഷ്ഠാചടങ്ങുകൾ തുടങ്ങുന്നതിനുമുമ്പ് തന്നെ അദ്ദേഹത്തിന് ദക്ഷിണ നൽകുകയും ക്ഷേത്രപ്രതിഷ്ഠാചടങ്ങുകൾ ആരംഭിക്കുകയും ചെയ്തു. ചടങ്ങുകൾ പൂർത്തിയായതും തന്ത്രിവര്യൻ മോഹാലസ്യപ്പെട്ടു വീണു. പെട്ടെന്ന് അദ്ദേഹം പറഞ്ഞിരുന്നതുപോലെ അദ്ദേഹത്തെ ക്ഷേത്രത്തിനു വെളിയിലെ ആൽത്തറയിൽ കൊണ്ടുവന്നു കിടത്തി. അല്പസമയത്തിനകം അദ്ദേഹം ഇഹലോകവാസം വെടിയുകയും ചെയ്തു.

പ്രാണപ്രതിഷ്ഠ നടത്തിയാൽ ഭഗവാൻ തന്റെ പ്രാണനും കൊണ്ടു പോകുമെന്നു ഭക്തനായ അദ്ദേഹം നേരത്തെ മനസ്സിലാക്കിയിരുന്നു എന്നു വേണം വിശ്വസിക്കാൻ. അന്നു മുതൽ നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമിക്ഷത്രത്തിൽ പൂജകൾക്കു മുമ്പു ദക്ഷിണ നൽകുന്ന പതിവ് ആരംഭിച്ചു. ഇന്നും ഒരു മാറ്റവും ഇല്ലാതെ അതു തുടർന്നു പോരുന്നു.

ക്ഷേത്രനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലായിരുന്നു നടന്നത്. ക്ഷേത്ര കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുള്ള സൗകര്യാർത്ഥം അദ്ദേഹം കേഷ്ത്രത്തിനു തൊട്ടടുത്തു കൊട്ടാരം നിർമ്മിച്ച് അവിടെ വസിച്ചിരുന്നു. ഈ കൊട്ടാരം ഇന്നും ഇവിടെ കാണാം. ഈ കൊട്ടാരത്തിനുള്ളിൽ പള്ളിയറ ഭഗവതിയെ കുടിയിരുത്തിയിരിക്കുന്നു. രാജാവിന്റെ കുടുംബപരദേവതയും സാക്ഷാൽ യോഗമായയുമായ പരാശക്തിക്കായി ഈ കൊട്ടാരം സമർപ്പിച്ചിരിക്കുന്നു. ഇവിടെ എല്ലാ മലയാളമാസത്തിലെയും ആദ്യത്തെ വെള്ളിയാഴ്ച ഭഗവതിയുടെ നട തുറന്ന് പൂജകൾ നടത്തുന്നുണ്ട്. ശത്രുദോഷം മംഗല്യതടസ്സം വ്യവഹാരവിജയം വ്യാപാരസ്തംഭനം എന്നിവയ്ക്ക് രാജാവിന്റെ കളരി ദേവതയായ വിഷ്ണുമായയ്ക്ക് പൂജകൾ നടത്തുന്നത് വളരെ വിശേഷമായി കരുതുന്നു. ദേവി ഉഗ്രമൂർത്തിഭാവത്തിൽ കുടികൊള്ളുന്നതിനാൽ ഇവിടെ മാസത്തിൽ ഒരു പൂജയായി ചിട്ടപ്പെടുത്തിയിരിക്കുന്നു. വൃശ്ചികമാസത്തിൽ അവസാനത്തെ വെള്ളിയാഴ്ച ഇവിടെ കളമെഴുത്തും പാട്ടും നടത്തുന്നുണ്ട്. കളമെഴുത്തു പാട്ടിൽ പങ്കെടുത്ത് ഭഗവതിയെപ്രാർത്ഥിക്കുന്നവരെ ശത്രു ദോഷത്തിൽ നിന്നും മോചനം നൽകി പള്ളിയറ ഭഗവതി അനുഗ്രഹിക്കും എന്നാണ് വിശ്വാസം.

ശത്രുക്കളിൽ നിന്നും രാജാവിനെ രക്ഷിക്കുവാനായി നെയ്യാറ്റിൻകരയിൽ പ്രത്യക്ഷനായ ശ്രീകൃഷ്ണഭഗവാൻ തന്റെ ഭക്തരെ രക്ഷിക്കുവാനായി നെയ്യാറ്റിൻകരയിൽ തന്നെ കുടികൊള്ളുന്നു. മാർത്താണ്ഡവർമ്മ മഹാരാജാവിനെ ശത്രുക്കളിൽ നിന്നു രക്ഷിച്ച് ഭഗവാനായതിനാൽ ശത്രുദോഷങ്ങളിൽ നിന്നും രക്ഷ നേടാൻ നെയ്യാറ്റിൻകരയിലെ ഉണ്ണിക്കണ്ണനെ ആശ്രയിച്ചാൽ പെട്ടന്നു ഫലമുണ്ടാകും എന്നു ഭക്തർ വിശ്വസിക്കുന്നു. ഗണപതി, നാഗദേവതകൾ എന്നീ ഉപദേവതകളും ഇവിടെയുണ്ട്. ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്ക് അമ്മച്ചി പ്ലാവ് ഒരു പ്രത്യേക ആകർഷണം തന്നെയാണ്. ഉപദേവതാ പ്രാധാന്യം നൽകി സംരക്ഷിച്ചിരിക്കുന്ന ഈ പ്ലാവിനെ കാണുമ്പോൾ ഭക്തരുടെ മനസ്സിൽ രാജാവിന് പ്ലാവിൻ പൊത്തു കാട്ടിക്കൊടുത്ത ഉണ്ണികൃഷ്ണൻ ഓടിയെത്തും. ഉണ്ണിക്കണ്ണന്റെ ബാലലീലാകഥകളിൽ ആകൃഷ്ടരാകാത്ത ഭക്തരുണ്ടാകില്ല.

ഭക്തിയോടെ ഭഗവാനെ ആശ്രയിക്കുന്നവരെ ഭഗവാൻ രക്ഷിക്കുക തന്നെ ചെയ്യും എന്നതിന്റെ ഒരു ഓർമ്മപ്പെടുത്തലായി അമ്മച്ചിപ്ലാവ് ഭഗവാനോടൊപ്പം ക്ഷേത്രാങ്കണത്തിൽ ഇന്നും നിൽക്കുന്നു. തോളറ്റം മുടി അഴിച്ചിട്ട് ഇരുകൈകളിലും വെണ്ണയുമായി നിൽക്കുന്ന ഉണ്ണിക്കണ്ണനാണ് ഇവിടെ വിരാജിക്കുന്നത്. ഭഗവന്റെ തൃക്കരങ്ങളിലെ വെണ്ണ പ്രസാദും ഒരു സിദ്ധൗഷധവും കൂടിയാണ്. വെണ്ണയുണ്ടു പ്രസന്നനായിരിക്കുന്ന നവനീതകൃഷ്ണനു മുന്നിലെത്തുന്ന ഭക്തരെ ഒരിക്കലും ഭഗവാൻ കൈവിടില്ല. മീന മാസത്തിലാണ് ഇവിടെ ഉത്സവം. മീനത്തിലെ രോഹിണി നാളിൽ ആറാട്ടു വരത്തക്കവിധം പത്തു ദിവസമാണ് ഉണ്ണികൃഷ്ണന്റെ ക്ഷേത്രോത്സവം. ഉണ്ണികൃഷ്ണന് പാൽപ്പായസവും തൃക്കൈവെണ്ണയും പ്രധാനവഴിപാടുകളാണ്. ഗോപിക്കുറിയും കുറുനിരകളും മുത്തരഞ്ഞാണവും കാൽത്തളകളും അണിഞ്ഞ് ഇരുകൈകളിലും വെണ്ണയുമായി നെയ്തിരിദീപപ്രഭയിൽ ശോഭിക്കുന്ന നവനീത കൃഷ്ണന്റെ തിരുരൂപം ഒരിക്കൽ കണ്ടാൽ മനസ്സിൽ നിന്നും മായില്ല. ഭക്തനു മുന്നിൽ രക്ഷകനായെത്തിയ ബാലഗോപാലനെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചു നമുക്കും സായൂജ്യം നേടാം. എല്ലാ ശ്രീകൃഷ്ണഭക്തർക്കും നെയ്യാറ്റിൻകരയിലെ ഉണ്ണിഗോപാലന്റെ, തിരുവനന്തപുരത്തിന്റെ ഗുരുവായൂരപ്പന്റെ അനുഗ്രഹം ഉണ്ടാകണേ എന്ന് ഇരുകൈകളും കൂപ്പി തൊഴുതു പ്രാർത്ഥിക്കുന്നു.

********

# പുരാതന ഭാരതത്തിന്റെ സാമ്പത്തിക നിലവാരം

**പ്രൊഫ: ജി. ആർ. സി. നായർ**

പല വായനക്കാർക്കും അറിയാവുന്നതു പോലെ പുരാതന ഭാരതം അവിശ്വസനിയമാം വിധം സമ്പന്നമായിരുന്നു. ലോകത്തിലെ തന്നെ ഏറ്റവും ഉയർന്ന സാമ്പത്തിക നിലവാരത്തിലായിരുന്നു അവർ. എന്നാൽ ഇതൊന്നും മേക്കോളെ പ്രഭു നടപ്പാക്കിയ വിദ്യാഭ്യാസം ലഭിക്കാൻ 'ഭാഗ്യം' കിട്ടിയവർക്ക് അറിയില്ല. മാത്രവുമല്ല അവരെയെല്ലാം പറഞ്ഞും പഠിപ്പിച്ചും വിശ്വസിപ്പിച്ച് വച്ചിരിക്കുന്നത്. ഭാരതീയർ അതീവ ദരിദ്രരും, പട്ടിണിപ്പാവങ്ങളുമായിരുന്നു എന്നാണ്! കൂടാതെ പുരാതന ഭാരതത്തിന് ലോകം കുറച്ചൊക്കെ അംഗീകരിച്ചിട്ടുള്ള ആത്മീയ പൈതൃകത്തിന് പുറമെ വളരെ സമ്പന്നമായ ശാസ്ത്രീയ പൈതൃകവും ഉണ്ടായിരുന്നു. ഇതിൽ സാമ്പത്തിക നിലയെക്കുറിച്ച് മാത്രം ഇപ്പോൾ പരിശോധിക്കാം.

പ്രമുഖ സാമ്പത്തിക ചരിത്രകാരന്മാരായ ബെൽജിയത്തിലെ പോൾ ബെയ്റോക്കും, ബ്രിട്ടീഷ് സാമ്പത്തിക വിദഗ്ധനായ ആംഗസ് മാഡിസണും പ്രത്യേകം പ്രത്യേകം നടത്തിയ രണ്ട് പഠനങ്ങളനുസരിച്ച് പൊതു യുഗത്തിന്റെ (പൊ.യു എന്നാൽ പണ്ട് ADഎന്ന് പറഞ്ഞിരുന്ന കാലം) ആരംഭം മുതൽ പത്തൊൻപതാം നൂറ്റാണ്ടിന്റെ പകുതി വരെ ഭാരതം ലോകത്തിലെ ഏറ്റവും സമ്പന്നമായ രാജ്യമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ശതാബ്ദങ്ങൾ നീണ്ടുനിന്ന വിദേശ ആക്രമണങ്ങൾ, വിദേശാധീനത, കോളനിവൽക്കരണം. അങ്ങേയറ്റത്തെ സാമ്പത്തിക ചൂഷണം എന്നിവ ഭാരതത്തെ തീർത്തും ദരിദ്രമാക്കിത്തീർത്തു (അതിനു പുറമെ അവരുടെ സമ്പന്നമായ ശാസ്ത്ര പൈതൃകവും തട്ടിയെടുത്തു അത് മറ്റൊരവസരത്തിൽ വിവരിക്കാം.)

പ്രമുഖ ബെൽജിയൻ സാമ്പത്തിക ചരിത്രകാരനായ പോൾ ബെയ്റോക്കിന്റെ, നേതൃത്വത്തിലുള്ള ഒരു സംഘം 1983 ൽ ഏഷ്യൻ, യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ഒരു പഠനം നടത്തി. ജപ്പാന്റെ ചാരത്തിൽ നിന്നുള്ള നിഗൂഢമായ ഉയർച്ചയുടെ പശ്ചാത്തലത്തിലായിരുന്നു ആ പഠനം നടത്തിയത്. രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തിൽ പരാജയപ്പെടുകയും രണ്ട് തവണ അണുബോംബ് വീണ് തകർന്നടിഞ്ഞ് കിടന്ന സ്ഥാനത്ത് നിന്ന് വെറും രണ്ട് രണ്ടര പതിറ്റാണ്ട് കൊണ്ട് അവർ അമേരിക്കയുടെ വളരെ അടുത്ത സ്ഥാനത്ത്, സാമ്പത്തിക പ്രാധാന്യമുള്ള ഒരു രാജ്യമായി മാറിയല്ലോ. അതിന്റെ രഹസ്യം ക ണ്ടുപിടിക്കാനായി അമേരിക്കയുടെ താല്പര്യപ്രകാരം നടത്തിയ പഠനം ആയിരുന്നു അത്. പോൾ ബെയ്റോക്ക് തന്റെ സംഘത്തിന്റെ വിപുലമായ ഗവേഷണത്തിലൂടെ, ഭാരതം ഉൾപ്പടെ ലോകത്തിലെ പല രാജ്യങ്ങളുടെയും പൊ.യു 1750 മുതൽ പൊ.യു 1900 വരെയുള്ള ജി.ഡി.പി (മൊത്ത ആഭ്യന്തര ഉൽപാദനം) കണക്കാക്കി അതനുസരിച്ച് 1750 ൽ ഭാരതത്തിന്റെ ജി.ഡി.പി ലോകത്തിൽ ഒന്നാം സ്ഥാനത്ത്, ലോകത്തിന്റെ മൊത്തം ജി.ഡി.പി യുടെ 24% ത്തോടു കൂടി ആയിരുന്നു എന്നാൽ അത്തരമൊരു അതിശക്തമായ നിലയിൽ നിന്ന്, മാറി മാറി വന്നുകൊണ്ടിരുന്ന പല വിദേശിയരുടെയും തീവ്രമായ ചൂഷണത്തിന്റെ ഫലമായി താഴെ കാണുന്ന കണക്കുകൾ കാണിക്കുന്നതു പോലെ ഇത് ക്രമേണ വളരെ മോശമായി ഇടിഞ്ഞുകൊണ്ടേയിരുന്നു.

1750 പൊ.യു – 24%
1800 പൊ.യു – 20%
1830 പൊ.യു – 17%
1880 പൊ.യു – 8%
1900 പൊ.യു – 1.7%

വെറും നൂറ്റമ്പത് വർഷത്തിനിടയിൽ 24%ൽ നിന്ന് വെറും 1.7% ലേക്ക് കൂപ്പ് കുത്തിയതായി നമുക്ക് കാണാം, എത്ര ഭയങ്കരമായ ചൂഷണം (ഇതേ കാലഘട്ടത്തിലെ ഇംഗ്ലണ്ടിന്റെ ജി.ഡി.പി 1750 പൊ.യു ൽ – 1.8%, അമേരിക്കയുടേത് 0.1%, എന്ന തലത്തിൽ മാത്രം ആയിരുന്നു. ആ രണ്ടു രാജ്യങ്ങളുടേതും കൂടി കൂട്ടിയാൽ മൊത്തം 1.9%. ഇത് ചിലർക്ക് സ്വീകാര്യമായ കണക്കായി തോന്നിയില്ല. പ്രത്യേകിച്ചും പാശ്ചാത്യ രാജ്യങ്ങൾക്ക്. ലോകം അന്നുവരെ കണ്ടിട്ടുള്ള ഏറ്റവും പ്രശസ്തമായ സാമ്പത്തിക ചരിത്രകാരനായ, ആംഗസ് മാഡിസൻ ഇത് ശരിയാകാൻ സാധ്യതയില്ല എന്ന് അഭിപ്രായപ്പെട്ടു അതിനാൽ ഇത് പരിശോധിക്കുവാനും മറ്റൊരു സ്വതന്ത്ര പഠനം നടത്തുവാനുമായി സംശയം പ്രകടിപ്പിച്ച ആംഗസ് മാഡിസന്റെ തന്നെ നേതൃത്വത്തിലുള്ള ഒരു വിദഗ്ധ സംഘത്തെ, ഒ.ഇ.സി.ഡി (ഓർഗനൈസേഷൻ ഫോർ ഇക്കണോമിക് കോ ഓപ്പറേഷൻ ആൻഡ് ഡവലപ്പമെന്റ് എന്ന സാമ്പത്തികമായി മുൻപന്തിയിലുള്ള 26 രാജ്യങ്ങളുടെ സംഘടന) നിയോഗിച്ചു. പൊതുയുഗത്തിന്റെ ആരംഭം മുതൽക്ക് പൊ.യു 1950 വരെയുള്ള കാലഘട്ടത്തിന്റെ കുറച്ച് കൂടി വിപുലമായ പഠനമായിരുന്നു അത്. ഓരോ രാജ്യത്തിന്റെയും

ലോക ജി.ഡി.പി യുടെ വിഹിതത്തിന്റെ നിലവാരം ഉൾകൊള്ളുന്ന അവരുടെ ഏറ്റവും ആധികാരികമായ കണ്ടെത്തൽ 2001 ൽ പ്രസിദ്ധീകരിച്ചു ഇതിലും. ഇന്ത്യയുടെ ജി.ഡി.പി വളരെ ഉയർന്ന നിലവാരത്തിൽ തന്നെ യായിരുന്നു എന്ന് കാണാം

| വർഷം | | - ജി.ഡി.പി. |
|---|---|---|
| 1 AD | (പൊ.യു) | 33% |
| 1000 | (പൊ.യു) | 29% |
| 1500 | (പൊ.യു) | 24% |
| 1600 | (പൊ.യു) | 23% |
| 1700 | (പൊ.യു) | 24% |

മേൽപ്പറഞ്ഞ കണക്കുകൾ പ്രകാരം പൊ. യു 1 മുതൽ 1700 വരെ ലോകത്തിന്റെ മൊത്തം ജി.ഡി.പി യുടെ ഏറ്റവും ഉയർന്ന പങ്ക് ഭാരതത്തിന്റേതായിരുന്നു. എന്നാൽ അതിനു ശേഷം ഇത് വേഗത്തിൽ താഴേക്ക് വീഴാൻ തുടങ്ങി.

| | | | |
|---|---|---|---|
| 1820 | (പൊ.യു) | 16% | |
| 1870 | (പൊ.യു) | 12% | |
| 1913 | (പൊ.യു) | 8% | |
| 1950 | (പൊ.യു) | 4% | മാത്രം! |

മേൽപ്പറഞ്ഞ ഭാരതത്തിന് പുറത്തുനിന്നും ഉള്ള രണ്ട് പ്രഗൽഭ സംഘങ്ങൾ നടത്തിയ ഗവേഷണ കണ്ടെത്തലുകളിൽ നിന്നും, ഭാരതം വിദേശ ആക്രമണങ്ങളും, മേൽക്കോയ്മയും കാരണം അനുഭവിച്ച കടുത്ത സാമ്പത്തിക ചൂഷണത്തിന്റെ ചിത്രം വളരെ വ്യക്തമാകുന്നു. (ഈ പഠനപ്രകാരം ഇംഗ്ലിന്റെയും അമേരിക്കയുടെയും കൂടിയുള്ള മൊത്തം ജി.ഡി.പി പൊ.യു 1750 ലെ പഴയ1.9% ൽ നിന്നും കുതിച്ചുയർന്ന് പൊ.യു 1900 ൽ 41% ൽ എത്തിനിൽക്കുന്നു) ആംഗസ് മാഡിസന്റെ സ്വന്തം വാക്കുകളിൽ 'ഭാരതത്തിന്റെ സാമ്പത്തിക നിലയുടെ രൂക്ഷമായ പതനം, പൂർണ്ണമായും വിദേശ വാഴ്ചക്കാലത്തെ ചൂഷണം കൊണ്ടു തന്നെയാണ്'. എന്ന് അടിവരയിട്ട് പറയുന്നു. അതിനാൽ ഭാരതം ഒരിക്കലും ഒരു ദരിദ്രരാജ്യം ആയിരുന്നില്ലയെന്നും അതിസമ്പന്നതയിൽ നിന്നും വിദേശികളാൽ ദരിദ്രമാകപ്പെട്ട രാജ്യം ആണെന്നും ഏറ്റവും വ്യക്തമായി മനസ്സിലാക്കാം.

ഇപ്പോൾ ഭാരതം ഉൾപ്പെടെ 38 രാജ്യങ്ങൾ ഇതിൽ അംഗങ്ങളാണ്.

കൂടുതൽ വിവരങ്ങൾക്ക് നോക്കുക :

http://www.keepeek.com/Digital-Asset-Management/oecd/development/the-world-economy/the-world-economy-1-2001- ad 9789264022621-21 - en # WTFWvzeATCY # page 23

********

## എറണാകുളം കരയോഗം – ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2021 ആഗസ്റ്റ് മാസത്തിൽ സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. പി. രാമചന്ദ്രൻ, മേലങ്ങത്ത്, ആലപ്പാട്ട് റോഡ്, കൊച്ചി – 682 016 | 23,000/- |
| 2. | ശ്രീ. കെ.ടി. മോഹനൻ, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി – 682035 | 20,000/- |
| 3. | ശ്രീമതി. ശാന്തിനി. കെ.ആർ, ബാബു കോട്ടേജ്, ആലപ്പാട്ട് ക്രോസ്സ് റോഡ്, കൊച്ചി – 682 016 | 15,000/- |
| 4. | ശ്രീ. എ. മുരളീധരൻ, ബാബു കോട്ടേജ്, ആലപ്പാട്ട് ക്രോസ്സ് റോഡ്, കൊച്ചി – 682 016 | 10,000/ |
| 5. | ശ്രീ. കിരൺ എം., ബാബു കോട്ടേജ്, ആലപ്പാട്ട് ക്രോസ്സ് റോഡ്, കൊച്ചി – 682 016 | 10,000/- |
| 6. | ശ്രീമതി. കീർത്തി. എം., ബാബു കോട്ടേജ്, ആലപ്പാട്ട് ക്രോസ്സ് റോഡ്, കൊച്ചി – 682 016 | 10,000/- |
| 7. | ശ്രീമതി. ഉമ, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി – 682035 | 10,000/- |
| 8. | ശ്രീമതി. ശ്രീദേവി, പ്രിയദർശിനി, ചിറ്റൂർ റോഡ്, കൊച്ചി – 682035 | 10,000/- |
| 9. | ശ്രീ. എസ്. ശ്രീകുമാർ, ശിവസ്മരണ, ശിവരാമൻ നായർ കോളനി, ചിറ്റൂർ റോഡ് എറണാകുളം – | 5,000/- |
| 10. | അംബുജാക്ഷി അമ്മ , രാജി വിഹാർ, ആലപ്പാട്ട് റോഡ് കൊച്ചി 682016 | 5,000/- |
| 11. | ശ്രീമതി. ഇന്ദിര രാമചന്ദ്രൻ, മേലങ്ങത്ത്, ആലപ്പാട്ട് റോഡ്, കൊച്ചി – 682 016 | 5,000/- |
| 12. | ശ്രീ. ഗോവിന്ദ് ആർ. കെ, മേലങ്ങത്ത്, ആലപ്പാട്ട് റോഡ്, കൊച്ചി – 682 016 | 5,000/- |

# ദ്വാരകാപുരി

**എം. രാജലക്ഷ്മി. ഫോൺ.**

കലികാലത്തിൽ ശ്രീകൃഷ്ണൻ വസിക്കുന്ന സ്ഥലമാണ് ദ്വാരക. ഭാരതത്തിലെ 7 പുണ്യ സ്ഥലങ്ങളിൽ ഒന്നാണ് ദ്വാരക. അയോദ്ധ്യ, മഥുര, മായ, കാശി, കാഞ്ചി ആവന്തിക, ദ്വാരക, ദ്വാരാവതി ഇവയാണ് ആ 7 പുണ്യസ്ഥലങ്ങൾ. ദ്വാരക, ദ്വാരാവതി – കുശലി പട്ടണം എന്നാണ് പുരാണനാമം– ഇവ സമ്പൽ സമൃദ്ധി നിറഞ്ഞ സ്വർണ്ണപുരി എന്നറിയപ്പെടുന്നു. രേവതന്റെ മകൾ രേവതിയാണ് ബലരാമന്റെ ഭാര്യ. ഈ സ്ഥലത്തെ ഇന്ത്യയുടെ പടിഞ്ഞാറെ ഗേറ്റ് എന്ന് വിദേശികൾ വിളിക്കുന്നു.

മഥുര പലപ്പോഴും ജരാസന്ധന്റെ ആക്രമണത്തിനിരയായി. അവരെ സുരക്ഷിതരായി താമസിപ്പിക്കുവാൻ ഒരിടം കണ്ടെത്താൻ ഭഗവാൻ ഗരുഡനോട് ആജ്ഞാപിച്ചു. ഗരുഡൻ കണ്ടെത്തിയ സ്ഥലത്ത് വിശ്വകർമ്മാവ് മനോഹരമായ ദ്വാരകാ നഗരം നിർമ്മിച്ചു. സ്കന്ധപുരാണം പറയുന്നു – ദ്വാരകാദർശനത്താൽ എല്ലാ പുണ്യസ്ഥലങ്ങളും ദർശനം നടത്തിയ ഫലം കിട്ടും. ഗോമതി നദിക്കരയിലാണ് ദ്വാരക സ്ഥിതി ചെയ്യുന്നത്. വിഷ്ണു ഗംഗ എന്നും പേരുള്ള ഗോമദി നദിയിൽ സ്നാനം ചെയ്താൽ നമ്മുടെ എല്ലാ പാപങ്ങളും നശിക്കുമെന്നാണ് വിശ്വാസം. മോക്ഷത്തിലേക്കുള്ള കവാടം, സമ്പത്തിന്റെ ഉറവിടം എന്നൊക്കെയാണ് ദ്വാരക എന്ന പദത്തിന് അർത്ഥം. ഓഖാ തുറമുഖം വഴി പടിഞ്ഞാറൻ രാജ്യക്കാർ ഇന്ത്യയിലെത്തിയിരുന്നു. ഗുജറാത്ത് പണ്ടു മുതലെ വാണിജ്യത്തിന് പ്രസിദ്ധി ആർജ്ജിച്ചിരുന്നു.

ക്ഷേത്ര ദർശനത്തിന് സദാ വലിയ തിരക്കും നീണ്ട ക്യൂവും ഉണ്ടാകുറുണ്ട്. ആരെയും ആകർഷിക്കുന്ന സുന്ദരരൂപമുള്ള പ്രതിഷ്ഠയാണവിടുത്തേത്. പ്രദക്ഷിണ വീഥിയിൽ ശ്രീകോവിലിന് നേരെ പുറകിലായി ദുർവ്വാസാവ് മുനിയുടെ പ്രതിഷ്ഠ. നേദിച്ച് വെണ്ണ – കുറച്ചകലെയായി കണ്ണാടിയിൽ കൂടെ ഭഗവാന്റെ മുൻഭാഗത്ത് ചുറ്റമ്പലത്തിൽ ദേവകി ദേവിയുടെ വിഗ്രഹമുണ്ട്. ബാല്യദശയിൽ കൃഷ്ണന്റെ ബാലലീലകൾ കാണാനും ലാളിക്കാനും അവസരം ലഭിക്കാത്തിനാൽ എപ്പോഴും കാണത്തക്ക വിധത്തിൽ ഭഗവാനെ നോക്കിത്തന്നെ ഇരിക്കുകയാണ് ദേവി. ഭഗവാന്റെ ഇടതു ഭാഗത്ത് ചുറ്റമ്പലത്തിൽ ബലരാമന്റെ ക്ഷേത്രവും ദേവീക്ഷേത്രവുമുണ്ട്.

പിൻഭാഗത്ത് കുറച്ചു മാറി ഗീതാമന്ദിർ ശങ്കരാചാര്യ, പ്രതിഷ്ഠ, ജാംബവതി, രാധിക രുഗ്മിണി, സത്യഭാമ, ശ്രീലക്ഷ്മി നാരായണ സരസ്വതി ദേവി, കുശേശ്വർ, മഹാദേവ് തുടങ്ങി ചെറിയ ചെറിയ കുറെ ക്ഷേത്രങ്ങൾ അടങ്ങിയതാണ് ദ്വാരകാസമുച്ചയം. ക്ഷേത്രദർശനം പൂർത്തിയാകണമെങ്കിൽ രുഗ്മിണിക്ഷേത്രദർശനം കൂടി നടത്തണം. ഈ ക്ഷേത്രം ഇവിടെ വന്നതിന് സ്കന്ധപുരാണത്തിൽ ഒരു കഥയുണ്ട്.

ഒരിക്കൽ ദുർവ്വാസാവ് മഹർഷി ദ്വാരകയിലെത്തി. രുഗ്മിണിക്ക് മുനിയെ സൽക്കരിക്കണമെന്ന് മോഹമുണ്ടായി. ശ്രീകൃഷ്ണനോട് വിവരം പറഞ്ഞു. ഭഗവാൻ രുഗ്മിണി സമേതനായി മഹർഷിയെ സ്വാഗതം ചെയ്തു. മുനി ക്ഷണം സ്വീകരിച്ചു. പക്ഷെ ഒരു വ്യവസ്ഥ വച്ചു. കൃഷ്ണനും രുക്മിണിയും വലിക്കുന്ന രഥത്തിൽ വേണം തന്നെ കൊട്ടാരത്തിൽ എത്തിക്കേണ്ടത്. രുഗ്മിണി സമ്മതിച്ചു. ശ്രീകൃഷ്ണന്റെ കൊട്ടാരം കുറച്ചകലെയാണ്. രഥം വലിച്ച് നടന്നപ്പോൾ രുഗ്മിണി ക്ഷീണിച്ചു. ദാഹംകൊണ്ട് വലഞ്ഞു. ഇതുകണ്ട ഭഗവാൻ കാൽ വിരൽ കൊണ്ട് (പെരുവിരൽ) ഭൂമിയിൽ കുഴിച്ച് ഗംഗയെ വരുത്തി. രുഗ്മിണി വെള്ളം കുടിച്ച് ദാഹവും ക്ഷീണവും അകറ്റി. ഗംഗ ഉടൻ അപ്രത്യക്ഷയായി. യാത്രാ തടസ്സം വന്നപ്പോൾ മുനി കുപിതനായി. നിങ്ങൾ വേർപിരിഞ്ഞ് ജീവിക്കട്ടെ. ഈ പ്രദേശത്തെ ജലം ഉപ്പ് നിറഞ്ഞതാകട്ടെ എന്ന് ശപിച്ചു. രുഗ്മിണി ദുഖിതയായി. പരിഹാരത്തിനായി ഭഗവാനോട് അപേക്ഷിച്ചു. പിരിഞ്ഞ് വസിച്ചാലും ഭഗവാൻ ദിവസത്തിൽ 2 പ്രാവശ്യം രുഗ്മിണിയെ ദർശിക്കാൻ വരുമെന്ന് ഉറപ്പ് നൽകി. അതനുസരിച്ച് ദിവസവും രാവിലെയും വൈകുന്നേരവും രുഗ്മിണിയുടെ അടുക്കൽ വരുമെന്നാണ് വിശ്വാസം. ഭഗവാൻ സദാ രുഗ്മിണിയുടെ അടുത്ത് ഉണ്ടാവുമെന്ന അഹങ്കാരം ശമിപ്പിക്കാൻ വേ

ണ്ടി ഭഗവാൻ ചെയ്ത വിദ്യയാണ് ഇതിന്റെ പിന്നിൽ എന്ന് വിശ്വസിക്കുന്നു. രുഗ്മിണി ക്ഷേത്രത്തിനടുത്ത് ദുർവ്വാസാവ് മുനിയുടെ പ്രതിമയും കാണാം. ദർശനത്തിന് എത്തുന്നവർ നൽകുന്ന സംഭാവനകൊണ്ടാണ് ഇവിടെ കുടിവെള്ളം വാങ്ങുന്നത്. ദൂരെ നിന്ന് കൊണ്ടു വരുന്ന ജലം ആണ് ഇവിടുത്തെ ആവശ്യതകൾ നിറവേറ്റുന്നത്. പ്രസാദമായി നമുക്ക് ലഭിക്കുന്നത് ഒരു ചെറിയ കപ്പ് ജലമാണ്.

20 മിനിറ്റ് ബോട്ടിൽ സഞ്ചരിച്ചാൽ ബെട്ട് ദ്വാരകയിലെത്താം. ഓഖാ തുറമുഖം ദൂരെ കാണാം. കടലിലുള്ള ഒരു ചെറിയ ദ്വീപാണ് ബെട്ട് ദ്വാരക. ഭഗവാൻ തിരോധാനത്തിന് മുമ്പ് യാദവരെ മാറ്റിയിട്ട് കടലിൽ മുക്കിയ സ്ഥലമാണ് ഇതെന്ന് പറയുന്നു. ദ്വാരകാ ക്ഷേത്രം പോലെ ഒരു ക്ഷേത്രം ഇവിടെയുണ്ട്. അടുത്ത് ഗോപീലംബ്. ഭഗവാനും ഗോപികമാരും രാസക്രീഡ നടത്തിയ സ്ഥലമാണ് ഗോപീ താലാബ്. ഭഗവാന്റെ തിരോധാനത്തിന് ശേഷം രാക്ഷസന്മാർ ഗോപികമാരെ ഉപദ്രവിക്കാൻ തുടങ്ങി. ഗോപികമാർ ഭഗവാനെ വിളിച്ച് കേണു തുടങ്ങി. ഇതു കണ്ട അർജ്ജുനൻ അവരെ രക്ഷിക്കുവാൻ വേണ്ടി അസുരന്മാരുമായി ഏറ്റു മുട്ടി. പക്ഷെ അർജ്ജുനന് അവരെ രക്ഷിക്കുവാൻ കഴിഞ്ഞില്ല. ഉടനെ ഗോപികമാർ ഗോപിതാലാബിൽ ചാടി ദേഹത്യാഗെ ചെയ്തു. ഇതിനടുത്തായി ഭഗവാന് അമ്പുകൊണ്ട സമയത്ത് ഭഗവാൻ ഇരുന്നിരുന്ന മരത്തിന്റെ ചുവടും ഉണങ്ങിയ ശാഖകളും നശിക്കാതെ സൂക്ഷിച്ചിട്ടുണ്ട്. ഗോപി താലാബിലെ മണ്ണെടുത്ത് ഉണക്കി ഗോപീ ചന്ദൻ എന്ന പേരിൽ വിൽക്കുന്നു. ഇവിടെ ഒരു ചെറിയ കൃഷ്ണക്ഷേത്രവും രാധാക്ഷേത്രവുമുണ്ട്. നാഗേശ്വര ക്ഷേത്രം ജ്യോതിർലിംഗങ്ങളിൽ എട്ടാമത്തെ സ്താനമാണ്. ദാരിക എന്ന രാക്ഷസി ശ്രീ പാർവ്വതിയെ തപസ്സ് ചെയ്ത് പ്രീതിപ്പെടുത്തി. ദേവി അവൾക്ക് വിഹരിക്കാനായി ഒരു മനോഹരവനം നൽകി. അവൾ തന്റെ ഭർത്താവായ ദാരുകനുമൊത്ത് വസിച്ചു. ഇവരുടെ ശല്യം സഹിക്കവയ്യാതെ ജനങ്ങൾ ഔർവ്വ മുനിയോട് സങ്കടമുണർത്തിച്ചു. ശിവഭക്തനായ മുനി ദാരുകനെയും രാക്ഷസരെയും ശപിച്ചു. നിങ്ങൾക്ക് നാശമുണ്ടാകട്ടെ. ഇതറിഞ്ഞ ദാരിക പാർവ്വതി പരമശിവനോട് തന്റെ ഭക്തർക്ക് നാശം വരുത്തരുതെന്ന് അപേക്ഷിച്ചു. അതനുസരിച്ച് ഭഗവാൻ തന്റെ ഭക്തജനങ്ങളെ സംരക്ഷിക്കാനായി നാഗവടിവിൽ ദേവിയോടൊത്ത് ജ്യോതിർലിംഗമായി ഇവിടെ വസിക്കുന്നു. ദാരിക വസിച്ചിരുന്ന വനം ദാരികവനമായി. സുപ്രിയൻ എന്ന ഒരു ഭക്തനാണ് ഭഗവാൻ ആദ്യമായി ദർശനം നൽകിയത്. ഒരു ഗുഹയിൽ 4 ദ്വാരങ്ങളുണ്ടാക്കി അതിൽ ഒരു കൊട്ടാരമുണ്ടാക്കി. അതിന്റെ മധ്യത്തിൽ ഭഗവാന്റെ ജ്യോതിർലിംഗം പ്രത്യക്ഷപ്പെട്ടു എന്നാണ് പറയപ്പെടുന്നത്. അധികം വലിപ്പമില്ലാത്ത ശിവലിംഗവും അടുത്ത് നാഗപ്രതിഷ്ഠയുമുണ്ട്. പ്രത്യേകം ചീട്ടെടുത്ത് ആൾക്കാർ ലിംഗത്തിനടുത്ത് ചെന്നിരുന്ന് പൂജാരി ചൊല്ലിക്കൊടുക്കുന്നതിനനുസരിച്ച് പൂജ നടത്തുന്നു. ഇവിടുത്തെ ദർശനത്തിൽ ശ്രീപാർവ്വതി ദേവിയുടെ അനുഗ്രഹത്തിന് പാത്രീഭൂതരാകുന്നു. സർവ്വപാപങ്ങളും നശിക്കുന്നു എന്നാണ് വിശ്വാസം. ക്ഷേത്രവളപ്പിൽ റോഡരികിലായി പത്മാസനത്തിലിരിക്കുന്ന 20 അടിയോളം പൊക്കത്തിലുള്ള ഒരു ശിവ പ്രതിമ കാണാം.

ഗോമതി നദീതീരത്ത് സുദാമസേതു എന്ന തൂക്കുപാലത്തിലൂടെ കടന്ന് നദിയുടെ മധ്യത്തിലായി മണൽപ്പരപ്പിൽ കൊച്ചു കൊച്ചു ക്ഷേത്രങ്ങളുണ്ട്. കൃഷ്ണൻ, ബലരാമൻ, രാധ, ഗോമതി ദേവിയുടെ പ്രതിഷ്ഠകൾ കാണാം. അതിന്നടുത്തായി പാണ്ഡവന്മാർ വനവാസസമയത്ത് താമസിച്ചപ്പോൾ ഉപയോഗിച്ചിരുന്ന കിണറുകൾ തീർത്ഥങ്ങളായി കാണാം. ഓരോ കിണറിലെയും ജലത്തിന്റെ സ്വാദ് വ്യത്യസ്ഥമാണ്.

ദ്വാരകാ ക്ഷേത്രത്തിലെ ഒരു പ്രധാന വഴിപാടാണ് കൊടിക്കൂറ സമർപ്പണം.. ഒരു ദിവസം 5 തവണ ഈ വഴിപാട് 5 പേർക്ക് സമർപ്പിക്കും. വഴിപാട് സമർപ്പിക്കുന്ന ആൾ ബന്ധുമിത്രാദികളോടുകൂടി ഒരു സംഘമായി വന്ന് കൊടിക്കൂറ ഒരു വലിയ പന്തുപോലെ ചുരുട്ടി ഒരു താലത്തിൽ വച്ച് പൂജചെയ്തതിന് ശേഷം വാദ്യമേളത്തോടെ പാട്ടു പാടി നൃത്തം വച്ച് ഭഗവാനെ സ്തുതിച്ചതിന് ശേഷം സമർപ്പിക്കുന്നു. അതിന് ശേഷം കൊടിക്കൂറ ഗോപുരത്തിന് മുകളിൽ കയറ്റി കൊടിമരത്തിൽ കെട്ടുന്നു. ഇത് ശരിക്കും പ്രയാസമേറിയ പണിയാണ്. രണ്ടു പേരാണ് ഇത് ചെയ്യുന്നത്. നല്ല കാറ്റായതിനാൽ നല്ലവണ്ണം ബന്ധിച്ചതിന് ശേഷമെ വിടർത്താൻ സാധിക്കുകയുള്ളൂ. അതിന് ശേഷമാണ് ദ്വാരകാപരിക്രമണമെന്ന പ്രദക്ഷിണം. തെക്കെ നടയിലൂടെ പ്രവേശിച്ച് എല്ലാ ഉപദേവതമാരെയും തൊഴുത് വലം വെച്ച് വന്ന് വടക്കെ നടയിലൂടെ പടിയിറങ്ങി താഴെ നദിക്കരയിലെ ഗോമതി ദേവിയെ തൊഴുത് തിരിച്ചു വന്ന് ഭഗവാന്റെ തിരുനടയിലെത്തണം. ഇങ്ങിനെയാണ് ഇവിടുത്തെ പ്രദക്ഷണരീതി. ദ്വാരകനാഥന് പ്രണാമം അർപ്പിക്കുന്നു.

*********

# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

സമാധിഭാവനാർഥ :
ക്ലേശതനൂകരണാർഥശ്ച - 2-2

സമാധി ലഭിക്കാനും ക്ലേശങ്ങൾ കുറക്കാനും ഇത് (ക്രിയായോഗം) സഹായിക്കുന്നു.

ക്രിയായോഗം - തപസ്സ്, സ്വാധ്യായം, ഈശ്വര പ്രണിധാനം - അനുഷ്ഠിച്ചാലുള്ള ഫലമാണ് ഇവിടെ പ്രതിപാദിക്കുന്നത്. വ്യാസൻ പറയുന്നത് ക്രിയായോഗത്താൽ ദുർബലമായ ക്ലേശങ്ങൾ വിവേകജ്ഞാനത്താൽ അഗ്നിയിൽ ദഹിച്ച വിത്തുപോലെ മുളയ്ക്കാൻ ശേഷിയില്ലാതാവുന്നു എന്നാണ്. ക്ലേശങ്ങൾ ബാധിക്കാത്ത സൂക്ഷ്മ ബുദ്ധി നേടുന്നു. ബുദ്ധിയും പുരുഷനും വേറെയെന്നറിയുന്ന വിവേകം പ്രാപ്തമാവുന്നു. ഈ സൂക്ഷ്മ ബുദ്ധി കൃതകൃത്യയായി പ്രകൃതിയിൽ ലയിക്കാൻ സമർഥമാവുന്നു. തനു എന്നാൽ മെലിഞ്ഞത് (ക്ഷീണിച്ചത്) എന്നർത്ഥം. ക്ലേശപൂർണമായ വൃത്തികളാണ് ക്ലിഷ്ട വൃത്തികൾ.

ശങ്കരൻ പറയുന്നത് ശാസ്ത്രങ്ങളിൽ നിന്നും ഗുരുവിൽ നിന്നും പ്രകൃതി - പുരുഷ വിവേകം താത്വികമായി അറിയാം. എന്നാൽ അനു ഭൂതിയുണ്ടാവാതെ ക്ലേശങ്ങൾ - അവിദ്യാദികൾ - അസ്തമിക്കില്ല എന്നത്രെ. ക്ലേശങ്ങൾക്ക് അടി പ്പെടുക തന്നെ ചെയ്യും എന്നർത്ഥം. സാധാരണ അവസ്ഥയിൽ ഓരോ കർമ ബീജവും കിളിർത്ത് തളിർത്ത് പുഷ്പിച്ച് കായ്ഫലം തരിക തന്നെ ചെയ്യും. അതിൽ നിന്ന് രക്ഷപ്പെടാനാവില്ല. കർമങ്ങളോ? അവ അസംഖ്യമെണ്ണം സഞ്ചിതമായി, ശേഖരിക്കപ്പെട്ട്, കിട ക്കുന്നുണ്ടുതാനും. അപ്പോൾ അവയുടെ അനു ഭവത്തിനായി അനേകം ജന്മം എടുക്കേണ്ടതായും വരും. സ്വാഭാവികമായും അതിൽ നിന്നും കൂടുതൽ ആഗാമികർമങ്ങൾ സഞ്ചിതമായി ആ ചങ്ങല നീണ്ടു നീണ്ടു പോകും. ക്രിയായോഗം അഭ്യസിച്ചാൽ ഈ സഞ്ചിതകർമ ബീജങ്ങൾ വറുത്തെടുത്ത പയർവിത്തു പോലെ നശിക്കും.

പിന്നീട് മുളക്കാനാവാത്ത തരത്തിൽ കെട്ടുപോകും. ദുഖം പോകുമ്പോൾ സുഖം വരും എന്ന പോലെ ക്ലേശതനൂകരണത്തോടൊപ്പം സമാധി ഭാവനയുണ്ടാവുകയും ചെയ്യും. ചിത്തം ആഴമുള്ളതും പരപ്പേറിയതുമായ സമുദ്രത്തിലെ ജലമാണെന്നു വിചാരിക്കുക. അപ്പോൾ ജലം സമുദ്രമാണ്. എന്നാൽ അത് ചെറിയ സ്ഥലമാണ് എങ്കിൽ കുഴി, കിണർ, തടാകം എന്നൊക്കെ വ്യവഹരിക്കും. അതായത് വെള്ളത്തിന്, ചിത്തത്തിന് തനതായ രൂപമില്ല.. ചിത്തം രാഗ-ദ്വേഷ-ലോഭ-മോഹ -മദ- മാത്സര്യങ്ങളാൽ അവയിൽ അതാതിന്റെ രൂപം കൈവരിക്കും.

ജലത്തിൽ കാറ്റുകൊണ്ട് ചെറുതും വലുതു മായ തരംഗങ്ങളുണ്ടാകുന്നു. അതുപോലെ ചിത്തം ഇന്ദ്രിയങ്ങളിലൂടെ വിഷയങ്ങളാൽ ആകൃഷ്ടമായി അവയുടെ രൂപത്തിലുള്ളതായി മാറും. ഇവയെല്ലാം ചിത്തവൃത്തികൾ എന്നാണറിയപ്പെടുക. അവ അനന്തമാണ്. പ്രതിക്ഷണം പുതിയ വൃത്തികൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. (വത്തി എന്നാൽ മലയാളത്തിലെ ശുചിയെന്ന അർഥമല്ല. മനസ്സിലെ ചലനങ്ങളാണ് വൃത്തികൾ)എന്നാൽ കാറ്റില്ലാതായാൽ കടലടങ്ങുന്നതു പോലെ ബാഹ്യവും ആന്തരികവുമായ വിഷയയങ്ങൾ അസ്തമിച്ചാൽ ചിത്തവും അടങ്ങും. അതിന്റെ തനിസ്വരൂപത്തിലേക്ക് മടങ്ങും. ഇതാണ് ചിത്തവൃത്തി നിരോധം. ഇത്തരം വൃത്തികളെ ത്രിഗുണാത്മകമായും കാണാം. ചിത്തസത്വം അഥവാ ബുദ്ധി ജ്ഞാനസ്വഭാവമുള്ളതാണ്. അതിൽ തമോഗുണം മുൻ തൂക്കം നിന്നാൽ അധർമ്മവും അജ്ഞാനവും അനൈശ്വര്യവും ഫലം. രജസ്തമോഗുണങ്ങൾ ചേർന്നാൽ ഐശ്വര്യ വിഷയങ്ങളിൽ പ്രിയം വരും. എന്നാൽ തമോഗുണം ഇല്ലാതാവുകയും രജോഗുണം ഏറുകയും ചെയ്താൽ ധർമം, ജ്ഞാനം, വൈരാഗ്യം, ഐശ്വര്യം എന്നീ ഗുണങ്ങൾ വർദ്ധിക്കും. എന്നാൽ ബുദ്ധിയിൽ രജസ്തമോ ഗുണങ്ങൾ നശിച്ച് സത്വഗുണത്തിന്റെ പുഷ്ടിയുണ്ടായാൽ തന്റെ യഥാർഥ രൂപത്തെ തിരിച്ചറിയും. - സ്വരൂപപ്രതിഷ്ഠയുണ്ടാകും. ചിത്ത സത്തവത്തെയും പുരുഷനെയും തിരിച്ചറിയും. ഇതാണ് വിവേക ഖ്യാതി അഥവാ തിരിച്ചറിവ്. വിവേക ഖ്യാതി പക്വമാവുമ്പോഴാണ് ധർമമേഘ സമാധി കൈവരിക. പുരുഷൻ അഥവാ ചിതി ശക്തി ഒരു മാറ്റവുമില്ലാതെയാണിരിക്കുന്നത്. അത് ശുദ്ധവും അനന്തവും ആണ്. അതുകൊണ്ട് അത് ചിത്തത്തിന്റെ എല്ലാ പരിണാമങ്ങളെയും അറിയുന്നു. ചിത്തം സത്യഗുണാത്മകമെങ്കിലും പരിണാമിയും പുരുഷനെ അപേക്ഷിച്ച് അശുദ്ധവും ആണ്. ഇത്തരം തിരിച്ചറിവുതന്നെ വിവേകഖ്യാതി. ഇതിനെ സമ്പ്രജ്ഞാത സമാധിയെയും പറയും. അതിലും വൈരാഗ്യമുണ്ടാവുമ്പോൾ അത് നിർബീജ സമാധി അഥവാ അസമ്പ്രജ്ഞാത സമാധിയുടെ അവസ്ഥയിലേക്കുയരും. അവിടെ സാംസാരികമായ, പ്രാകൃതികമായ വിഷയങ്ങളുടെ ജ്ഞാനലേശവും ബാക്കിയാവില്ല.

ഈ സമാധി ഭാവനയാണ് ക്രിയായോഗത്തിന്റെ ഫലമായി ഇവിടെ ഉദിക്കുന്നത്. ഏതു ക്ലേശങ്ങളുടെ തനൂകരണമാണ് സംഭവിക്കുന്നതെന്ന് അടുത്ത സൂത്രത്തിന്റെ ചിന്തയിൽ കാണാം.

********



# ഭഗവദ്ഗീത
# ഭക്തിയോഗം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**ഭഗവദ്ഗീത പന്ത്രണ്ടാമദ്ധ്യായം (ഭക്തിയോഗം)**

ആദ്ധ്യാത്മിക വളർച്ച മനുഷ്യനെ വലിയ വലിയ മാററങ്ങളിലേക്ക് എത്തിക്കും. അതാണ് മാനസിക സാമൂഹിക പരിണാമമെന്നു പറയുന്നത്. കാൾ യൂങ്ങിന്റെ ഭാഷയിൽ പറഞ്ഞാൽ പേഴ്സനാലിററി എൻറിച്ച്മെന്റ് അതായത് ഉള്ളിലേക്ക് ഇറങ്ങി ചെല്ലുക. ഏതൊരാൾ ഇന്ദ്രിയങ്ങളേയും മനസ്സിനേയും ശാന്തമാക്കുന്നു അയാൾ ആന്തരികമായ ഉയർച്ചയിലേക്കെത്തുന്നു. അങ്ങനെ വരുമ്പോൾ സാർവ്വലൗകിക നിലവാരത്തിലേക്ക് അയാളെത്തിച്ചേരുന്നു. കൂടുതൽ കൂടുതൽ ജ്ഞാനം ലഭിക്കുമ്പോൾ ചെറിയ ചെറിയ കാര്യങ്ങൾ നാം ഉപേക്ഷിക്കാറില്ലേ. അതുകൊണ്ടാണ് ശ്രീരാമകൃഷ്ണൻ പറയുന്നത്, നിങ്ങൾ ഒരു ചെറിയ കുട്ടിക്ക് ഒരു ചെമ്പു നാണയം കൊടുക്കുമ്പോൾ അവനതു സ്വീകരിക്കുന്നു. സ്വർണ്ണനാണയം കൊടുക്കുമ്പോൾ പഴയത് കളയും. അതുപോലെതന്നെയാണ് ചെറിയ മൂല്യങ്ങളുള്ള വസ്തുക്കൾ കിട്ടുമ്പോൾ സ്വീകരിച്ചിട്ട് വലുതു കിട്ടുമ്പോൾ അവയെ ഉപേക്ഷിച്ചിട്ട് പുതിയത് സ്വീകരിക്കുന്നു. മുട്ടയിൽ നിന്നും ഉണ്ടാകുന്ന കോഴിക്കുഞ്ഞ് മുട്ട പൊട്ടി പുറത്തു വരുമ്പോൾ തോട് ഉപേക്ഷിക്കുന്നു. അതുപോലെയാണ് മനുഷ്യൻ യഥാർത്ഥ സത്ത മനസ്സിലാക്കുമ്പോൾ സാർവ്വലൗകിക വീക്ഷണം തേടും. ഇങ്ങനെ സാവധാനം അർജ്ജുനനെ ആദ്ധ്യാത്മിക തലത്തിലേക്ക് ഉയർത്തി തന്റെ വിശ്വരൂപം കാണിച്ചുകൊടുത്തു. അതുവഴി അയാളുടെ കർത്തവ്യം എന്താണെന്നും കർത്തവ്യത്തിൽ പാണ്ഡവർക്കു വിജയം നേടാനാകുമെന്നും കാട്ടിക്കൊടുത്തു. ദിവ്യാനുഭൂതി തനിക്കു വേണമെന്നുള്ള ആഗ്രഹവും വിജയം ലഭിക്കുമെന്നുള്ള വിശ്വാസവും അർജ്ജുനനിൽ സന്തോഷമുണ്ടാക്കി. എന്നാലും ഏതുതരം ഉപാസനയാണ് നടത്തേണ്ടതെന്നുള്ള സംശയവും ഉണ്ടായി. ശാസ്ത്രങ്ങളിലൂന്നിയ ഒരു ചിന്താഗതിയാണ് വ്യാസൻ അർജ്ജുനൻ എന്ന യോദ്ധാവിലൂടെ വിവരിക്കുന്നത്. സംശയം ആഗ്രഹങ്ങളും മറ്റും ക്രോഡീകരിച്ച് പ്രായോഗിക തലത്തിലൂടെ സഞ്ചരിച്ച് പ്രത്യക്ഷത്തിലും പരീക്ഷണനിരീക്ഷണങ്ങളിലൂടെയും നിഗമനത്തിലെത്തുന്നു എന്ന ശാസ്ത്രതത്ത്വം വ്യാസൻ വർണ്ണിക്കുന്നു. അർജ്ജുനൻ ചോദിക്കുന്നത്:

ഏവം സതതയുക്താ യേ
ഭക്താസ്ത്വാം പര്യുപാസതേ
യേ ചാപ്യക്ഷരമവ്യക്തം
യേഷാം കേ യോഗവിത്തമാഃ

ഇപ്രകാരം അങ്ങയിൽ സദാ പരിപൂർണ്ണമായ ഭക്തിയോട് അങ്ങയെ ഉപാസിക്കുന്നവരോ നിർഗ്ഗുണവും നിരാകാരവും നിത്യവുമായ ബ്രഹ്മത്തെ ഉപാസിക്കുന്നവരോ ഇവരിൽ ആരാണ് ഏറ്റവും യോഗജ്ഞാനമുള്ളവർ?

എപ്പോഴും മനുഷ്യർ രണ്ടുതരത്തിൽ ധ്യാനിക്കുന്നവരാണ്. മനസ്സിനെ പൂർണ്ണമായി ഉറപ്പിച്ച് ഉപാസിക്കുന്നവർ ജ്ഞാനയോഗികളാണ്. അതുപോലെ അവ്യക്തമായ ബ്രഹ്മത്തെ ധ്യാനിക്കുന്നവർ. ഇവരൊക്കെ എന്നെ പ്രാപിക്കുമെന്ന് കൃഷ്ണൻ പറയുന്നു. മനസ്സ് തന്നിലുറപ്പിക്കണമെന്ന മന്ത്രധ്യാനം തീവ്രമാക്കണം.

മയ്യാവേശ്യ മനോ യേ മാം

ഈശ്വരനെ തന്നെ വിചാരിച്ചു വേണം ധ്യാനം ചെയ്യാൻ. മനസ്സിനെ ഏകാഗ്രമാക്കി നിർത്തുകയും വേണം. ശ്രദ്ധ, ഏകാഗ്രത, താദാത്മ്യം പ്രാപിക്കൽ ഇവ മൂന്നും ഉള്ളയാളെ ഉത്തമയോഗി എന്നു പറയുന്നു. സകല കർമ്മങ്ങളും മനസ്സു പതറാതെ ധ്യാനി

ച്ചാൽ അവരെ സംസാരസമുദ്രത്തിൽ നിന്നും രക്ഷിക്കുവാൻ സാധിക്കുമെന്നു കൃഷ്ണൻ പറയുന്നു. സമഭാവനയോടുകൂടി ഏതു സാഹചര്യത്തിലും പ്രവർത്തിക്കുകയെന്നതാണ് ധ്യാനയോഗി ചെയ്യേണ്ടത്. എപ്പോഴും ഇതിനു സാധിച്ചുവെന്നു വരില്ല. പക്ഷെ സമചിത്തതയോടു കൂടി പ്രവർത്തിക്കണം.

സംനിയമ്യേന്ദ്രിയഗ്രാമം
സർവ്വത്ര സമബുദ്ധയഃ
തേ പ്രാപ്നുവന്തി മാമേവ
സർവഭൂതഹിതേ രതാഃ

ഇന്ദ്രിയവേദ്യമല്ലാത്തതും മനസ്സുകൊണ്ട് ചിന്തിച്ചറിയാൻ സാധിക്കാത്തതുമായ സർവ്വവ്യാപിയും അചിന്ത്യവും അനശ്വരവും അനിർവചനീയവും അവ്യക്തവുമായ ബ്രഹ്മത്തെ ഉപാസിക്കുന്നവരും എന്നെതന്നെ പ്രാപിക്കുന്നു.

വ്യാസന്റെ ഈ വർണ്ണന ഇക്കാലട്ടത്തിന് അനുയോജ്യമാണ്. അനുകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. സർവ്വത്ര സമബുദ്ധിയെന്നാൽ ബുദ്ധിക്കു ചാഞ്ചല്യം ഉണ്ടാക്കാതെ എപ്പോഴും സമഭാവനയോടെ പെരുമാറുക, ലോകത്തിൽ നടക്കുന്ന എല്ലാ വസ്തുതകളോടും നമ്മുടെ ശാരീരികവും മാനസികവുമായ കാഴ്ചപ്പാട് വിവേകപൂർവ്വം ഉള്ളതായിരിക്കണം. അതുപോലെ തന്നെ സർവ്വ ജീവജാലങ്ങളോടും അവരുടെ നന്മക്കുള്ളതാണെന്നുള്ള ധാരണയിൽ വർത്തിക്കണം. ഏതു കാര്യത്തിനും അതിനാവശ്യമായ നിയമങ്ങൾ പാലിച്ചു പ്രവർത്തിക്കുന്നതാണ് അഭികാമ്യം. മനസ്സിനെ തന്നിലുറപ്പിച്ചാൽ ബുദ്ധിപൂർവ്വം പെരുമാറിയാൽ ഭഗവാങ്കൽ എത്തുമെന്നും തീർച്ചയാണ്. സർവ്വ ജീവികളും ഈശ്വരതുല്യരാണെന്നുകണ്ട് പെരുമാറണം. സർവ്വ കർമ്മങ്ങളും ഈശ്വരനായി സമർപ്പിച്ച് ഈശ്വരനെ ആശ്രയിച്ച് ഈശ്വരനിൽ മനസുറപ്പിച്ച് ധ്യാനം നടത്തുന്നവർ ഉത്തമഭക്തന്മാരാണ്. ബന്ധവും മോക്ഷവും മനസ്സിന്റെ നിലവാരത്തിലാണ്.

അനപേക്ഷഃ ശുചിർദ്ദക്ഷ
ഉദാസീനോ ഗതവ്യഥഃ
സ്മലവാരംഭപരിത്യാഗീ
യോ മദ്ഭക്തഃ സ മേ പ്രിയഃ

അപേക്ഷയില്ലാത്തവനും കളങ്കമില്ലാത്തവനും കൃത്യനിഷ്ഠയുള്ളവനും പക്ഷപാതമില്ലാത്തവനും ദുഃഖമില്ലാത്തവനും എല്ലാ കർമ്മങ്ങളുടേയും കർത്തൃഭാവം വെടിഞ്ഞവനുമായ എന്റെ ഭക്തൻ എനിക്കു പ്രിയൻ തന്നെ. വ്യാസൻ അടുത്ത കുറച്ചു ശ്ലോകങ്ങളിലൂടെ സാധകന്റെ പെരുമാററം എങ്ങനെ ആയിരിക്കണമെന്നും ജീവിതരീതി എങ്ങനെയായിരിക്കണമെന്നും വിവരിക്കുന്നു. അപേക്ഷയില്ലാത്തവൻ, കളങ്കമില്ലാത്തവൻ, പക്ഷപാതമില്ലാത്തവൻ ഇങ്ങനെയുള്ളവർ തനിക്കു പ്രാപ്യരാണെന്നു പറയുന്നു. എല്ലാരിലുമുള്ള ആത്മാവാണ് തന്നിലുള്ളതെന്ന് അനുഭവമുള്ളവന് ആരേയും വെറുക്കാൻ കഴിയില്ല. സഹജീവികളോടുള്ള സ്നേഹം, ഒന്നും തന്റേതല്ലാ എന്നുള്ള തോന്നൽ, ആത്മനിയന്ത്രണമുള്ളവർ ഈ ഗുണങ്ങളെല്ലാം ഇന്നത്തെ മനുഷ്യൻ ആർജ്ജിക്കേണ്ട ഗുണങ്ങളാണ്. തങ്ങൾക്കു ചുററും ശാന്തിയും സമാധാനവും കൊടുക്കുന്നതിനും ചുററുമുള്ള പ്രശ്നങ്ങളിൽ അസ്വാസ്ഥ്യം ഉണ്ടാക്കാതെയുള്ള പെരുമാററം ഇത്തരം വിശേഷണങ്ങളെല്ലാം കലിയുഗത്തിൽ മനുഷ്യൻ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരമാകട്ടെയെന്നു കരുതിയായിരിക്കാം വ്യാസൻ ഭഗവദ്ഗീതയെ ഉപയോഗിക്കുന്നത്. ആദിയും അന്തവുമറിയാത്ത ഈ ലോകത്തിൽ സംഭവിക്കുന്ന എല്ലാ കർമ്മങ്ങളും സ്വതന്ത്രമല്ലയെന്നു മനസ്സിലാക്കണം. സത്യാന്വേഷി ദൈവത്തിന്റെ ഉപകരണം മാത്രമാണെന്നു ധരിക്കണം.

തുല്യനിന്ദാസ്തിർമൗനീ
സന്തുഷ്ടോ യേനകേനചിത്
അനികേതഃ സ്ഥിരമതിർ
ഭക്തിമാൻ മേ പ്രിയോ നരഃ

ശത്രു, മിത്രം, മാനം, അപമാനം, ശീതം, ഉഷ്ണം അതുപോലെ സുഖത്തിലും ദുഃഖത്തിലും സമഭാവനയോടെ ഒന്നിനോടും ആസക്തിയില്ലാതെ നിന്ദയിലും സ്തുതിയിലും ഒരുപോലെ പെരുമാറുന്നവനും സങ്കല്പവും സംഭാഷണവും ചുരുക്കി എന്തു കിട്ടുന്നുവോ അതിൽ തൃപ്തനും പ്രത്യേകമായി ഒരു സ്ഥാനമില്ലാത്തവനും എന്നിൽതന്നെ ചിത്തം ഉറപ്പിച്ചവനും എന്നെ ഭജിക്കുന്നവനും ആയ ഭക്തൻ എനിക്കു പ്രിയനാണ്. മനുഷ്യന്റെ ഭക്തിസാധനയിൽ അപാകതകൾ പരിഹരിച്ച് ഈശ്വരനോടുള്ള സ്നേഹവും ഭക്തിയും വളർത്താനുപകരിക്കുന്ന ഒരദ്ധ്യായമാണ് 12-ാം അദ്ധ്യായമായ ഭക്തിയോഗം.

### ഭഗവദ്ഗീത പതിമൂന്നാമദ്ധ്യായം (ക്ഷേത്ര ക്ഷേത്രവിഭാഗ യോഗം)

കഴിഞ്ഞ അദ്ധ്യായമായ ഭക്തിയോഗത്തിൽ സുഖത്തിലും ദുഃഖത്തിലും ആകുലപ്പെടാതെ ഭഗവാങ്കൽ ചിന്ത ഉറപ്പിച്ച ഭക്തൻ തനിക്കു പ്രിയങ്കരനാണെന്നു കൃഷ്ണൻ പറയുന്നു. ഈശ്വരന്റെ



അനുഗ്രഹം ഉണ്ടാകണമെങ്കിൽ ആത്മസമർപ്പണം ചെയ്യണം. താനാണ് വലുതെന്ന ഭവിക്കുന്ന മനുഷ്യന് ഈശ്വരസാക്ഷാത്കാരം ഉണ്ടാകുകയില്ല. ശ്രീരാമ കൃഷ്ണൻ പറയുന്നു, ഇരുട്ടത്ത് കയ്യിൽ ടോർച്ചുമായി പോകുന്നവന് മററുള്ളവരെ കാണാം. പക്ഷെ അയാളുടെ മുഖം കാണണമെങ്കിൽ അയാളുടെ മുഖത്തേക്ക് ടോർച്ചടിക്കണം. അതുപോലെ ഭഗവാന്റെ അനുഗ്രഹം വേണമെങ്കിൽ പ്രകാശം ആ മുഖത്തു വീഴണം. ധർമ്മമാർഗ്ഗത്തിലൂടെ ഭഗവാനിൽ പരമ ലക്ഷ്യമാക്കി പ്രവർത്തികൾ അനുഷ്ഠിക്കുമ്പോൾ ഭഗവാൻ അനുഗ്രഹിക്കും. സാധാരണ ജീവിതത്തിലും ആദ്ധ്യാത്മികജീവിതത്തിലും ഈശ്വരാനുഗ്രഹമുണ്ടാകണമെങ്കിൽ സ്വന്തം മനസ്സിന്റെ അനുഗ്രഹവും വേണം. നിരന്തരം ലഭിക്കുന്ന ഈശ്വരാനുഗ്രഹത്തിന് സ്വയം അർപ്പിക്കുമ്പോൾ നാം ശക്തരാകും. എല്ലാവരും ആ ദിവ്യതേജസിന്റെ സ്ഫുരണങ്ങളാണ്. ഭക്തി ഏററവും ശുദ്ധമായി തീരുന്നതിന് മനസ്സ് സത്ത്വപൂർണ്ണമാകണം. ഭാഗവതത്തിൽ പറയുന്നത് എല്ലാ ജീവജാലങ്ങളിലും ആത്മാവായി ഭഗവാനേയും ഭഗവാനിൽ എല്ലാ ജീവജാലങ്ങളേയും ദർശിക്കുന്നയാൾ ഭഗവാന്റെ ഭക്തരിൽ ഉത്തമനാകുന്നു. ആരോടും ദ്വേഷിക്കാതെ എല്ലാം വിഷ്ണുവിന്റെ മായയായി കാണുകയും ഒന്നിലും മോഹമില്ലാതെ ഭഗവാനെ ഭജിക്കുന്നവനും ഭക്തന്മാരാണ്. ഈശ്വരനിലേക്കു തിരിയുവാനും ഈശ്വരകൃപ വേണം. അവിടെയാണ് ആദ്ധ്യാത്മികതയുടെ ആവശ്യം.

ആദ്ധ്യാത്മികതയുടെ പടവുകൾ ഓരോന്നും കയറിത്തുടങ്ങിയ അർജ്ജുനൻ ഇനി ക്ഷേത്രവും ക്ഷേത്രജ്ഞനേക്കുറിച്ചും പ്രകൃതി, പുരുഷൻ എന്നിവയേക്കുറിച്ചും അറിയാനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയാണ്. അതുകൂടി വ്യക്തമാക്കിത്തരണമെന്നു പറയുമ്പോഴാണ് അറിവിനേക്കുറിച്ചും അറിയപ്പെടേണ്ടതിനേക്കുറിച്ചും വിശദമായി കൃഷ്ണൻ പറയുന്നത്.

ഇദം ശരീരം കൗന്തേയ
ക്ഷേത്രമിത്യഭിധീയതേ
ഏതദ് യോ വേത്തി തം പ്രാഹുഃ
ക്ഷേത്രജ്ഞ ഇതി തദ്വിദഃ

ഹേ കുന്തീപുത്രാ ഈ ശരീരത്തെ ക്ഷേത്രമെന്നും ഇതിനെ അറിയുന്നയാളെ ക്ഷേത്രജ്ഞനെന്നും തത്ത്വമറിയുന്നവർ പറയുന്നു.

ക്ഷേത്രം എന്നാൽ കൃഷിസ്ഥലം എന്നൊരർത്ഥം കൂടിയുണ്ട്. കൃഷിസ്ഥലം പുഷ്പിക്കും, പിന്നെ നശിക്കും. ഈ സ്ഥലം എത്ര സൂക്ഷിച്ചാലും നശിക്കും. നശിക്കുന്നതുകൊണ്ടാണ് ശരീരം എന്നു പറയുന്നത്. നാശത്തിൽനിന്ന് ജീവനെ ത്രാണം ചെയ്യുന്നതിനാൽ ക്ഷേത്രം എന്നും പറയുന്നു. ക്ഷേത്രത്തെ അറിയുന്നവൻ ക്ഷേത്രജ്ഞൻ. പക്ഷെ ആത്മാവിനെ ദേഹത്തിൽനിന്നും വ്യത്യസ്തമായി മനസ്സിലാക്കണം. ശരീരം ജഡമാണ്. ജഡവും അതിനെ കാണുന്ന ആത്മാവും വ്യത്യസ്തവുമാണ്. എന്നാൽ ഭഗവാൻ

പറയുന്നതെന്താണ്, എല്ലാ ക്ഷേത്രങ്ങളിലും സ്ഥിതി ചെയ്യുന്നതു ഞാൻ തന്നെയണെന്നറിയുകയെന്നാണ്. ഇതിനേക്കുറിച്ചുള്ള അറിവു നേടുന്നതിനെ ജ്ഞാനമെന്നു പറയുന്നു. പ്രകൃതിയിൽ പരിണാമം സംഭവിക്കുന്ന ശരീരവും പ്രകൃതിയും ഭഗവാനാണെന്നും എല്ലാ ജീവജാലങ്ങളിലും ജീവന്റെ രൂപത്തിൽ വസിക്കുന്ന ചൈതന്യവും താൻ തന്നെയാണ്. ക്ഷേത്രവും ക്ഷേത്രജ്ഞനും താൻ തന്നെയാണെന്ന ജ്ഞാനം, അതാണ് ജീവൻമുക്തി. ജ്ഞാനം ഈശ്വരരൂപമാണ്. ഈശ്വരൻ സർവ്വജ്ഞനാണ്. ജ്ഞാനം ലഭിക്കണമെങ്കിൽ ക്ഷേത്രത്തേയും ക്ഷേത്രജ്ഞനേയും കുറിച്ച് ശരിയായ അറിവുണ്ടായിരിക്കണം. അതുകൊണ്ട് ഇക്കാര്യങ്ങളേക്കുറിച്ചുള്ള അതായത് ക്ഷേത്രജ്ഞന്റെ പ്രഭാവങ്ങളേക്കുറിച്ച് വ്യക്തമായ ഉത്തരമാണിനി പറയുന്നത്. ഇതെല്ലാം ഋഷികൾ വേദമന്ത്രങ്ങൾ മുതലായവയിലൂടെ സവിസ്തരം വിവരിച്ചിട്ടുണ്ട്. ഇതെല്ലാം ശ്രദ്ധയോടു കേട്ട് അനുഷ്ഠാനങ്ങളിൽ വേണ്ട മാററം വരുത്തണം.

മഹാഭൂതാ ന്യഹങ്കാരോ
ബുദ്ധിരവ്യക്തമേവ ച
ഇന്ദ്രിയാണി ദശൈകം ച
പഞ്ച ചേന്ദ്രിയ ഗോചരാഃ
ഇച്ഛാ ദ്വേഷഃ സുഖം ദുഃഖം
സംഘാതശ്ചേതനാ ധൃതിഃ
ഏതത് ക്ഷേത്രം സമാസേന
സവികാരമുദാഹൃതം

മഹാ ഭൂതങ്ങൾ, ബുദ്ധി, അഹങ്കാരം, ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, ഇന്ദ്രിയവിഷയങ്ങൾ, എന്നിവയും, ഇച്ഛ, ദ്വേഷം, സുഖം, ദുഃഖം, ദേഹേന്ദ്രിയങ്ങളുടെ ഒരുമിച്ചുള്ള സ്ഥിതി, ചേതന, ധൃതി എന്നിവ അടങ്ങിയ വികാരവത്തായ സാധനം ക്ഷേത്രമെന്നു പറയുന്നു.

ശരീരത്തിൽ എന്തെല്ലാം അടങ്ങിയിരിക്കുന്നു. പഞ്ചമഹാഭൂതങ്ങൾ, ഞാൻ എന്നുള്ള തോന്നൽ അതാണഹങ്കാരം. യുക്തിപൂർവ്വം ചിന്തിക്കുന്നത് ബുദ്ധി. ചിത്തവൃത്തികളെ നിയന്ത്രിക്കുന്നത് അവ്യക്തം. വൃഷ്ടിവാസനയെ അവിദ്യയെന്നും സമഷ്ടി വാസനയെ മൂലപ്രകൃതിയെന്നും പറയപ്പെടുന്നു. 11 ഇന്ദ്രിയങ്ങളും വിഷയങ്ങളും കൂടിചേർന്ന് 16 എണ്ണം, പഞ്ചമഹാഭൂതങ്ങൾ 8 എണ്ണം, അങ്ങനെ ആകെ 24 പദാർത്ഥങ്ങൾ ശരീരസാധനങ്ങളാകുന്നു. അവ്യക്തം, മഹത്തത്ത്വം, അഹങ്കാരം, വികൃതി, പഞ്ചമഹാഭൂതങ്ങൾ ഇവ ഏഴും പ്രകൃതിയുടെ വികൃതികളാണ്. പുരുഷൻ പ്രകൃതിയുമല്ല, വികൃതിയുമല്ല. സ്വഭാവത്തേക്കുറിച്ചു പറയുന്നത് അനുഭവയോഗ്യങ്ങളായ പദാർത്ഥത്തേക്കുറിച്ചുള്ള ആശ, വിപരീതത്തിലുണ്ടാകുന്ന ദ്വേഷം തുടങ്ങിയവയൊക്കെ ദ്വേഷത്തിലടങ്ങിയിരിക്കുന്നു.

ആത്മപ്രശംസ ചെയ്യാതിരിക്കുക, ഗർവ്വമില്ലാതിരിക്കുക, ജ്ഞാനം ഗ്രഹിക്കുക, ഹൃദയശുദ്ധി പുലർത്തുക, മനോനിയന്ത്രണം, ഇന്ദ്രിയവിഷയങ്ങളിൽ വിരക്തി ഇവയൊക്കെ ക്ഷേത്രത്തിന്റെ ഭാഗമാണ്. അതുകൊണ്ട് അചഞ്ചലമായ ഭക്തിയോടെ മനസ്സുറപ്പിച്ച് പ്രവർത്തിക്കുക.

കൃഷ്ണൻ പറയുന്നു:

മയി ചാനന്യയോഗേന
ഭക്തിരവ്യഭിചാരിണി
വിവിക്തദേശസേവിത്വം
അരതിർജനസംസദി

അചഞ്ചലമായ ഭക്തിയോടെ മനസ്സുറപ്പിച്ചുകൊണ്ട് മറെറാന്നിലേക്കും മാറാതെ ശ്രദ്ധിക്കണം. അങ്ങനെ ആദ്ധ്യാത്മജ്ഞാനത്തിൽ നിഷ്ഠയോടുകൂടി പ്രവർത്തിക്കുമ്പോൾ ജ്ഞാനം ലഭിക്കുമെന്നും ഭഗവാൻ പറയുന്നു. ഇഷ്ടകാര്യങ്ങളിൽ സുഖമോ അനിഷ്ടപ്രാപ്തിയിൽ ദുഃഖമോ കൂടാതെയിരിക്കണം. മനസ്സിനെ ബ്രഹ്മത്തിൽ തന്നെ ഉറപ്പിക്കണം. ഇവിടെ സാത്വികഭാവത്തെ എങ്ങനെ വളർത്തണമെന്നും പറയുന്നു. അതുകൊണ്ട് ഭഗവാൻ അറിയപ്പെടേണ്ടത് ജ്ഞേയം എന്നാണെന്നു പറയുന്നു.

ജ്ഞേയം യത് തത് പ്രവക്ഷ്യാമി
യത് ജ്ഞാത്വമൃതമശ്നുതേ
അനാദിമത്പരം2 ബ്രഹ്മ
ന സത് തന്നാസദുച്യതേ

ജ്ഞേയം എന്താണെന്നു ഞാൻ പറഞ്ഞുതരാം. അതറിഞ്ഞാൽ മോക്ഷം ലഭിക്കും. അത് ആദ്യന്തരഹിതവും പരമവുമായ ബ്രഹ്മമാകുന്നു. അതിനെ സത്തെന്നോ അസത്തെന്നോ പറയാവുന്നതല്ല.

ആത്മാവ് അനശ്വരമാണെങ്കിലും ദേഹത്തിൽ വിശ്വസിക്കുന്നവർ മരണം തന്റേതാണെന്നു തെറ്റിദ്ധരിക്കുന്നു. ഈ അജ്ഞാനം മാറുമ്പോൾ താൻ നാശമില്ലാത്ത ആത്മാവാണെന്നു ധരിക്കുന്നു. ജീവിതലക്ഷ്യം ആത്മസാക്ഷാത്കാരമാണ്. ഇന്ദ്രിയമനോബുദ്ധി തലങ്ങളിൽ സംയമനം ലഭിക്കുമ്പോൾ ആത്മസാക്ഷാത്കാരം ലഭിക്കും. പരബ്രഹ്മത്തെ സത്തെന്നോ അസത്തെന്നോ പറയാൻ സാധിക്കില്ല. പക്ഷെ ഭഗവാൻ വീണ്ടും പറയുന്നു:

സർവ്വതഃ പാണിപാദം തത്
സർവതോƒക്ഷിശിരോമുഖം
സർവതഃ ശ്രുതിമല്ലോകേ
സർവമാവൃത്യ തിഷ്ഠതി

സർവ്വത്ര കൈകാലുകളും കണ്ണുകളും വായും ചെവിയുമായി ബ്രഹ്മം ലോകത്തിൽ എല്ലായിടത്തും വ്യാപിച്ചു സ്ഥിതിചെയ്യുന്നു.

ഇവിടെ വ്യാസന്റെ വിവരണം അത്ഭുതമായി തോന്നും. കാരണം ഒരു സാധാരണക്കാരന്റെ തലത്തിൽ നിന്നു കൊണ്ട് അറിയപ്പെടാത്ത സത്യത്തെ വിവരിക്കുമ്പോൾ അയാൾക്കു പെട്ടെന്നു മനസിലാകും. ജഡങ്ങളായ കൈകളിലും കാലുകളിലും ഉള്ളത് പരമാത്മാവ്. അതിനെ എല്ലായിടത്തുമുള്ള കണ്ണും തലയും മുഖവുമൊക്കെയായി വിവരിച്ചിരിക്കുന്നു. എല്ലാം പ്രവർത്തിക്കുന്നത് ആത്മാവിന്റെ അദൃശ്യ കരങ്ങളാലാണ്. ഇവയെല്ലാം തന്നെ എല്ലാറ്റിലും വ്യാപിച്ചു നിൽക്കുന്നുവെന്നും പറയുന്നു.

ഇന്ദ്രിയമനോബുദ്ധികളിൽ നിന്നും അതീതനാണ് പരമാത്മാവ്. പക്ഷെ ഇന്ദ്രിയമനോബുദ്ധികളിൽ അഭിമാനിക്കുമ്പോൾ അവിടെ കാണുകയും ചെയ്യുന്നു. ബ്രഹ്മം എല്ലായിടത്തും കാണുന്ന സൂക്ഷ്മമായതുകൊണ്ട് അറിയുന്നില്ല എന്നു മാത്രം. ഭൂതങ്ങളിൽനിന്നും വ്യത്യസ്തമായ പരമാത്മാവ് സർവ്വഭൂതങ്ങളിലും സ്ഥിതി ചെയ്യുന്നു. പലപ്പോഴും ഈ ഭാഗം നമുക്ക് പരസ്പര വിരുദ്ധമാണല്ലോ എന്നു തോന്നാം. പക്ഷെ ശുദ്ധാർത്ഥം മനസ്സിലാക്കണം. പരമാത്മാവിന്റെ സർവ്വവ്യാപിയെന്ന ശക്തിവിശേഷത്തെ ഗ്രഹിക്കുവാൻ ശ്രമിക്കുന്നതിനും സഹായിക്കുന്നു. ഈ ശക്തിവിശേഷം പ്രകാശത്തിനും തമസിനും അപ്പുറമാണെന്നും എന്നാൽ ഏല്ലാവരുടേയും ഹൃദയത്തിൽ സ്ഥിതിചെയ്യുന്നുവെന്നും പറയപ്പെടുന്നു. മനസിനെ തെളിയിക്കുന്ന വെളിച്ചം ആത്മജ്ഞാനത്താലുണ്ടാകുന്നതാണ്. വെളിച്ചത്തേയും ഇരുട്ടിനേയും നാം മനസ്സിലാക്കുന്നു.

ഇതിനപ്പുറമാണ് ആത്മാവ്. സത്ത്വശുദ്ധമായ ബുദ്ധികൊണ്ടും മനസുകൊണ്ടും ധ്യാനിക്കുമ്പോൾ പരമാത്മാവിനെ അന്തരാത്മാവായി സാക്ഷാത്കരിക്കാൻ കഴിയും.

പരമാത്മാവിനെ കണ്ടുപിടിക്കാനന്വേഷണം അവനവനിലേക്കു തിരിയുകയെന്നതാണ്. ഹൃദയശബ്ദം ആദ്ധ്യാത്മികതയുടെ ശബ്ദമാണ്. ഹൃദയത്തിൽ വിചാരിക്കുമ്പോൾ അത് അന്തരാത്മാവായി ദർശിക്കാം. ഓരോ വ്യക്തിയുടേയും ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന ആത്മാവാണ് ബ്രഹ്മം. ഭഗവാൻ പറയുന്നത് :

ഇതി ക്ഷേത്രം തഥാ ജ്ഞാനം
ജ്ഞേയം ചോക്തം സമാസതഃ
മദ്ഭക്ത ഏതദ് വിജ്ഞായ
മദ്ഭാവായോപപദ്യതേ

ഇപ്രകാരം ക്ഷേത്രം, ജ്ഞാനം, പരമമായ സ്വരൂപം ഇവയെല്ലാം പറഞ്ഞു എന്റെ ഭക്തർ ഈ തത്ത്വമറിഞ്ഞാൽ എന്റെ ഭാവത്തെ പ്രാപിക്കും.

ആത്മസാക്ഷാത്കാരത്തിന്റെ എല്ലാ വശങ്ങളേക്കുറിച്ചും ജഡശരീരത്തിൽ കുടികൊള്ളുന്ന ആത്മാവിന്റെ വിവിധ ഗുണാംശങ്ങളേക്കുറിച്ചും അർജ്ജുനന് മനസ്സിലാക്കിക്കൊടുത്തു. ഇതെല്ലാം ഗ്രഹിച്ച് ക്ഷേത്രക്ഷേത്രജ്ഞന്മാരെ തിരിച്ചറിഞ്ഞ് ക്ഷേത്രത്തിലുള്ള ആസക്തി വിട്ട് ക്ഷേത്രജ്ഞനെ അനന്യഭക്തിയോട് ഉപാസിക്കുകയും സകലതിലും വർത്തിക്കുന്ന ആ ബ്രഹ്മത്തെ മനസ്സിലാക്കുകയും ചെയ്യുന്നവനാണ് ഭക്തനെന്നും ആ ഭക്തൻ പരമാത്മാവിനെ പ്രാപിക്കാൻ യോഗ്യനാണെന്നും ഭഗവാൻ പറയുന്നു.

അപരാ പ്രകൃതി ക്ഷേത്രവും, പരാപ്രകൃതിക്ഷേത്രജ്ഞനുമാണ്. അതുപോലെ പ്രകൃതിയും പുരുഷനും അനാദിയും ഇവയുടെ സംയോഗത്തിൽനിന്നും സംസാരം ജനിക്കന്നുവെന്നും പറയുന്നു.

ശരീരം ഇന്ദ്രിയങ്ങൾ തുടങ്ങിയവ പ്രകൃതിയിൽനിന്നും ഉണ്ടാകുന്നു. പ്രകൃതിയേയും പുരുഷനേയും പ്രകൃതിഗുണങ്ങളേയും അറിയുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവൻ വീണ്ടും ജനിക്കുന്നുമില്ല. ചിലർ യോഗംകൊണ്ട് ആത്മാവിനെ കാണുന്നു. മറ്റുചിലർ സാംഖ്യയോഗംകൊണ്ടും കർമ്മയോഗം കൊണ്ടും ആത്മാവിനെ ദർശിക്കുന്നു. ചിലർ നിഷ്കാമകർമ്മാനുഷ്ഠാനത്തിലൂടെയും മറ്റു ചിലർ തത്ത്വസംഹിതയിൽ നിന്നും കേട്ടും പഠിക്കുന്നു. ചിലർ സാംഖ്യയോഗത്താൽ ആത്മാവിനെ കാണുന്നു. മറ്റുചിലർ ഗുരുക്കന്മാരിൽ നിന്നും അതിവിശ്വാസത്തോടുകൂടി പഠിച്ച് പ്രവർത്തിക്കുന്നു. ഓരോ മാർഗ്ഗവും അതിൽകൂടി സഞ്ചരിക്കുന്നവർക്ക് പ്രയോജനം കിട്ടും. സത്ത്വഗുണമുള്ളവർ ധ്യാനത്തിലൂടെയും മനസിനെ നിയന്ത്രണവിധേയമാക്കാൻ കഴിവില്ലാത്തവർ സാംഖ്യയോഗം വഴിയിലൂടെയും മനസിന് ചാഞ്ചല്യമുള്ളവർ കർമ്മയോഗം വഴിയും ധ്യാനത്തിനുള്ള മാർഗ്ഗം കാണണം. തമോഗുണമുള്ളവർ മററുള്ളവരിൽനിന്നും കേട്ടും പഠിക്കണം. ലോകത്തിൽ സകലതും നശ്വരങ്ങളാണ്.

ഉണ്ടായവയാണ് നശിക്കുന്നത്. ഏതിൽ നിന്നുണ്ടായോ അത് അനശ്വരം. പരമാത്മാവ് അനശ്വരമാണ്. ഉദാഹരണത്തിന് നാം ഏതെങ്കിലും ലോഹം കൊണ്ടുണ്ടാക്കുന്ന കത്തിയും മററും ചൂളയിൽവെച്ച് പഴുപ്പിച്ചെടുത്ത് അടിക്കുമ്പോൾ ആകൃതി മാറുന്നു. പക്ഷെ അടിസ്ഥാനം ആ ലോഹം തന്നെ. പരമാത്മാവിനെ ദർശിക്കുന്നവർ സത്യ ദർശി. സത്യദർശി പരമപദം പൂകും. ആത്മാവ് യാതൊന്നും ചെയ്യുകയോ അനുഭവിക്കുകയോ ചെയ്യുന്നില്ല. ശുദ്ധബോധരൂപം അനന്തമാണ്. കഠോപനിഷത്തിൽ പറയുന്നു, ആത്മാവിൽ സൂര്യൻ പ്രകാശിക്കുന്നില്ല. ചന്ദ്രനോ നക്ഷത്രങ്ങളോ പ്രകാശിക്കുന്നില്ല. ആത്മാവ് പ്രകാശിക്കുമ്പോൾ അതിൽനിന്നും എല്ലാം പ്രകാശിക്കുന്നു. ഓരോ വ്യക്തിയും അവരവരുടെ വാസന അനുസരിച്ച് പ്രവർത്തിക്കുന്നു.

പ്രകൃത്യൈവ ച കർമ്മാണി
ക്രിയമാണാനി സർവശഃ
യഃ പശ്യതി തഥാത്മാനം
അകർത്താരം സ പശ്യതി

പ്രകൃതി തന്നെയാണ് എല്ലാ കർമ്മങ്ങളും ചെയ്യുന്നത്. ആത്മാവ് ഒന്നും ചെയ്യുന്നില്ല. ഇത് ആരു കാണുന്നുവോ അവൻ പരമാർത്ഥം കാണുന്നു.

അതുപോലെ ഭൂതങ്ങളുടെ വെവ്വേറെയുള്ള ഭാവം ഒന്നിൽ സ്ഥിതിചെയ്യുന്നു. വൈവിദ്ധ്യമായ ചരാചരങ്ങൾ ഏകത്വത്തിൽ സ്ഥിതിചെയ്യുന്നു. ആത്മാവിനു മാത്രമേ ആത്മാഹീനമറിയൂ. ആത്മാവ് കർമ്മത്താൽ ബന്ധിക്കപ്പെടുന്നില്ല. അനാദിയും നിർഗ്ഗുണവുമാണ് ബ്രഹ്മം. ഇതിന് കൃഷ്ണൻ പറയുന്നു:

യഥാ സർവഗതം സൗക്ഷ്മ്യാത്
ആകാശം നോപലിപ്യതേ
സർവത്രാവസ്ഥിതോ ദേഹേ
തഥാത്മാ നോപലിപ്യതേ

സർവ്വത്ര വ്യാപിച്ചിരിക്കുന്ന ആകാശം സൂക്ഷ്മത്വം കാരണം എപ്രകാരം മാലിന്യമേൽക്കുന്നില്ലയോ അപ്രകാരം എല്ലാ ദേഹത്തിലും കുടികൊള്ളുന്ന ആത്മാവ് മാലിന്യമേൽക്കുന്നില്ല. ഭൂതങ്ങളിൽവെച്ച് ഏറ്റവും സൂക്ഷ്മമായ ആകാശം എല്ലാത്തിലും വ്യാപിച്ചു നിൽക്കുന്നുവെങ്കിലും അവയിൽ ബാധിക്കുന്നില്ല. ആത്മാവ് സർവ്വത്ര വ്യാപിക്കുന്നുവെങ്കിലും മാലിന്യമേൽക്കുന്നില്ല. എന്നാൽ ഏകനായ സൂര്യൻ ഈ ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതുപോലെ ആത്മാവ് എല്ലാ ശരീരത്തേയും പ്രകാശിപ്പിക്കുന്നു. ആത്മചൈതന്യം ലഭിക്കുമ്പോൾ ഓരോരുത്തരും അവരുടെ സ്വഭാവമനുസരിച്ച് പല തരത്തിലുള്ള വ്യക്തിത്വം പ്രകടമാക്കുന്നു. ഇവിടെ കൃഷ്ണൻ പറയുന്നു:

ക്ഷേത്ര ക്ഷേത്രജ്ഞയോരേവം
അന്തരം ജ്ഞാനചക്ഷുഷാ
ഭൂതപ്രകൃതിമോക്ഷം ച
യേ വിദുർയാന്തി തേ പരം

ഇപ്രകാരം ക്ഷേത്രത്തിന്റേയും ക്ഷേത്രജ്ഞന്റേയും വ്യത്യാസത്തെ ഭൂതങ്ങൾക്ക് മോചനോപായത്തേയും ആരാണ് ജ്ഞാനചക്ഷുസുകൊണ്ട് കാന്നുവോ അവർ പരമമായ പദം പ്രാപിക്കുന്നു.

പ്രകൃതിയും ജഗത്തും മിഥ്യയാണെന്നും ആത്മാവ് സത്യമാണെന്നും മനസ്സിലാക്കുന്നവർ മുക്തനാകുന്നു. ആത്മതത്ത്വത്തെ അറിയുകയെന്നതാണ് ശരിയായ അറ ിവ്. ക്ഷേത്രജ്ഞൻ തന്റെ യഥാർത്ഥ രൂപമായ പരമപദത്തിലെത്തുമ്പോൾ സംസാരത്തിൽ നിന്നും മുക്തനാകും. ഇവിടെ ഈ അദ്ധ്യായം പൂർണ്ണമാകുന്നു. അടുത്ത അദ്ധ്യായം ഗുണത്രയവിഭാഗയോഗം.

### ഭഗവദ്ഗീത പതിന്നാലാമദ്ധ്യായം
### (ഗുണത്രയവി ഭാഗ യോഗം)

ഭാരതിയ തത്ത്വചിന്തയുടെ അടിസ്ഥാനം ആദ്ധ്യാത്മികസാക്ഷാത്കാരമാണ്. ആത്മാവ് സാർവ്വലൗകികമാണ്. മനശാസ്ത്രവും മതതത്ത്വശാസ്ത്രവും വികസിപ്പിച്ചതും വേദാന്തത്തിലാണ്. മനുഷ്യൻ ഇന്ദ്രിയങ്ങളേയും മനസ്സിനേയും ശാന്താമാക്കുമ്പോൾ സ്വന്തം ആത്മാവിനെ അറിയുന്നു. നാം നിറമുള്ള പാത്രങ്ങളിൽ വസ്തുവിനെ അതേ നിറത്തിൽ കാണുന്നത് പാത്രത്തിന്റെ നിറം കൊണ്ടാണ്. അടിസ്ഥാനപരമായി ഒരു വസ്തു അതുൾക്കൊള്ളുന്ന തലമനുസരിച്ച് വ്യത്യാസപ്പെടുന്നു. അതുപോലെതന്നെയാണ് മനസ്സ്. മനസ്സ് സത്വ രജോതമോ ഗുണങ്ങളോടു കൂടിയതാണ്. വ്യാസൻ ഈ അദ്ധ്യായത്തിൽ ഇത്തരം ഗുണവിശേഷങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി വിവരിച്ചിരിക്കുന്നതുകൊണ്ട് ഒരാൾക്ക് അയാളുടെ പ്രവർത്തികളെ വിലയിരുത്താനും അതനുസരിച്ച് ധാർമ്മികചിന്ത കൈവരുത്താനും ഇതുസഹായകമായി തീരുന്നു. മനസ്സിന്റെ പ്രവർത്തനത്തെ പടിപടിയായി മനസിലാക്കാൻ പഠിപ്പിക്കുകയും ചെയ്യുന്നു. ആദ്ധ്യാത്മികതയിൽ ഉറച്ചുനിന്നുകൊണ്ട് മനസ്സിനെ എങ്ങനെ നിയന്ത്രിക്കാമെന്നും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. ഭഗവാൻ പറയുന്നു:

പരം ഭൂയം പ്രവക്ഷ്യാമി
ജ്ഞാനാനാം ജ്ഞാനമുത്തമം
യജ്ജ്ഞാത്വാ മുനയഃ സർവേ
പരാം സിദ്ധിമിതോ ഗതാഃ

ഏതൊന്നിനെ അറിഞ്ഞിട്ടാണോ മുനികളെല്ലാം സംസാരബന്ധങ്ങളിൽ നിന്നും മുക്തരായി പരമമുക്തി പ്രാപിച്ചത് ആ ജ്ഞാനത്തെ ഞാൻ പറഞ്ഞുതരാം. ഇവിടെ മനുഷ്യമസ്സസിന് ഏതെങ്കിലും തരത്തിൽ ഒരു വൈക്ലബ്യം ഉണ്ടായാൽ അതിൽ നിന്നും ആ വ്യക്തി മോചനം നേടുന്നതെങ്ങനെ എന്നാണ് വ്യാസൻ നമുക്കു കാണിച്ചുതരുന്നത്. സാധാരണ ജീവിതം ജീവിച്ചുവരുന്ന ഒരാൾ ഈ ലോകത്തുള്ള ബന്ധപ്പാടുകളൊക്കെ മാററി മുക്തനാകുന്ന തത്ത്വമാണിവിടെ ശ്രീകൃഷ്ണൻ പറയുന്നത്. അതു കൊണ്ടാണ് വീണ്ടും ഞാൻ പറയാം എന്നൊക്കെ പറയുന്നത്. ഏതാണ്ട് മൂന്നാമദ്ധ്യായം മുതൽ ഭഗവാൻ അർജ്ജുനനെ മാററിയെടുക്കാൻ ശ്രമിച്ചു. എന്നാലും ഞാനിനി പറയുന്നതു ശ്രവിക്കൂ എന്നാണ്. ഏതൊരാൾക്കും ഈ ജ്ഞാനം അറിഞ്ഞാൽ മുക്തരാകാം. അതുകൊണ്ട് ഒന്നുകൂടി ഉറപ്പിച്ചു പറയുന്നു ഈ ജ്ഞാനത്തെ ആശ്രയിച്ചു കാര്യങ്ങളെ മനസ്സിലാക്കിയാൽ ജന്മവുമില്ല, യാതൊന്നിലും പ്രളയത്തിൽപോലും ദുഃഖിക്കുന്നുമില്ലായെന്നു പറയുന്നു. ആദ്ധ്യാത്മിക പൂർണ്ണതയെത്തിയാൽ പണ്ട് അവനിലുണ്ടായിരുന്ന ഇഹലോക ദുഃഖങ്ങളോ പരിമിതമായ തത്ത്വബോധമോ ഇല്ല. ആദ്ധ്യാത്മികത അന്വേഷിക്കുന്ന സാധാരണ മനു ഷ്യരെ ഛന്ദോക്യോപനിഷത്തിൽ വിവരിക്കുന്നതി ങ്ങനെയാണ്. അവരെ കൊള്ളക്കാർ കയ്യും കാലും വരിഞ്ഞുകെട്ടി കണ്ണുകളും കെട്ടിയ ഒരു മനുഷ്യനോടാണുപമിക്കുന്നത്. സഹായത്തിനു വേണ്ടി അഭ്യർത്ഥിക്കുന്ന അയാൾക്ക് ഒരാളു വന്ന് കെട്ട് അഴിച്ചുവിട്ട് സഹായം നൽകുന്നു. ഇതാണ് ഗുരുധർമ്മം. ഇവിടെ ശ്രീകൃഷ്ണൻ ക്ഷേത്രജ്ഞനും ക്ഷേത്രവും തമ്മിൽ ചേരുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് പറയുന്നു. പ്രകൃതി എന്റെ ഗർഭസ്ഥാനം ആണ്. അതിൽ നിന്നും സർവ്വ ചരാ ചരങ്ങളും ജനിക്കുന്നുവെന്നു പറയുന്നു. മനസ്സ് എല്ലാം സങ്കല്പങ്ങളിലൂടെ സൃഷ്ടിക്കുകയും അതിൽകിടന്നു കഷ്ടപ്പെടുകയും ചെയ്യുന്നു.

നാം മനസ്സിനെ മനസ്സിലാക്കി കീഴടക്കുമ്പോഴാണല്ലോ ജ്ഞാനമുണ്ടാകുന്നത്. അവിടെ ഒന്നും തന്നെയില്ല. ത്രിഗുണങ്ങളേക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടുണ്ടെങ്കിൽ മാത്രമേ മനസ്സിനെ ജയിക്കുവാൻ സാധിക്കുകയുള്ളൂ. പ്രകൃതിതന്നെ ത്രിഗുണങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതുകൊണ്ട് വേദാന്തത്തിൽ ഇതിനെ പ്രപഞ്ചകാരണമെന്നു പറയുന്നു. ഭഗവാൻ പറയുന്നു:

സർവ്വയോനിഷു കൗന്തേയ
മൂർത്തയഃ സംഭവന്തി യാഃ
താസാം ബ്രഹ്മ മഹദ്‌യോനി
രഹം ബീജപ്രദഃ പിതാ

അർജ്ജുനാ, സർവ്വ ജീവജാലജലങ്ങളുടേയും ആവിർഭാവത്തിനുള്ള മൂലകാരണം പ്രകൃതിയാണ്. ബീജം പ്രദാനം ചെയ്യുന്നത് ഞാനാണ്. ഇവിടെ വ്യാസൻ വിവരിക്കുന്നത് ആലങ്കാരികഭാഷയിലൂടെയാണ്. ജനനി മഹത്തായ പ്രകൃതിയും ബീജധാനംചെയ്യുന്നത് താനുമാണ്. ക്ഷേത്രത്തിന് ക്ഷേത്രജ്ഞനെ കൂടാതെ നിലനിൽപ്പില്ല. ചൈതന്യം ഇല്ലെങ്കിൽ ശരീരം ഒന്നുമല്ല. അതുപോലെ ത്രിഗുണങ്ങൾ ഏതൊക്കെയാണെന്നും എല്ലാവരിലും ജീവിതഭാവം ഉണ്ടാകുന്നതെങ്ങനെയെന്നും വിവരിക്കുന്നു.

സത്ത്വം രജസ്തമ ഇതി
ഗുണോഃ പ്രകൃതി സംഭവാഃ
നിബ്‌ന്നന്തി മഹാബാഹോ
തേഹേ ദേഹിനമവ്യയം

ഹേ മഹാബാഹോ, പ്രകൃതിയിൽ നിന്നും രൂപം പ്രാപിച്ച സത്ത്വം, രജസ്, തമസ് ഗുണങ്ങൾ നാശമില്ലാത്ത ജീവാത്മാവിനെ ദേഹത്തിൽ ബന്ധിച്ചു കളയുന്ന ത്രിഗുണങ്ങൾ മനസ്സിന്റെ മൂന്നു വിഭിന്ന സ്വാധീന ശക്തികളാണ്. ആത്മാവിനാണെങ്കിൽ ഇന്ദ്രിയങ്ങളുമായി ബന്ധമില്ല. പ്രകൃതിയാണ് കർമ്മമെല്ലാം നടത്തുന്നത്. ആത്മാവ് ബന്ധനുമല്ല, മുക്തനുമല്ല. ഇത് അജ്ഞാനം നിമിത്തമാണ്. സത്വലക്ഷണം പരിശുദ്ധിയും പ്രകാശവുമാണ്. ശരീരത്തെ ബന്ധിപ്പിക്കുന്നത് ഗുണഗണങ്ങളായതുകൊണ്ടാണ് മനുഷ്യമനസ്സ് പല സന്ദർഭങ്ങളുമായി ചേർന്ന് പലതരത്തിൽ പ്രതികരിക്കുന്നത്. രജ തമസ് ഗുണങ്ങളെ അന്തക്കരണത്തിൽ നിന്നും മാറ്റണം. ഇല്ലെങ്കിൽ ജീവൻ ശാശ്വതമാണെങ്കിലും ശരീരവുമായി തന്മയീഭാവം ഉണ്ടാകുമ്പോൾ നമ്മളിൽ വിഭ്രാന്തി ഉണ്ടാകുന്നു. ഇങ്ങനെ ഓരോ ഗുണങ്ങളനുസരിച്ച് നാം ഓരോ പ്രകാരത്തിൽ വർത്തിക്കുന്നു. ഇനി ഓരോ ഗുണത്തേക്കുറിച്ചു വിവരിക്കുന്നു.

**സത്വഗുണം:**

തത്ര സത്വം നിർമലത്വാത്
പ്രകാശകമനാമയം

സുഖസംഗേന ബ്നാതി
ജ്ഞാനസംഗേന ചാനഘ

സത്വഗുണം പ്രകാശിപ്പിക്കുന്നതും ദോഷരഹിതവും ആകുന്നു. അത് സുഖത്തിനോടും ജ്ഞാനത്തിനോടും ഉള്ള സംഗംകൊണ്ട് ദേഹിയെ ബന്ധിപ്പിക്കുന്നു.

സത്വഗുണം നമ്മിൽ കൂടുതലാകുമ്പോൾ മനസ്സ് ശുദ്ധവും ആത്മചൈതന്യത്തെ പ്രകാശിപ്പിക്കുന്നതുമായിരിക്കും. പക്ഷെ ഇതും ഒരു കെട്ടുപാടാണ്. കാരണം അതു നമ്മുടെ ദിവ്യപ്രകൃതിയെ പരിമിതപ്പെടുത്തുന്നു. പലപ്പോഴും ഈ ഗുണത്തിന്റെ പ്രഭാവത്താൽ ബദ്ധരായി സ്വരൂപാനന്ദത്തിൽ നിന്നും അകലുന്നു.

**രജോഗുണം:**

രജോ രാഗാത്മകം വിദ്ധി
തൃഷ്ണാ സംഗസമുദ്ഭവം
തന്നിബ്നാതി കൗന്തേയ
കർമ്മസംഗേന ദേഹിനാ

രജോഗുണം രാഗാത്മകമാണ്. തൃഷ്ണ, സംഗം എന്നിവ രജോഗുണത്തിൽ നിന്നുണ്ടാകുന്നു. ഇത് കർമ്മത്തിലുള്ള ആസക്തിയാൽ ജീവനെ ബന്ധിക്കുന്നു.

രജോഗുണം ആത്മജ്ഞാനിയേപ്പോലും ഒരു കർമ്മത്തിൽനിന്നും വേറൊരു കർമ്മത്തിലേക്കു നീക്കുന്നു. കർമ്മം രാഗത്തിൽ നിന്നും രാഗം തൃഷ്ണയിൽ നിന്നും ഉണ്ടാകുന്നു. കർമ്മ സംഗം കൊണ്ടും ജീവനെ ബന്ധിക്കുന്നു.

**തമോഗുണം:**

തമസ്ത്വജ്ഞാനജം വിദ്ധി
മോഹനം സർവദേഹിനാം
പ്രമാദാലസ്യനിദ്രാഭി
സ്തന്നിബധ്നാതി ഭാരത

തമോഗുണം അജ്ഞാനത്തിൽ നിന്നുണ്ടാകുന്നതും അത് ദേഹിയെ പ്രമാദം, ആലസ്യം, നിദ്ര ഇവയെക്കൊണ്ടു ബന്ധിപ്പിക്കുന്നതുമാകുന്നു.

തമോഗുണത്തിനധീനനാകുമ്പോൾ തെററും ശരിയും തിരിച്ചറിയാനാകാതെ അലസരായി മാറുന്നു. ഒരുവൻ വ്യക്തിത്വത്തെ മോശപ്രകൃതിയോടു ബന്ധിപ്പിക്കുന്നു. മഹത്വം മനസ്സിലാക്കാതെ ഉദ്ദേശ ശുദ്ധിയില്ലാതെ കർമ്മ വൈശിഷ്ട്യമില്ലാതെ ഇവർ പെരുമാറുന്നു. വ്യാസൻ മനുഷ്യരാശിക്കു നൽകുന്ന ദിവ്യോപദേശമൊണെന്നോ,

സത്വം സുഖേ സഞ്ജയന്തി
രജഃ കർമ്മണി ഭാരത
ജ്ഞാനാമാവൃത്യ തു തമഃ
പ്രമാദേ സഞ്ജയത്യുത

സ്വന്തം ജീവനെ സുഖത്തിൽ ആസക്തനാക്കുന്ന രജസ് കർമ്മങ്ങളിലും തമസ്സാകട്ടെ വിവേകത്തെ മറച്ച് പ്രമാദത്തിൽ ആസക്തി ഉണ്ടാക്കുന്നു. ഇത്തരം ഗുണങ്ങളിൽ മുഴുകുന്നവർ സുഖത്തിൽ ആസക്തനാകാതെ ഇവയിൽ നിന്നും അകന്ന് ജ്ഞാനനിഷ്ഠ കൈവരിക്കണം. ഇവ മനുഷ്യരിൽ ചിലപ്പോൾ രജസ്സിനേയും തമസ്സിനേയും മാററി സത്വം ജയിക്കും. മററു ചിലപ്പോൾ മറിച്ചും. എല്ലാവരിലും ഈ മൂന്നു ഗുണങ്ങളിൽ ഏതെങ്കിലും ഒന്നു കൂടുതലായി കാണാം. അതുകൊണ്ടു നമ്മൾ മനസ്സിലാക്കേണ്ടത് മൂന്നു ഗുണങ്ങളും പരസ്പരം ബന്ധമുള്ളതാണ്. അത്യാർത്തി ഉള്ളവർ കർമ്മം ചെയ്യുന്നു സ്വാർത്ഥത കൂടുമ്പോൾ അശാന്തി വർദ്ധിക്കുന്നു. രജസ് കൂടുതലാകുമ്പോൾ മാനസികാസ്വാസ്ഥ്യം കൂടുന്നു. തമോഗുണം കൂടിയാൽ ആലസ്യം കൂടി പ്രവർത്തനക്ഷമത കുറയുന്നു. ഒന്നിനോടും പ്രതികരിക്കില്ല. വ്യാസൻ ഈ മൂന്നു ഗുണങ്ങളുടെ പ്രത്യേകതയും അവ ഉണ്ടാക്കുന്ന പ്രശ്നങ്ങളേയും സവിസ്തരം പ്രതിപാദിക്കുന്നു. അതാതു ഗുണദോഷങ്ങൾ മനസിലാക്കി പ്രവർത്തിച്ചാൽ അവയെ പരിഹരിക്കാമെന്നും അദ്ദേഹം പറയുന്നു. കൂടാതെ ഇവയിൽനിന്നും മുക്തനായി മോക്ഷം പ്രാപിക്കാനുള്ള വഴിയും പറയുന്നു. ഇത്തരം ബന്ധനത്തിൽപെട്ടു കിടക്കുന്നവരെ മോചിപ്പിക്കുവാൻ ഉള്ള ഒരു മാർഗ്ഗമായി ആദ്ധ്യാത്മികതയേയും വർണ്ണിക്കുന്നു.

കൃഷ്ണൻ പറയുന്നു:
നാന്യം ഗുണേഭ്യഃ കർത്താരം
യദാ ദ്രഷ്ടാനുപശ്യതി
ഗുണേഭ്യഛ പരം വേത്തി
മദ്ഭാവം സോƒധിഗച്ഛതി

ഗുണങ്ങളല്ലാതെ മറ്റൊന്നും കർത്തൃഭാവത്തിൽ പ്രവർത്തിക്കുന്നില്ലെന്നും വിവേകി നിരന്തരം കാണുകയും ഗുണങ്ങൾക്കതീതമായ പരമാത്മാവിനെ അറിയുകയും ചെയ്യുമ്പോൾ അവൻ എന്റെ ഭാവത്തെ പ്രാപിക്കുന്നു.

ഒരു ആദ്ധ്യാത്മിക തത്വമെന്നതിലുപരിയായി ഏതു തരത്തിൽ ചിന്തിക്കുന്നയാളായാലും അയാൾ മനസിലാക്കേണ്ട കാര്യമാണ് ഈ മൂന്നു ഗുണങ്ങളിൽ മുങ്ങിത്താഴുന്ന മനുഷ്യ മനസിന്റെ പ്രയാണമെങ്ങ

നെയെന്ന്. ഈ കുരുക്കിൽനി ന്നും സ്വതന്ത്രനാകുന്നതെങ്ങനെ. അവിടെയാണ് ധ്യാനം പ്രയോജനപ്പെടുക. വിചാരങ്ങളിൽ മുങ്ങിത്താഴാതെ ജീവൻ ഗുണങ്ങൾക്കതീതമായ പരമസത്യത്തെ മനസ്സിലാക്കുന്നുവോ അയാൾക്കാണ് ആത്മാനുഭൂതി ലഭിക്കുന്നത്. എന്തായാലും മനസ്സിനെ അറിയണമെങ്കിൽ അതിനതീതമായ ശക്തിവിശേഷം ഉണ്ടായിരിക്കണം. ഇതിൽനിന്നും അതീതനാണ് താനെന്ന ബോധം ഉണ്ടാകുമ്പോൾ അയാൾ ദുഃഖങ്ങളിൽനിന്നും മോചിതനാവുന്നു. ബ്രഹ്മജ്ഞാനി ബ്രഹ്മംതന്നെയായി തീർന്നിരിക്കുന്നു. ദുഃഖങ്ങൾ സ്വപ്നങ്ങൾക്കുതുല്ല്യമാണ്. ഉണർന്നുകഴിയുമ്പോൾ സ്വപ്നം ഇല്ലാതാകുന്നതുപോലെ ജാഗ്രത് അല്ലെങ്കിൽ ബോധാവസ്ഥ പ്രപിക്കുമ്പോൾ അയാൾ യഥാർത്ഥത്തിൽ പരമാർത്ഥാവസ്ഥയി ലേക്കെത്തുന്നു.

ഗുണാനേതാനതീത്യ ത്രീൻ
ദേഹീ ദേഹസമുദ്ഭവാൻ
ജന്മമൃത്യുജരാദുഃഖൈർ
വിമുക്തോ ള മൃതമശ്നുതേ

ഈ മൂന്നു ഗുണങ്ങളേയും അതിക്രമിച്ചു ജീവാത്മാവ് ജനനമരണം തുടങ്ങിയ ദുഃഖങ്ങളിൽ നിന്നും വിമുക്തനായി മോക്ഷം പ്രാപിക്കുന്നു.

മനുഷ്യൻ ശരീരത്തിന്റെ നിലനിൽപ്പിനെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നു. അതിൽ നിന്നും മുക്തനാകുമ്പോൾ അയാൾ താൻ ഒരു ചൈതന്യമാണെന്നു മനസ്സിലാക്കും. ആത്മസാക്ഷാത്കാരം നേടുമ്പോൾ ബ്രഹ്മാനന്ദം അനുഭവിക്കുന്ന സമൂഹത്തിൽ ഗുണാതീതൻ എങ്ങനെയാണെന്നും മററും ഉള്ള സംശയം അർജ്ജുനന് ഉണ്ടാകുന്നു. അതുകൊണ്ട് അർജ്ജുനൻ ചോദിക്കുകയാണ്:

കൈർലിങ്ഗൈസ്ത്രീൻ ഗുണാനേതാൻ
അതീതോ ഭവതി പ്രഭോ
കിമാചാരഃ കഥം ചൈതാൻ
ത്രീൻ ഗുണനതിവർത്തതേ

ഈ മൂന്നു ഗുണങ്ങളേയും കടന്നവൻ എന്തു ലക്ഷണത്തോടുകൂടിയവനാണ്. ത്രിഗുണാതീതന്റെ ആചാരമെന്താണ് ?

അർജ്ജുനന്റെ ചോദ്യം പ്രായോഗിക തലത്തിൽ ഒരു വ്യക്തിക്കുണ്ടാകുന്നതാണ്. ഭഗവാന്റെ മറുപടി ഓരോ വ്യക്തിയും മനസിലാക്കേണ്ടതുമാണ്.

പ്രകാശം ച പ്രവർത്തിം ച
മോഹമേവ ച പാണ്ഡവ
ന ദ്വേഷ്ടി സംപ്രവൃത്താനി
ന നിവൃത്താനി കാംക്ഷതി

ഹേ അർജ്ജുനാ സത്ത്വഗുണ ധർമ്മമായ പ്രകാശത്തേയും രജോഗുണധർമ്മമായ പ്രവർത്തിയേയും തമോഗുണധർമ്മമായ മോഹത്തേയും ഉള്ളപ്പോൾ ദ്വേഷിക്കുകയോ ഇല്ലാത്തപ്പോൾ കാംക്ഷിക്കുകയോ ചെയ്യാത്തവനാണ് ഗുണത്രയൻ.

സമചിത്തതയാകുന്നു പൂർണ്ണതയുടെ കാതൽ. ജ്ഞാനി എപ്പോഴും സമചിത്തനായിരിക്കും. ഇതിലൊക്കെ അതീതനാണയാൾ. അയാൾക്കു ലഭിക്കാത്തതൊന്നും ത്രിഗുണങ്ങൾക്കു കൊടുക്കാനും കഴിയില്ല. അയാൾ എപ്പോഴും സ്ഥിരസമചിത്തനാണ്. അയാൾ ബ്രഹ്മത്വം നേടിക്കഴിഞ്ഞു. ഇനി അയാളുടെ പെരുമാററം എന്താണെന്നോ?

ഉദാസീനവദാസീനോ
ഗുണൈർയോ ന വിചാല്യതേ
ഗുണാ വർത്തന്ത ഇത്യേവ
യോവതിഷ്ഠതി നേങ്ഗതേ

ആരാണ് ഉദാസീനനേപ്പോലെ സ്ഥിതി ചെയ്യുകയും ഗുണങ്ങളാൽ ചഞ്ചലിതനായി പോകാതെയും ഗുണങ്ങളാണ് പ്രവർത്തിക്കുന്നതെന്നും മനസ്സിലാക്കി നിശ്ചലനായി പ്രവർത്തിക്കുകയും ചെയ്യുന്നത് അയാളാണ് ഗുണാതീതൻ.

തന്റെ ഉള്ളിലുണ്ടാകുന്ന വ്യതിയാനങ്ങൾ തന്നെ യാതൊരു വിധത്തിലും സ്പർശിക്കുകയില്ല എന്നതുകൊണ്ട് എല്ലാം ഒരു കാഴ്ചക്കാരനേപ്പോലെ നോക്കിക്കാണുന്നു. അങ്ങനെ സമചിത്തനായി പ്രവർത്തിച്ച എല്ലാത്തിനേയും തുല്ല്യമായി കരുതി അചഞ്ചലനാകുക. ഇന്നത്തെ സമൂഹം പണത്തിനും പ്രതാപത്തിനും വേണ്ടി നടക്കുകയും ചെറിയ കാര്യങ്ങളേപ്പോലും സമചിത്തതയോടെ നോക്കിക്കാണാനുള്ള കഴിവ് നഷ്ടപ്പെട്ടു പ്രതികാരവാഞ്ഛരയോടെ പെരുമാറുന്നതായി നാം കാണുന്നു. ഇത്തരം തത്ത്വചിന്താപരമായ, ആദ്ധ്യാത്മികചിന്തയും അത് മനസ്സിനെ പാകപ്പെടുത്തിയെടുക്കാനുമുള്ള ഉപാധികളാണിവിടെ നമുക്കു ലഭിക്കുന്നത്. സുഖവും ദുഃഖവും മനോബുദ്ധികളുടെ വ്യാഖ്യാനമാണ്. ധനം സമ്പാദിച്ചുകൂട്ടിവെക്കുന്ന ശീലം മൂലം മററുള്ളവന്റെ അവകാശങ്ങളെ ഹനിക്കുന്ന ശീലം ഇന്നു വളർന്നുവരുന്നു. എന്നാൽ ജ്ഞാനിക്ക് ഇതെല്ലാം തുല്ല്യമാണ്. ചെറിയ ചെറിയ കാര്യങ്ങൾ അറിവു കൂടുമ്പോൾ ഉപേക്ഷിച്ച് കുറച്ചുകൂടി വലിയ കാര്യങ്ങളെ സ്വീക

(ശേഷം 37-ാം പേജിൽ)

# ERNAKULAM KARAYOGAM

ESTD.1925

**T.D.M.HALL Complex, Durbar Hall Road, Kochi-682016.**

**Phone:Office: 0484 2361160 Fax : 0484-2369589**

**e-mail : ekmkgm@gmail.com, Web : www.ernakulamkarayogam.com**


പ്രിയപ്പെട്ട കരയോഗാംഗങ്ങളെ,

എറണാകുളം കരയോഗത്തിന്റെ 27.06.2021 ൽ കൂടിയ 96-ാമത് വാർഷിക പൊതുയോഗം ഐകകണ്ഠേന എടുത്ത എറണാകുളം കരയോഗം നിയമാവലി 8 (v), 13(iv) വകുപ്പുകൾ പ്രകാരമുള്ള തീരുമാനം നടപ്പാക്കുന്നതു സംബന്ധിച്ച് കരയോഗാംഗങ്ങൾക്കുള്ള അറിയിപ്പ്.

കോവിഡ് -19 എന്ന മഹാമാരിയുടെ തീവ്രമായ വ്യാപനത്തെ തുടർന്ന് കേന്ദ്രസംസ്ഥാന സർക്കാരുകൾ 2020 മാർച്ച് മാസം മുതൽ തുടർച്ചയായി പുറപ്പെടുവിച്ചു കൊണ്ടിരിക്കുന്ന ഉത്തരവുകൾ മൂലം സാധാരണ ജീവിതം പൂർണ്ണമായോ ഭാഗികമായോ സ്തംഭിച്ചിരിക്കുകയാണല്ലോ. അപ്രതീക്ഷിതമായുണ്ടായ ഈ പ്രത്യേക സാഹചര്യം മൂലം എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ 2020 മാർച്ചുമാസം മുതൽ തുടർച്ചയായി തടസ്സപ്പെട്ടുകൊണ്ടിരിക്കുകയാണ്. കരയോഗത്തിന്റെ പ്രധാന വരുമാനസ്രോതസ്സായ ഹാൾ വാടക ഇനത്തിലും മറ്റും ഭീമമായ കുറവു വന്നതുമൂലം എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുവാൻ വളരെ അധികം ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

മേൽ സൂചിപ്പിച്ച സന്നിഗ്ദ്ധാവസ്ഥ തരണം ചെയ്യുന്നതിന് 27.6.2021 ൽ കൂടിയ എറണാകുളം കരയോഗത്തിന്റെ പൊതുയോഗതീരുമാനമനുസരിച്ച് നിയമാവലി 8 (v), 13(iv) വകുപ്പുകൾ പ്രകാരം താഴെ പറയും വിധം രണ്ടു നിർദ്ദേശങ്ങൽ കരയോഗാംഗങ്ങളുടെ മുമ്പാകെ വെയ്ക്കുന്നു.

**നിർദ്ദേശം (i)**

കോവിഡ് 19 മഹാമാരിമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഓരോ കരയോഗാംഗവും 5000 രൂപയോ അതിൽ കൂടുതലോ ആയ തുക കോവിഡ് 19 Contingency Interest free advance ആയി നൽകണമെന്നും, ടി. തുക പലിശ രഹിതമായി 36 മാസങ്ങൾക്കുശേഷം കരയോഗത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മടക്കി നൽകുന്നതുമാണ്.

**നിർദ്ദേശം (ii)**

എറണാകുളം കരയോഗം നിയമാവലി 8 (v) വകുപ്പ് പ്രകാരം 2000 രൂപയിൽ കുറയാത്ത ഒരു തുക ഓരോ കരയോഗാംഗവും കോവിഡ് 19 Contingency സംഭാവനയായി നൽകേണ്ടതാണ്.

<u>മേൽ പ്രസ്താവിച്ച നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്ന് എല്ലാ അംഗങ്ങളും നിർബന്ധമായി പാലിക്കപ്പെടേണ്ടതാണ്.</u>

ഉത്തരവാദിത്വമുള്ള കരയോഗാംഗമെന്ന നിലയിൽ ഈ പ്രസ്ഥാനത്തിന്റെ നിലനില്പിനും തുടർപ്രവർത്തനങ്ങൾക്കും വേണ്ടി മേൽപറഞ്ഞ പൊതുയോഗ നിർദ്ദേശങ്ങളിൽ ഏതെങ്കിലും ഒന്ന് അനുസരിച്ചുള്ള തുക എത്രയും വേഗം ഇതോടൊപ്പം വെച്ചിട്ടുള്ള ഫോറം പൂരിപ്പിച്ച് കരയോഗം ഓഫീസിൽ ഏല്പ്പിക്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. എറണാകുളം കരയോഗത്തിലേക്കുള്ള മേൽപ്പറഞ്ഞ പണമിടപാടുകൾക്കും മറ്റും A/c No- 4273000100005273, IFSC Code - PUNB0427300, Bank - Punjab National Bank, Branch- D.H. Road, Ernakulam ഓൺലൈനായി നല്കാവുന്നതാണ്.

എറണാകുളം കരയോഗം ഭരണസമിതിക്കുവേണ്ടി

ഒപ്പ്

പി. രാമചന്ദ്രൻ (വേണു)

ജനറൽ സെക്രട്ടറി

# കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം ആജീവനാംഗങ്ങളും അസോസിയേറ്റ് അംഗങ്ങളും യോഗമെമ്മോറാം ഉദ്ദേശങ്ങൾ 4 (ആർ) പ്രകാരം ജീവകാരുണ്യ സ്ഥിരം ഫണ്ടിലേക്ക് പ്രതിമാസം 10 രൂപ വീതമോ അല്ലെങ്കിൽ ഒറ്റത്തവണയായി 2000 രൂപയോ അടക്കേതാണ്. ആജീവനാംഗങ്ങളും അസോസിയേറ്റ് അംഗങ്ങളും കരയോഗം ജീവകാരുണ്യഫണ്ടിലേക്ക് 2000 രൂപ ഒറ്റത്തവണയായി അടയ്ക്കുകയാണെങ്കിൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം പ്രതിമാസം 10 രൂപ വീതം അടക്കേതില്ലാത്തതാകുന്നു.

എറണാകുളം കരയോഗത്തിന്റെ നിയമാവലിക്ക് വിധേയമായി ബഹുമാന്യരായ അംഗങ്ങൾ ജീവകാരുണ്യഫണ്ടിലേക്ക് അടയ്ക്കേതായ തുകയോ മറ്റേതെങ്കിലും ഇനത്തിൽ അടയ്ക്കേതായ തുകയോ കുടിശ്ശിഖ വരുത്തിയിട്ടുങ്കിൽ ആയത് നിയമാവലി 13(iv) വകുപ്പു പ്രകാരം അടച്ച് രസീത് കൈപ്പറ്റുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിലേക്കുള്ള മേൽപ്പറഞ്ഞ പണമിടപാടുകൾക്കും മറ്റും A/c No- 4273000100005273, IFSC Code - PUNB0427300, Bank - Punjab National Bank, Branch- D.H. Road, Ernakulam ഓൺലൈനായി നല്കാവുന്നതാണ്. ഇതോടൊപ്പം നല്കിയിട്ടുള്ള അപേക്ഷാഫോറം പൂരിപ്പിച്ച് ഇ- മെയിലിലോ നേരിട്ടോ കരയോഗം ഓഫീസിൽ നല്കുവാൻ മറക്കരുത് എന്ന് അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അംഗങ്ങളെ നിയമാവലിക്കു വിധേയമായി അറിയിക്കേണ്ട പല കാര്യങ്ങളും അത്യാവശ്യഘട്ടങ്ങളിൽ വാട്സാപ്പ് ലൂടെ അറിയിക്കുന്നതിന് സൗകര്യം ഒരുക്കുന്നു. എറണാകുളം കരയോഗത്തിന്റെ ഔദ്യോഗിക വാട്സ് ആപ്പ് ഗ്രൂപ്പിൽ അംഗമാകാൻ താല്പര്യമുള്ള അംഗങ്ങൾ മാത്രം ഈ https://chat.whatsapp.com/IEXy88JjG8L6K6UGfhVHe2 ലിങ്കിലൂടെ വാട്സ് ആപ്പ് ഗ്രൂപ്പിൽ അംഗമാകാൻ അഭ്യർത്ഥിക്കുന്നു.

ജീവകാരുണ്യ ഫണ്ടിന്റേതുൾപ്പടെ എല്ലാ ഇനങ്ങളിലുമുള്ള കുടിശ്ശിഖ അടച്ചു തീർത്തവർക്ക് ഈ അറിയിപ്പ് ബാധകമല്ലെന്ന് അറിയിച്ചു കൊള്ളുന്നു.

എറണാകുളം കരയോഗം ഭരണസമിതിക്കുവേണ്ടി

ഒപ്പ്
ജനറൽ സെക്രട്ടറി
പി. രാമചന്ദ്രൻ (വേണു)

# INTIMATION TO ERNAKULAM KARAYOGAM COVID 19 CONTINGENCY INTEREST FREE ADVANCE FROM KARAYOGAM MEMBER

1. Name of the Member -

2. (a) Membership No. (c) PAN:

3. (a) Mobile No…………………...……. (b) Email Id…………………………..

4. In Compliance with the unanimous decision of the Annual General Body Meeting of the members of Ernakulam Karayogam held on 27-06-2021, I do hereby accept and make payment in accordance with Option No .1

**OPTION -1 :**

Advance of Rs......................./- (Rupees.....................................) is given to Ernakulam Karayogam to tide over the present financial difficulties experienced by the institution on account of Covid 19 Pandemic, as COVID 19 CONTINGENCY INTEREST FREE ADVANCE (To be refunded after 36 months) ,vide cheque no...................dtd................ drawn on..................Bank/ bank transfer..................................(Details of bank transfer)

Bank Details of Ernakulam Karayogam :

Name of the Bank : State Bank of India
Broadway Branch, Ernakulam
A/C No. 39127574214
IFC CODE : SBIN0008614

I do confirm to undertake my commitment to the institution as a LIFE MEMBER.

My Bank account details are given hereunder (Required in case of interest free advance only):

a) Name of the Bank :……………………………………..……..

b) Account No. :…………………………………………

c) IFSC Code :……………………………...………...

Date: Signature:

Place: Name :

# INTIMATION TO ERNAKULAM KARAYOGAM COVID 19 CONTINGENCY DONATION FROM KARAYOGAM MEMBER

1. Name of the Member -

2. (a) Membership No. (c) PAN:

3. (a) Mobile No………………… (b) Email Id…………………………..

4. In Compliance with the unanimous decision of the Annual General Body Meeting of the members of Ernakulam Karayogam held on 27-06-2021, I do hereby accept and make payment in accordance with Option No .2

**OPTION -2 :**

Donation of Rs................................../-(Rupees. .....................................) is given to Ernakulam Karayogam to tide over the present financial difficulties experienced by the institution on account of Covid 19 Pandemic, vide cheque no.................dtd...................... drawn on.......................Bank/bank transfer..................................(Details of bank transfer)

Bank Details of Ernakulam Karayogam :

Name of the Bank : State Bank of India

Broadway Branch, Ernakulam
A/C No. 39127574214
IFC CODE : SBIN0008614

I do confirm to undertake my commitment to the institution as a LIFE MEMBER.

Date: Signature:

Place: Name :

*ഭഗവദ്ഗീത ഭക്തിയോഗം*
*(32-ാം പേജിൽ നിന്ന് തുടർച്ച)*

രിക്കുന്നു. ജ്ഞാനിക്കിതൊന്നും പ്രശ്നമല്ല. സിദ്ധൻ എല്ലാവരേയും തുല്യരായി കരുതും.

മാനാപമാനയോസ്തുല്യ
സ്തുല്യോ മിത്രാരിപക്ഷയോഃ
സർവാരംഭപരിത്യാഗീ
ഗുണാതീതഃ സ ഉച്യതേ

മാനത്തേയും അപമാനത്തേയും തുല്യമായി കരുതുന്നവനും മിത്രപക്ഷത്തേയും ശത്രുപക്ഷത്തേയും ഒരേ നിലയിൽ കാണുന്നവനും സ്വാർത്ഥോദ്ദേശത്തോടെ കാമ്യകർമ്മങ്ങളൊന്നും തുടങ്ങാത്തവനും ആരോ അവൻ ഗുണാതീതനാകുന്നു.

അതുപോലെതന്നെ ഗുണങ്ങളെ അതിവർത്തിക്കുന്നതെങ്ങനെയെന്ന ചോദ്യത്തിന് എന്നെ ഭക്തിയോടെ സേവിക്കുന്നയാൾ ഈ ഗുണങ്ങൾക്കപ്പുറം കടന്ന് ബ്രഹ്മത്വം പ്രാപിക്കാൻ യോഗ്യനാകുന്നു. കർമ്മാതീതനാണ് ഗുണാതീതൻ. നിരന്തരമായ ഈശ്വരചിന്തയും അർപ്പണമനോഭാവവും വളരുമ്പോൾ മനസ്സിൽ സത്ഗുണങ്ങൾ വളർത്താനും ആത്മബോധത്തിലേക്കെത്താനും കഴിയുന്നു. ഒരു തലത്തിൽ നിന്നും മറ്റൊരു ഉയർന്ന തലത്തിലേയ്ക്ക് മാറുന്നു. ആത്മാവ് എല്ലായിടത്തും ഒരേ പോലെയാണ്.

ന ദ്വേഷ്ടി സംപ്രവൃത്താനി
ന നിവൃത്താനി കാംക്ഷതി

ഹേ അർജ്ജുനാ സത്വഗുണ ധർമ്മമായ പ്രകാശത്തേയും രജോഗുണധർമ്മമായ പ്രവർത്തിയേയും തമോഗുണധർമ്മമായ മോഹത്തേയും ഉള്ളപ്പോൾ ദ്വേഷിക്കുകയോ ഇല്ലാത്തപ്പോൾ കാംക്ഷിക്കുകയോ ചെയ്യാത്തവനാണ് ഗുണത്രയൻ.

സമചിത്തതയാകുന്നു പൂർണ്ണതയുടെ കാതൽ. ജ്ഞാനി എപ്പോഴും സമചിത്തനായിരിക്കും. ഇതിലൊക്കെ അതീതനാണയാൾ. അയാൾക്കു ലഭിക്കാത്തതൊന്നും ത്രിഗുണങ്ങൾക്കു കൊടുക്കാനും കഴിയില്ല. അയാൾ എപ്പോഴും സ്ഥിരസമചിത്തനാണ്. അയാൾ ബ്രഹ്മത്വം നേടിക്കഴിഞ്ഞു. ഇനി അയാളുടെ പെരുമാററം എന്താണെന്നോ? അഹങ്കാരം നശിക്കുമ്പോൾ ശാശ്വതധർമ്മം ഉണ്ടാകുന്നു.

ഒരു വസ്തുവും അതിനെ പ്രകാശിതമാക്കുന്ന വസ്തുവും വ്യത്യസ്തമാണ്. ജ്ഞാനവും ജ്ഞേയവും വേറെവേറെയാണ്. സാധകൻ ബ്രഹ്മമായി മാറുന്നു.

ബ്രഹ്മണോ ഹി പ്രതിഷ്ഠാഹം
അമൃതസ്യാവ്യയസ്യ ച
ശാശ്വതസ്യ ച ധർമ്മസ്യ
സുഖസ്യൈകാന്തികസ്യ ച

അക്ഷര ബ്രഹ്മത്തിനും അവ്യയമായ അമൃതത്തിനും മോക്ഷത്തിനും ശാശ്വതമായ ധർമ്മത്തിനും ഏകാന്തമായ സുഖത്തിനും പ്രതിഷ്ഠ ഞാനാകുന്നു. ഇവിടെ ഈ അദ്ധ്യായം അവസാനിക്കുന്നു.

## ഭഗവദ്ഗീത പതിനഞ്ചാമദ്ധ്യായം (പുരുഷോത്തമ യോഗം)

വ്യാസൻ ഭഗവത്ഗീതയിലൂടെ മനുഷ്യസമൂഹത്തിന്റെ വളർച്ചക്കാവശ്യമായ സദ്ഗുണങ്ങൾ എന്താണെന്നും അതിന്റെ വളർച്ചയെ എങ്ങനെ ത്വരിതപ്പെടുത്താൻ സാധിക്കുമെന്നും സമൂഹത്തെ പഠിപ്പിക്കുകയാണ്. ഇവിടെ കിട്ടുന്ന വചനങ്ങൾ മനുഷ്യരിൽനിന്നും വേറിട്ടുനിൽക്കുന്ന ഒന്നല്ല. ആദർശധീരനായ മനുഷ്യജന്മമെടുത്ത അവതാരമെന്ന നിലയിൽ കൃഷ്ണന്റെ വ്യക്തിത്ത്വം ലോകത്തെ തന്നെ മാററി മറിക്കുന്നു. ഇവിടെ ഒരേസമയം മാനുഷികവും ദിവ്യവുമായ ഒരത്ഭുതപ്രതിഭാസമാണ് നാം കാണുന്നത്. മനുഷ്യന്റെ ഞാനെന്ന ഭാവം എത്രത്തോളം അയാൾക്കില്ലാതാക്കാൻ കഴിയുന്നുവോ അത്രത്തോളം ദിവ്യമായ പരമസത്യത്തോടടുക്കാൻ അയാൾക്കു കഴിയുന്നു. തന്റെ ഉള്ളിലുള്ള ആത്മാവിനെ സാക്ഷാത്കരിക്കുകയെന്നാൽ പരമസത്യത്തെ സാക്ഷാത്കരിക്കുകയെന്നതാണ്. ഈ പരമാത്മാവിനെ പ്രതിനിധാനം ചെയ്യുന്ന കൃഷ്ണൻ ഇവിടെ പരംപൊരുളിനേക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുകയാണ്. വ്യാസൻ ഈ അദ്ധ്യായത്തിലൂടെ പരംപൊരുളെന്താണെന്ന് മനുഷ്യവർഗ്ഗത്തിന് വിവരിച്ചുകൊടുക്കുന്നു.

ഊർധ്വമൂലമധഃ ശാഖം
അശ്വത്ഥം പ്രാഹുമവ്യയം
ഛന്ദാംസി യസ്യ പർണ്ണാനി
യസ്തം വേദ സ വേദവിത്

മുകളിലേക്ക് വേരും താഴേക്ക് ശാഖകളുള്ളതും നാശമില്ലാത്തതുമായ അശ്വത്ഥത്തെയാണ് ഈ പ്രപഞ്ചമെന്ന് തത്ത്വദർശികൾ പറയുന്നു. വേദങ്ങൾ അതിന്റെ ഇലകളാണ്. ഈ സംസാരവൃക്ഷത്തെക്കുറിച്ച് അറിയുന്നവൻ വേദങ്ങളെ അറിയുന്നവനാണ്.

ഇവിടെ വ്യാസൻ വിവരിക്കുന്നത് കഠോപനിഷത്തിലെ ഭാഗങ്ങളാണ്. അശ്വത്ഥവൃക്ഷം എന്ന പേരു ലഭിച്ചത് കുതിരകൾ അരയാലിന്റെ ചുവട്ടിൽ വിശ്രമിച്ചതുകൊണ്ടാണെന്നു പറയപ്പെടുന്നു. സം

സാരത്തിന്റെ പ്രതീകമായി അരയാലിനെ കണക്കാക്കുന്നു. ഇതിന്റെ വേര് മുകൾഭാഗത്താണ്. പക്ഷെ ഇത് വൃക്ഷം എന്നു പറയുമ്പോൾ നശ്വരമാണ്. പരംപൊരുളിൽ നിന്നും ജനിച്ച സംസാരവൃക്ഷം ഈ ദുഃഖത്തിൽനിന്നും മാററിയാൽ പിന്നെ പരം പൊരുളിലേക്കു തിരിച്ചു പോകും. പരമാത്മാവിൽനിന്നും കിട്ടാവുന്നതെല്ലാം ശേഖരിച്ച് സംസാരവൃക്ഷം വളരുന്നു. ഈ അരയാൽ കുറച്ചധികം കാലം നില നിൽക്കുന്നതാണ്. മനുഷ്യന്റെ ആയുസിനെ അപേക്ഷിച്ച് അരയാൽ കുറേക്കാലം കൂടി നിൽക്കും. ഈ അരയാലിന്റെ ഇലകളെ വേദങ്ങളായി പറയുന്നു. ജ്ഞാനം ലഭിക്കുമ്പോൾ മനുഷ്യന് ഊർജ്ജസ്വലത കൂടും. ഒരു മരത്തിന് ഇലകൾ കൂടുതലെണ്ടെങ്കിൽ അവയിൽ വളർച്ച ത്വരിതപ്പെടും. നമുക്ക് അറിവു കൂടുമ്പോൾ ജീവിതം ശോഭനമാകും. ഏകമായ പരം പൊരുളാണ് വേദം. ലോകം മിഥ്യയാണെന്നും പരമ സത്യം അനന്തമാണെന്നും അറിയുമ്പോൾ ജ്ഞാനം പൂർത്തിയാകും. ഈ വൃക്ഷത്തിന്റെ ചരിത്രവും തത്ത്വവുമൊക്കെ അറിയുന്നവനാണ് വേദജ്ഞൻ. പ്രപഞ്ചവൃക്ഷത്തെ അറിയുന്നവൻ സർവ്വജ്ഞൻ.

അധശ്ചോർധ്വം പ്രസൃതാസ്തസ്യ ശാഖാ
ഗുണപ്രവൃദ്ധാ വിഷയപ്രവാളാഃ
അധശ്ച മൂലാന്യനുസംതതാനി
കർമ്മാനുബന്ധീനി മനുഷ്യലോകേ

ത്രിഗുണങ്ങളാൽ പടർന്നു പന്തലിച്ചതും വിഷയഭോഗങ്ങളാകുന്ന തളിരണിഞ്ഞതുമായ ശാഖകൾ അരയാലിൽ പൊട്ടിമുളച്ച് താഴെയും മുകളിലുമായി വ്യാപിച്ചു കിടക്കുന്നു.

മനുഷ്യമനസ്സിനേയാണിവിടെ വർണ്ണിക്കുന്നത്. അതു ചിലപ്പോൾ ഗുണപരമായി മുകളിലേക്കും ചിലപ്പോൾ താഴേക്ക് മൂല്യച്യുതിയിലും പെടാറുണ്ട്. അതിനേയാണ് വ്യാസൻ ഇവിടെ ഉപമിച്ചിരിക്കുന്നത്. ഒരു മനുഷ്യനിലുള്ള സത്വരജോതമോ ഗുണങ്ങളനുസരിച്ച് മുകളിലേക്കും താഴേക്കും വളരും. മനുഷ്യമനസ്സ് എന്താണോ കരുതുന്നത് അതനുസരിച്ച് വളരും. അങ്ങനെ അയാളെ കർമ്മഭൂമിയിൽ ബന്ധിപ്പിക്കുകയും ചെയ്യും. ഒരു വ്യക്തി ചെയ്യുന്ന പ്രവർത്തിയുടെ ഗുണവും ദോഷവും അനുസരിച്ച് ഇവിടെ ബന്ധിക്കുന്നു എന്ന വസ്തുതയെ വേരുകൾ ഭൂമിയിൽ വൃക്ഷത്തെ ഉറപ്പിച്ചു നിർത്തുന്നുവെന്നു വ്യക്തമാക്കുന്നു. പക്ഷെ ഇതൊന്നും ഇവിടെ വ്യക്തമായി കാണാൻ കഴിയില്ല. കാരണം കൊമ്പ് താഴെയും വേരു മുകളി ലുമായി വൃക്ഷമില്ല. ആത്മാവിന്റെ ചൈതന്യം നമ്മളിൽ പല വിധത്തിലാണ്. കൃഷ്ണൻ പറയു ന്നു:

ന രൂപമസ്യേഹ തഥോപലഭ്യതേ
നാന്തോ ന ചാദിർന ച സംപ്രതിഷ്ഠാ
അശ്വത്ഥമേനം സുവിരൂഢമൂലം
അസംഗശസ്ത്രേണ ദൃഢേന ഛിത്വാ

ഈ സംസാരവൃക്ഷത്തെ തലകീഴായി കാണാൻ കഴിയില്ല. ആദിയും അന്തവുമില്ല. സ്ഥിരമായ പ്രതിഷ്ഠയുമില്ല. ഈ അരയാലിനെ അസംഗം എന്ന ശസ്ത്രമുപയോഗിച്ച് മുറിച്ചു മാററണം.

സ്ഥൂലസൂക്ഷ്മ കാരണങ്ങളുടേയും സമസൃഷ്ടിഭാവമാണ് പന്തലിച്ചു നിൽക്കുന്ന മരം. ഇതിനെ ചുരുക്കംപേർക്ക് മാത്രമേ കാണാൻ കഴിയുകയുള്ളു. അതുകൊണ്ട് ഇതിനെ എല്ലാവരുമറിയുന്നില്ല. സ്വരൂപത്തെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നാണ് സംസാരവൃക്ഷം ഉണ്ടാകുന്നത്. ആത്മസാക്ഷാത്കാരം വരുമ്പോൾ ഇവ നശിക്കും. അതുകൊണ്ടാണ് ഇവയെ മുറിച്ചുമാററാൻ സാധിക്കുന്നത്. ആദ്ധ്യാത്മികത വേണമെന്നഗ്രഹമുള്ളവർ മനസ്സിനെ അന്തരാത്മാവിൽ ഉറപ്പിക്കണം. പ്രായോഗികതലത്തിൽ ഒരാൾക്കെങ്ങനെ പരമപദത്തെ പ്രപിക്കാമെന്നും ഗീതയിൽ വിവരിക്കുന്നു. മനസിനെ സാധാരണവിഷയങ്ങളിൽ നിന്നും മാററി ആദിപുരുഷനിലേക്കു തിരിക്കണം. ഈ അദ്ധ്യായത്തിൽ ആദിപുരുഷൻ ആരാണെന്നും മററും വിശദമായി വിവരിക്കുന്നു. മാനമോഹങ്ങളില്ലാതെ ആത്മതത്ത്വത്തെ നിരന്തര നിഷ്ടയോടുകൂടി സുഖദുഃഖങ്ങളിൽ നിന്നും മുക്തി നേടിക്കഴിഞ്ഞാൽ പരമപദം പ്രാപിക്കാം. ഇവിടെ പരമപദം പ്രാപിക്കാനുള്ള മാർഗ്ഗവും ലക്ഷ്യവും വിശദമായി പ്രതിപാദിക്കുന്നു. സ്വയം വിലയിരുത്താനും മററുള്ളവരേക്കുറിച്ചു ഒരു അവബോധം ഉണ്ടാക്കാനും കഴിഞ്ഞാൽ മാത്രമേ ശരിയായി ഒരു ധാരണയുണ്ടാക്കാൻ കഴിയുകയുള്ളൂ. എന്നാൽ മാത്രമേ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരി ക്കാൻ കഴിയുകയുള്ളൂ. അതുപോലെ തന്നെ വിഷയാസക്തിയിൽ മുഴുകിയവർ ആദ്ധ്യാത്മികതയുടെ അടിസ്ഥാനതത്ത്വം മനസ്സിലാക്കുന്നില്ല. നമ്മുടെ ബുദ്ധിയിൽ പ്രതിഫലിക്കുന്ന ആഗ്രഹങ്ങളെ നിയന്ത്രിച്ച് മനസ്സിനെ ശാന്തമാക്കണം. ചഞ്ചലമായ മനസ്സിന്റെ ആവശ്യങ്ങളെ നോക്കിക്കാണുന്നയാൾ ദുഃഖം അനുഭവിക്കുന്നു. ഇവയിൽനിന്നെല്ലാം വേറിട്ടുനിൽക്കുമ്പോൾ പരമപദം ലഭിക്കും. പരമപദം എന്താണെന്നുള്ള വിവരണം നോക്കാം.

ന തദ്ഭാസയതേ സൂര്യോ

ന ശശാങ്കോ ന പാവകഃ
യദ്ഗത്വാ ന നിവർത്തന്തേ
തദ്ധാമ പരമം മമ

അതിനെ സൂര്യനോ ചന്ദ്രനോ അഗ്നിയോ പ്രകാശിപ്പിക്കുന്നില്ല. അതു പ്രാപിച്ചുകഴിഞ്ഞാൽപിന്നെ തിരിച്ചു വരുന്നില്ല. അതത്രേ എന്റെ പരമപദം.

നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം വീണ്ടും ജനിക്കാതെ ബ്രഹ്മപദം പ്രാപിക്കണമെന്നാണ്. ഈപരമപദം നേടിയാൽ പിന്നെ പുനർജന്മമില്ല. എല്ലാ ഇന്ദ്രിയങ്ങളും പ്രവർത്തിക്കുമ്പോൾ ആ അവയവത്തിൽ അതിന്റേതായ കർത്തവ്യം കിട്ടുമെന്നതുപോലെ നമുക്കു നമ്മുടെ മനസ്സിലെ വികാരവിചാരങ്ങളെ അറിയാൻ കഴിയുന്നു. ആത്മജ്യോതിസിനെ പ്രകാശിപ്പിക്കാൻ സൂര്യനോ ചന്ദ്രനോ സാധിക്കില്ല. പക്ഷെ ഈ പ്രകാശത്തെ നമുക്കറിയാൻ കഴിയും. കഴിഞ്ഞ അദ്ധ്യായങ്ങളിൽ പറഞ്ഞതുപോലെ ദൃഷ്ടാവും ദൃശ്യവും ഒന്നല്ല. നമ്മൾ എങ്ങനെയാണെല്ലാം അറിയുന്നത്, അത് പരംപൊരുളിന്റെ അനുഗ്രഹത്താലല്ലേ? ഇവിടെ പറയുന്നത് തിരിച്ചുവരവില്ലാതെ എത്തിച്ചേരുന്നതാണ് പരമപദം. ഒരു മനുഷ്യൻ ജനിക്കുന്നു, മരിക്കുന്നു. ജനിച്ച അവസ്ഥയിൽ നാം ജീവനുണ്ടെന്നു പറയുന്നു. ഈ ജീവൻ പരമസത്യത്തിന്റെ ഒരു പ്രതിഛായയാണ്. ഈ ജീവൻ ശരീരത്തിൽനിന്നും വേർപെട്ടുപോകുമ്പോൾ മരണം സംഭവിക്കുന്നു. ഇങ്ങനെ വാസനകൾക്കനുസരിച്ച് ജനനമരണങ്ങൾ സംഭവിക്കുന്നു. പരമപദത്തിലെത്തിക്കഴിഞ്ഞാൽ പിന്നെ ജനനമരണങ്ങളില്ല. സൂര്യപ്രകാശത്തിൽ ചിലപ്പോൾ നാം നടക്കുമ്പോൾ നിഴലുണ്ടാകുന്നു. നമ്മൾ ചാടുകയോ തിരിയുകയോ ഒക്കെ ചെയ്യുമ്പോൾ നിഴലിനു വ്യതിയാനം സംഭവിക്കുന്നു, പക്ഷെ സൂര്യൻ അവടെത്തന്നെ നിഛലനായി നിൽക്കുന്നു. അതുപോലെ ശരീരത്തിലുണ്ടാകുന്ന ചൈതന്യം ശക്തി കൊടുക്കുന്നു. പക്ഷെ വിഭിന്നമായ പരംപൊരുൾ എപ്പോഴാണ് ഇന്ദ്രിയങ്ങളെ തന്നിലേക്കാകർഷിക്കുന്നത്.

ശരീരം യദവാപ്നോതി
യച്ചാപ്യുത്ക്രാമതീശ്വരഃ
ഗൃഹീത്വൈതാനി സംയാതി
വായുർഗന്ധാനിവാശയാത്

ഈശ്വരൻ ശരീരത്തെ പ്രാപിക്കുമ്പോഴും ത്യജിക്കുമ്പോഴും വായു ഇന്ദ്രിയങ്ങളേയും മററും കൊണ്ടു പോകുന്നു. എങ്ങനെയെന്നാൽ പൂവിൽനിന്നും ഗന്ധമെന്ന പോലെ.

ഒരു മനുഷ്യന് അവന്റെ സഹജവാസനകൾ ഉള്ളിടത്തോളം കാലം ജനനമരണങ്ങളിൽ മുഴുകുമെന്നു പറഞ്ഞുവല്ലോ. അപ്പോഴെല്ലാം അയാളിൽ ഇന്ദ്രിയങ്ങളും മനസ്സും ശരീരവും പ്രവർത്തിച്ചുകൊണ്ടേയിരിക്കും. ഇതിൽനിന്നും നിത്യചൈതന്യം എന്നെന്നേക്കുമായി പോകുമ്പോൾ ശരീരം നിശ്ചലമാകുന്നു. ഇതല്ലേ മരണം. ജീവൻ സൂക്ഷ്മശരീരത്തെ കൂടെക്കൊണ്ടു പോകുന്നതിനെ വ്യാസൻ ഉപമിച്ചിരിക്കുന്നത് വളരെ ലളിതവും ചിന്തോദ്ദീപകവുമായിട്ടാണ്. ഗന്ധമുള്ള പൂവിനെ എല്ലാവരും ഇഷ്ടപ്പെടും. പക്ഷെ ആ പൂവിൽനിന്നും ഗന്ധം പോയാൽ പിന്നെന്താണ്. മണമുള്ളപ്പോൾ വായുവിൽ അതു തങ്ങിനിൽക്കും. ഇവിടെ നമ്മൾ മനസ്സിലാക്കേണ്ടത് ജീവിച്ചിരിക്കുമ്പോൾ ഉണ്ടാക്കിയെടുക്കുന്ന മൂല്യങ്ങൾ ജീവൻ പോകുമ്പോൾ കൂടെ പോകും. അങ്ങനെ വരുമ്പോൾ ജഢമായ ശരീരത്തിലെ പരമാത്മബിംബമാണ് ജീവൻ. ഇന്ദ്രിയമനോബുദ്ധികളുടെ ചുമതലക്കാരനെ എന്ന നിലയിൽ ഈശ്വരൻ എന്നു പറയുന്നു. വീണ്ടും വ്യാസൻ സൂക്ഷ്മശരീരത്തെ സാധാരണക്കാരന്റെ ഭാഷയിൽ പറയുന്നു. ചെവി, കണ്ണ്, ത്വക്ക്, മൂക്ക്, മനസ്സ് ഈ ഇന്ദ്രിയങ്ങളിൽ അധിഷ്ഠിതമായി ആത്മാവ് വിഷയങ്ങളെ അനുഭവിക്കുന്നു. ജീവൻ മനസ്സിന്റെ സഹായത്തോടെ ഇന്ദ്രിയങ്ങൾ വഴി എല്ലാം അറിയുകയും അനുഭവിക്കുകയും ചെയ്യുന്നു. ഈ അനുഭവങ്ങളെല്ലാം ഇന്ദ്രിയങ്ങളിൽ നിന്നും വ്യത്യസ്തമാണ്. ഉദാഹരണത്തിന് ശബ്ദത്തെ അനുഭവപ്പെടുന്നവൻ അനുഭവപ്പെടുന്ന വസ്തുവിൽനിന്നും വ്യത്യസ്തനാണ്. സംഗീതക്കച്ചേരി കേൾക്കാൻ പോകുമ്പോൾ നാമെല്ലാം അതാസ്വദിക്കും. പക്ഷെ ഒരു നല്ല സംഗീതജ്ഞനു മാത്രമേ അതിന്റെ യഥാർത്ഥ ജ്ഞാനത്തിൽ ആസ്വദിക്കുവാൻ കഴിയുകയുള്ളൂ. നാമെല്ലാം ജീവിതത്തെ അവനവന്റെ വീക്ഷണകോണുകളി ൽ നിന്നും കാണുന്നു. പക്ഷെ ജ്ഞാനിക്കുമാത്രമേ ആത്മസാന്നിദ്ധ്യം കാണുവാൻ കഴിയുകയുള്ളൂ. എപ്പോഴും ആത്മചൈതന്യം ഒരാളിൽ പ്രകാശി ക്കുന്നു. പക്ഷെ അയാൾ അജ്ഞനായതുകൊണ്ട് തന്നിലുള്ള പ്രകാശത്തെ തിരിച്ചറിയുന്നില്ല. കാരണം പ്രപഞ്ചത്തിലെ സകല വിഷയങ്ങളിലും അയാൾ ആസക്തനാണ്. സൂക്ഷ്മതത്ത്വങ്ങളെ കാണാനുള്ള കഴിവയാൾക്കില്ല. എന്തുകൊണ്ടെന്നാൽ അയാൾ ആദ്ധ്യാത്മികസാധനകളൊന്നും തന്നെ അനുഷ്ഠിക്കുന്നില്ല. ഇന്ദ്രിയസംയമനം പാലിക്കുന്നവർക്കു മാത്രമേ ആത്മദർശനം ലഭിക്കുകയുള്ളൂ. ഭഗവാൻ പറയുന്നു :

യതന്തോ യോഗിനശ്ചൈനം
പശ്യന്ത്യാത്മന്യവസ്ഥിതം
യതന്തോ*f*പ്യകൃതാത്മാനോ
നൈനം പശ്യന്ത്യചേതസഃ

പ്രയത്നിക്കുന്ന യോഗികൾ തങ്ങളിൽ സ്ഥിതി ചെയ്യുന്ന ആത്മാവിനെ ദർശിക്കുന്നു. ആത്മപ്രതിഷ്ഠ സിദ്ധിച്ചിട്ടില്ലാത്ത ബുദ്ധിഹീനർ പ്രയത്നിച്ചാലും കാണുകയില്ല.

സാധകം അക്ഷീണം ചെയ്യുന്നവർ പരമാത്മാവിന്റെ രൂപത്തിൽ അവരവരുടെ ഉള്ളിൽതന്നെ കുടികൊള്ളുന്നതായി കാണുന്നു. എന്നാൽ അവിവേകികൾ കാണുന്നുമില്ല. സാധന വിജയം കാണണമെങ്കിൽ മനോശുദ്ധിയും ശരിയായ ആത്മവബോധവും വേണം. ആത്മാവ് എല്ലാത്തിനേയും പ്രകാശിപ്പിക്കുന്ന ചൈതന്യമാണ്.

യദാദിത്യഗതം തേജോ
ജഗത്ഭാസയതേ*f*ഖിലം
യച്ചന്ദ്രമസി യച്ചാഗ്നൗ
തത്തേജോ വിദ്ധി മാമകം

ലോകത്തെ പ്രകാശിപ്പിക്കുന്ന സൂര്യന്റെ തേജസ്സും ചന്ദ്രനിലേയും അഗ്നിയിലേയും തേജസ്സും എന്റേതാണെന്നറിഞ്ഞാലും.

സൂര്യന്റേയും ചന്ദ്രന്റേയും അഗ്നിയുടേയും പ്രകാശം പരമാത്മാവിന്റേതാണ്. ഇതു കൂടാതെ ലോകത്തിലെ നാനാത്വവും പരമാത്മാവദിന്റേതാണ്. ജീവജാലങ്ങളെ നിലനിർത്തുകയും സസ്യവർഗ്ഗങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യുന്നതും പരമാത്മാവാണ്. പ്രപഞ്ചോർജ്ജത്തിന്റെ മൂലസ്രോതസ്സും പരമാത്മാവാണ്. ജീവികളുടെ ജഠരാഗ്നിയായി വർത്തിക്കുന്നതും പരമാത്മാവാണ്. എല്ലാവരുടേയും ഹൃദയത്തിൽ താമസിക്കുകയും സ്മൃതിയും ജ്ഞാനവും എല്ലാ വേദങ്ങളിലും എല്ലാം ഞാനാണെന്നും വേദാന്തകർത്താവും വേദജ്ഞനും താനാണെന്നും ഭഗവാൻ പറയുന്നു. പ്രപഞ്ചത്തിൽ കാണുന്നതെല്ലാം പരമാത്മാവിന്റെ ശക്തിമൂലമാണ്. പരമാത്മാവിന്റെ പ്രഭാവം പറഞ്ഞതിനുശേഷം പരമാത്മാവിന്റെ സ്വരൂപത്തെക്കുറിച്ചിവിടെ വർണ്ണിക്കുന്നു.

ദ്വാവിമൗ പുരുഷൗ ലോകേ
ക്ഷമശ്ചാക്ഷമ ഏവ ച
ക്ഷമഃ സർവാണി ഭൂതാനി
കൂടസ്ഥോ*f*ക്ഷര ഉച്യതേ

ലോകത്തിൽ ക്ഷരമെന്നും അക്ഷരമെന്നും രണ്ട് പുരുഷന്മാരു്. ക്ഷരം നശിക്കുന്നത്, അക്ഷരം നശിക്കാത്തത്. ജീവാത്മാവ് അക്ഷരപുരുഷൻ. അക്ഷരപുരുഷൻ പൊതുഘടകം ആത്മാവ് അനശ്വരമായി നിൽക്കുന്നു. പരംപൊരുൾ ക്ഷരാക്ഷരങ്ങൾക്ക് അതീതമാണ്. ഏകത്വം മൂന്നായി കാണുന്നുവെന്നേയുള്ളൂ. പരംപൊരുളിനെയാണ് പുരുഷോത്തമൻ എന്നു വിളിക്കുന്നത്.

യസ്മാത് ക്ഷരമതീതോ*f*ഹം
അക്ഷരാദപി ചോത്തമഃ
അതോ*f*സ്മി ലോകേ വേദേ ച
പ്രഥിതഃ പുരുഷോത്തമഃ

ഞാൻ ക്ഷരപുരുഷനിലും അതീതനാണ്. അക്ഷരപുരുഷനിലും അതീതനാണ്. അതിനാൽ ഞാൻ പുരുഷോത്തമനാണ്. ക്ഷരവസ്തുക്കളെ പ്രകാശിപ്പിക്കുന്നതുകൊണ്ട് അക്ഷരപുരുഷനാണ്. പരമാത്മാവാണ് പുരുഷോത്തമൻ. പരമാത്മാവിനെ അറിയുന്നതുകൊണ്ടുള്ള പ്രയോജനം:

യോ മാമേവമസംമൂഢോ
ജാനാതി പുരുഷോത്തമം
സ സർവ്വവിദ് ഭജതി മാം
സർവ്വഭാവേന ഭാരത

ആരാണോ വ്യാമോഹരഹിതനായി എന്നെ പുരുഷോത്തമനായി കാണുന്നത് അയാൾ എന്നെ ഭജിക്കുന്നു. പരമാത്മാവിനെ തന്മയീഭാവത്തോടുകൂടി സാക്ഷാത്കരിക്കുന്നവൻ എന്നെ പ്രാപിക്കുകയും അയാൾശരിയായ ഭക്തനായി തീരുകയും ചെയ്യുന്നു. ഇങ്ങനെ ഈശ്വരസ്വരൂപം അർജ്ജുനനു മനസിലാക്കിക്കൊടുക്കുകയാണ് പുരുഷോത്തമയോഗം എന്ന അദ്ധ്യായത്തിലൂടെ നമുക്കു കാട്ടിതരുന്നത്.

ഇതി ഗുഹ്യതമം ശാസ്ത്രം
ഇദമുക്തം മയാനഘ
ഏതദ്ബുദ്ധ്വാ ബുദ്ധിമാൻ സ്യാത്
കൃതകൃത്യശ്ച ഭാരത

ഇപ്രകാരം അത്യന്തം രഹസ്യമായ തത്ത്വശാസ്ത്രം ഞാൻ നിനക്കുപദേശിച്ചു തരുന്നു. ഇതറിഞ്ഞാൽ ബുദ്ധിമാനും കൃതകൃത്യനുമായി ഭവിക്കും. പുരുഷോത്തമപദം ആരാണോ മനസ്സിലാക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നത് അയാൾ ജ്ഞാനിയും കൃതകൃത്യനുമായ തീരും. അതീവരഹസ്യമായി മനസിലാക്കേണ്ട പലതും ഈ അദ്ധ്യായത്തിൽ വിവരിക്കുന്നു. ഈ അറിവിനു മേലിലൊന്നു തന്നെയില്ല എന്നുള്ള സത്യം ഭഗവാൻ മനസിലാക്കിക്കൊടുക്കുന്നു. ഈ അദ്ധ്യായം ഇവിടെ അവസാനിക്കുന്നു.

********

# ആശാനും മലയാള കവിതയും

ഡോ. ശാന്തകുമാരി. ഫോൺ: 9495362735



ഒരുപാട് ഘട്ടങ്ങൾ തരണം ചെയ്താണ് മലയാളക്കവിത ഇന്നത്തെ അവസ്ഥയിലെത്തിയത്. ഇന്ന് വൃത്തമോ താളമോ അലങ്കാരമോ കാവ്യഭംഗിയോ പോലും കവിക്കാവശ്യമില്ല എന്നതാണ് അവസ്ഥ. എന്നാൽ കാവ്യനീതി കാത്ത് മലയാളക്കവിതയിൽ വഴിത്തിരിവുണ്ടാക്കി ഒട്ടേറെ കാവ്യങ്ങൾ രചിച്ച ആശാനെ ഒന്ന് തിരിഞ്ഞു നോക്കാതെ വയ്യ, വിശേഷിച്ചും ചിന്താവിഷ്ടയായ സീത എന്ന കാവ്യത്തിലൂടെ............

നെപ്പോളിയന്റെ പ്രസിദ്ധമായ ഒരു ചിത്രത്തെക്കുറിച്ച് സ്റ്റ്യുവർട്ടിന്റെ ഒരു നിരീക്ഷണമാണ് മൂർച്ചയുള്ള പരിഹാസം ചൊരിയുന്ന ഒന്ന്. ചിത്രത്തിന്റെ ബാഹ്യഭംഗികളെ വിവരിച്ചതിനുശേഷം ഈശ്വരാ, ഇതിനൊരു തലയുമുണ്ടല്ലോ എന്നദ്ദേഹം അത്ഭുതപ്പെടുന്നു. ഈ നിരീക്ഷണം മലയാള സാഹിത്യത്തിന്റെ കാവ്യപാരമ്പര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോഴും പ്രസക്തമാണ്. ഉക്തിവൈചിത്ര്യത്തിന്റെയും മേദുരമായ അലങ്കാരകല്പനകളുടെയും ആവർത്തനങ്ങൾക്ക് അപ്പുറം പോകുന്ന മൂല്യബോധമൊന്നും ആ പാരമ്പര്യത്തിൽ വിരിഞ്ഞില്ല. അതേ സമയം മുട്ടിന് മുട്ടിന് വിചിത്രഘടിതങ്ങളായ അലങ്കാരങ്ങൾ ചേർന്നാൽ കാവ്യത്തിന്റെ ആദർശം സാക്ഷാത്കൃതമായി എന്ന് മണിപ്രവാളത്തിന്റെ കളരിയിൽ പഠിച്ചിറങ്ങിയവർ സിദ്ധാന്തിച്ചു. പ്രതിജനഭിന്ന വിചിത്രമാർഗ്ഗമായ് മനുഷ്യജീവിതത്തെ ആവിഷ്കരിക്കുന്നതിനു പകരം സംസ്കൃതാലങ്കാരികന്മാരുടെ വിധി നിഷേധങ്ങളെ യാന്ത്രികമായി പരിപാലിച്ച് ജഡകല്പനകളുടെ ശ്മശാന ഭൂമിയായി കവിതയെ അവർ അധ:പ്പതിപ്പിച്ചു. സംസ്കൃതത്തിലുണ്ടായ രൂപമാതൃകകളെല്ലാം മലയാളത്തിലും പകർന്നു കിട്ടി. മുക്തകങ്ങൾ മഹാകാവ്യങ്ങൾ എല്ലാം. പക്ഷെ അവയുടെ ആത്മാവായ നിർജ്ജീവമായ ചട്ടകൂടാണ് അവർക്ക് സ്വീകാര്യമായത്. അതല്ലേ അനുകർത്താക്കൾക്ക് പറ്റൂ. ഏതു ജനതയുടെയും കലാപാരമ്പര്യത്തിന്റെ പേര് ആ ജനതയുടെ ഘനീഭൂതമായ അനുഭവങ്ങളുടെ അഗാധതലങ്ങളോളം പാഞ്ഞു ചെല്ലണം. അപ്പോഴാണ് പുതിയ അനുഭൂതികളുടെയും ജ്ഞാനവിജ്ഞാനങ്ങളുടെയും പ്രകാശമാർജ്ജിച്ച് പുതിയ പൂക്കൾ വിരിയിക്കാൻ അതിന് സാധിക്കുക. യൂറോപ്യൻ നവോത്ഥാനത്തിന്റെ സത്ഫലങ്ങളായി പ്രകീർത്തിക്കുന്ന കലാശില്പങ്ങൾക്ക് പ്രാചീനയവനകലയുടെ ഔന്നത്യം ലഭിക്കാതെ പോയത് പാരമ്പര്യത്തെ വിസ്മരിച്ചതുകൊണ്ടാണ്.

നമ്മുടെ സാഹിത്യത്തെ കുറിച്ചാലോചിക്കുമ്പോഴും ഇത് സത്യമാണെന്നു കാണാം. സംസ്കൃത സാഹിത്യത്തിന്റെ അന്തരീക്ഷവും ചൈതന്യവും ഉൾക്കൊള്ളുവാൻ കഴിയാതെ ബാഹ്യാംഗങ്ങൾ മാത്രം ഒപ്പിയെടുത്തതാണ് അതിന്റെ തകരാറ്. കേരളവർമ്മ ദേവന്റെ കാലം വരെ ഇതു തുടരുന്നതു കാണാം. നിയോക്ലാസ്സിക് ഫോർമലിസത്തിന്റെ ശക്തിയുറ്റ കരിങ്കൽ കോട്ടയായിരുന്നല്ലോ വലിയ കോയിത്തമ്പുരാൻ. ഈ ചൈതന്യസാഹിത്യത്തിന്റെ നടുവിൽ കൂടി തീവ്രാനുഭൂതിയുടെ ആലക്തിക ശക്തി കടന്നു പോയതിന്റെ കഥയാണ് കുമാരനാ

ശാൻ ഉദ്ധരിക്കുന്നത്. അദ്ദേഹത്തിന്റെ വീണപൂവ് മലയാളക്കവിതയിലെ ശ്രദ്ധേയമായ ഒരു വഴിത്തിരിവാണ്. പിന്നീട് കാല്പനികതയുടെ വസന്തകാലം തുടങ്ങുന്നു. കാല്പനിക കവിത അതിന്റെ മൗലിക സ്വഭാവത്തെ മുൻനിർത്തി നോക്കിയാൽ ആത്മനിഷ്ഠമായ കവിതയാണ്.

സാഹിത്യത്തിന്റെ 2 തരം മനോഭാവങ്ങൾ മാറി മാറി ആധിപത്യം പുലർത്താറുണ്ടെന്ന് എഡ്മ് വിത്സനെപ്പോലുള്ളവർ അഭിപ്രായപ്പെടുന്നു. ആത്മനിഷ്ഠ മനോഭാവം, വസ്തുനിഷ്ഠ മനോഭാവം കവി തന്റെ ഹൃദയഭാവങ്ങളുടെ വർണ്ണം കലർത്തി എന്തിനേയും അവതരിപ്പിക്കുമ്പോവാണ് അത്മനിഷ്ഠമായ കവിത ഉണ്ടാവുന്നത്. ഇത്തരം കവിതയെയാണ് നാം റോമാന്റിക് കവിത എന്നു വിളിക്കുന്നത്. നിർജ്ജീവമായ നിയമങ്ങളുടെ യാന്ത്രികത്വത്തിനെതിരായി ഉയരുന്ന പ്രക്ഷോഭ വാസനയിൽ നിന്നാണ് റൊമാന്റിസിസം ഉടലെടുത്തത്. തന്റെ ചുറ്റുപാടുമുള്ള ജീവിതത്തിന്റെ നേരെ രോക്ഷം കൊള്ളുന്നവരാണ് എല്ലാ റോമാന്റിക് കവികളും. ആ ജീവിതത്തിൽ അവർ അസംതൃപ്തരുമാണ്. ഏറെ വികാരലോലുപരായ ആ കവികൾ പരുഷമായ ജീവിത യാഥാർത്ഥ്യ ങ്ങളെ അഭിമുഖീകരിക്കാൻ കരുത്തില്ലാതെ തങ്ങളുടെ ആത്മഭാവങ്ങളുടെ വർണ്ണ കാന്തിയാർന്ന ഒരു പുതിയ ലോകം സൃഷ്ടിച്ച് അതിലേക്ക് രക്ഷപ്പെടാൻ ശ്രമിക്കുന്നു. 'മനം നോക്കി പ്രസ്ഥാനം' എന്ന് കേസരി ബാലകൃഷ്ണ പിള്ള റൊമാന്റിസിസത്തെ വിവരിക്കുന്നത് തികഞ്ഞ അർത്ഥബോധത്തോടു കൂടിയാണ്. അപ്രാപ്യമായതിനെ പ്രാപിക്കാനുള്ള തീരാത്ത അഭിലാഷവും ആശ്രമത്തിൽ പരാജയപ്പെടുമ്പോൾവേദനിക്കലും അവരുടെ സ്വഭാവമാണ്. അതുകൊണ്ട് ഏതു കാല്പനിക കവിതയിലും കവിയുടെ ജീവരക്തത്തിന്റെ ഊഷ്മളത കാണാം. ഈ പുസ്തകത്തെ തൊടുന്നയാൾ ഒരു മനുഷ്യനെയാണ് തൊടുന്നതെന്ന് പറഞ്ഞ നിരൂപകനെയാണ് ഓർക്കേണ്ടത്. ആശാന്റെ കവിത ഈ തത്ത്വത്തിന്റെ മഹിതമായ ഉദാഹരണമാണ്. സ്നേഹത്തിന്റെ വിധുരത ഹൃദയം അലിയിക്കുമാറ് പ്രകാശനം ചെയ്യുന്നതാണ് അദ്ദേഹത്തിന്റെ മുഖ്യ കൃതികളെല്ലാം തന്നെ.

ഈ പശ്ചാത്തലത്തിലാണ് കുമാരനാശാന്റെ സീതയെ പരിശോധിക്കേണ്ടത്. ആശാന്റെ സാഹിത്യ ജീവിതത്തിലെ ഏറ്റവും ധന്യമായ സൃഷ്ടി ഈ കൃതി തന്നെയാണ്. ചിന്താവിഷ്ടയായ സീതയെ വിമർശിച്ചാണ് മലയാളത്തിലെ ഏതു നിരൂപകനും തന്റെ കാവ്യാവബോധത്തെ വെളിപ്പെടുത്താൻ ശ്രമിച്ചിട്ടുള്ളത്. അങ്ങനെ പല വിമർശകന്മാരുടെയും വിലയിരുത്തലിന് വിധേയമായിട്ടുള്ളതുകൊണ്ട് വ്യത്യസ്തങ്ങളായ പല സിദ്ധാന്തങ്ങളുടെയും പ്രഭവ ഭൂമിയായി തീരാൻ ഇതിന് കഴിഞ്ഞിട്ടുണ്ട്. തപോവന വാസിനിയായ സീതയുടെ അന്തരാത്മാവിനെ വിമർശിച്ച ഭാവോജ്ജ്വലമായ മുഹൂർത്തത്തെ കണ്ടെത്താൻ കഴിഞ്ഞതാണ് ആശാന്റെ പ്രതിഭയുടെ വിജയം ഈ സന്ദർഭത്തിന്റെ ഔചിത്യമാണ് ഈ സൃഷ്ടിയുടെ ആകെ കലാമൂല്യത്തിന്റെ അടിസ്ഥാനം. എന്താണ് ഈ സന്ദർഭത്തിന്റെ സവിശേഷത?

തന്റെ പുത്രന്മാർ വാല്മീകി മഹർഷിയോടൊപ്പം അയോദ്ധ്യയിലേക്ക് പോയിരിക്കുകയാണ്. പോയത് രാമായണകഥ ശ്രീരാമനെ പാടി കേൾപ്പിക്കാനും. കാഞ്ചനസീതയെ വാർത്തുവെച്ച് അശ്വമേധയാഗം നടത്തുന്ന സമയം. ഇത്തരമൊരു സന്ദർഭത്തിൽ തീവ്രമായ ദു:ഖ ഭാരത്തിലൂടെ കടന്നു പോകുന്ന ഒരു മനുഷ്യജീവിയ്ക്ക് ഒന്നും ചിന്തിക്കാതിരിക്കാനാവില്ല. മാരാർ സൂചിപ്പിച്ചതുപോലെ നേരത്തെ 'അത്താഴമൂണും കഴിഞ്ഞ് ഉറങ്ങാനാവില്ല'. സീതയുടെ ജീവിതത്തിലെ ഒരു പ്രധാന ദിവസം ഉദ്യാനവാടിയിലെ ഏകാന്ത ശൂന്യതയിൽ അതിചിന്ത വഹിച്ച് അവളിരുന്നു. നിശ്ചലമായ ആ ഇരിപ്പ് ആശാൻ വർണ്ണിക്കുന്നുണ്ട്.

1. ഉടൽമൂടിയിരുന്നു നീ........ ഇരുണ്ട സുന്ദരി
2. ഒരു നോട്ടവുമെത്തി......... ഇളക്കമെന്നിയേ

ബാഹ്യമായ നോട്ടത്തിൽ നിശ്ചലമായിരുന്നെങ്കിലും സീതയുടെ അന്ത:കരണം ചിന്താ ശരങ്ങൾ കൊണ്ട് പിടയുകയായിരുന്നു. ജീവിതത്തിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങളെല്ലാം അവളുടെ മനസ്സിൽ ഉയർത്തെഴുന്നേറ്റു. തിരിഞ്ഞു നോട്ടം ആ ഹൃദയത്തെ കൂടുതൽ കൂടുതൽ അശാന്തമാക്കി. തനിക്കനുഭവിക്കാൻ കഴിഞ്ഞ സുഖങ്ങൾ പോലും ദുർവിധിയുടെ ദു:ഖഹാസങ്ങളായി സീത കണ്ടു. ദു:ഖത്തിന്റെ കൂരമ്പുകൾ ചുറ്റും. ശ്രീരാമന്റെ പ്രേമം പോലും ചിന്തയിലൂന്നാതെ പോകുന്നു. സ്വന്തം ഹൃദയം പ്രാക്കൾ വെടിഞ്ഞ കൂടുപോലെ ശൂന്യമാണ്. ഇങ്ങനെ ചിന്തിച്ചുപോകുന്ന സീതയ്ക്ക് ശ്രീരാമൻ തന്നോട് കാണിച്ച കടുംകയ്യിനെ കുറിച്ച് ആലോചിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഒരു വിധത്തിലും ന്യായീകരിക്കാത്ത പ്രവൃത്തിയല്ല അദ്ദേഹം ചെയ്തത്.

നരനീപാപമൊഴിപ്പതെങ്ങനെ? എന്ന് ഉത്തരമില്ലാത്ത ചോദ്യം അവളുന്നയിച്ചുവെന്നും അർത്ഥ

ധർമ്മമനുസരിച്ചോ രാജധർമ്മമനുസരിച്ചോ അല്ല ശ്രീരാമൻ തന്നെ ഉപേക്ഷിച്ചത് ! പൂച്ചയെ ചാക്കിൽ കെട്ടിപുഴ കടത്തി വിടും പോലെ തന്നോടൊരു വാക്കുപോലും പറയാതെയാണ് തന്റെ ഗർഭകാലാഗ്രഹത്തെ മുൻനിർത്തി ശ്രീരാമൻ ഉപേക്ഷിച്ചത്! ഏതു കുറ്റത്തിന്റെ ശിക്ഷയാണ് അതെന്നറിയില്ല. രാക്ഷസ രാജാവ് അവളുടെ ഉടൽ മോഹിച്ചതും അപഹരിച്ചു കൊണ്ടു പോയതും ഒരിക്കലും തന്റെ കുറ്റം കൊണ്ടല്ല. തനിക്കധീനമായിരുന്ന മനസ്സ് ഒരു നിമിഷം പോലും ശ്രീരാമനിൽ നിന്നും തെറ്റിയകന്നിട്ടില്ല. ഇക്കാര്യം ആരുടെ മുന്നിലും സത്യം ചെയ്യാൻ കഴിയും. അസൂയ നിറഞ്ഞ കെട്ട മനുഷ്യരുടെ വെറും വാക്കുകേട്ട് തന്റെ അകളങ്കിതമായ സ്നേഹത്തെ കുറിച്ച് ആലോചിക്കാതെ നിഷ്കരുണം ശ്രീരാമൻ തന്നെ ഉപേക്ഷിച്ചു കളഞ്ഞു. ഇങ്ങനെ ചെയ്യുവാൻ ഒരൊറ്റ കാരണമേ സീത കാണുന്നുള്ളൂ.

വിഭവോന്നതി.................. ഭവിയ്ക്കും.

സംശയത്തിന്റെ ബലത്തിന്മേൽ അപരാധി കളെപ്പോലും ശിക്ഷിക്കാത്തതാണ് ഉത്തമമായ ഭരണശാസ്ത്രം.

എന്നാൽ അഗ്നിപരീക്ഷയിൽപ്പോലും വിജയിച്ചു തന്നെ ദുരഹങ്കാരിയായ രാജാവ് നിർദ്ദാക്ഷിണ്യം കാട്ടിൽ ഉപേക്ഷിക്കുകയാണ് ചെയ്തത്. ഒരു നീതി ശാസ്ത്രത്തിനും ഇതിനെ നീതീകരിക്കാൻ കഴിയില്ല. തന്നെക്കുറിച്ച് ആളുകൾ പറഞ്ഞു പരത്തിയ മിത്ഥ്യാപവാദത്തെ ഉറപ്പിക്കുവാൻ മാത്രമേ ശ്രീരാമന്റെ പ്രവർത്തിക്കൊണ്ട് സാധിച്ചിട്ടുള്ളൂ. അതും ഏറ്റവും വലിയ കാപട്യത്തോടു കൂടി, ഗർഭവതിയായ തന്റെ ഒരാഗ്രഹത്തെ സാധിക്കുന്നു എന്ന വ്യാജത്തിലാണ് ഈ പ്രവർത്തി ചെയ്യാൻ ശ്രീരാമൻ മുതിർന്നത്. തന്റെ പ്രജയെ കൊല്ലുവാൻ ഉറുമ്പുപോലും സമ്മതിക്കില്ല. പക്ഷെ ജനപ്രതിനിധിയായ ശ്രീരാമൻ തന്റെ കുലാംഗനിയെ കൊടുങ്കാട്ടിൽ വലിച്ചെറിയുകയാണ് ചെയ്തത്. എന്തൊരു വൈപരീത്യമാണെന്ന് ഓർക്കുക. അനേകം യജ്ഞങ്ങളനുഷ്ഠിച്ചതിന്റെ ഫലമായി ഉണ്ടായ ദശരഥപുത്രൻ യാതൊരു മന ക്ലേശവും കൂടാതെ ഗർഭവതിയായ തന്റെ ഭാര്യയെ ഉപേക്ഷിച്ചു. ഇതിലെന്തു ഭർതൃധർമ്മമാണടങ്ങിയിരിക്കുന്നത്. ദണ്ഡകാരണ്യത്തിലെ വാസകാലത്ത് ലോലമായ മനോഭാവങ്ങൾ പ്രദർശിപ്പിച്ച ശ്രീരാമന്റെ ഹൃദയം ഇത്ര കടുത്തുപോയതെന്തുകൊണ്ടാണ്. സീതയുടെ മുമ്പിൽ ആ ഓർമ്മകൾ തെളിഞ്ഞു വന്നു. എല്ലാ ക്ലേശങ്ങളും മറന്ന് പരസ്പരം സ്നേഹിച്ച് ശിശുക്കളെപ്പോലെ ലീലകളാടി ജീവിച്ച ആ ദിനങ്ങളുടെ മധുരമായഓർമ്മകൾ !! എന്നാൽ ആ ഓർമ്മകൾ ഇന്ന് വ്രണിതമായ ഹൃദയത്തെ കൂടുതൽ നീറ്റുകയാണ്. മരണത്തിനുപോലും കീഴടക്കാൻ സാദ്ധ്യമല്ലാത്ത ദിവ്യമായ അനുരാഗത്തിന്റെ നിത്യദർശനമെന്ന് താൻ വിചാരിച്ചിരുന്ന ആ ദിനങ്ങൾ കൊഴിഞ്ഞു വീണു. എന്നിട്ടിപ്പോൾ എത്തിയിരിക്കുന്നത് അങ്ങേത്തലക്കലാണ്. തന്നോട് സ്നേഹമുണ്ടായിരുന്നെങ്കിൽ രാജ്യമുപേക്ഷിച്ച് കൂടെ പോരേണ്ടതായിരുന്നു താൻ ചെയ്തതുപോലെ. എന്നാൽ ശ്രീരാമൻ ചെയ്തത് തനിക്കു ലഭിച്ച രാജ്യ ലക്ഷ്മിയെ അഭിരമിപ്പിക്കുകയാണ് ചെയ്തത്.

ഇങ്ങനെ മൂർത്തവിമർശനങ്ങൾക്കൊണ്ട് ശ്രീരാമന്റെ മന:സ്സാക്ഷിയെ നൂറായി നൂറുക്കി കളയുന്ന സീത പിന്നെ തന്നിലേക്ക് തന്നെ തിരിയുകയാണ്. അവളുടെ അനിയന്ത്രിതമായ ചിന്താക്ളേശം ശാന്തമാവുകയാണ്. മാത്രവുമല്ല ശ്രീരാമനോടു തന്നെ ക്ഷമായാചനം ചെയ്യാൻ ആ സാധ്വി തയ്യാറാവുകയാണ്.

ക്ഷുഭിതേന്ദ്രിയ ഞാൻ...........ഭവൻ ക്ഷമിയ്ക്കുക

തന്നോട് കൃപാരഹിതമായി പെരുമാറിയവനെങ്കിലും പൗരുഷത്വത്തിന്റെ മഹിത മാതൃകയായി അവൾ ശ്രീരാമനെ കാണുന്നു. തന്റെ ജീവിതത്തിലെ ഈ ദു:ഖങ്ങൾക്കെല്ലാം കാരണം തന്റെ ജന്മാന്തര പാപമാവാം എന്നവൾ വിചാരിക്കുകയും ചെയ്തു. അനേകമാളുകളെ ദു:ഖത്തിലാഴ്ത്തിയ തന്റെ ജീവിതം നിന്ദ്യമാണ്. ഇങ്ങനെ തിരിഞ്ഞൊഴുകുന്ന സീതയുടെ വിചാരങ്ങളിൽ അവളുടെ മനസ്വിതയുടെ പ്രകാശം പരക്കുന്നതു കാണാം. ഒരു വ്യാഴവട്ടക്കാലത്തെ തപസ്സുമൂലം പാവനഹൃദയയായ സീത ജീവിതാഭിലാഷങ്ങളെല്ലാമുപേക്ഷിച്ച് അഭൗമമായ ഒരു മേഖലയിലേക്ക് പറന്നുയരുന്നു. ഈ ജന്മത്തിൽ താൻ ചെയ്യേണ്ടത് ചെയ്തിരിക്കുന്നു. ഇനി യാതൊന്നും ബാക്കിയില്ല. ഇങ്ങനെ ചിന്തിക്കുന്ന സീതയുടെ മുന്നിൽ ഭാവി സംഭവങ്ങൾ തെളിയുകയാണ്.

തെളിയുന്നു മനോഭവ........................

ജീവിതത്തിനോടു മുഴുവൻ അവൾ യാത്ര പറയുകയായി. തീക്ഷ്ണാനുഭവങ്ങളായ ദു:ഖാനുഭവങ്ങളെ താലോലിച്ച് അകന്ന് നിന്ന് കഴിയുന്ന കാലങ്ങളത്രയും ആശ്വാസത്തിന്റെ കിരണങ്ങൾ ചൊരിഞ്ഞ പ്രകൃതിയോട് അവൾ വിടവാങ്ങുന്നു. എന്നാൽ അടുത്ത നിമിഷം ഈ പ്രകൃതിയോട് ലയിച്ചു ചേരാൻ പോകുന്നതുകൊണ്ട് ഒന്നിനോടും യാത്ര

ചോദിയ്ക്കേണ്ടതില്ലെന്നും അവൾ വിചാരിക്കുന്നു. എന്നാൽ പ്രകൃതിയുടെ മടിത്തട്ടിൽ അമർന്നു കിടക്കുവാനല്ല അവൾ പോകുന്നത്. അപാരതയിലേക്ക് പറന്നുയരുന്നവളാണ്. അവിടെ ശാശ്വതാനന്ദത്തിന്റെ പ്രകാശം പ്രസരിപ്പിക്കുന്ന കനകതാരകമായി താൻ ഉയർന്നു നില്കും. അത്തരം ഉദാത്തമായ ഒരു മേഖലയിലേക്ക് ഉയരുമ്പോൾ ശ്രീരാമനെ തിരിഞ്ഞു നോക്കാൻ സീത മറക്കുന്നില്ല.

പ്രിയരാഘവ വന്ദനം.................

രുജയാൽ........ ഭജമാനൈക വിഭാവ്യ മിപ്പഥം

ചിന്താവിഷ്ടയായ സീതയിലെ വിചാരഗതിക്ക് രണ്ടു മുഖങ്ങളുണ്ടെന്ന് പ്രൊഫ. മുണ്ടശ്ശേരി അഭിപ്രായപ്പെടുന്നു. ശ്രീരാമവിമർശനാത്മകമായ മുഖവും ശ്രീരാമനെ ന്യായീകരിക്കുന്ന വശങ്ങളുമാണവ. ഈ രണ്ടു വശങ്ങളും അതീവ ഹൃദ്യമായി സമന്വയിപ്പിക്കാൻ കഴിഞ്ഞതാണ് ആശാന്റെ കവിതയുടെ ഔന്നത്യം. അത് സാധിച്ചതിലൂടെ വാല്മീകിയും കാളിദാസനും ചിത്രീകരിച്ച സീതയുടെ പരമമായ പ്രതീതി നിലനിർത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. മലയാളത്തിലെ കാല്പനിക കവിതയിലെ പരമോന്നത കൃതിയായി ഈ കാവ്യത്തെ ഗണിക്കുന്ന നിരൂപകന്മാരും ഇതു തന്നെയാണ് പ്രഖ്യാപിക്കുന്നത്. പ്രഖ്യാതങ്ങളായ ഇതിവൃത്തങ്ങൾ സ്വീകരിച്ച് കാവ്യരചന നിർവ്വഹിക്കുന്നത് ഭാരതീയ സാഹിത്യത്തിലെ വർണ്ണാശ്രമ ധർമ്മങ്ങളിലൊന്നാണെന്നും കുട്ടികൃഷ്ണമാരാർ എഴുതുന്നു. ഔചിത്യഭാസുരമായി ആ ധർമ്മം നിർവ്വഹിക്കുന്നത് സഹജമായ പ്രതിഭയുടെ സമ്പന്നത അനുഭവിക്കുന്നവർക്കു മാത്രം സാധിക്കുന്നതാണ്. ആ സമ്പന്നതയുടെ നിത്യനിദർശനമാണ് ചിന്താവിഷ്ടയായ സീത. സ്വന്തം പ്രതിഭയുടെ ഗരുഡപത്രങ്ങൾ വിടർത്തി മാനുഷികാനുഭൂതിയുടെ ചക്രവാള പരപ്പിലേക്ക് പറന്നുയരുന്ന ആശാന്റെ ഭാവന ഈ കൃതിയിലെമ്പാടും നിറഞ്ഞിരിക്കുന്നു.

**********

## 2021 ജൂലൈ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**രാഘവ മേനോൻ**
L/1459 മഞ്ജരി, 37/294, 52/467,
മുട്ടത്ത് റോഡ്, കൊച്ചി - 682020



**കെ.പി. ചന്ദ്രശേഖരൻ**
L/1514 സൗപർണ്ണിക, മുള്ളുരുത്തി ലെയ്ൻ,
വെണ്ണല. പി.. ഒ, ആലിൻചുവട്, കൊച്ചി - 682028



**കുമാരദാസ് മേനോൻ കേനാത്ത്**
L/3201, അമൃത്, 36/ 553, എ,
സെന്റ് ഫ്രാൻസിസ് സേവ്യർ
ചർച്ച് ക്രോസ്സ് റോഡ്,
എറണാകുളം - 682 018



**പൂതാംപ്പിള്ളി അമ്മിണികുട്ടിയമ്മ**
(പാർവ്വതി അമ്മ)
L/0740, പൂതാംപിള്ളിൽ ശ്രീവത്സം,
കുന്നൂര്, 22/367, എടക്കുളം,
ഇരിങ്ങാലകുട, തൃശ്ശൂർ



**ശാരദാമണി മുരളീധരൻ**
L/0870 ശാരദാ മന്ദിരം,
മനിക്കിരി ക്രോസ്സ് റോഡ്,
കൊച്ചി - 682 016

# ഡെങ്കിപ്പനി

ഡോ. പാർവ്വതി. കെ. എസ്



## ഡെങ്കിപ്പനി :

മഴ തുടങ്ങിയപ്പോൾ ഡെങ്കിപ്പനി നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലും പൊട്ടി പുറപ്പെട്ടു കഴിഞ്ഞു. അതിനാൽ ഡെങ്കിപ്പനിയുടെ വിശദാംശങ്ങളിലേക്ക് നമുക്കൊന്നു കടക്കാം.

എ.ഡി.992 ൽ ചൈനയിൽ നിന്നു ഡെങ്കിപ്പനിയുടെ ലക്ഷണങ്ങളോട് ഏറെ സാമ്യമുള്ള രോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും 1635 ൽ ഫ്രഞ്ച് വെസ്റ്റ് ഇൻഡീസിൽ പൊട്ടിപ്പുറപ്പെട്ട പകർച്ചവ്യാധിയാണ് ആദ്യമായി രേഖപ്പെടുത്തിയ ഡെങ്കിപ്പനി, 1779 ൽ അൽജബാർറ്റി, കെയ്റോയിലും അതേവർഷം തന്നെ ഡേവിഡ് ബയ്ലോൺ, ബറ്റാവിയ (ജക്കാർത്തയിലും) 1780 ൽ ബഞ്ചമിൻറുഷ്, ഫിലാഡെൽഫിയയിലും ഈ രോഗത്തെ സംബന്ധിച്ച് നടത്തിയ പഠനങ്ങൾ ഏറെ ശ്രദ്ധേയമാണ്. തുടർന്ന് ലോകത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും ഡെങ്കിപ്പനിയുടെ ലക്ഷണങ്ങളോട് ഏറെ സാമ്യം പുലർത്തുന്ന രോഗങ്ങൾ പകർച്ചവ്യാധിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നതായി രേഖപ്പെടുത്തിയിട്ട്. 18-ാം ശതകത്തിൽ കരീബിയയിലെ സ്പാനിഷ് സംസാരിക്കുന്ന ജനവിഭാഗങ്ങളിൽ ഈ പകർച്ചവ്യാധി ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെട്ടിരുന്നു.

രോഗികൾ കാലുകൾക്ക് വേദനയനുഭവപ്പെടാത്ത വിധത്തിൽ അടിവച്ചു നടക്കാൻ ശ്രദ്ധിക്കുന്നതുകൊണ്ടാണ് ആ അർത്ഥം വരുന്ന ഡെങ്ഗി എന്ന സ്പാനിഷ് പദം രോഗത്തിനു നൽകിയത്. ഇംഗ്ലീഷിൽ ഡാൻഡിഫീവർ എന്നും പറയുന്നു. ഡെംഗ, ഡംഗ, ബ്രേക്ക് ബോൺഫിവർ, സെവൻഡെ ഫീവർ അഥവാ ഏഴുദിനപനി, ബൊനോൻ ചാപ്പൻ നൊനാഡ ഹോമ ഗു എന്നീ വിവിധ പേരുകളിൽ ഈ രോഗം വിവിധ പ്രദേശങ്ങളിൽ അറിയപ്പെടുന്നു.

## രോഗാണുക്കൾ

ഫ്ളാവി വൈറിഡെ കുടുംബത്തിൽപ്പെട്ട ഫ്ളാവി വൈറസുകളാണ് രോഗാണുക്കളായി വർത്തിക്കുന്നത്. ഇവയുടെ 4 സീറോ ടൈപ്പുകളെ (ഡെങ്കി1, ഡെങ്കി 2, ഡെങ്കി 3, ഡെങ്കി 4) കണ്ടെത്തിയിട്ടുണ്ട്. ഏകദേശം 50 നാനോമീറ്റർ മാത്രം വലിപ്പമുള്ള ഏകശ്രേണിയിൽ റൈബോന്യൂക്ലിക് അമ്ലം അടങ്ങിയിട്ടുള്ള അതിസൂക്ഷ്മ വൈറസുകളാണ് ഇവ. ഫ്ളാവിവൈറസ് ജനുസ്സിൽ തന്നെ ജൈവപരമായ സവിശേഷതകൾകൊണ്ട് ഏറെ പ്രത്യേകതകൾ പുലർത്തുന്നവയാണ് ഡെങ്കിവൈറസ്സുകൾ. രോഗം ബാധിച്ച മനുഷ്യർ, രോഗാണുവാഹകരായ കൊതുകുകൾ എന്നിവയ്ക്കു പുറമെ ചിലയിനം കുരങ്ങുകളിലും ഇത്തരം വൈറസ്സുകളെ കണ്ടെത്തിയിട്ടുണ്ട്. ഡെങ്കിവൈറസ്സുകളുടെ ഒരു സീറോ ടൈപ്പുമൂലം ഉണ്ടാകുന്ന രോഗബാധ മനുഷ്യരിൽ ആ സാറോടൈപ്പിന് ആജീവനാന്ത പ്രതിരോധശക്തി സംജാതമാക്കുന്നു. എന്നാൽ ഇത് മറ്റു സീറോ ടൈപ്പുകൾക്കെതിരെ സംരക്ഷണമായി വർത്തിക്കുന്നില്ല. മറ്റൊരു സീറോടൈപ്പുമൂലം ഉണ്ടാകുന്ന രോഗബാധ ഗുരുതരമാകുന്നതും സാധാരണമാണ്.

## ഇനങ്ങൾ

ഡെങ്കിപ്പനി മൂന്നു തരം രോഗലക്ഷണങ്ങൾ ഉണ്ടാക്കാറുണ്ട്. സാധാരണ ഡെങ്കിപ്പനി (ക്ലാസിക് ഡെങ്കിഫീവർ), രക്തസ്രാവത്തോടെയുള്ള ഡെങ്കിപ്പനി (ഡെങ്കി ഹെമറേജിക ഫീവർ,) ആഘാതവസ്ഥയോടു കൂടിയ ഡെങ്കിപ്പനി (ഡെങ്കിഷോക്ക് സിൻഡ്രോം) എന്നിങ്ങനെയാണ് ഡെങ്കിപ്പനിയെ തരം തിരിച്ചിട്ടുള്ളത്.

## കൊതുകുകൾ

പുലികൊതുകുകൾ (ടൈഗർ മസ്കിറ്റോസ്) എന്ന് പൊതുവെ അറിയപ്പെടുന്ന 'ഈഡിസ് ഈജിപ്റ്റി' (Aedes Aegypti) കൊതുകുകളാണ് ഡെങ്കിപ്പനിയുടെ പ്രധാന രോഗാണു വാഹകർ. ഈഡിസ് ആൽബോപിക്റ്റസ്. എന്നയിനം കൊതുകുകളും രോഗവ്യാപനത്തിന് പ്രധാനപ്പെട്ട പങ്കു വഹിക്കുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈഡിസ് നിവിയസ് ഇനം കൊതുകുകൾ മലേഷ്യയിലും വിയറ്റ്നാമിലും ഡെങ്കിപ്പനി വ്യാപിപ്പിക്കുന്നു. ഈഡിസ് റോട്ടുമെ, ഈഡിസ് ഹൈബ്രിഡിയുസ്, ഈഡിസ് ഒബെ, ഈഡിസ് കുക്കി, ഈഡിസ് സ്യൂഡോസ്ക്കൂട്ടല്ലാരിസ്, ഈഡിസ് ഹാക്കൻസോണി എന്നി ഇനങ്ങളിലുള്ള കൊതുകുകൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ രോഗം വ്യാപിപ്പിക്കുന്നതായി കരുതുന്നു. ഇന്ത്യയിൽ ഈഡിസ് ഈജിപ്റ്റി, ഈഡിസ് ആൽബോപ്പിക്റ്റസ് എന്നീ കൊതുകുകളാണ് ഡെങ്കിപ്പനി പരത്തുന്നത്. പകൽ സമയത്ത് മാത്രം കടിക്കുന്ന സ്വഭാവം ഉള്ള ഇവയുടെ നിറം കറുപ്പും മൂന്നു ജോഡി കാലുകളിലും മുതുകിലും വെളുത്ത വരകളും ഉണ്ട്. ഇവയുടെ നിറവും വിട്ടുമാറാതെ കടിക്കുന്ന സ്വഭാവവും കാരണം ഇവയെ കടുവകൊതുകുകൾ എന്നും വിളിക്കുന്നു.

കേരളത്തിലെ എല്ലാ ജില്ലകളും കൊതുകുകളുടെ കേന്ദ്രങ്ങളാണെന്ന് പറയാം. മഴക്കാലമാകുന്നതോടെ (ഇടവിട്ടുള്ള മഴ) ഇത്തരം കൊതുകുകളുടെ എണ്ണത്തിലുള്ള വർദ്ധനവിനും രോഗവ്യാപനത്തിനും ആക്കം കൂട്ടുന്നു. ഗൃഹ/പരിസര സൂചിക, കൂത്താടികൾ ഉൾക്കൊള്ളുന്ന സ്രോതസ്സ് സൂചിക, സ്രോതസ്സ് ഗൃഹ-അനുപാതിക സൂചിക അഥവാ ബ്രിട്ടി സൂചിക എന്നിവ അടിസ്ഥാനമാക്കിയാണ് ഒരു പ്രദേശത്ത് രോഗവ്യാപനത്തിന്റെ സാധ്യത മനസ്സിലാക്കുന്നത്. ഒരു പ്രദേശത്തെ ഈഡിസ് കൊതുകുകളുടെ സാന്ദ്രത തിട്ടപ്പെടുത്താനും രോഗവ്യാപനത്തിനുള്ള സാധ്യത മുൻകൂട്ടി മനസ്സിലാക്കാനും കൊതുകു നിയന്ത്രണത്തിനും അതുവഴി രോഗനിർമാർജ്ജനത്തിനും വേണ്ട സത്വരനടപടികൾ കൈക്കൊള്ളുന്നതിനും ഈ സൂചികകൾ സഹായകമാണ്..

കേരളത്തിലാകമാനം കൂടുതൽ പേർക്ക് രോഗം ബാധിക്കുന്നതും ഈഡിസ് ആൽബോപി ക്റ്റസ് കൊതുകുകൾ രോഗവ്യാപനത്തിൽ മുഖ്യപങ്കു വഹിക്കുന്നതുമൂലമാണെന്ന് കരുതേണ്ടിയിരിക്കുന്നു. പകൽ സമയം രക്തപാനം നടത്തുന്ന ഈഡിസ് കൊതുകുകൾ രാത്രികാലങ്ങളിലാണ് മുട്ടയിടാൻ ഇഷ്ടപ്പെടുന്നത്. ഇവ ജലോപരിതലത്തിൽ മുട്ടയിടുന്നതിന് പകരം ജലം ഉൾക്കൊള്ളുന്ന പാത്രങ്ങളുടെ ജലപ്പരപ്പിനു തൊട്ടുമുകളിലുള്ള നനഞ്ഞ തലങ്ങളിലാണ് മുട്ടയിടുക. ഈയിനം കൊതുകുകളുടെ മുട്ടകൾ വെള്ളത്തിന്റെ അസാന്നിദ്ധ്യത്തിലും മാസങ്ങളോളം യാതൊരു കുഴപ്പമില്ലാതെ നിലനിൽക്കും. ഒരു പ്രാവശ്യമിടുന്ന മുട്ടകൾ ജലത്തിന്റെ ലഭ്യത അനുസരിച്ച് മാത്രം വിരിയുന്ന സ്വഭാവം ഇത്തരം കൊതുകുകളുടെ പ്രത്യേകതയാണ്. വരണ്ട കാലാവസ്ഥയെ അതിജീവിച്ച മുട്ടകൾ ഇടയ്ക്കിടെ വെള്ളത്തിൽ മുങ്ങിയിരിക്കുന്നത് വിരിയാനുള്ള പ്രചോദനം നൽകും. വീട്ടിനുള്ളിലോ സമീപത്തതോ വിശ്രമിക്കുന്ന ഇത്തരം കൊതുകുകൾ ശുദ്ധജലത്തിലാണ് മുട്ടയിടുന്നത്. ഇവ മഴവെള്ളം ഏറെ ഇഷ്ടപ്പെടുന്നു. കിണറുകളിലോ, കുളങ്ങളിലോ, പുഴകളിലോ, പാടത്തോ, ജലാശയങ്ങളിലോ ഈഡിസ് കൊതുകുകൾ ശുദ്ധജലത്തിലാണ് മുട്ടയിടുന്നത്. ഇവ മഴവെള്ളം ഏറെ ഇഷ്ടപ്പെടുന്നു. കിണറുകളിലോ, കുളങ്ങളിലോ, പുഴകളിലോ, പാടത്തോ, ജലാശയങ്ങളിലോ ഈഡിസ് കൊതുകുകൾ വംശവർദ്ധന നടത്തുന്നില്ല. നമ്മുടെ പരിസരത്തുള്ള പാത്രം, കുപ്പി, ചിരട്ട, ടയർ വീപ്പ, വാട്ടർ ടാങ്ക്, മൺചട്ടി, ആട്ടുകൽ, പൂച്ചട്ടി, വാട്ടർ കൂളർ, റബർ എടുക്കാൻ മരത്തിൽ പിടിപ്പിച്ചിരിക്കുന്ന ചിരട്ട അല്ലെങ്കിൽ പാത്രം തുടങ്ങിയവയിൽ ശേഖരിക്കപ്പെടുന്ന അൽപ്പം ജലത്തിൽപോലും ഇവ മുട്ടയിട്ട് പെരുകുന്നു. സിമന്റു മേൽക്കൂര മതിലിനു മുകളിൽ പിടിപ്പിച്ചിട്ടുള്ള കുപ്പിച്ചില്ലുകൾ, ഉപയോഗിക്കാത്ത സിമന്റു കട്ടകളിലെ കുഴികൾ, സിമന്റ് ടാങ്കുകൾ, മരപ്പൊത്തുകൾ, എന്നിവയിലുള്ള മഴവെള്ളത്തിൽ ഈയിനം കൊതുകുകൾ മുട്ടയിടുന്നു. രോഗാണുവാഹകരായ കൊതുകുകൾ ജീവിതകാലം മുഴുവൻ മനുഷ്യന് രോഗം പകർത്തുന്നു. ട്രാൻസ് ഓവേറിയൻ ട്രാൻസ്മിഷൻ എന്ന പ്രക്രിയയിലൂടെ മുട്ടകൾ വഴി തലമുറകളോളം രോഗാണുവാഹകശേഷി നിലനിർത്തുവാൻ ഇവയ്ക്കു കഴിയും. അതിനാൽ രോഗബാധിതരുടെ രക്തം കുടിക്കാതെ തന്നെ ഇവയ്ക്ക് രോഗാണുവാഹകരായി മാറാൻ കഴിയുന്നു. കൊതുകുകളുടെ എണ്ണം, അവയുടെ ആയുസ്സ്, ശരീരത്തിലെ രോഗാണുക്കളുടെ എണ്ണം എന്നിവയാണ് ഒരു പ്രദേശത്തെ ഈഡിസ് കൊ

തുകുകളുടെ രോഗവ്യാപനശേഷിയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഈഡിസ് കൊതുകുകൾക്ക് ഒരു സെക്കന്റിൽ 50 സെ.മി ദൂരം പറക്കാൻ കഴിയും. വീടുകളും മറ്റു കെട്ടിടങ്ങളും തിങ്ങി ഞെരുങ്ങിയ നഗരപ്രദേശങ്ങളിൽ ഇവയുടെ സഞ്ചാരം 100-400 മീറ്റർ വരെയാണ്. എന്നാൽ ഗതാഗതസൗകര്യങ്ങൾ വികസിച്ചതോടെ, വിമാനങ്ങൾ, കപ്പലുകൾ, ട്രെയിനുകൾ, മറ്റ് വാഹനങ്ങൾ എന്നിവയിലൂടെ സഞ്ചരിച്ച് വിദൂര ദേശങ്ങളിലെത്തി ഈയിനം കൊതുകുകൾ രോഗവ്യാപനം നടത്തുന്നതായി വ്യക്തമായിട്ടുണ്ട് .

## രോഗവ്യാപനം

ഡെങ്കിപ്പനി ബാധിച്ച രോഗിയിൽ നിന്നും ഈഡിസ് തരത്തിൽപ്പെട്ട പെൺകൊതുകുകൾ രക്തം കുടിക്കുന്നതോടെ രോഗാണുക്കളായ വൈറസ്സുകൾ കൊതുകിനുള്ളിൽ കടക്കുന്നു. 8-10 ദിവസങ്ങൾക്കുള്ളിൽ വൈറസ്സുകൾ കൊതുകിന്റെ ഉമനീർ ഗ്രന്ഥിയിൽ പ്രവേശിക്കുന്നു. ഈ കൊതുകുകൾ ആരോഗ്യമുള്ള ഒരാളിന്റെ രക്തം കുടിക്കുന്നതോടൊപ്പം രോഗാണുക്കളെ മുറിവിലൂടെ ശരീരത്തിനുള്ളിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു. രോഗാണുക്കൾ മനുഷ്യശരീരത്തിൽ എത്തി 3-14 ദിവസം കഴിയുമ്പോൾ (ശരാശരി 3-4 ദിവസം) പനി മുതലായ ലക്ഷണങ്ങൾ കണ്ടു തുടങ്ങുന്നു.

## രോഗലക്ഷണങ്ങൾ

പെട്ടെന്നുള്ള കഠിനമായ പനി, അസഹ്യമായ തലവേദന, നേത്രഗോളങ്ങളുടെ പിന്നിലെ വേദന, സന്ധികളിലും മാംസപേശികളിലും വേദന, വിശപ്പില്ലായ്മ, രുചിയില്ലായ്മ, മനംപുരട്ടലും, ഛർദ്ദിയും, തൊലിപ്പുറമെ ചുവന്ന തടിപ്പ് എന്നിവ സാധാരണ ഡെങ്കിപ്പനിയുടെ ലക്ഷണങ്ങളാണ്. കഠിനമായ പനിയും വിറയലും വൈകുന്നേരസമയങ്ങളിൽ കണ്ടു വരുന്നു. എല്ലു നുറുങ്ങുന്ന വേദന അനുഭവപ്പെടുന്നതുകൊണ്ട് ഈ രോഗം ബ്രേക്ക് ബോൺ ഫീവർ എന്ന പേരിലും അറിയപ്പെടുന്നു. മൂന്നു നാലു ദിവസത്തെ ശക്തമായ പനിക്കുശേഷം ഏതാനും നാൾ രോഗങ്ങൾ ഒന്നും തന്നെ ഇല്ലാതിരിക്കുകയും വീണ്ടും പനി പ്രത്യക്ഷപ്പെടുകയും ചെയ്യുക, ഈ രോഗത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇക്കാരണത്താൽ ഈ രോഗത്തിനു നാഡിൽബാഗ് സിൻഡ്രോം എന്നു പേരുണ്ട്.

## രോഗവ്യാപനം ഇന്ത്യയിൽ

ഇന്ത്യയിൽ 1813 ൽ ഡെങ്കിപ്പനിയുടെ ലക്ഷണങ്ങളോട് ഏറെ സാമ്യം പുലർത്തുന്ന പകർച്ചവ്യാധി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ഡാബിൻ എന്ന വൈദ്യശാസ്ത്രഗവേഷകൻ 1945 ൽ കൊൽക്കത്തയിൽ രോഗബാധിതരായ പട്ടാളക്കാരിൽ നിന്നും രോഗത്തിന്നാധാരമായ വൈറസ്സുകളെ വേർതിരിച്ചെടുത്തതോടെയാണ്. ഈ രോഗം ഇന്ത്യയിൽ ആദ്യമായി സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളത്.1960 നുശേഷം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഈ രോഗം ഒരു പകർച്ചവ്യാധിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും അനേകം ജീവൻ അപഹരിക്കുകയുമുണ്ടായി. 1996 ൽ ഡൽഹിയിൽ പുറപ്പെട്ട ഡെങ്കിപ്പനി, 10,252 പേരെ ബാധിക്കുകയും 423 പേരുടെ മരണത്തിന് കാരണമാകുകയും ചെയ്തു. ഇന്ത്യയിൽ റിപ്പോർട്ടു ചെയ്തിട്ടുള്ള ഡെങ്കിപ്പനി/രക്തസ്രാവത്തോടുകൂടിയ ഡെങ്കിപ്പനി ബാധിതരുടെ എണ്ണവും മരണനിരക്കും പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. കേരളം, കർണ്ണാടകം, തമിഴ്നാട്, ഒറീസ, ഗുജറാത്ത്, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, ഡൽഹി, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലും ഡെങ്കിപ്പനിയുടെ ഭീഷണി സർവ്വസാധാരണമാണ്.

## രോഗവ്യാപനം ആഗോളതലത്തിൽ

1827 മുതൽ കരീബീയൻ -ഗർഫ് അത്‌ലാന്റിക് പ്രദേശങ്ങളിൽ ഇത്തരം പകർച്ചവ്യാധി ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെട്ടിരുന്നെങ്കിലും 1941-42 ൽ പനാമയിൽ പ്രത്യക്ഷപ്പെട്ട പകർച്ച വ്യാധിയെ സംബന്ധിച്ചു പഠനത്തിലൂടെയാണ് രോഗത്തിന്നാധാരമായ വൈറസുകളെ കണ്ടെത്തിയത്. 1897 ൽ ക്യൂൻസ്ളാനിൽ (ആസ്ട്രേലിയ) രക്തസ്രാവത്തോടുകൂടിയതും, ഡെങ്കിപ്പനിയോട് ഏറെ സാമ്യമുള്ളതുമായ ഒരു പകർച്ചവ്യാധി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സമാനലക്ഷണങ്ങളോടു കൂടിയ രക്തസ്രാവരോഗം 1903 ൽ ഹവായിയിലും 1928 ൽ ഗ്രീസിലും 1931 ൽ തായ്‌വാനിലും രേഖപ്പെടുത്തിയിട്ടുള്ളതായി അറിയാം. ഏകദേശം 40 വർഷങ്ങൾക്കുമുമ്പ് തന്നെ കരീബിയയിലും തെക്കൻ അമേരിക്കയുടെ വടക്കൻ പ്രദേശങ്ങളിലും ഡെങ്കിപ്പനി വ്യാപിച്ചിരുന്നതായി റിപ്പോർട്ടുകളിൽകാണുന്നു. അരൂബ, ബാർബദോസ്, ബ്രസീൽ, കൊളംബിയ, ഡൊമിനിക്കൻ റിപ്പബ്ലിക്, എൽസാവഡോർ, ഫ്രഞ്ച് ഗയാന, ഗ്വാട്ടിമാല, ഗ്വാ



ട്രിലൂപ്പ്, ഗൊണൂറഡ്, ട്രനിഡാഡ്, ജമേക്ക, മെക്സിക്കോ, നികരാഗ്വ, ക്യൂബ, വെനിസ്വേല എന്നിവ ഡെങ്കിപ്പനി ഭീഷണി നേരിടുന്ന സ്ഥലങ്ങളാണ്. ഉഷ്ണമേഖലാ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന വടക്കൻ ആഫ്രിക്കയും കിഴക്കൻ മെഡിറ്ററേനിയൻ പ്രദേശങ്ങളും ഡെങ്കിപ്പനിയുടെ ആക്രമത്തിനു വിധേയമാകുന്ന സ്ഥലങ്ങളാണ്. അംഗോള, ബുർകിനഫാസോ, കൊമറോസ്, ജിബൂട്ടി, എത്യോപ്യ, ഗയാന, ഗിനിയ, കെനിയ, മഡഗാസ്കർ, മൊറീഷ്യസ്, മൊസാമ്പിക്, നൈജീരിയ, പാകിസ്ഥാൻ, സൗദി അറേബ്യ, സെനഗൽ, സേബൽസ്, സൊമാലിയ, സുഡാൻ, യുണൈറ്റഡ് റിപ്പബ്ലിക് ഓഫ് താൻസാനിയ എന്നിവിടങ്ങളിൽ 1967 മുതൽ ഡെങ്കിപ്പനി വൻദുരിതം വിതച്ചു കൊണ്ടിരിക്കുന്നു. സിംഗപ്പൂർ, കംബോഡിയ, ചൈന, ലാവോസ്, മലേഷ്യ, ന്യൂകാലഡോണിയ, പാലൊ, ഫിലിപ്പീൻസ്, തഹീതി, വിയറ്റ്നാം, ഫിജി തുടങ്ങിയ പടിഞ്ഞാറൻ പസഫിക് രാജ്യങ്ങളും ഇന്ത്യ, ഇന്തോനേഷ്യ, മാലിദ്വീപുകൾ, മ്യാൻമാർ, ശ്രീലങ്ക, തായ്‌ലൻഡ് തുടങ്ങിയ തെക്ക് കിഴക്കൻ രാജ്യങ്ങളും ഡെങ്കിപ്പനി നേരിടുന്ന പ്രദേശങ്ങളാണ്.

## രക്തപരിശോധന

1. Dengue NS1 Antigen
2. Immunoglobulin M (IgM)
3. Immunoglobulin G (IgG)
4. Platelet Count

1. NS1 Antigen Test ( NS1 ആന്റിജൻ ടെസ്റ്റ് പനി തുടങ്ങി ഒന്നാം ദിവസം തന്നെ ഡെങ്കി ഉള്ളവരിൽ ഈ പരിശോധന പോസിറ്റീവ് ആകാം. എങ്കിലും പനി ഉണ്ടായി ആദ്യദിവസങ്ങളിൽ തന്നെ ഈ ടെസ്റ്റ് ചെയ്ത് അറിയുന്നത് കൊണ്ട് കൂടുതൽ ഗുണങ്ങൾ ഇല്ല എന്ന് പറയാം. കാരണം ആകെ ഉള്ള പനികളിൽ ചെറിയ ഒരു ശതമാനം വരെയേ ഡെങ്കിപ്പനിയുള്ളൂ. രണ്ടോ മൂന്നോ ദിവസം കാത്തിരുന്നാൽ ലക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തിതന്നെ ഡെങ്കിപ്പനിയുടെ സാധ്യത വിലയിരുത്താവുന്നതാണ്. അപ്പോൾ ടെസ്റ്റ് നടത്താവുന്നതാണ്. രക്തത്തിൽ ഈ ആന്റിജന്റെ സാന്നിദ്ധ്യം ഒരാഴ്ചവരെ ഉണ്ടാകാം.

2. രണ്ടാമത്തെ പരിശോധന ഡെങ്കി ആന്റിബോഡി ടെസ്റ്റാണ്. പനിക്കാലത്തു നമ്മൾ കൂടുതൽ ഉപയോഗിക്കുന്നത് ഡെങ്കി IgM പരിശോധനയാണ്. പനി തുടങ്ങി അഞ്ചു ദിവസത്തിനു ശേഷമേ ഇത് പൊസിറ്റീവ് ആകുകയുള്ളൂ. ഏകദേശം ആഴ്ചകളോളം പോസിറ്റീവായി നിൽക്കുകയും ചെയ്യും. ഈ പരിശോധനയും ഡെങ്കിയാണോ എന്ന് ഉറപ്പിക്കാവുന്നതാണ്.

## പ്ലേറ്റ്‌ലെറ്റ് കൗണ്ട്

മൂന്നു തരം കോശങ്ങൾ, പ്രോട്ടീൻ സമ്പുഷ്ടമായ പ്ലാസ്മ എന്ന ദ്രാവകത്തിലൊഴുകുന്ന മിശ്രിതമാണ് രക്തം. ചുവന്ന രക്താണുക്കൾ, ശ്വേതരക്താണുക്കൾ എന്നിവ കൂടാതെ മൂന്നാമത്തെ രക്തകോശമാണ് പ്ലേറ്റ്‌ലറ്റുകൾ മജ്ജയിൽ നിന്ന് രൂപം കൊള്ളുന്ന ഇവ രക്തത്തിന്റെ ഭാഗമായി മാറുന്നു.

പ്ലേറ്റ്‌ലെറ്റുകളുടെ ധർമ്മം മുറിവുകൾ ഉണ്ടാകുമ്പോൾ രക്തം കട്ട പിടിക്കാൻ സഹായിക്കുക എന്നതാണ്. മുറിവുണ്ടാകുന്ന ഭാഗത്ത് ഇവ പോയി പറ്റിപ്പിടിച്ചു വലപോലെ ഒരു മതിൽ തീർക്കും. രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്രോട്ടീനുകൾ ഈ വലയിൽ വന്ന് അടിയും. അങ്ങനെ പതിയെ ഈ വലയിലെ സുഷിരങ്ങൾ അടഞ്ഞ് രക്തസ്രാവം നിലയ്ക്കും. ഇപ്രകാരം പ്ലേറ്റ്‌ലെറ്റുകളോടൊപ്പം മറ്റു ഘടകങ്ങളും ചേർന്നാലേ ബ്ലീഡിങ് നിൽക്കൂ.

പഴക്കം ചെന്ന പ്ലേറ്റ്‌ലെറ്റുകൾ പ്ലീഹയിൽ നശിപ്പിക്കപ്പെടുകയും അതിനനുസരിച്ച് മജ്ജയിൽ നിന്ന് പുതിയവ ഉണ്ടാകുകയും ചെയ്യുന്നത് വഴിയാണ് ഇവയുടെ എണ്ണം ക്രമീകരിക്കുന്നത്. ഡെങ്കി ഉള്ളവരിൽ വൈറസ്സിന്റെ അന്റിജനുകളുടെ പ്രവർത്തനഫലമായി ഈ നശീകരണത്തിന്റെ തോത് കൂടുന്നു.

വൈറസ്സിന് നേരിട്ട് മജ്ജയുടെ പ്രവർത്തനം മന്ദീഭവിപ്പിക്കാൻ കഴിയുന്നതിനാൽ ആവശ്യത്തിനുള്ള എണ്ണം പുതിയ പ്ലേറ്റ്‌ലെറ്റുകൾ ഉണ്ടാകുന്നില്ല. കൂടിയ തോതിലെ നശീകരണവും കുറഞ്ഞ

ഉല്പാദനവും എണ്ണം കുറയാൻ കാരണമാകുന്നു.

നോർമൽ പ്ലേറ്റ്ലെറ്റ് കൗണ്ട് ഉള്ളവരിലും ഗുരുതരമായി ഡെങ്കി ഉണ്ടാകാം. ഇതിനു കാരണമായി പറയുന്നത് ആരോഗ്യമുള്ള പ്ലേറ്റ്ലെറ്റുകളുടെ പ്രവർത്തനം താറുമാറാക്കാനുള്ള വൈറസിന്റെ കഴിവാണ്. ചിലപ്പോൾ നോർമൽ കൗണ്ട് ആണെങ്കിലും പ്രവർത്തനക്ഷമമായവ കുറവായി രിക്കും. അത്തരം അവസ്ഥയിലും രക്തസ്രാവം പോലെയുള്ള ഗുരുതരാവസ്ഥകൾ ഉണ്ടാകാം.

## COMPICATIONS

### ഷോക്ക് (SHOCK)

രക്തചംക്രമണ വ്യവസ്ഥയിൽ ഉണ്ടാകുന്ന തകരാർ മൂലം ഷോക്ക് എന്ന അവസ്ഥ ഉണ്ടാകുന്നു. ശരീരത്തിലെ രക്തത്തിന്റെ അളവ് കുറഞ്ഞു കോശങ്ങൾക്ക് ആവശ്യമായ രക്തചംക്രമണം സാധ്യമാവാത്ത അവസ്ഥയാണ് ഷോക്ക്.

നമ്മുടെ കോശങ്ങൾക്ക് രക്തവും മറ്റു പോഷകങ്ങളും ലഭിക്കുന്നത് രക്തക്കുഴലിലെ കാപ്പിലറീസ് വഴിയാണ്. ഇവയുടെ ഭിത്തിയിലുള്ള ചെറിയ സുഷിരങ്ങൾ വഴി പോഷകങ്ങളും മറ്റും കോശങ്ങളുമായി കൈമാറ്റം ചെയ്യപ്പെടുന്നു. എന്നാൽ രക്തത്തിലെ വലിയ കോശങ്ങൾക്കും ആൽബുമിൻ പോലത്തെ പ്രോട്ടീനുകൾക്കും ഈ സുഷിരങ്ങളിലൂടെ പുറത്തു പോകാൻ സാധിക്കില്ല. ഡെങ്കി ഉള്ളവരിൽ വൈറസിന്റെ പ്രോട്ടീനുകൾക്ക് എതിരെ ഉള്ള പ്രതിപ്രവർത്തനഫലമായി കാപ്പില്ലറീസ് വഴിയുള്ള ചോർച്ച കൂടും. രക്തത്തിലെ ആൽബുമിനും ഒപ്പം പ്ലാസ്മയും പുറത്തേക്ക് പോകുന്നതുവഴി രക്തത്തിന്റെ അളവ് ക്രമാതീതമായി കുറയുകയയും ഷോക്കിനു കാരണമാകുകയും ചെയ്യുന്നു. പ്രധാന മരണകാരണം ഷോക്കാണ്. രക്തസ്രാവം

വളരെ പെട്ടെന്നുള്ള ആന്തരിക രക്തസ്രാവം മരണകാരണമാകാം. എന്നാൽ ഇങ്ങനെ ആന്തരിക രക്തസ്രാവം ഉണ്ടാകാൻ സാധ്യത ഏറുന്നത് രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് 20000 ത്തിൽ താഴെ ആകുമ്പോഴും പ്രവർത്തനക്ഷമതയുള്ള കോശങ്ങളുടെ എണ്ണം 3000 ത്തിൽ താഴെയാകുമ്പോഴുമൊക്കെയാണ്. ഇതിനോടൊപ്പം കരൾ ഉൽപാദിപ്പിക്കുന്ന രക്തം കട്ടപിടിക്കാൻ സഹായിക്കുന്ന പ്രോട്ടീനുകൾ കുറയുകയും ചെയ്യുമ്പോഴാണ് പെട്ടെന്ന് ബ്ലീഡിങ് ഉണ്ടാകുന്നത്. ഡെങ്കി ഉള്ളവരിൽ ഇത്തരം അവസ്ഥ വളരെ വിരളമാണ്. പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞതുകൊണ്ട് മാത്രം രക്തസ്രാവം ഉണ്ടാവണമെന്നില്ല.

തലച്ചോറിലെ നീർക്കെട്ടും രക്തസ്രാവവും കരളിന്റെ പ്രവർത്തനം കുറയുന്നത് പാൻക്രിയാസിനുള്ള നീർക്കെട്ട് ഇവയാണ് മരണത്തിനുള്ള മറ്റു കാരണങ്ങൾ.

## PREVENTIVE MEASURES

കൊതുകിനെ പ്രതിരോധിക്കുകയാണ് വഴി. കൊതുക് മുട്ടയിടാവുന്ന ചെറിയ വെള്ളക്കെട്ടുകൾ ഒഴിവാക്കുക, കൊതുകുവല ഉപയോഗിക്കുക. രോഗം ബാധിച്ചവരെ കൊതുകുവലയ്ക്കുള്ളിൽ കിടത്തി ചികിത്സിക്കുന്നത്, ഇവരിൽ നിന്നും രക്തപാനം നടത്തി കൊതുകുകൾ രോഗാണുവാഹകരായി മാറുന്നത് തടയും. കൊതുകുവല, കൊതുകു കടക്കാത്ത സ്ക്രീനുകൾ, മനുഷ്യർക്ക് ഹാനികരമല്ലാത്ത കൊതുകു തിരികൾ തുടങ്ങിയവ വ്യക്തിഗത സംരക്ഷണമാർഗ്ഗങ്ങളാണ്. സമഗ്രമായ കൊതുകു നശീകരണവും കൊതുകുകളുടെ പ്രജനനസ്ഥലങ്ങൾ ഇല്ലാതാക്കുകയും ആണ് ഡെങ്കിപ്പനി നിയന്ത്രണത്തിനുള്ള ഏക പോംവഴി. ഉപയോഗശൂന്യമായി വെളിയിൽ കളയുന്ന പ്ലാസ്റ്റിക് പാത്രങ്ങൾ, ടിന്നുകൾ, ചിരട്ടകൾ തുടങ്ങിയവയിലും മരപ്പൊത്തുകളിലും പാത്രകഷ്ണങ്ങളിലും മറ്റും കെട്ടിനിൽന്നക്കുന്ന വെള്ളത്തിൽ പെരുകുവാൻ ഇഷ്ടപ്പെടുന്ന ഇത്തരം കൊതുകുകളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് ഇത്തരം സ്രോതസ്സുകൾ നശിപ്പിക്കുകയാണ് ഫലപ്രദമായ മാർഗ്ഗം. കീടനാശിനിയുടെ പ്രയോഗം, ധൂപനം, ജൈവിക നിയന്ത്രണങ്ങൾ എന്നിവ കൂത്താടി നശിപ്പിക്കുന്നതിന് പ്രയോജനപ്രദമാണ്.

********

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക: 0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

# ആശയവിനിമയം

ഡോ. കെ.ഹരിഹരൻ ഫോൺ: 9847313322

ആശയവിനിമയം അഥവാ കമ്മ്യൂണിക്കേഷൻ വ്യക്തിത്വത്തിന്റെ മുഖമുദ്രയാണ്. കമ്മ്യൂണിക്കേഷൻ എന്ന വാക്കിന്റെ അർത്ഥം പങ്കാളിയാകുക എന്നാണ്. അറിവുകൊടുക്കുക, വിവരം എത്തിക്കുക/അറിയിക്കുക, ആശയ വിനിമയം നടത്തുക, സമ്പർക്കം പുലർത്തുക, ബന്ധപ്പെടുക, വെളിപ്പെടുത്തുക, സംഭാഷണം നടത്തുക എന്നിങ്ങനെയെല്ലാം അർത്ഥമാക്കുന്നതാണ്. കമ്മ്യൂണിക്കേഷൻ എന്ന വാക്ക്. വാക്കുകൾ, എഴുത്തുകൾ, അടയാളങ്ങൾ, ശരീരഭാഷകൾ, സ്പർശനം എന്നിവയെല്ലാം ആശയവിനിമയം നടത്തുന്നതിന് സഹായിക്കുന്ന ഉപാധികളാണ്. നാക്കിന്റെ രുചിപോലും ഇതിൽ ഉൾപ്പെടും. അതേപോലെ മനുഷ്യന്റെ വിചാരങ്ങളും വികാരങ്ങളും സന്ദേശങ്ങളും അറിയിപ്പുകളും എല്ലാം കമ്മ്യൂണിക്കേഷന്റെ ഭാഗമായി വരും.

ഈശ്വരൻ മനുഷ്യർക്ക് നൽകിയിട്ടുള്ള ഒരു വരദാനമാണ് വശ്യമായ രീതിയിലുള്ള ആശയവിനിമയം. വ്യക്തിബന്ധങ്ങൾ നിലനിർത്തുവാനും ദൃഢമാക്കുന്നതിനും ആശയ വിനിമയം അഥവാ സംഭാഷണം വലിയ പങ്കു വഹിക്കുന്നു. ഒരാളുടെ സംഭാഷണശൈലി അയാളുടെ വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു. നല്ല വ്യക്തിത്വമുള്ള ഒരാളുടെ ധാർമ്മിക ബോധം, ജീവിത ദർശനം എന്നിവയെല്ലാം അയാളുമായുള്ള ആശയ വിനിമയത്തിൽ പ്രതിഫലിക്കാതിരിക്കില്ല.

ചിലരുടെസംഭാഷണ ചാതുര്യത്തെക്കുറിച്ച് പലരും പ്രശംസിക്കുന്നത് കാണാറുണ്ടല്ലോ. എന്തുകൊണ്ടാണ് ആ സംഭാഷണം നമ്മെ ആകർഷിക്കുന്നത്? വാചക കസർത്തു മാത്രമാണെങ്കിൽ കുറെ കഴിയുമ്പോൾ നമുക്ക് വിരക്തിയും വിരസതയും അനുഭവപ്പെടും. നല്ലപോലെ ചിന്തിച്ച് ഉചിതമായ ഭാഷയിൽ ആത്മാർത്ഥതയോടെ ഉരുവിടുന്ന വാക്കുകൾ എപ്പോഴായിരുന്നാലും കേൾക്കുന്ന ആളുകളെ ആകർഷിക്കാതിരിക്കില്ല. മൗനവും മൗനത്തിനു ശേഷമുള്ള വാക്കുകളും ബുദ്ധിമാന്മാരുടെ ലക്ഷണമാണ്. ആശയവിനിമയം ഹൃദ്യവും ആകർഷകവും ആക്കുന്നതിന് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. കുടുംബ സാഹചര്യങ്ങളിൽ ആയാലും മറ്റു രംഗങ്ങളിലായാലും അവ പരിഗണിക്കപ്പെടാമെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ ഒഴിവാക്കാം. ഇതിൽ പരമപ്രധാനമാണ് മറ്റുള്ളവർ സംസാരിക്കുമ്പോൾ ശ്രദ്ധയോടെ കേൾക്കുക എന്നത്. പക്ഷെ പലപ്പോഴും നമ്മുടെ അഭിപ്രായങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കും. ഒരാൾ സംസാരിക്കുമ്പോൾ വളരെ ആത്മാർത്ഥതയോടെ അയാളുടെ സംഭാഷണത്തിൽ നാം ശ്രദ്ധിച്ചിരുന്നാൽ അയാൾക്ക് നമ്മിൽ വിശ്വാസമുണ്ടാകും തന്നെയുമല്ല അയാളുടെ സംഭാഷണത്തിൽ നിന്നും കഴമ്പുള്ള പല കാര്യങ്ങളും നമുക്ക് സ്വീകരിക്കാനാകും. ചില അറിവുകൾ ശേഖരിക്കുവാനെങ്കിലും ശ്രദ്ധയോടെയുള്ള ശ്രവണം നമ്മെ സഹായിക്കും. നിങ്ങൾ ഒരു നല്ല കേൾവിക്കാരനാണെങ്കിൽ നിങ്ങളുടെ ഭാവം കൊണ്ടും പെരുമാറ്റം കൊണ്ടും അയാളുടെ സംഭാഷണത്തിൽ താല്പര്യം പ്രദർശിപ്പിക്കണം. അതിന് ശരീരഭാഷ വളരെയധികം സഹായിക്കും. മുഖഭാവം ശിരസ്സിന്റെ ചലനം, കൈകളിലൂടെയുള്ള ആംഗ്യം, കണ്ണുകളിലെ തിളക്കം, ശരി-മനസ്സിലായി എന്നിങ്ങനെയുള്ള പ്രതികരണങ്ങൾ എല്ലാം ഒരാളുടെ സംഭാഷണത്തെ പ്രോത്സാഹിപ്പിക്കാൻ സഹായകമാകും. സംഭാഷണത്തിനിടയിൽ യുക്തവും പ്രസക്തവുമായ ചില ചോദ്യങ്ങൾ ഉന്നയിക്കുന്നതും സംഭാഷണ പുരോഗതിയെ സഹായിക്കും. എന്നാൽ ആ വക ചോദ്യങ്ങൾ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തിയെ ചൊടിപ്പിക്കുന്നവയാകാൻ പാടില്ല. വ്യക്തമാകാത്ത കാര്യങ്ങൾ വ്യക്തമാക്കി കിട്ടുവാനും ചില ചോദ്യങ്ങൾ ഉപയോഗിക്കാം. അനുയോജ്യവും സാന്ദർഭികവുമായ ചോദ്യങ്ങളാണ് സംഭാഷണം സജീവമാക്കുന്നത്.

സംഭാഷണം സംവാദമായി തീരാതെ സൂ

ക്ഷിക്കേണ്ടതാണ്. ആശയവിനിമയം എപ്പോഴും സൗഹൃദത്തിന്റെ അന്തരീക്ഷത്തിലായിരിക്കണം. പരസ്പരബഹുമാനമുള്ള അന്തരീക്ഷത്തിൽ മാത്രമെ സൗഹൃദ സംഭാഷണങ്ങളുണ്ടാകൂ. സൗഹൃദസംഭാഷണത്തിൽ രണ്ടുപേരും പങ്കാളികളാണ്. സംഭാഷണത്തിലുടനീളം അവിടവിടെയായി ആത്മസംയമനത്തിനും ആത്മപരിപോഷണത്തിനും മൗനത്തിനും ഇടമുണ്ടെന്ന് തിരിച്ചറിയുക. ശ്രോതാവിന് ആ വിഷയത്തിൽ താല്പര്യമില്ലെങ്കിൽ സൗമ്യതയോടെ സംഭാഷകനെ ധരിപ്പിച്ച് മറ്റു വിഷയങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു വിടാവുന്നതാണ്. അങ്ങനെ നമ്മുടെ സാധാരണ ജീവിതത്തിന് സംസാരശക്തി ഒരു സുന്ദര കലയാക്കി മാറ്റിയാൽ നാം മറ്റുള്ളവരുടെ മനസ്സിൽ സ്ഥാനം പിടിക്കും. കേൾക്കുന്നവർക്ക് പുളകമണിയുവാനും സൗമ്യത മെനയുവാനും തക്കവിധം നമ്മുടെ സംഭാഷണ ശൈലി ഉദ്വേഗജനകവും ആസ്വാദ്യകരവുമാണെങ്കിൽ പല തെറ്റിദ്ധാരണകളും ഒഴിവായി കിട്ടും.

മങ്ങി കത്തുന്ന വിളക്കിൽ എണ്ണ പകരുമ്പോൾ തിരി ആളിക്കത്തും. വാടി തളർന്ന സസ്യലതാദികൾ പുതുമഴയേൽക്കുമ്പോൾ തളിരിട്ട് തഴച്ചു വളരും. കൂമ്പി നിൽക്കുന്ന മുകുളങ്ങൾ സൂര്യരശ്മിയുടെ തലോടലിൽ വിടർന്നു വികസിക്കും. ഇതുപോലെ അർഹമായ പ്രോത്സാഹനവും യഥാസമയത്തുള്ള അഭിനന്ദനങ്ങളും നിറഞ്ഞ വാക്കുകൾ വ്യക്തിജീവിതത്തെ സന്തുഷ്ടമാക്കുന്നു. യഥോചിതമായ സംസാരശൈലിയിലൂടെ, വാക്കുകളിലൂടെ വ്യക്തിത്വങ്ങൾക്ക് ഊർജ്ജം പകർന്നു കിട്ടും.

## ആശയവിനിമയ രീതികൾ :

വാക്കുകളോ ആംഗ്യങ്ങളോ വഴി വ്യക്തികൾ കൈമാറുന്ന ആശയങ്ങളും വികാരങ്ങളും ആണ് വിനിമയങ്ങൾ. ആശയങ്ങൾ കൈമാറുന്നതിലൂടെ വ്യക്തികൾ വികാരങ്ങളും കൈമാറുന്നു. പരസ്പരം കൈമാറുന്ന വികാരത്തിന്റെ ആഴവും അളവും അനുസരിച്ച് ബന്ധം നിലനിറുത്തുകയോ വർദ്ധിക്കുകയോ വഷളാവുകയോ ചെയ്യും.


ആശയവിനിമയത്തിന് രണ്ടു ഘടകങ്ങളുണ്ട്. ഒന്ന് ചോദന, രണ്ട് പ്രത്യുത്തരം എല്ലാ മനുഷ്യരിലും ശിശുഭാവം, പക്വഭാവം, പിതൃഭാവം എന്നിങ്ങനെ മൂന്നു വ്യക്തിഭാവങ്ങൾ ഉണ്ട്. ഈ വ്യക്തിഭാവങ്ങളാണ് നമ്മുടെ ചിന്ത, വികാരം, വിചാരം, പെരുമാറ്റം അഥവ വിചാരവികാരവ്യവഹാരങ്ങൾക്കുറവിടം.വ്യക്തിഭാവങ്ങൾ തമ്മിലാണ് വിനിമയങ്ങൾ നടക്കുക. ഏതു വ്യക്തി ഭാവത്തിൽ നിന്നും സന്ദേശമയയ്ക്കുന്നു ഏതു വ്യക്തി ഭാവം അതിനു മറുപടി നൽകുന്നു എന്നതിനെ ആസ്പദമാക്കി പൊതുവെ മൂന്നു തരം കമ്മ്യൂണിക്കേഷൻ രീതികൾ ഉണ്ട്. സമാന്തര സംഭാഷണം, വിരുദ്ധസംഭാഷണം, നിഗൂഢ സംഭാഷണം എന്നിവയാണവ.

## സമാന്തര സംഭാഷണം :

സംഭാഷണം എപ്പോഴും രണ്ടോ അതിലധികമോ വ്യക്തികൾ തമ്മിൽ ആയിരിക്കും. സംഭാഷണവിനിമയം നടക്കുന്നത് വ്യക്തികളുടെ ഏതെങ്കിലും ഭാവങ്ങൾ തമ്മിലായിരിക്കും. ഓരോ വ്യക്തിക്കും മൂന്നു ഭാവങ്ങൾ ഉള്ളതിനാൽ രണ്ടു പേർ തമ്മിൽ ഒൻപത് രീതിയിലുള്ള സമാന്തര സംഭാഷണങ്ങൾ സാദ്ധ്യമാണ്. ഒരാളുടെ പക്വഭാവത്തിൽ നിന്നും മറ്റൊരാളുടെ പക്വഭാവത്തിലേക്കും, പിതൃഭാവത്തിലേക്കും, ശിശുഭാവത്തിലേക്കും സന്ദേശമയക്കുകയും അതെ ഭാവങ്ങളിൽ നിന്നും മറുപടി സ്വീകരിക്കുകയും ചെയ്യാം.


ഉദാഹരണങ്ങൾ : 1. പക്വഭാവത്തിൽ നിന്നും മറ്റൊരാളുടെ പക്വഭാവം, പിതൃഭാവം, ശിശുഭാവം എന്നിവയിലേക്ക് നടന്ന വിനിമയം.

Hus Wife

a 



ഹസ്ബൻഡ്: മോൻ മടങ്ങി വന്നോ ?

വൈഫ് : വന്നിട്ടില്ല

b. 


ഭർത്താവ് (അക്ഷമയോടെ) : എന്താ അവൻ വൈകുന്നത്

ഭാര്യ : അവന് ഉത്തരവാദിത്വക്കുറവുണ്ട്


c. 


ഭർത്താവ് : ഈ ഫലിതം വായിച്ചോ ?

ഭാര്യ : വായിച്ചു, രസമായിരിക്കുന്നു


2. ഒരാളുടെ പിതൃഭാവത്തിൽ നിന്നും മറ്റെയാളുടെ പിതൃഭാവത്തിലേക്കും, പക്വ ഭാവത്തിലേക്കും, ശിശു ഭാവത്തിലേക്കും നടക്കുന്ന വിനിമയങ്ങൾ

Father Son

a 


അച്ഛൻ : സ്കൂളും കോളേജും ഒക്കെനേരത്തെ തുറക്കേണ്ടതായിരുന്നു

മകൻ : അതിനുള്ള ധൈര്യം ആർക്കും ഇല്ല

b. 

അച്ഛൻ : ഹർത്താൽ ആണല്ലോ ഇന്ന് ഓഫീസിൽ പോകണോ?

മകൻ : പോകണം, ലീവു തരില്ല.


c. 

അച്ഛൻ : ഹർത്താൽ ആണ് സൂക്ഷിക്കണം

മകൻ : സൂക്ഷിക്കാം


3. ഒരാളുടെ ശിശുഭാവത്തിൽ നിന്നും മറ്റെയാളുടെ ശിശുഭാവത്തിലേക്കും, പിതൃഭാവത്തിലേക്കും, പക്വഭാവത്തിലേക്കും സന്ദേശമയക്കുകയും ആ ഭാവങ്ങളിൽ നിന്നും മറുപടി സ്വീകരിക്കുകയും ചെയ്യാം. രണ്ടു കൂട്ടുകാർ തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കാം.

a രാധ ലക്ഷ്മി

a 

രാധ : ഞാൻ കാത്തിരിക്കുകയായിരുന്നു


ലക്ഷ്മി : അതെ, ഞാനും

b. 

രാധ : എത്ര ദിവസം ഇവിടെ ഉണ്ടാകും

ലക്ഷ്മി : രണ്ടാഴ്ച

മകൻ : പോകണം, ലീവു തരില്ല.

c. 

രാധ : എനിക്കു സഹായത്തിനാരുമില്ല


ലക്ഷ്മി:നീ സങ്കടപ്പെടേണ്ട, ഞാനുണ്ട് സഹായിക്കാൻ

ഇത്തരം വിനിമയങ്ങളിൽ സന്ദേശം അയയ്ക്കുന്നത് ഒരു വ്യക്തിയുടെ പ്രത്യേക ഭാവത്തിലേക്കാണ്. ആ വ്യക്തിഭാവം ഉചിതമായ മറുപടിയും നല്കുന്നു. ഇവിടെ വിനിമയ രേഖകൾ എപ്പോഴും സമാന്തരമായിരിക്കും. പൊതുവെ പറഞ്ഞാൽ വ്യക്തി ബന്ധങ്ങളെ സമാന്തര സംഭാഷണം പരിപോഷിപ്പിക്കുന്നു. സംഭാഷണം സമാന്തരമായിരുന്നാൽ ആശയ വിനിമയം അനായാസം തുടരാം.

## വിരുദ്ധ സംഭാഷണം :

ഒരു പ്രത്യേക വ്യക്തിഭാവത്തെ ഉന്നം വെച്ചാണ് നാം സംസാരിക്കുന്നത്. അതെ വ്യക്തി ഭാവത്തിൽ നിന്നും മറുപടി വന്നാൽ സന്തോഷമായി. നമ്മൾ പറയുന്നതിനോട് എപ്പോഴും യോജിച്ച് സംസാരിക്കണമെന്ന് ഇതിൽ നിന്നും അർത്ഥമാകുന്നില്ല. വ്യക്തി ഭാവങ്ങൾ യോജിച്ചാൽ മതി. എനിക്കു ആയിരം രൂപ കടം തരുമോ? എന്ന് ഒരു സുഹൃത്ത് ചോദിച്ചെന്നിരിക്കട്ടെ, എന്റെ കൈയ്യിലിപ്പോൾ ഇല്ല, എന്നു മറുപടി പറയുന്നു. ചോദ്യവും ഉത്തരവും ഒരേ വ്യക്തി ഭാവങ്ങളിൽ നിന്നാകായാൽ സുഹൃത് ബന്ധത്തിന് ഉലച്ചിൽ സംഭവിക്കില്ല. നേരെ മറിച്ച് ഗൗരവത്തിൽ മുഖം ചുളിച്ച് സുഹൃത്തിന്റെ നേരെ നോക്കാതെ ഇല്ല, തരില്ല എന്നു കടുത്ത സ്വരത്തിൽ മറുപടി പറഞ്ഞാൽ ആ സുഹൃത്ബന്ധത്തിന് ഉലച്ചിൽ തട്ടുന്നു.

A B




എ : എനിക്കു ആയിരം രൂപ കടം തരുമോ ?

ബി : ഇല്ല, തരില്ല

വിനിമയ രേഖകൾ വ്യത്യസ്ഥമാണ്. ഈ സംഭാഷണത്തിൽ പക്വഭാവത്തിൽ നിന്നു ഉള്ള ചോദ്യത്തിന് പിതൃഭാവത്തിൽ നിന്നും മറുപടി ലഭിച്ചതിനാൽ വ്യക്തി ഭാവങ്ങളിലും വ്യക്തി ബന്ധങ്ങളിലും മാറ്റം വന്നിരിക്കുന്നു. ഇത്തരം സംഭാഷണത്തെ വിരുദ്ധ സംഭാഷണം എന്നു പറയുന്നു.

വിരുദ്ധ സംഭാഷണത്തിന് മറ്റു ചില ഉദാഹരണങ്ങൾ കൂടി താഴെ കൊടുക്കുന്നു.

A B

1. 

A എനിക്ക് ആയിരം രൂപ തരുമോ?

B കൊള്ളാം, ഞാൻ നിന്നോടു കുറച്ചു പണം ചോദിക്കാൻ ഇരിക്കുകയായിരുന്നു

H W

2. (P) (P) ഹസ്ബൻഡ് : നീ ഇപ്പോൾ കുറെ അധികം പണം ചിലവാക്കുന്നുണ്ട്.

(A) (A) ഭാര്യ : ഞാനോ? നിങ്ങളല്ലെ കൂട്ടുകാരുമൊത്ത് ധൂർത്തടിക്കുന്നത്

(C) (C)

3. (P) (P)

(A) (A) ഹസ്ബൻഡ് : നമ്മുടെ മോന്റെ പോക്ക് ശരിയല്ല

(C) (C) ഭാര്യ:എനിക്കു ആ അഭിപ്രായത്തോടു യോജിപ്പില്ല

കുടുംബത്തിൽ എല്ലാ കലഹങ്ങൾക്കും പിന്നിൽ വിരുദ്ധ സംഭാഷണമാണ് കാരണം. വിരുദ്ധ സംഭാഷണം ഉണ്ടായാൽ അവിടെ ആശയ വിനിമയം നിലയ്ക്കുന്നു. വിനിമയത്തിൽ ഏർപ്പെടുന്നവർ കുറഞ്ഞപക്ഷം ഒരാളെങ്കിലും തന്റെ വ്യക്തി ഭാവത്തിൽ നിന്നു മാറി വിനിമയം നടത്തിയാലെ സംഭാഷണം തടസ്സം കൂടാതെ മുൻപോട്ടു പോവുകയുള്ളൂ.

## നിഗൂഢ സംഭാഷണം :

ഒരാൾ പറയുന്നു എന്നാൽ മറ്റൊന്നാണ് അയാൾ ലക്ഷ്യം വെയ്ക്കുന്നത്. ഇത്തരം ആശയ വിനിമയങ്ങൾ സങ്കീർണ്ണത നിറഞ്ഞവയാണ്. ഒരേ സമയം ഒന്നിലധികം വ്യക്തി ഭാവങ്ങളിലേയ്ക്ക് സന്ദേശമെത്തിക്കുന്നതിനാലാണ് അവ സങ്കീർണ്ണമാകുന്നത്. സങ്കീർണ്ണ സംഭാഷണം അഥവാ നിഗൂഢ ആശയ വിനിമയം രണ്ടു വിധത്തിൽ നടക്കാം.

1. വിനിമയത്തിൽ ഏർപ്പെടുന്ന ഒരാൾ മനപ്പൂർവ്വം ഏതെങ്കിലും വിധത്തിലുള്ള കാര്യലാഭത്തെ ലക്ഷ്യമാക്കി മറ്റെയാളെ സൂത്രത്തിൽ കരുവാക്കുന്നു. ടി. വി പരസ്യങ്ങൾ, ഇലക്ഷൻ മാനിഫെസ്റ്റോ എന്നിവയെല്ലാം ഇത്തരം വിനിമയത്തിനുദാഹരണമാണ്. ഇത്തരം വിനിമയങ്ങളെ ത്രികോണ വിനിമയങ്ങൾ അഥവാ Angular ulterior transactions എന്നു വിളിക്കും.

A B

(P) (P) പരസ്യം : സിനിമാ താരങ്ങളുടെ ഇഷ്ട സോപ്പ്

(A) (A) വില്പനക്കാരൻ : 1. സ്റ്റോക്ക് തീർന്നിരിക്കുകയാണ്

(C) (C) 2. ഇതൊരണ്ണം മാത്രമേ സ്റ്റോക്കുള്ളൂ

3. ഇപ്പോൾ ലക്സ് ആണ് അധികം ആളുകളും വാങ്ങുന്നത്.

രണ്ടാമത്തെ നിഗൂഢ വിനിമയങ്ങളിൽ ഏർപ്പെടുന്ന രണ്ടു പേർക്കും സംഭാഷണത്തിന്റെ വൈകാരികത അജ്ഞാതമാണ്. എന്നാൽ മറ്റുള്ള കേൾവിക്കാർക്ക് മനസ്സിലാക്കാനും സാധിക്കും. ഒരു പെൺകുട്ടിയും ആൺകുട്ടിയും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കൂ.

G B

(P) (P) G : എനിക്ക് പഠിച്ചിട്ടൊന്നും മനസ്സിലാകുന്നില്ല.

(A) (A) B : എന്നാൽ നമുക്ക് ഒന്നിച്ചിരുന്ന് പഠിക്കാം

(C) (C)

ഇവിടെ പക്വ ഭാവങ്ങൾ തമ്മിലാണ് സംഭാഷണങ്ങൾ നടക്കുന്നത്. എന്നാൽ ഇതു വഴിമാറി ശിശുഭാവങ്ങൾ തമ്മിലുള്ള പരസ്പര വികാരങ്ങളുടെ വിനിമയമായി മാറിയേക്കാം. ശിശുഭാവങ്ങൾ കൈമാറുന്ന വികാരങ്ങളാകാം. വിനിമയത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. ഇത്തരം സംഭാഷണങ്ങളെ പരോക്ഷ വിനമയങ്ങൾ അഥവാ Duplux Ulterior Transactions എന്നു പറയും.

വ്യക്തിബന്ധങ്ങളിൽ അസ്വാരസ്യങ്ങൾ, തെറ്റിദ്ധാരണകൾ, അകൽച്ച, എന്നിവയ്ക്ക് കാരണമാകുന്ന പല വിധത്തിലുള്ള വിനിമയങ്ങൾ നാം മനസ്സിലാക്കി കഴിഞ്ഞു. മാനസ്സികാരോഗ്യം നിലനിർത്താനുള്ള ഒരു മാർഗ്ഗം ആരോഗ്യകരമായ ആശയവിനിമയങ്ങൾ പരിശീലിക്കുക തന്നെയാണ്. അത് വഴി വ്യക്തി ബന്ധങ്ങൾ മെച്ചപ്പെടുന്നതിനും അനാരോഗ്യകരമായ ബന്ധങ്ങൾ അവസാനിപ്പിക്കുന്നതിനും ചൂഷണങ്ങളിൽ നിന്നും ഒഴിവാകുവാനും സധിക്കുന്നു.

ഞാൻ നിന്നെ ഒരുപാട് സ്നേഹിക്കുന്നു എന്ന മന്ത്രശക്തിയുള്ള മരുന്ന് ഒരു നേരമെങ്കിലും ഒരാഴ്ച സേവിച്ചാൽ മാറാത്ത പ്രശ്നങ്ങളൊന്നും നമ്മുടെ വീടുകളിലുണ്ടാവില്ല. നല്ലതു കാണാനും പറയാനുമുള്ള മനസ്സാണ് സൗഹൃദം. കാപട്യമില്ലാത്ത തുറന്ന സംസാരവും പ്രവർത്തിയുമാണ് ആവശ്യം. ഇതൊരു കലയാണ് എന്നതിൽ ഒരു സംശയവുമില്ല. ഇത് അഭ്യസിക്കണം ജീവിതം വി

ജയിപ്പിക്കണമെന്നുണ്ടെങ്കിൽ.

സൗഹൃദം വളർന്നു പുഷ്പിക്കുന്ന വളക്കൂറുള്ള മണ്ണാണ് സ്നേഹം എന്നു പറയാം. ഒരു തണ്ടിൽ വിടരുന്ന രണ്ടു പുഷ്പങ്ങളാണവ, സ്നേഹമില്ലാതെ സൗഹൃദമില്ല. സ്നേഹം ഒരു വികാരം മാത്രമല്ല അതിലേറെ മനസ്സിന്റെ ഒരു വിശിഷ്ട ഭാവവും സമർപ്പണവുമാണ്. ഊണിലും ഉറക്കത്തിലും സുഖത്തിലും ദുഖത്തിലും ഓർമ്മിക്കാനിഷ്ടപ്പെടുന്ന ഒരു രൂപത്തെ കുറിച്ചുള്ള സ്മരണയാണ് സ്നേഹം. സ്നേഹം ഒരു കലയാണെന്ന് എറിക് എന്ന മനശാസ്ത്രജ്ഞൻ പറയുന്നു. കല അഭ്യസിച്ചേ തീരൂ. ജന്മസിദ്ധമായ കഴിവുകളെ സാധകം ചെയ്തു ശുദ്ധി വരുത്തുമ്പോഴേ കലയാകൂ. അല്പമൊന്നു ശ്രമിച്ചാൽ ആർക്കും അഭ്യസിക്കാവുന്നതെയുള്ളൂ.

ഒരു പുഞ്ചിരി, പ്രിയപ്പെട്ടവരുടെ കണ്ണുകളിലെ വികാരം വായിച്ചറിഞ്ഞ് ആ വികാരങ്ങളടങ്ങുന്ന ഒരു നോട്ടമോ, വാക്കോ, പുഞ്ചിരിയോ നൽകാൻ ആർക്കും കഴിയും. അവസരത്തിനൊത്ത് ഒരു വാക്ക് മൃദുവായി പറയാമല്ലോ. കൂടെ ഉറങ്ങുന്ന ഭാര്യയ്ക്ക് സമ്മാനിക്കുവാൻ ഭർത്താവിന്റെ കൈവശം ആത്മാർത്ഥത തുളുമ്പുന്ന ഒരു വാക്കുണ്ടാകണം. മടി തോന്നുന്നുവെങ്കിൽ അവളുടെ കണ്ണിൽ നോക്കി ഒരു പുഞ്ചിരിയെങ്കിലും കൊടുക്കാം. അതിനു പ്രതിഫലമായി അവളുടെ മുഖത്തു വിരിയുന്ന ഒരായിരം ഭാവങ്ങൾ നിങ്ങൾക്കു ലഭിച്ചെന്നിരിക്കും.

വാക്കാണ് ഗുരു പ്രായമായ മാതാപിതാക്കൾക്ക് സമ്മാനിക്കാനും നമ്മുടെ കൈവശം സ്നേഹം നിറഞ്ഞ ഒരു വാക്കു വേണം. അവരെ സ്വന്തം മക്കളെയെന്നവണ്ണം സ്നേഹിക്കണം. അവരുടെ ചെവികളിൽ നിങ്ങളുടെ സ്നേഹം നിറഞ്ഞ വാക്കുകൾ മന്ത്രധ്വനിയായി മുഴങ്ങട്ടെ. ഈ വാക്കുകളിലൂടെ ആയിരിക്കും അവർ ആത്മവിശ്വസത്തിന്റെ കൊടുമുടി കയറുന്നത്. ചുരുക്കത്തിൽ പറഞ്ഞാൽ ഒന്നും പുഞ്ചിരിക്കുക, മൃദുവായിട്ടൊരു വാക്കു പറയുക ഇത്രയെ വേണ്ടു സൗഹൃദത്തിനു മാററു കൂട്ടുവാൻ. സ്നേഹം ദൈവിക സമ്പന്നതയാണെന്നും അതിന്റെ സ്ഥാനം സർവ്വസമ്പത്തിനും മുകളിലാണെന്നു നാം ഓർക്കണം. ഭാഗ്യമുണ്ടെങ്കിൽസ്നേഹം എന്തെന്നും അതിന്റെ ഊർജ്ജശക്തി എന്തെന്നറിയുവാനും എല്ലാ മിത്രങ്ങൾക്കും അവസരമുണ്ടാകട്ടെ.

********

**കുഞ്ഞിക്കാലും കരത്താർകളുമണിമുഖവും**
**കണ്ണിലെക്കണ്ണെഴുത്തും**
**കിഞ്ചില്പോന്നങ്കുരിക്കും ദശനമുകുളവും**
**കൃഷ്ണ ! ചെഞ്ചോരിവായും**
**പഞ്ചത്വം വന്നടുക്കുമ്പൊഴതു മതിമറ -**
**ന്നങ്ങു വീണിടുമപ്പോ-**
**ഴെഞ്ചിത്തേ പോന്നുദിച്ചീടുക തവ തിരുമെ-**
**യ്ക്കുള്ള കോപ്പും മുരാരേ.**

*പൂന്താനം, ശ്രീകൃഷ്ണകർണ്ണാമൃതം.*

**ഭഗവാനേ, ഉണ്ണിണികൃഷ്ണാ, മരണം അടുത്ത്, ബുദ്ധി മങ്ങി ഞാൻ കിടക്കുന്ന സമയത്ത് അങ്ങയുടെ കുഞ്ഞിക്കാലും പൂവുപോലുള്ള കൈകളും മനോഹരമായ മുഖവും കണ്ണിലെ മഷിയെഴുത്തും ചെറുതായി മുളച്ചു വരുന്ന പല്ലിൻമൊട്ടും ചുവന്ന ചുണ്ടും ശരീരത്തിലണിഞ്ഞിരിക്കുന്ന ആഭരണങ്ങളും എന്റെ മനസ്സിൽ കാണപ്പെടണം.**

# ശാന്തിചിന്ത

ഡോ. ശാന്തകുമാരി. ഫോൺ : 9495362735

ഈ കാലഘട്ടം ജീവിതമെന്നതിന്റെ അർത്ഥ ലക്ഷണത്തെപ്പറ്റി ഒരുപാട് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടണ്ടിരിക്കുന്നു? ജീവിതം ജിവിക്കുവാനുള്ള ഒരു പോരാട്ടമാണോ ? സത്യത്തിൽ ജീവിതം വെല്ലുവിളികൾക്കും ഉത്തരംമുട്ടലുകൾക്കുമെതിരെയുള്ള ഒരു യുദ്ധമാണ്. അതെന്നും അതിന്റെ ഔന്നത്യത്തിൽ മാത്രം നില്കില്ല എന്ന് കാലഘട്ടം തെളിയിച്ചിരിക്കുന്നു ഇത് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആർക്കും ഇതിൽ നിന്നും മോചനമില്ല രോഗാണുവിന്റെ സ്വതന്ത്രവിഹാരമുള്ള ഈ കാലഘട്ടം നമ്മൾ എങ്ങനെ ജീവിച്ചു, അയ്യോ എങ്ങനെയാണ് ജിവിക്കേണ്ടിയിരുന്നത് എന്ന് നമ്മെ ചിന്തിപ്പിച്ചുകൊണ്ടേയിരിക്കുന്നു.

'ഞാനെന്നഭാവമതുതോന്നായ്ക വേണം' എന്നൊക്കെ നാം പ്രാർത്ഥിക്കും വാക്കുകളിലൂടെ എങ്കിലും മനുഷ്യന്റെ അഹം ബോധം ഈ കാലഘട്ടത്തിൽ അതിന്റെ പാരമ്യത്തിലെത്തിയിരിക്കുകയാണ്. അവന് മുകളിൽ ആരുമില്ല എന്ന അന്ധമായ ധാരണ ഈ വിശ്വാസത്തേയും അഹങ്കാരത്തേയുമാണ് വൈറസ്സ് വലിച്ചെറിഞ്ഞതും അവനെ ചവിട്ടി താഴ്ത്തിയതും. സർവ്വം സഹയായ ഭൂമി, പരമാവധി കണ്ടും കേട്ടും സഹിച്ച് പരിസ്ഥിതിയെ എല്ലാ തരത്തിലും മനുഷ്യൻ ചവിട്ടിമെതിച്ചപ്പോൾ മറ്റു പക്ഷിമൃഗാദികൾ എത്രകാലം അടങ്ങിയിരിക്കാനാണ്. അള മുട്ടിയാൽ ചേരയും കടിക്കില്ലേ. പ്രകൃതിയുടെ തിരിച്ചടിയല്ലാതെ മറ്റെന്താണത്.

'ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ വഴി വന്നപോലെ പോം,
തിരയുന്ന മനുഷ്യനേതിനോ,
തിരിയാലോകരഹസ്യമാർക്കുമേ'

എന്നിരിക്കെ പലകാര്യങ്ങളിൽ ഉള്ള സംശയവും ഭയവും ആശങ്കകളും നമ്മൾ തന്നെയല്ലാതെ മറ്റാരാണ് പരിഹരിക്കുക.

ഈ ലോകവ്യവസ്ഥയെക്കുറിച്ച് ആർക്കും പ്രവചിക്കാനാവില്ല. ഈ വ്യവസ്ഥയെ (അനിശ്ചിതത്വത്തെ) ഉൾകൊണ്ട് മനുഷ്യന് അവനെക്കുറിച്ച്, പ്രപഞ്ചത്തെക്കുറിച്ച്, ജീവിതത്തെക്കുറിച്ച്, ലക്ഷ്യത്തെക്കുറിച്ച് ഒക്കെ ഒരു അവബോധമുണ്ടായിരിക്കണം. ഇതിനെയാണ് ജീവിതവീക്ഷണം എന്നൊക്കെ പറയുന്നത്. ഈ വീക്ഷണമുണ്ടായാൽ ഏതു പ്രതിസന്ധിയേയും മറികടക്കാനും സമാധാനമായും സന്തോഷമായും ശാന്തമായും ജീവിക്കാനും മനുഷ്യനു സാധിക്കും.

വൈറസ് വ്യാപന ശക്തി കൂടുമ്പോഴും കുറയുമ്പോഴും ഈ വീക്ഷണം തന്നെയാവണം മനുഷ്യന്റെ ശക്തി. മനുഷ്യൻ തളർന്നില്ല അവൻ ജോലിയും ചെയ്തു, കുടുംബവും നോക്കി. കാലത്തിനുപറ്റിയ തരത്തിലായി അനുഭവങ്ങളും ഒന്നും നേരിടാതെ മുന്നോട്ട് പോകാനാവില്ലല്ലോ. ഇവിടെയൊക്കെ മനുഷ്യന് താങ്ങായത് ശക്തിയായത് അവന്റെ ആദ്ധ്യാത്മികത തന്നെയാണ്. ഈശ്വരന്റെ പ്രതീകമായ സമുദ്രം അനന്തതയുടെ പര്യായമാണ്. പക്ഷെ തിരമാലകൾ വരികയും പോകുകയും ചെയ്യും മനുഷ്യന് ജീവിതം ഒരിക്കൽ മാത്രം. ഉള്ളതിൽ സന്തോഷിക്കുക, അപ്പോഴും കാലം ഈ തത്വം പാലിക്കാൻ പഠിപ്പിക്കും. ഇതല്ലേ ഈ 'വൈറസ്സ്' കാലം നമ്മെ പഠിപ്പിച്ചത്.

സ്വയം ചിന്തിക്കുക, അപാകതകളും, തെറ്റുകളും പരമാവധി പരിഹരിക്കുക, സമഭാവന പുലർത്തുക, ഒപ്പം സമചിത്തതയും അപ്പോൾ ഞാനില്ല, നമ്മൾ മാത്രം, നിങ്ങളില്ല, നമ്മൾ മാത്രം എന്തൊരു സുഖം, എന്തൊരു സമാധാനം, ജീവിതം പുനർനിർണ്ണയിക്കപ്പെടണം എല്ലാ അർത്ഥത്തിലും അപ്പോൾ ശാന്തി നിറയും അല്ലാതെ അനിശ്ചിതത്വത്തെ ഭയന്ന് എവിടേയ്ക്കെങ്കിലും ഓടാനാകുമോ. എല്ലാം തരണം ചെയ്യണം ആവും വിധം ഈ വൈറസ്സുകൾ ഇത്തരം ഒരു ശാന്തി ചിന്ത നമ്മെ പഠിപ്പിക്കുന്നുണ്ട്.

*******

# നമ്മുടെ ചില സർവ്വകലാശാലകൾ സർവ്വകലാപശാലകൾ ആകാതിരുന്നുവെങ്കിൽ....

ഡോ. പത്മനാഭൻ

ജൂൺ 6 ന് ലോകമെമ്പാടുമുള്ള സർവ്വകലാശാലകളെ പതിവുപോലെ QS Ranking (Quacquaraelli Symonds) നടത്തിയതിന്റെ ലിസ്റ്റു പ്രസിദ്ധീകരിച്ചു. ഏറ്റവും മികച്ച രീതീയിൽ ranking നടത്തുന്നത് Times Higher Education, QS എന്നീ സ്ഥാപനങ്ങളാണ്. വിദ്യാഭ്യാസ രംഗത്തെ മികവിന്റെ അളവുകോലായി അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെടുവാൻ വേണ്ടി ശാസ്ത്രീയമായി നടത്തുന്ന റാങ്കിങ് പ്രക്രിയ സർവ്വകലാശാലകൾക്ക് കീർത്തി ഉണ്ടാക്കുവാൻ ഉപകരിക്കുന്നു. അത്യുന്നത ഗവേഷണരീതി ഉപയോഗിച്ച് സർവ്വകലാശാലകളുടെ അന്താരാഷ്ട്രതലത്തിലുള്ള സ്ഥാനം നിർണ്ണയിക്കപ്പെടുന്നു. അദ്ധ്യയനം, ഗവേഷണം, സമൂഹത്തിന് നൽകുന്ന അത്യാധുനിക സുഖസൗകര്യങ്ങൾ, നൂതന കണ്ടുപിടുത്തങ്ങൾ വ്യാവസായിക ഉന്നമനത്തിനുതകുന്ന പുതിയ മാർഗ്ഗങ്ങൾ, സമൂഹത്തിനു ലഭ്യക്കുന്ന പുതിയ രീതികൾ, ഉപകരണങ്ങൾ, സമ്പത് വ്യവസ്ഥയുടെ ഉയർച്ചയ്ക്ക് ഉതകുന്ന പുതിയ കണ്ടുപിടുത്തങ്ങൾ എന്നിങ്ങനെ. – അദ്ധ്യയനം, ഗവേഷണം, Community Engagement മേഖലകളിലേക്ക് സർവ്വകലാശാല എന്തുമാത്രം ഒരു അദ്ധ്യയനവർഷം കൊണ്ടു നേടിയെടുത്തുവെന്നതാണ് റാങ്കിങ്ങുകൊണ്ട് സ്ഥാപനത്തിനു ലഭിക്കുന്ന അന്താരാഷ്ട്രാതലത്തിലെ സ്ഥാനം. 2022ലെ അദ്ധ്യയന വർഷത്തിലേക്ക് പുതിയ വിദ്യാർത്ഥികളെ ആകർഷിക്കാൻ സർവ്വകലാശാലയുടെ Ranking സ്ഥാനം തദ്ദേശിയ വിദ്യാർത്ഥികളേയും അന്തർദ്ദേശീയ അന്താരാഷ്ട്ര വിദ്യാർത്ഥികളേയും ആകർഷിക്കാൻ ഉപകരിക്കും. എത്രയോ വർഷങ്ങളായി ലോകറാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തു നിലയുറപ്പിച്ചിരിക്കുന്ന Massachusetts Institute of Technology (M.I.T) അമേരിക്കയുടെ അഭിമാന സ്ഥാപനമാണ് – ലോകത്തിന്റെയും! M.I.T യിൽ പ്രവേശനം ലഭിക്കുന്നതു തന്നെ ഒരു വലിയ നേട്ടം തന്നെയാണ്. 2022 സർവ്വകലാശാലകളിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും മികവിന്റെയും പ്രശസ്തിയുടെയും ആദ്യത്തെ 12 സ്ഥാപനങ്ങൾ ഇവയാണ്. M.I.T (U S), Oxford University (U K), Stanford University (U S), Cambridge University (UK), Harvard University (US), California nstitute of Technology (CALTECH-US), Imperial College London, UK, Zurich-Swiss Federal Institute of Technology, Switzerland Uniersity College, London (UCL-UK), University of Chicago, US ; National University of Singapore (NUS); Nanyang Technological University of Singapore (NTU). അമേരിക്കയുടെയും ബ്രിട്ടന്റെയും ഒപ്പം കൊച്ചു രാജ്യമായ സിംഗപ്പൂരിലെ രണ്ടു സ്ഥാപനങ്ങളും കിടപിടിച്ചു നിൽക്കുന്നു.

അമേരിക്ക, റഷ്യ, ചൈന, ഇൻഡ്യ എന്നീ നാലു ലോകശക്തികളുടെ സർവ്വകലാശാലകൾ ലോക റാങ്കിങ്ങിൽ എങ്ങിനെ ബലാബലം പ്രകടിപ്പിക്കുന്നുവെന്ന് പരിശോധിച്ചാൽ അമേരിക്കതന്നെയാണ്. ഒന്നാം സ്ഥാനത്ത് 1 മുതൽ 1200 വരെയുള്ള റാങ്കിങ് ആണ് എല്ലാ വർഷവും വരും വർഷങ്ങളിലെ സർവ്വകലാശാലാപ്രവേശനത്തിന് വേണ്ടി QS Ranking ലിസ്റ്റ് ഉണ്ടാക്കുന്നത്. ഈ വർഷത്തിലെ QS റാങ്കിങ് അനുസരിച്ച് ചരിത്രത്തിൽ ആദ്യമായി ഇന്ത്യയുടെ 27 സർവ്വകലാശാലകൾ (IIT കൾ ഉൾപ്പടെ) QS Ranking 2022 ലിസ്റ്റിൽ ഉള്ളപ്പോൾ ചൈനയുടെ 12 സർവ്വകലാശാലകൽ മാത്രമാണ് ഈ റാങ്കിംഗിൽ 1 – 1200 സ്ഥാനങ്ങൾക്കുള്ളിൽ കയറിപ്പറ്റിയത്. ഇത് അഭിമാനകരമായ നേട്ടമാണ്. ഇന്ത്യയുടെ IIT കൾ ഉയർന്ന റാങ്ക് ഇന്ത്യയെ സംബന്ധിച്ചിടത്തോളം നേടിയെടുത്തപ്പോൾ യൂണിവേഴ്സിറ്റികൾ IIT കളേക്കാൾ താഴ്ന്ന റാങ്കുകളാണ് കരസ്ഥമാക്കിയത്. ഇന്ത്യയിലെ സർവ്വകലാശാലകളിൽ ഡൽഹി യൂണിവേ

ഴ്സിറ്റി 501-510 റേഞ്ചിൽ സ്ഥാനം ലഭിച്ചപ്പോൾ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റ് (JNU) ഡൽഹി 561 -570 റേഞ്ചിൽ ഒതുങ്ങി. അതേ സമയം (JMU) ജാമിയ മില്ലിയ ഇസ്ലാമിയ യൂണി വേഴ്സിറ്റി 751 -800 റേഞ്ചിൽ ആണ് സ്ഥാനം ലഭിച്ചത്. പൗരത്വ നിയമഭേദഗതി (Citizenship Amendment ACT (CAA) ക്കെതിരായി അതിതീവ്രക ലാപം അഴിഞ്ഞാടിയത് JNU യിലും JMU യിലും ആയിരുന്നല്ലോ. ഈ രണ്ടു സ്ഥാപനങ്ങളും യുദ്ധ ക്കളങ്ങളുടെ ഭീതിയുയർത്തി പൊതുമുതൽ നശീ കരിണത്തിന്റെ സർവ്വ കലാപശാലകളായി മാറിയ പ്പോൾ ഇവയുടെ ലോകറാങ്കിങ്ങിലെ സ്ഥാനങ്ങ ൾക്കുണ്ടായ ഇടിവ് സ്വാഭാവികമാണല്ലോ.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി 'Make in India' അഥവാ അത്മനിർഭർ ഭാരത് എന്ന ദീർഘ വീക്ഷണസമീപനം സ്കൂൾ തലത്തിൽ 2016 ൽ അടൽ ടിങ്കറിംഗ് ലാബുകൾ ആരംഭിക്കാൻ കേന്ദ്ര സർക്കാർ ധനസഹായം നൽകി. സ്ഥലസൗകര്യ മുള്ള തിരഞ്ഞെടുത്ത സ്കൂളുകളിൽ 20 ലക്ഷം രൂപ വീതം ഫണ്ട് നൽകി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളുടെയും ജില്ലകൾ തോറും ലബോറ ട്ടറികൾ സ്ഥാപിച്ചു. Science Engineering, Technology, Robotics, Machine Learning, Artificial Intelligence എന്നീ മേഖലവളിൽ സെക്കന്ററി സ്കൂൾ തലത്തിൽ Atal Tinkering Laboratory കൾ നിലവിൽ വന്നു. വിദ്യാർത്ഥികൾക്കു പുതിയ കണ്ടു പിടുത്ത ങ്ങൾ നടത്താനുള്ള അവസരമൊരുക്കി. സയൻ സ്, എഞ്ചിനിയറിംഗ്, ടെക്നോളജി യൂസേർസിൽ നിന്നും ടെക്നോളജി മേക്കേർസ് ആക്കി മാറ്റിയെ ടുക്കാൻ ഐതിഹാസികമായ കാൽ വയ്പാണ്. കേന്ദ്രസർക്കാർ വിഭാവനം ചെയ്തു നടപ്പാക്കി യത്. ഇത്തരം ഇന്നോവേഷന്റെ പരിണിത ഫല മായിട്ടാണ് വർഷം തോറും ഇന്ത്യയിലുടനീളം ന ടത്തുന്ന സയൻസ്, ടെക്നോളജി, എഞ്ചിനിയറി ംഗ്, മാത്തമാറ്റിക്സ് എക്സിബിഷനുകളിൽ പുതി യ കണ്ടു പിടുത്തങ്ങൾ വിദ്യാർത്ഥികൾ അവത രിപ്പിച്ച് സമ്മാനങ്ങൾ നേടുന്നത്. എന്നെന്നും ചൈനീസ് ഉപകരണങ്ങളെ ആശ്രയിക്കുന്ന തിനു പകരം ഇന്ത്യ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടി യൂസേർസിൽ നിന്നു മാറി പ്രൊഡ്യൂസേർസ് ആയി കയറ്റുമതി വർദ്ധിപ്പിച്ച് സമ്പൽ രാഷ്ട്രങ്ങളുടെ പട്ടികയിൽ ഒന്നാം സ്ഥാനത്തെത്തി ചേരുക. ഈ strategy വിദ്യാഭ്യാ സത്തിന്റെ എല്ലാ മേഖലകളിലും കേന്ദ്രസർക്കാർ നടപ്പാക്കിയതിന്റെ മറ്റൊരു മകുടോദാഹരണമാ ണ് പരമ്പരാഗതമായ സർവ്വകലാശാലകളെ മറി കടന്ന് ഇന്ത്യയിലെ ഐ.ഐ.ടി കൾ ഉന്നത വി ദ്യാഭ്യാസത്തിന്റെമുൻപന്തിയിൽഎത്തിച്ചേർന്നിരി ക്കുന്നത്. സർവ്വകലാശാലകൾ സർവ്വകലാപശാ ലകളാക്കി മാറ്റി ആക്ടിവിസ്റ്റുകൾ അഴിഞ്ഞാ ടുമ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോ ളജി സ്ഥാപനങ്ങൾ ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാ സത്തിന്റെ തൊപ്പിയിലെ അഴകാർന്ന തൂവലു കളായി മാറുന്നു!

| | |
|---|---|
| 701-750 | IIT Bhuvaneswar |
| 751-800 | Jamia Millia Islamia |
| 751-800 | Manipal Academy of HE |
| 801-1000 | Anna University , Chennai |
| 801-1000 | Pondicherry University |
| 1001-1200 | Banaras Hindu University |
| 1001-1200 | Birla Institute of Technology |
| 1001-1200 | Indian Institute of Information Technology Allahabad |
| 1001-1200 | Jamia hamdard, Delhi |
| 1001-1200 | Osmania University |
| 1001-1200 | Tharapur Institute of Technology |
| 1001-1200 | University of Mumbai (Bi |
| 1001-1200 | Vellore Institute of Technology (VIT) |

ഇന്ത്യയിൽ വിദ്യാഭ്യാസ രംഗത്ത് കേരളം മാതൃകയാണെന്ന് ഉൽഘോഷിക്കുമ്പോഴും കേര ളത്തിലെ ഒരു ഉന്നതവിദ്യാഭ്യാസ സ്ഥാപനം പോലും ലോക റാങ്കിങ്ങിൽ ഇല്ലായെന്നതിന്റെ കാരണം ഒരു പക്ഷെ നമ്മുടെ സർവ്വകലാശാ ലകൾ പലപ്പോഴും സർവ്വകലാപശാലകളായി മാറുന്നുണ്ട് എന്നതു തന്നെയാകണം. High Impact journal ലുകളിൽ ഗവേഷണപ്രബന്ധങ്ങൾ publish ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ റാങ്കിൽ പെടുകയില്ല. ഡൽഹി യൂണിവേഴ്സിറ്റ് 501-510 റാങ്കിങ്ങ് സ്ഥാനത്തു നിൽക്കുന്നു. (1922 -ൽ സ്ഥാപിതമായതാണ്). ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (I.I.Sc) 1958 ൽ സ്ഥാപിതമായി. I.I.Sc എല്ലാ വർഷവും ലോകറാങ്കിങ്ങിൽ ഏറ്റവും ഉയർന്ന സ്ഥാനം ലഭിക്കുന്ന ഇന്ത്യയുടെ അഭി മാനസ്ഥാപനമാണ്. 1966 ൽ സ്ഥാപിതമായ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് &

ടെക്നോളജി ഇതേവരെ ലോകറാങ്കിങ്ങിൽ ഇടം പിടിച്ചിട്ടില്ലയെന്നത് കേരളത്തിലെ സർവ്വകലാശാലകൾ രാഷ്ട്രീയ വിദ്യാർത്ഥി, അദ്ധ്യാപക സമരങ്ങളുടെ വിളനിലമായതിന്റെ ദു:ഖപൂരിതപരിണിത ഫലമാണെന്നത് തർക്കമില്ലാത്ത സത്യം!

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കോളേജുകളും അഡ്മിനിസ്ട്രേറ്റിവ് ഹെഡ് ക്വാർട്ടേഴ്സ് ആയി സർവ്വകലാശാല ഭരണസംവിധാനവും ഉള്ള ഒരു മോഡലാണല്ലോ. അദ്ധ്യയനവും ഗവേഷണവും കോളേജുകളിൽ നടക്കണമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്. വർഷങ്ങളോളം ഗവേഷണത്തിനുതകുന്ന ലബോറട്ടറികളല്ലാതെ അദ്ധ്യാപകർക്കും കുട്ടികൾക്കും സിലബസ്സനുസരിച്ചുള്ള പഠനകാര്യം മാത്രം നടന്നു പോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഒരു കാലത്ത് കേരളയൂണിവേഴ്സിറ്റി ഹെഡ്ക്വാർട്ടേഴ്സ് ആയി തിരുവനന്തപുരവും അതിന്റെ കീഴിൽ 107 കോളേജുകളുമായുള്ള സംവിധാനമാണുണ്ടായിരുന്നത്. കോളേജ് ക്യാമ്പസ്സുകളിൽ വിദ്യാർത്ഥി, അദ്ധ്യാപക, അനദ്ധ്യാപിക ട്രേഡ് യൂണിയനുകൾ രാഷ്ട്രീയ പാർട്ടികളുടെ ബാനറുകളിൽ പ്രവർത്തനങ്ങൾ വ്യാപിച്ചുകൊണ്ടേയിരുന്നു. രാഷ്ട്രീയ സമരങ്ങളും, പഠിപ്പുമുടക്കി പ്രകടനങ്ങളും വിവിധ വിദ്യാർത്ഥിയൂണിയനുകൾ തമ്മിൽ രാഷ്ട്രീയാധിപത്യത്തിനുവേണ്ടി കലാപതെരുവുയുദ്ധങ്ങളും നടത്തി സർവ്വകലാശാലകൾ സർവ്വകലാപശാലകളായി തുടർന്നു കൊണ്ടേയിരിക്കുന്നു. ഒരു കാലത്ത് ലോ കോളേജ് എറണാകുളം, മഹാരാജാസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ രാഷ്ട്രീയവും, അക്രമരാഷ്ട്രീയവും പയറ്റിത്തെളിയാൻ ഉതകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായി പേരെടുത്തു. രാഷ്ട്രീയ ബുദ്ധിജീവികളുടെ പഠനകളരികളായി രൂപാന്തരപ്പെട്ടു. അത്തരം സ്ഥാപനങ്ങൾ പ്രഗത്ഭരായ രാഷ്ട്രീയനേതാക്കളെ വാർത്തെടുത്തിട്ടുണ്ടാകാം., പക്ഷെ ഇന്ത്യയെ എന്നും വാരിപ്പുണരുന്ന നേതാക്കൾ എത്രമാത്രം, ഒരു പക്ഷെ വളരെ തുച്ഛം. പുതിയ തലമുറയിൽ ആക്ടിവിസ്റ്റുകൾ പെരുകുന്നു. ജൈവായുധം (Biological Weapon) എന്താണെന്ന്, ബേസിക് വിവരമില്ലാത്ത വിവരദോഷികൾക്ക്, ഡോക്ടർ എന്ന ടൈറ്റിലിനു മറ്റു രാജ്യങ്ങളിൽ അർഹത ലഭിക്കാൻ സാധ്യത കുറവാണ്. Biological warfare Wuchan സർവ്വ കലാശാലയുടെ ഗവേഷണലബോറട്ടറികളിൽ നടന്നിട്ടുണ്ടാകാമെന്ന് തുടങ്ങിയ അന്താരാഷ്ട്രസംഘടനകൾ സംശയം പ്രകടിപ്പിച്ചത് ഒരുപക്ഷെ ഒട്ടും വൈകാതെ യാഥാർത്ഥ്യമാണെന്നു സ്ഥരീകരിച്ചേക്കാം. പക്ഷെ, ചൈന ജൈവായുധം ഉല്പ്പാദിപ്പിച്ച് ലോകത്തെ കീഴടക്കി കൊണ്ടിരിക്കുന്നുവെന്ന് ഉദ്ഘോഷിക്കാൻ അഭിനവ ആക്ടിവിസ്റ്റുകൾ എന്തേ ധൈര്യം കാണിക്കുന്നില്ല?

References : 1) QS Ranking 2022

2) മാധ്യമ റിപ്പോർട്ടുകൾ

*********

**എറണാകുളം കരയോഗാംഗത്വമെടുക്കൂ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**

# കറുപ്പ്* *കറുപ്പ്* *മാത്രം

**ജി. മാധവൻ നായർ**



ശരിക്ക് ഒന്നുറങ്ങിയിട്ടു ദിവസങ്ങളായി. ഒരു കാര്യം മാത്രമറിയാം ഗുരുതരമായി രോഗം ബാധിച്ചിരുന്നു. എത്ര ദിവസം ആയിക്കാണുമോ? ജീവിത സഖി അടുത്ത് തന്നെയുണ്ട്. അവരെയും അസുഖം കീഴടക്കിയിരിക്കുന്നു. ഏതോ ഒരു രാത്രിയുടെ അഗാധതയിൽ ഇവിടെ വന്നു ചേർന്നു എത്തിച്ചത് മരുമകനാണെന്ന് ബോധ്യമുണ്ട്.

ഇരുട്ട് പരന്നിട്ട് ഒരു കൊച്ചു നക്ഷത്രം പോലുമില്ല. കുറച്ചകലെ വീഥിയിൽ വെളിച്ചം കാണാം. അതിലൂടെ വാഹനങ്ങൾ ചീറിപായുന്നു. അടുത്ത് തന്നെ ഉയരത്തിൽ മെട്രോ ദർശിച്ചു ഇടയ്ക്കങ്ങിനെ താളനിബന്ധമായി, ആ സുന്ദരി നീങ്ങുന്നു.

ആതുരാലയത്തിലെ പത്താം നിലയിലാണ് കിടപ്പ്. ജനാല നേരിയ വല കൊണ്ട് മൂടിയ ഷട്ടർ അതിനു മുമ്പിൽ കട്ടിയുള്ള ചില്ലു കവചം ഏറ്റവും പുറമെ ഇരുമ്പഴി. ഇനിയിപ്പോൾ, വെള്ളരിപ്രാവുകളുടെ പ്രവാഹമാണ് സമയവ്യത്യാസമില്ലാതെയാണവരുടെ വരവ്. പല പരിശോധനകൾ, സാമ്പിളെടുക്കൽ കുത്തിവയ്പ്പുകൾ അത് എത്രയാണെന്നു തിട്ടമില്ല അവരുടെ ദേഹമാകെ മൂടിയ ധവള വേഷം. കണ്ണും മൂക്കും വായും മാത്രം കാണാം സൗമ്യമായ ആകർഷകമാർന്ന പെരുമാറ്റം പക്ഷെ വദന സൗരഭ്യം കാണാനാവുന്നില്ല ചിരിക്കുന്നുണ്ടാകുമോ പറയാനാവുന്നില്ല വാതിൽക്കൽ, പയ്യേയുള്ള മുട്ട്. ചായക്കാരന്റെ വരവായിരിക്കും മുറി തുറന്ന്, അത് വച്ച് അവർ പോകുന്നു. ഒന്നും മിണ്ടണ്ടിയില്ല.

ഇനി പ്രാതലിന് പ്രതീക്ഷിക്കാം. അതെപ്പോഴാണോ നിശ്ചയമില്ല ചായകുടി കഴിഞ്ഞ് ശൗചാലയത്തിലേക്കുള്ള പോക്ക്. നടന്ന് ചെല്ലുവാൻ നല്ല ബുദ്ധിമുട്ടുണ്ടണ്ട് പല്ലുതേപ്പും മറ്റു കാര്യങ്ങളും അനുഷ്ഠിച്ച് പുറത്തേക്കുള്ള വരവ്. കുളി, അസാദ്ധ്യം കാരണം കൈയിലെ, കുഞ്ഞു ഞെരമ്പിൽ കുത്തിവയ്പ്പിനായി, കുഴൽ കൊണ്ട് കെട്ടിയിരിക്കുന്നു.

ഇനിയത്തെ, ഊഴം ചികിൽസകരുടെതാണ്. വിവിധ തരത്തിലുള്ള പരിശോധന; ശരീരോഷ്മാവ്, രക്തസമ്മർദം, രക്തമെടുക്കൽ. എന്നിവ ഉപകരണങ്ങളുടെ സഹായത്തോടുകൂടിയുള്ള നിർണയം. നെഞ്ചും അതിന് താഴോട്ടുമുള്ള പ്രത്യേക പരിശോധന വിധികർത്താക്കളുടെ വേഷവിധാനം ബഹിരാകാശ സഞ്ചാരികളെപ്പോലെ വേഗം സുഖമാകട്ടെ എന്നാശംസിച്ചു കൊണ്ട് അവരെല്ലാം പിരിയുകയാണ്. ഈ സപര്യ, ദിവസത്തിൽ പല തവണ തുടരുന്നു. ഇവിടെ പ്രവേശിച്ചപ്പോൾ നല്ല പനിയുണ്ടായിരുന്നു കടുത്ത ചുമയും, കൂടെ ശർദ്ദിയും തൊട്ടു പിന്നാലെ വയറ്റിളക്കവും ദേഹമാസകലം വലിഞ്ഞു വല്ലാതാ

യി. സന്ധികളിൽ മരവിപ്പ്.

നടപ്പ് നന്നേ പ്രയാസം.

വിശപ്പേയില്ല. ഭക്ഷണത്തിനു മടുപ്പ്, മരുന്നുകളുടെ ബാഹുല്യം, മൂത്രമൊഴിവ് കൂടി.

ടോയ്ലറ്റിലേക്കുള്ള പ്രവേശനം ക്രമാതീതമായി, അകാരണമായി, ഭയവുമുണ്ടായി. ഫോൺ ഉപയോഗത്തിൽ കടുത്ത നിയന്ത്രണം സംസാരിക്കുവാൻ പൂർണ്ണമായും വിലക്ക്. സന്ദേശങ്ങൾ മാത്രം കൈമാറാം. ഓർമ്മകൾ മങ്ങുന്നു കൈകാലുകൾക്ക് കനത്ത ബലക്ഷയം ശക്തിയേറിയ മരുന്നുകളുടെ കുത്തിവയ്പ്പിനെ തുടർന്ന് രക്തത്തിൽ പഞ്ചസാരയുടെ അളവ് വർധിച്ചു. അത് നിയന്ത്രിച്ച് നിർത്തുവാൻ, മറ്റ് തീഷ്ണതകൂടിയ മരുന്ന് അതോടെ സൂചിവയ്പ്പിന്റെ എണ്ണം വർദ്ധിച്ചു. കുറച്ച് ദിവസങ്ങളിലേക്ക് ഇത് വേണ്ടിവന്നു. അവസാനം ഷുഗർ സാധാരണ നിലയിലെത്തി. അപ്പോഴേക്കും ശരീരത്തിന്റെ പ്രതിരോധ ശക്തിയിൽ നല്ല തോതിൽ ഇടിവുണ്ടായി ബന്ധുക്കൾക്കോ, മിത്രങ്ങൾക്കോ, ആതുരാലയത്തിൽ പ്രവേശനമില്ല. അവരിൽ ചിലരെയെങ്കിലും കാണാൻ കൊതിച്ചു. ഏറ്റവും മുകളിലത്തെ നാല് നിലകളിൽ മുഴുവനും ഇതേ രോഗികളുടെ തടവറ. അർദ്ധരാത്രിയിൽ പോലും ആംബുലൻസിന്റെ ആർത്തനാദം അന്തരീക്ഷത്തിൽ മുഴങ്ങുന്നു. അത് വരവിന്റെയോ വിടപറയലിന്റെയോ അറിയിക്കലാണോ? ഇത്തരം വിവരങ്ങൾ ഒന്നും വെളിയിൽ നിന്നും വരുന്നവരാരും പറയാറില്ല അധികൃതരുടെ കർശന നിർദ്ദേശം വ്യക്തത വരുത്തരുത് എന്നായിരിക്കാം ക്രമേണ പനി കുറഞ്ഞു. ശർദ്ദിയും വയറിലെ ആസ്വാസ്ഥ്യവും എല്ലാം ഭേദപ്പെട്ടു എന്നാൽ ചുമക്ക് ശമനമായില്ല. പ്രത്യേക മരുന്നുകൾ കഴിച്ചിട്ടും ഫലമുണ്ടായില്ല. കുറച്ച് കൂടി സമയമെടുക്കുമെന്നാണ്, വിദഗ്ദ്ധരുടെ അഭിപ്രായം. പരിശോധനകൾ വീണ്ടും തുടർന്നുകൊണ്ടേയിരുന്നു. നെഞ്ചിന്റെ എക്സ്റേ, ശരീരത്തിന്റെ പൂർണ്ണമായ സ്കാൻ അങ്ങിനെ എല്ലാമെല്ലാം.

പകൽ സമയത്ത് വരുന്ന, സഹോദരിയാണ് പറഞ്ഞത് വന്നിട്ട് ഓരാഴ്ച കഴിഞ്ഞിരിക്കുന്നു എന്ന് അതിരാവിലെ തന്നെ വാർഡ് ചുമതലയുള്ള ഡോക്ടർ വന്നു. അപ്പോൾ സങ്കോചത്തോടെ ചോദിച്ചു പോകാനുള്ള സമയമായോ എന്ന ചോദ്യത്തിന് നഷേധാർത്ഥത്തിലായിരുന്നു ഉറച്ച മറുപടി. ഇങ്ങനെ ഇവിടെ കിടന്നാലോ വന്നിട്ട് ദിനങ്ങൾ ഏറെയായി. പിറ്റേന്ന് വൈദ്യശ്രേഷ്ഠൻ വരുമ്പോൾ ധൈര്യം സംഭരിച്ച്, ചോദിക്കാൻ ഉറച്ചു ആ സാഹസത്തിന് മുതിരുന്നതിന് മുൻപ് തന്നെ അവൻ സ്വരം താഴ്ത്തി പറഞ്ഞു, പിറ്റേന്ന് ടെസ്റ്റ് എടുക്കുമ്പോൾ കുഴപ്പം ഒന്നുമില്ലെങ്കിൽ പോകാവുന്നതാണ്.

അടുത്ത, ദിവസത്തെ പരിശോധനയിൽ, രണ്ടാളും രോഗവിമുക്തരായിരിക്കുന്നു. എന്ന് തെളിഞ്ഞു. അങ്ങനെ വിടുതലിന് സമയമായി. സന്തോഷാധിക്യത്തിൽ അവർ മികച്ച സേവനം കാഴ്ച വച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചു. തുടർന്ന് ആശുപത്രിയിലെ ബില്ലുകൾ എത്താൻ കാത്തിരുന്നു.

വിവരമറിഞ്ഞ മരുമകൻ പാഞ്ഞെത്തി. ഏറ്റവും താഴത്തെ നിലയിലുള്ള, കൗണ്ടറിൽ ബില്ലുകളെല്ലാം അടച്ചു എന്നറിയിച്ചതിന് പിന്നാലെ കൊണ്ടുവന്ന സാധനങ്ങളെല്ലാം എടുത്തു വച്ചു. അതിനു ശേഷം മല്ലെ മുറിക്ക് പുറത്തിറങ്ങി.

ബാഗും മറ്റാനുസാരികളുമെല്ലാം ഒരു പരിചരണസഹായി എടുത്തു സാവധാനം ലിഫ്റ്റിന് അടുത്തേക്ക് നടന്നു കയറി.

ഏറ്റവും അടിയിലെത്തി, തൂക്കുപെട്ടിയിൽ നിന്നിറങ്ങി, വെളിയിൽ കടന്നു. പുറം വാതിലിനടുത്തു തന്നെ മരുമകൻ കാറുമായി കാത്തു നിന്നിരുന്നു. അവൻ, സാധനസാമഗ്രികൾ എല്ലാം എടുത്ത് വണ്ടിയിൽ കയറ്റി വച്ചു.

ശകടത്തിൽ കയറി ഇരുന്നതിനു ശേഷം പുറകോട്ട് ഒന്ന് തിരിഞ്ഞ് നോക്കി.ബഹുനില ഹർമ്യത്തിന്റെ നേർകാഴ്ച.

ആളനക്കമില്ല. ഒരു ശ്മശാനമൂകത.

ജീവൻ തിരിച്ച് കിട്ടിയ ആഹ്ലാദത്തിൽ അവർ രണ്ടാളും കൈകൾ കോർത്തു പിടിച്ചു. ഇതിന് സാധ്യമാക്കിയ പരംപൊരുളിനോട് തൊഴുകൈയോടെ, മനസ്സിൽ നന്ദി പറഞ്ഞു. ഇനി പോകാമെന്നുള്ള നിർദ്ദേശം വന്നതോടെ, സാരഥി വാഹനം ഓടിച്ചു കൊണ്ട് മുഖ്യപാതയിലേക്ക് നീങ്ങി. തൊട്ടടുത്തിരുന്ന മരുമകനോട് ബിൽ തുക എത്രയാണെന്ന ചോദ്യത്തിന് അവൻ ഒരു കള്ള ചിരിയോടെ നാല് വിരലുകൾ ഉയർത്തികാട്ടി.

ഇൻഷുറൻസ് തുക കഴിച്ച് എത്ര കൊടുത്തിട്ടുണ്ടാകും വീട്ടിലെത്തിയിട്ട് മെല്ലെ അന്വേഷിക്കാം. എല്ലാംകൊണ്ടും, സമാധാനം കൈ വന്ന അയാൾ, സീറ്റിൽ ചാരി അമർന്നിരുന്ന്, കണ്ണുകൾ അടച്ചു.

********



എറണാകുളം കരയോഗം

# ഓണം
# വിപണന മേള 2021

**ആഗസ്റ്റ് മാസം 11 ബുധനാഴ്ച മുതൽ 21 ശനിയാഴ്ച വരെ**

ഓഗസ്റ്റ് മാസം 11 ാം തീയതി ബുധനാഴ്ച മുതൽ 21 ാം തീയതി ശനിയാഴ്ച വരെ ടി. ഡി. എം. ഹാളിൽ ഓണം വിപണന മേള നടത്തുന്നു.

2021 ലെ ഓണത്തോടനുബന്ധിച്ച് ഓഗസ്റ്റ് മാസം 11-ാം തീയതി രാവിലെ 10.30 ന് ഓണം വിപണന മേള ബഹു. മേയർ എം. അനിൽകുമാർ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു. മുൻവർഷങ്ങളിലെപ്പോലെ ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ/പാലട/പരിപ്പ് തുടങ്ങിയ വിവിധയിനം പ്രഥമനുകളും ടി.ഡി, എം ഹാൾ ഓണം വിപണന മേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

## ഉത്രാടം-തിരുവോണം പ്രഥമനുകൾ
### 20, 21 തീയതികളിൽ

ഉത്രാടം, തിരുവോണം (20,21) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ മുൻകൂട്ടി ബുക്കു ചെയ്യുവാൻ ഓഗസ്റ്റ് 15 മുതൽ 19 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ ടി.ഡി.എം. ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

## തിരുവോണ സദ്യകിറ്റ്

5 പേർക്കുള്ള വിഭവങ്ങൾ (ചോറ്, പ്രഥമനുകൾ ഒഴികെ) സാമ്പാർ, അവിയൽ കാളൻ, ഓലൻ, എരിശ്ശേരി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), മോര്, രസം, പപ്പടം, ഇല എന്നിവ കിറ്റൊന്നിന് 850/- രൂപ നിരക്കിൽ മുൻകൂറായി ഓഗസ്റ്റ് മാസം 15 മുതൽ 18 വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ ബുക്കു ചെയ്യുവാൻ ടി.ഡി. എം ഹാളിൽ സൗകര്യം ഓരുക്കിയിട്ടുണ്ട്. തിരുവോണ ദിവസം രാവിലെ 9 നും 10 നും ഇടയ്ക്ക് എത്തിച്ചേരുന്നവർക്കു മാത്രമേ സദ്യകിറ്റ് ലഭിക്കുകയുള്ളൂ.

എറണാകുളം കരയോഗത്തിന്റെ വിദഗ്ദ്ധരായ പാചകക്കാരുടെ നേതൃത്വത്തിലാണ് ഓണം വിപണനമേളയ്ക്കുള്ള വിഭവങ്ങളും പ്രഥമനുകളും സദ്യയും തയ്യാറാക്കുന്നത്.

ജനറൽ സെക്രട്ടറി

കവിത

# വിളിക്കുന്നൂ നിങ്ങളെ...

പി.ഐ. ശങ്കരനാരായണൻ

ഉറങ്ങും പാണ്ഡവന്മാരേ
ഉണരൂ, കർമ്മവില്ലുടൻ
എടുക്കൂ കൈകളിൽ ധർമ്മ
ശരവും രണധീരരേ!
വിളിപ്പൂ സത്യമാം കൃഷ്ണൻ
തെളിപ്പൂ കാലമാം രഥം
കഥിപ്പൂ ഗീതയായ് വിശ്വ-
സ്നേഹവും ശാന്തിയും മുദാ.
തൃജിക്കൂ വ്യഥകൾ നിങ്ങൾ
ഭയവും ലജ്ജയും ക്ഷണം,
സഹനം സംശയം ജീവ-
പ്രണയം ധനമോഹവും.
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
അലസർ ജനമൊക്കെയും
സസുഖം സാർത്ഥതാല്പര്യം-
വ്രതരായ് കഴിയുന്നിതേ.
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
നല്ലവർക്കതി പീഡനം
കുമ്പിടാ ദുഷ്ടരേയെങ്കിൽ
ജീവിതം യാതനാമയം
കണ്ടില്ലേ നിങ്ങളീ നാട്ടിൽ
മതജാതി വിചിന്തനം
മനുഷ്യത്വം മറന്നേ പോം
സർവ്വനാശ പ്രവർത്തനം
അനീതി വിളയാടുന്നു
സർവ്വമണ്ഡല വാസിയായ്
ഹനനം ലോകനന്മയ്ക്കായ്
വരികിൽ, പാപമല്ലിനി.
ജയിക്കൂ, ദുഷ്ടരെക്കൊന്ന്
ഭരിക്കൂ, സജ്ജന പ്രിയം.
നമിക്കൂ ദൈവപാദത്തിൽ
ജ്വലിക്കൂ ചിത്ത ശുദ്ധിയിൽ
ഉണരൂ പാണ്ഡവന്മാരേ,
ധരിക്കൂ കർമ്മവില്ല,തിൽ
തൊടുക്കൂ ധർമ്മമാം ബാണം,
ജയിക്കൂ യുദ്ധമൊക്കെയും.

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,
Mob : 96456 83491

# മാസഫലം

**2021 ആഗസ്റ്റ് 17 മുതൽ സെപ്റ്റംബർ16 വരെ**

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂർ (അശ്വതി ഭരണി, കാർത്തിക ആദ്യ കാൽ)** വ്യാവും ശനിയും 10,11 ഭാവങ്ങളിൽ സസഞ്ചരിക്കുന്ന കാലമാണ് ഈ വർഷം. സ്വന്തം കഴിവിനാൽ ജീവിത വിജയം നേടാൻ കഴിയും. ഉയർന്ന സ്ഥാനമാനാദി ലബ്ധിയും അംഗീകാരവും തേടിയെത്തും. ധനധാന്യാദി വർദ്ധനവും വിവാഹവും വാഹന ഗൃഹ ലഭ്യതുയം ഉണ്ടാകും. അനുകൂലമായ സ്ഥിരോൽസാഹവും ശ്രദ്ധാപൂർവ്വമായ ഈഹക്കച്ചവടവും ഗുണം ചെയ്യും. അലർഡി ഉദരരോഗം ശിരോരോഗം എന്നിവ അലട്ടും. അനാവശ്യ യാത്രകൾ മൂലം മനസ്സുഖം കുറയും.



**ഇടവക്കൂർ (കാർത്തിക അവസാന മൂന്ന് കാല് രോഹിണി, മകയിരും ആദ്യ പകുതി)** വ്യാഴം ശനി ഗ്രഹങ്ങൾ 9 ഉം 10 ഉം ഭാവങ്ങലിലായി സഞ്ചരിക്കുന്ന ഈ വർഷം രാഹു ഒന്ന് പന്ത്രണ്ട് ഭാവങ്ങളിലും സഞ്ചരിക്കുന്നു. ആയതിനാൽ ഈ വർഷം ഗുണദോഷസമ്മിശ്രമായിരിക്കും. ധനധാന്യ വർദ്ധനവും വാക്ക് സാമാർത്ഥ്യവും ശാസ്ത്രീയാഭിരുചയും ഗുണകരമാകും. അഭിപ്രായ വ്യത്യാസങ്ങൾ മനസ്സുഖം നശിപ്പിക്കും. ദൂരയാത്രാ കാര്യങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കും. പിതൃതുല്യർക്ക് രോഗ ദുരിതങ്ങൾ അനുഭവപ്പെടും.



**മിഥുനക്കൂർ (മകയിരം അവസാന പകുതി തിരുവാതിര പുണർതം ആദ്യ മുക്കാൽ ഭാഗം)** വ്യാഴം ശനി എന്നീ ഗ്രഹങ്ങൾ ചാരവശാൽ എട്ട്, ഒമ്പത് ഭാവങ്ങളിൽ സഞ്ചരിക്കുന്ന വർഷമാണിത്. അതുകൊണ്ട് പല വിധേനയുള്ള ധനലാഭം, വിവാഹം സൗഭാഗ്യം, പിതൃഗുണം എന്നിവ ഈ കാലത്ത് പ്രതീക്ഷിക്കാം. കൂട്ടു വ്യവസായത്തിലൂടെയും മറ്റും സാമ്പത്തിക നഷ്ടം വരാൻ സാധിതഉള്ളതിനാൽ പങ്കാളിത്ത് ധനയിടപാടുകൾ ശ്രദ്ധിക്കണം. സന്താനങ്ങൾക്ക് രോഗദുരിതവും ഉണ്ടാകും.



**കർക്കിടകക്കൂർ (പുണർതം അവസാന കാൽ പൂയം ആയില്യം)** വ്യാഴം ശനി ഗ്രഹങ്ങൾക്ക് ഏഴ് എട്ട് ഭാവങ്ങളിൽ സഞ്ചരിക്കുന്ന ഈ വർഷം നല്ല പാങ്കാളികളെ ലഭിക്കാനും അതുമൂലം നേട്ടങ്ങൾ ഉണ്ടാക്കാനും സാധിക്കും. ധനലാഭം വാക്ക് സാമർത്ഥ്യം വിവാഹലബ്ധി എന്നീ ഗുണങ്ങളും ഭാര്യക്ക് രോഗവും യാത്രാ തടസ്സം അമിത ക്രോധം, പല കാര്യങ്ങൾക്കും കാലതാമസ്സം നേരിടുക എന്നീ ദോഷഫലങ്ങളും കൂടി ഈ വർഷം അനുഭവപ്പെടും. വിദേശയാത്രക്ക് ശ്രമിക്കുന്നവർക്ക് തടസ്സം നേരിടുമെങ്കിലും യാത്ര നടക്കും.



**ചിങ്ങക്കൂർ (മകം പൂരം ഉത്രം ആദ്യ കാൽ)** വ്യാഴം, ശനി ഗ്രഹങ്ങൾ ആറ് ഏഴ് ഭാവങ്ങളിലും രാഹു പത്ത് ഒമ്പത് ഭാവങ്ങളും സഞ്ചരിക്കുന്ന കാലമാകയാൽ ഈ വർഷം ധനാധാന്യാഭിവൃദ്ധി കുടുംബ സൗഖ്യം ശ്രതു വിജയം ഗൃഹം പുതുക്കി പണിയുകയോ പുതിയ വീട് വാങ്ങുകയോ ചെയ്യും. എല്ലാ കാര്യങ്ങളിലും ഉദാസീനത അനുഭവപ്പെടും അഗ്നി ഭയം ഉണ്ടാകും. വിവാഹത്തിന് തടസ്സം നേരിടും വാത പിത്ത കഫ ദോഷങ്ങൾ രോഗത്തിന് ഇടവരുത്തുമെങ്കിലും സമയോചിതമായ ചികത്സയിലൂടെ രോഗശമനം ലഭിക്കും.



**കന്നിക്കൂർ (ഉത്രം അവസാന മൂന്ന് കാൽ അത്തം ചിത്തിര ആദ്യ പകുതി)** വ്യാഴം ശനി ഗ്രഹങ്ങൾ അഞ്ച് ആറ് ഭാവങ്ങളിൽ സഞ്ചരിക്കുന്ന ഈ വർഷം കർമ്മ രംഗം മാറാനും സമൂഹത്തിൽ ഉന്നത സ്ഥാന ലബ്ധിക്കും ഊഹകച്ചവത്തിൽ വിജയം നേടാനും സകല കാര്യങ്ങളിലും കൂടുതൽ താൽപര്യം വർദ്ധിപ്പിക്കാനും സാധിക്കും. ദുർജനങ്ങളുമായുള്ള സംസർഗ്ഗം ധനത്തിനും സുഖത്തിനും നാശത്തിന് ഇടവരുത്തും സന്താനങ്ങൾക്ക് രോഗ ദുരിതത്തിന് സാധ്യത ഉണ്ട്.



**തുലാക്കൂറ് (ചിത്തിര അവസാന കാൽ ചോതി വിശാഖം അവസാന മൂന്ന് കാൽ)** വ്യാഴം ശനി ഗ്രഹങ്ങൾ നാല് അഞ്ച് ഭാവങ്ങളിൽ സഞ്ചരിക്കുന്ന കാലമായതിനാൽ ഈ വർഷം പൊതുവേ അനുകൂലമായിരിക്കും. കുടുംബ സൗഖ്യം സാമൂഹികപരമായ ഉയർച്ച ഊഹകച്ചവടത്തിൽ വിജയം സംരംഭങ്ങളിൽ ഉയർച്ച. സന്താങ്ങളിൽ നിന്ന് നേട്ടം എന്നീ ഗുണഫലങ്ങളും ചിലവ് അധികരിക്കൽ ബന്ധുമിത്രാദികളുടെ വിയോഗം ബന്ധു ജനങ്ങളുമായി തെറ്റിധാരണ ഉണ്ടാകുക എന്നിവ ഫലം.



**വൃശ്ചികക്കൂർ (വിശാഖം അവസാന കാൽ അനിഴം തൃക്കേട്ട)** വ്യാഴം ശനി ഗ്രഹങ്ങൾ മൂന്ന് നാല് ഭാവങ്ങളിൽ സഞ്ചരിക്കുന്ന ഈ വർഷം പൊതുവെ ഗുണകരമായിരിക്കും മാനസിക ഉത്സാഹത്തിനും നേട്ടങ്ങൾക്കും വേണ്ടിയുള്ള പരിശ്രമം ഫലപ്രദമാകും. ആസൂത്രണ മികവ് ബന്ധു ജനങ്ങളുമായുള്ള ഇടപാടുകൾ സന്തോഷകരമായിരിക്കും. സാമൂഹിക വിജയം നേടും. മംഗളകരമായ കാര്യങ്ങളിൽ പങ്കെടുക്കും. അപകടസാധ്യത ഉള്ളതിനാൽ ശ്രദ്ധ വേണം.



**ധനുക്കൂർ (മൂലം പൂരാടം ഉത്രാടം ആദ്യ കാൽ)** വ്യാഴം ശനി ഗ്രഹങ്ങൾ രണ്ട് മൂന്ന് ഭാവങ്ങളിൽ സഞ്ചരിക്കുന്ന കാലമായതിനാൽ സ്വത്ത് സമ്പാദത്തിന് അനുകൂലമായിരിക്കും നിരന്തരമായ പരിശ്രമത്താൽ അസാധ്യമെന്ന് കരുതിയിരുന്ന പല കാര്യങ്ങളും വിജയത്തിലെത്തിക്കാൻ കഴിയും യാത്ര നിമിത്തവും ടൂറിസ്റ്റ് രംഗം മൂലവും ധന വരവിന് തുടക്കം കുറിക്കു. എന്നാൽ കുടുംബത്തിലും കർമ്മരംഗത്തും കലഹത്തിന് സാധ്യതയുള്ളതിനാൽ കരുതലോടെ പ്രവൃത്തിക്കണം. രോഗ പീഢ അലട്ടും



**മകരക്കൂർ (ഉത്രാടം അവസാന മൂന്ന് കാൽ തിരുവോണം അവിട്ടം ആദ്യ പകുതി)** വ്യാഴം, ശനി ഗ്രഹങ്ങൾ ഒന്ന് രണ്ട് ഭാവങ്ങളിൽ സഞ്ചരിക്കുന്ന ഈ വർഷം പൊതുവേ അനുകൂലമായിരിക്കില്ല. മാനസിക ശാരീരിക പീഢ കുടുംബ കലഹം സ്വജനവൈരം സാമ്പത്തിക പ്രതിഡി വ്യാപാര സംബന്ധമായ തടസ്സങ്ങൾ സർക്കാരിൽ നിന്നും ഭയം എന്നി ദോഷങ്ങൾ ഉണ്ടാകുമെങ്കിലും ഉന്നതിക്കും ശത്രു വിജയത്തിനും ഈശ്വരാനുഗ്രഹം കൊണ്ട് നേട്ടം ഉണ്ടാകും.



**കുംഭക്കൂർ (അവിട്ടം അവസാന പകുതി ചതയം പൂരുരുട്ടാതി ആദ്യ കാൽ)** വ്യാഴം ശനി പന്ത്രണ്ട് ഒന്ന് ഭാവങ്ങളിൽ സഞ്ചരിക്കുന്ന കാലമായതിനാൽ ഈ വർഷം മന്ത്രവിദ്യ അഭ്യസിക്കുന്നതിനും പ്രയോഗിക്കുന്നതിനും സമയം അനുകൂലമാണ്. ശത്രുക്കളിൽ നിന്നും നേട്ടമുണ്ടാകും. യാത്രാക്ലേശം, കുടുംബത്തിൽ ആരോഗ്യ പ്രശ്നം ഭക്ഷണത്തിന് രുചിയില്ലായ്മ അനാവശ്യ കലഹം അന്യദേശവാസം തുടങ്ങി സമ്മിശ്ര ഫലങ്ങളായിരിക്കും ഉണ്ടാകുക.



**മീനക്കൂർ (പൂരുരുട്ടാതി അവസാനകാൽ ഉത്രട്ടാതി രേവതി)** വ്യാഴം ശനി ഗ്രഹങ്ങൾ പന്ത്രണ്ട് ഒന്ന് എന്നീ ഭാവങ്ങലിൽ സഞ്ചരിക്കുന്ന കാലമായതിനാൽ സൗഹൃദബന്ധങ്ങളിലൂടെയും സാമൂഹികമായും സാമ്പത്തികമായും നേട്ടവും പ്രശസ്തിയും സിദ്ധിക്കും. കർമ്മ രംഗത്തും സമൂഹത്തിലും ഉയർച്ച ലഭിക്കുമെങ്കിലും അപ്രതീക്ഷിതമായ വിഷമതകളും ശത്രുക്കൾ നിമിത്തമുള്ള ദുർ ചിലവും മാനസിക സംഘർഷത്തിനും ഇടവരുത്തും അപകട സാധ്യത ഉള്ളതിനാൽ ശ്രദ്ധിക്കുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**

# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/157cm, Aayilyam,Shudha Jathakam, B.Tech, Cognizant,Pref:Age max 30 yrs, Prefered same profession, Mob:9006256272


Email:rajeev65.1004@gmail.com
Date of Birth:28-7-1995(2.10pm)
Sishta Dasa:Mercury:13-7-29




Contact Address:
MR.RAJEEV R. NAIR
RAHUL NIVAS
AZHAKAM POST KARUKUTTY
ANGAMALY
ERNAKULAM

Nair Girl, 25/5ft 4inch,Attam, Wheatish Brown, Doing M Arch, Pref:Post Graduation in Engineering ,Mob:00971502606232, 8547997431


Email:oafdxb@gmail.com
Date of Birth:13-01-1996(3.50am)
Sishta Dasa:Moon : 4-8-29




Contact Address:
MR.MOHAN GOPALAN NAIR
POST BOX.NO.115031
DUBAI,
UAE

Nair Girl, 22/154cm,Anizham, MBBS, Doctor - Intern, Mob:9446540006, 9249450000


Email:s.kala.valsan@gmail.com
Date of Birth:10-2-1999(10.28 am)
Sishta Dasa:0-0-0-0




Contact Address:
MR.K VALSAN
SREEVALSAM HOUSE
P.J.ANTONY ROAD
PJRA 111A,
PALARIVATTOM P. O
ERNAKULAM - 682025

Nair Girl, 24/ 157cm, Uthram 1/4 (Chingam) BDS, Dentist, Pref: Professionals, Mob : 9495448328, 7034994325


Email:sreekrishnaparu99@gmail.com
Date of Birth:13-9-1996(8.18a.m)
Sishta Dasa:Sun: 5-2-2




Contact Address:
MR.C. R. PRAKASAN
USHASADANAM
KARIPPADAM P O
VARIKKAMKUNNU
THALAYOLAPARAMBU
KOTTAYAM - 686605

Nair Girl, 24/168cm,Atham,Fair, B.Tech(Civil),Pref: Well educated (Professionals)Ph:0479-2472052, Mob: 9946554509, 9048738761

Email:unnithanhll@gmail.com
Date of Birth:20-4-1997(11.30pm)
Sishta Dasa:




Contact Address:
MR.SUDHI M. UNNITHAN
THURUTHANETHU HOUSE
CHOOLATHERUVE P. O
MUTHUKULAM
ALAPPUZHA - 690506

**THOTTEKKATT DIWAN'S MEMMORIAL HALL**

**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 42/5'10' Aayilyam, Sudhajathakam, PDC, Private company Driver Tolins World School-Malayattoor, Mob:9947856933

Email:vinodkumar247...@gmail.com
Date of Birth:1-9-1978(10.10am)
Sishta Dasa:Budha:2-1-12

ചബു

| | | | |
|---|---|---|---|
| ശി | | | |
| | ഗ്രഹനില & അംശകം | | ച ഗു ബു |
| | | | ര മ |
| | | ല ശു | കു സ മാ |

സ ല | മ മാ ര ശി കു ഗു | ശു

Contact Address:
MR.VINODKUMAR M. G
MATTAPPILLY HOUSE
KOTTAKULANGARA
ANGAMALLY
ERNAKULAM -683572

---

Nair boy, 28/177cm, Makayiram, Fair,MBA,(International Business) pursuing PhD,Research Scholar (UGC-JRF) CUSAT,Pref: fair girl with good education & good family, Mob:9847577755

Email:venumaliekkal@gmail.com
Date of Birth:02-03-1993(6.30pm)
Sishta Dasa:

ര ബു

| | | | |
|---|---|---|---|
| ശു | | ച ശി | കു മാ |
| ര ബു | ഗ്രഹനില & അംശകം | | |
| മ | | | ല |
| | സ | | ഗു |

ഗു | ശു കു സ | മാ | ശി | ച ല മ

Contact Address:
MR.M.K. VENUGOPALAN
MALIEKKAL HOUSE
IRIMPANAM P O
NORTH IRIMPANAM
ERNAKULAM - 682309

---

Nair boy, 30/168cm, Punartham, Fair, B.Tech,CS,Software Professional-Infosys (Technology Lead) Vancouver, Canada, Pref: Degree or PG Mob:9562199502

Email:aneeshr103@gmail.com
Date of Birth:13-09-1990(11.27pm)
Sishta Dasa:Guru: 14-6-12

സ ചകു ല

| | | | |
|---|---|---|---|
| | | കു ല | ച |
| | ഗ്രഹനില & അംശകം | | ഗു ശി മാ |
| സ | | | ശു ര ബു |
| മ | | | |

ശു | ര | ബു | മ ഗു ശി മാ

Contact Address:
MR.RADHAKRISHNAN R. T
RADHALAYAM (H)
KARIMUGAL NAIR COLONY
PUTHENCURIZ P. O
ERNAKULAM - 682308

---

Nair Boy,27/167cm,Thiruvonam, MBA,Ernst & Young, Pref:Educated and Working,Mob:9446545319

Email:gsankaram@gmail.com
Date of Birth:23-10-1993(11.30a.m.)
Sishta Dasa:Moon: 5-3-28

| | | | |
|---|---|---|---|
| | | ശി | |
| | ഗ്രഹനില & അംശകം | | |
| ച മ | | | |
| ല | സ | കു ര ബു മാ ഗു | ശു |

Contact Address:
MR.ANIL KUMAR
GOURISANKARAM
GNRA B 20, SRIVILAS LANE
KURAVANKONAM
KOWDIAR
TRIVANDRUM-695003

---

Nair boy, 30/5'8", Karthika, Very fair, MBA-Canada Vancouver Island University, Marketing Executive, working in Canada, Pref: Girls with MBA/ B.Tech/ Higher qualification, Fair, Ht- 5'4" to 5'5", Preferable should be able to settle in Canada, Mob:9847055862

Email:pappanoin@yahoo.co.in
Date of Birth:10-09-1990(8.56a.m.)
Sishta Dasa:Sun:4-3-6

| | | | |
|---|---|---|---|
| | | ച കു | |
| | ഗ്രഹനില & അംശകം | | ഗു ശി |
| സ മാ | | | ര ശു ബു |
| മ | | ല | |

Contact Address:
MR.O.PADMANABHAN
NAKSHATRA
BOSE NAGAR STP ROAD
ELAMKULAM,
KADAVANTHRA
ERNAKULAM - 682020

---

Nair boy, 26/168cm, Aswathi, Fair, B.Tech Civil with MBA in Construction Management, Estimation Civil Engineer - Abudhabi Precast LLC, Abudhabi,Pref: M.Com, MBA,B.Tech, Mob:9400388771, 9947708811

Email:shivakripaconsultant@gmail.com
Date of Birth:06-02-1995(2.20am)
Sishta Dasa:Ketu :4-8-2.6

മ കു ച ശുബു

| | | | |
|---|---|---|---|
| | ച ശി | | |
| മ | ഗ്രഹനില & അംശകം | | |
| ര ബു | | | കു |
| ശു | ഗു ല | സ | മാ |

സ | ഗു ല | ര | ശി മാ

Contact Address:
MR.P.S.THANKAPPAN NAIR
PANAKKATTU HOUSE
PULINCHODE
KADAYIRUPPU P. O
KOLENCHERY
ERNAKULAM - 682311

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 29/172cm, Pooyam, B.E Aeronautical, Technical Content Writer, CISWW Engineering Pvt Ltd, Bangalo,Pref: Working girls preferred, Mob:+91 09746608871

Email:prakashak@hotmail.com
Date of Birth:23-12-1991(10.10 p.m)
Sishta Dasa:Saturn : 10-4-21

| | | | |
|---|---|---|---|
| | | | ശി |
| | ഗ്രഹനില & അംശകം | | ച മാ |
| മ | | | ല ഗു |
| ര സ | കു ബു | ശു | |

Contact Address:
MR.PRAKASH KRISHNAN
BHASKARA NILAYAM
ELAMKULAM ROAD
KALOOR, KADAVANTHRA ROAD
KOCHI - 682017

Nair Boy, 27/195cm, Pooradam, B.Tech in ECE, Masters in Data Science, Data Scientist in Private Company in UK,Pref: Well Qualified, Tall Nair girl from good family, Mob:9809220200

Email:roniprasad71@gmail.com
Date of Birth:6-3-1994(5.55pm)
Sishta Dasa:Venus :18-2-0

| | | | |
|---|---|---|---|
| ശു | | ശി | |
| ര മ കു | ഗ്രഹനില & അംശകം | | മാ |
| ബു | | | ല |
| ച | സ | ഗു | |

Contact Address:
MR.PRASAD K
KARUNALAYAM
T.D. ROAD
ERNAKULAM

Nair Boy, 29/185cm, Uthram 3/4 (Kanni), Doctor of Pharmacy, Pharmacist, Hospital in Muscat,Pref: Professionals,Vegetarian, Mob: 9446207620

Email:bunnirly@gmail.com
Date of Birth:12-5-1992(11.30p.m)
Sishta Dasa:

ചല ബു

| | | | |
|---|---|---|---|
| കു | ര ശു ബു | | ശി |
| | ഗ്രഹനില & അംശകം | | |
| മ ല | | | ഗു |
| സ | മാ | | ച |

സ
ഗു
മ
ര ശി
ശു മാ
കു

Contact Address:
MR.UNNIKRISHNAN B
KAUSTHUBHAM LHRRA - 19,
LISSIE HOSPITAL ROAD
ERNAKULAM NORTH P. O
KOCHI

Nair Boy, 31/165cm, Avittom 1/2 (Makaram), B.Tech,MBA,Financial Analyst, Deloitte Global, Hyderabad, Mob:9447818025

Email:sunitaamenon@gmail.com
Date of Birth:20-4-1990(6.18am)
Sishta Dasa:Mars:5-2-26

ശു ര സ

| | | | |
|---|---|---|---|
| | ര ല ബു | മാ | ഗു |
| ശു കു | ഗ്രഹനില & അംശകം | | ശി |
| ച സമ | | | |
| | | | |

മാ
ഗു മ
ച ല
ശി
കു ബു

Contact Address:
MR.KRISHNA DAS MENON
G-186(FIRST FLOOR),
PANCHAJANYA,
3RD CROSS ROAD,
PANAMPILLY NAGAR
KOCHI - 682036

**പാരാവാരം കരേറിക്കരകൾ മുഴുവനും**
**മുക്തിമൂടാത്തതെന്തോ ?**
**താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസി മറി-**
**ഞ്ഞത്ര വീഴാത്തതെന്തോ ?**
**നേരെയാരാഞ്ഞു നോക്കീടുക മദമിയലും**
**മർത്ത്യരേ, നിങ്ങളെന്നാ-**
**ലാരാൽക്കണ്ടെത്തു മെല്ലാറ്റിനുമുപരി വിള-**
**ങ്ങുന്ന വിശ്വസ്വരൂപം.**

*വി. സി. ബാലകൃഷ്ണപ്പണിക്കർ,*

*വിശ്വരൂപം.*

**സമുദ്രം കയറി കരകളെ മുഴുവൻ മുക്കിക്കളയാത്ത തെന്തു കൊണ്ടാണ്? നക്ഷത്രങ്ങൾ തമ്മിൽ കൂട്ടിയിടിച്ച് മറിഞ്ഞു വീഴാത്തത് എന്തുകൊണ്ടാണ്? അഹങ്കരിക്കുന്ന മനുഷ്യരം, നിങ്ങൾ ഇക്കാര്യം ആലോചി ച്ച് അന്വേഷിച്ചു നോക്കുക. അപ്പോൾ ഇവയ്ക്കെല്ലാം ഉപരി അവയെ നിയന്ത്രിച്ചു നിലകൊള്ളുന്ന വിശ്വരൂപനായ ഈശ്വരനെ കണ്ടെത്തും.**

# ആയുഷ്യം മെഡിക്കൽസ്




എറണാകുളം കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ആയുഷ്യം മെഡിക്കൽസ് എന്ന പേരിൽ ഇംഗ്ലീഷ് മരുന്നുകൾ ലഭിക്കുന്ന ഒരു മെഡിക്കൽഷോപ്പ് ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഇവിടെ അലോപ്പതി മരുന്നുകൾക്ക് 5% മുതൽ 18% വരെ ഡിസ്കൗണ്ട് ലഭിക്കുന്നതായിരിക്കും.

ഹോം ഡലിവറി ആവശ്യമുള്ളവർ ആയുഷ്യം മെഡിക്കൽസുമായി ബന്ധപ്പെടുക.

## ഫോൺ : 9446488833

ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡർബാർ ഹാൾ റോഡ്, എറണാകുളം - 682016

# AYUSHYAM POLY CLINIC



*Ernakulam Karayogam Navathi Memorial Polyclinic*

TDM Hall Complex, D H Road, Kochi-682 016, Ph: 0484 2366160
Email: eknmpolycliniclab@gmail.com, Web: www.ernakulamkarayogam.com

| TEST NAME | PACKAGE 1 | PACKAGE 2 | PACKAGE 3 |
|---|---|---|---|
| BLOOD SUGAR F | ✓ | ✓ | ✓ |
| LIPID PROFILE (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL) | ✓ | ✓ | ✓ |
| HBA1C | | | ✓ |
| LIVER FUNCTION TEST (Bilirubin Total, Bilirubin Direct, SGOT, SGPT, ALP, Total Protein, Albumin, Globulin, A/G Ratio) | | ✓ | ✓ |
| RENAL FUNCTION TEST (Urea, Creatinine, Uric Acid) | | ✓ | ✓ |
| BLOOD ROUTINE EXAMINATION | ✓ | ✓ | ✓ |
| URINE ROUTINE EXAMINATION | ✓ | ✓ | ✓ |
| THYROID FUNCTION TEST (T3, T4, TSH) | | (TSH only) | ✓ |
| ECG | | ✓ | ✓ |
| SPECIAL RATES | Rs.500/- | Rs.750/- | Rs.1000/- |

DATE OF PUBLICATION: 10-08-2021

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 13 August 2021 Issue No. 8

Radheyam
Guest House

For Booking

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161









*Administrative Office:* **ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം